# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 ലക്കം - 7 വൃശ്ചികം - 1196 ഡിസംബർ 2020




# Radheyam
Guest House


Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161

For Booking







*Administrative Office:* **ERNAKULAM KARAYOGAM**
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com

എഡിറ്റോറിയൽ

# എറണാകുളത്തിന്റെ വികസനരേഖ

എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന കൊച്ചി കോർപറേഷനിലെ വാശിയേറിയ തിരഞ്ഞെടുപ്പും തുടർന്ന് 16-ാം തീയതി അതിന്റെ ഫലപ്രഖ്യാപനവും നാം കാത്തിരിക്കുകയാണ്. ജയിച്ചു വരുന്നത് ആരൊക്കെയായാലും ഏത് രാഷ്ട്രീയ കക്ഷി അധികാരത്തിൽ വന്നാലും വർഷകാലത്തുണ്ടാകുന്ന അതിരൂക്ഷമായ വെള്ളക്കെട്ടുകൊണ്ടും അസഹനീയമായ കൊതുകുശല്യംകൊണ്ടും നിത്യേന നേരിടുന്ന ഗതാഗതക്കുരുക്കുകൊണ്ടും പൊറുതി മുട്ടുന്ന നഗരവാസികൾക്കും ഉപജീവനത്തിനായി ഇവിടെ വന്നുപോകുന്ന ലക്ഷക്കണക്കിനുള്ള ആളുകൾക്കും ആശ്വാസം പകരും വിധമുള്ള വികസനപ്രവർത്തനങ്ങൾ നടത്തി ഈ നഗരത്തെ സുന്ദരമായ ഒരു മാതൃകാനഗരമാക്കി മാറ്റുവാൻ അവർക്ക് കഴിയട്ടെ എന്ന് നമുക്ക് ആശംസിക്കാം. അങ്ങനെ സംഭവിച്ച് നഗരം ദുരിതമുക്തമാകും എന്നും നമുക്ക് പ്രത്യാശിക്കാം.

അധികാരമേൽക്കുന്ന പുതിയ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിലേക്കായി എറണാകുളം പട്ടണത്തിൽ അടിയന്തിരമായി നടത്തേണ്ടുന്ന വികസനപ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

### 1. വെള്ളക്കെട്ട് :

എല്ലാ വർഷവും വർഷകാലമടുക്കുമ്പോൾ നഗരത്തിലെ കാനകളിലെ മണ്ണും മാലിന്യങ്ങളും മാറ്റി അവ വൃത്തിയാക്കുക എന്നുള്ളത് ഒരു പതിവ് ചടങ്ങായി നടത്തി വരികയാണല്ലോ? എന്നാൽ വെള്ളക്കെട്ട് ഒഴിവാക്കുക എന്ന സദുദ്ദേശത്തോടുകൂടി ചെയ്യുന്ന ഈ പ്രവർത്തികൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നുണ്ടോ? ഇല്ല എന്ന ഉത്തരമേ ഈ നഗരവാസികൾക്ക് പറയുവാൻ കഴിയുകയുള്ളൂ. കാരണം കഴിഞ്ഞ കുറെ വർഷങ്ങളായി എല്ലാ വർഷവും വർഷകാലത്ത് വെള്ളക്കെട്ടിന്റെ ദുരിതം പേറുന്നവരാണ് ഈ നാട്ടുകാർ.

## ഉള്ളടക്കം

വാല്യം 13 | ലക്കം 7 | ഡിസംബർ 2020


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 7 |
| ബാലലോകം | 8 |
| രാഗപരിചയം | 11 |
| വാസ്തു | 12 |
| ക്ഷേത്രങ്ങളിലൂടെ | 13 |
| മഹാഭാരതം | 17 |
| ഹരിസുധാലഹരി | 20 |
| പാതഞ്ജലയോഗദർശനം | 22 |
| കൊറോണ കാലത്തെ പ്രേമം (പിരാന്ത്) | 23 |
| ശാസ്ത്രത്തിന്റെ ചരിത്രം - 8 | 26 |
| നിമിത്തങ്ങളും ശകുനവും-2 | 28 |
| തണുത്തുപോയ ചായ | 32 |
| രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം | 34 |
| പേടി ഒരു രോഗമാകുമ്പോൾ | 37 |
| ശിഖണ്ഡി(നി) | 39 |
| ഏകാദശി | 47 |
| ദേശാഭിമാനവും ദേശസ്നേഹവും | 49 |
| വ്യക്തിത്വ വികസനവും ആത്മാഭിമാനവും | 53 |
| ഇടവപ്പാതി | 55 |
| ജനാധിപത്യത്തിൽ മാധ്യമങ്ങളുടെ പങ്ക് | 59 |
| മാസഫലം | 62 |
| മാട്രിമോണിയൽ | 63-66 |


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

വെള്ളക്കെട്ട് പ്രശ്നത്തിന് പരിഹാരം കാണാത്ത കോർപറേഷൻ ഭരണസമിതിയെ പിരിച്ചു വിട്ടുകൂടെ എന്ന് ബഹു: കോടതിക്ക് വരെ ചോദിക്കേണ്ടി വന്നു. അത്ര രൂക്ഷമാണ് ഇവിടെയുണ്ടാകുന്ന വെള്ളക്കെട്ടും അതുമൂലമുണ്ടാകുന്ന യാത്രാദുരിതം ഉൾപ്പടെയുള്ള ദുരിതങ്ങളും. ഇതിനൊരു ശാശ്വത പരിഹാരം കാണേണ്ടതില്ലേ? വേണം. തീർച്ചയായും ഈ പ്രശ്നത്തിന് പ്രഥമ പരിഗണന നല്കി എന്നെന്നേക്കുമായി പരിഹാരം കാണേണ്ടതുണ്ട്. അതെങ്ങനെ സാധിക്കും എന്നതിനെക്കുറിച്ച് ചിന്തിക്കാം.

എറണാകുളം നഗരത്തിന്റെ ഭൂതകാല ചരിത്രവും ഭൂമിശാസ്ത്രവും ശരിയാംവിധം പഠിച്ച്, ഈ നഗരത്തിന്റെ ഇന്നത്തെ അവസ്ഥയും കൂടി ഒന്നു തുലനം ചെയ്തുനോക്കിയാൽ നാമിന്ന് അനുഭവിക്കുന്ന വെള്ളക്കെട്ടെന്ന മഹാദുരിതം തീർത്തും മനുഷ്യനിർമ്മിതമാണെന്ന് മനസ്സിലാക്കുവാൻ കഴിയും. എത്ര വലിയ മഴ എത്ര സമയം തുടർച്ചയായി പെയ്താലും ആ വെള്ളം മുഴുവനും എങ്ങും കെട്ടിക്കിടക്കാതെ മിനിട്ടുകൾക്കുള്ളിൽ ഒഴുകി പോകുവാൻ പര്യാപ്തമാകും വിധമുള്ള നാല് പ്രധാന തോടുകളും അവയുമായി ബന്ധിപ്പിച്ചിരുന്ന ചെറിയ ചാലുകളും പണ്ട് നിലവിലുണ്ടായിരുന്നു. അന്ന് വെള്ളക്കെട്ടെന്ന ഈ പ്രതിഭാസം ഉണ്ടായിരുന്നുമില്ല. ഇന്ന് ആ തോടുകളിലെ പല ഭാഗങ്ങളും കയ്യേറ്റം മൂലം വീതി കുറഞ്ഞ് ജലത്തിന്റെ സുഗമമായ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുകയാണ്. പേരണ്ടൂർ കനാൽ, തേവരകനാൽ, ചിലവന്നൂർ പൊന്നേത്തു തോട്, മുല്ലശ്ശേരി കനാൽ തുടങ്ങിയ എല്ലാ തോടുകളിലേയും കയ്യേറ്റങ്ങൾ മുഴുവൻ ഒഴിപ്പിക്കണം. അവിടെ വ്യക്തി സ്വാധീനമോ, രാഷ്ട്രീയ സ്വാധീനമോ, പണമോ, സ്ഥാനമാനങ്ങളോ ഒന്നും നോക്കാതെ മുഴുവൻ കയ്യേറ്റങ്ങളും ഒഴിപ്പിച്ച് തോടുകളുടെ ആഴവും കൂട്ടി പഴയകാലസ്ഥിതി പുനസ്ഥാപിച്ചാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയുള്ളൂ. സർക്കാർ വക പുറമ്പോക്ക് ഭൂമി കയ്യേറിയതിനുള്ള ശിക്ഷയായി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള ചിലവ് കയ്യേറ്റക്കാരിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഇതല്ലാതെ എത്ര കാനകോരൽ നടത്തിയാലും ഈ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. ഈ വർഷം തേവര, പേരണ്ടൂർ കനാലുകളുടെ നവീകരണത്തിനായി 34 കോടി രൂപയാണ് ചിലവാക്കിയത്. പക്ഷേ വർഷകാലം വന്നപ്പോൾ എറണാകുളം നഗരം പതിവുപോലെ വെള്ളക്കെട്ടിൽ പെട്ടുഴലുകയായിരുന്നു. തോടുകളുടെ പൂർവ്വസ്ഥിതി പുനസ്ഥാപിക്കാതെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാവുകയില്ല. അടുത്ത കൗൺസിലിന്റെ പ്രഥമ പരിഗണന ഈ പ്രശ്നത്തിന് നൽകണം.

**2. കൊതുകു നിവാരണം :**

എറണാകുളത്തിന്റെ പര്യായംപോലെയാണ് മറ്റുള്ളവർ ഈ നാടിനെ "Mosquito City" എന്ന് വിളിച്ച് കളിയാക്കുന്നത്. നഗരസഭ ഒന്നുണർന്ന് പ്രവർത്തിച്ചാൽ ഈ ദുഷ്പ്പേര് മാറ്റിയെടുക്കുവാനും ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാനും സാധിക്കും. കാനകളിലും മറ്റ് പല സ്ഥലങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നിടത്ത് കൊതുക് മുട്ടയിട്ട് പെരുകും എന്നുള്ളത് ശരിയാണ്. എന്നാൽ അത് നമുക്ക് നിയന്ത്രിക്കുവാൻ സാധിക്കും. പക്ഷേ എറണാകുളം നേരിടുന്ന പ്രശ്നം അതല്ല. ജനങ്ങൾ തിങ്ങി പാർക്കുന്ന ഈ നഗരത്തിലെ ഓരോ വീട്ടിലും ഓരോ ടാങ്ക് നിറയെ മാലിന്യവുമായാണ് നാം ജീവിക്കുന്നത്. സെപ്റ്റിക് ടാങ്ക് ഇല്ലാത്ത ഒരു വീടും ഈ നഗരത്തിൽ ഉണ്ടാവില്ലല്ലോ? കാലപഴക്കം കൊണ്ട് ഇവയിൽ ഭൂരിഭാഗം ടാങ്കുകൾക്കും എവിടെയെങ്കിലും പൊട്ടലോ, ദ്വാരമോ ഒക്കെ ഉണ്ടാവുക സ്വാഭാവികമാണല്ലോ? അതിലൂടെ കൊതുകുകൾ അകത്ത് കടന്ന് മുട്ടയിട്ട് പെരുകുകയും ചെയ്യുന്നു. ഇത് എവിടെയൊക്കെയെന്ന് അറിയുവാൻ സാധിക്കാത്തതുകൊണ്ട് അതിനെ നിയന്ത്രിക്കുവാനും സാധിക്കുന്നില്ല. ഇത് കൂടാതെ അനധികൃതമാണെങ്കിലും ചില വീടുകളിലെ സെപ്റ്റിക് ടാങ്കുകളിൽ നിന്നുമുള്ള മലിനജലം കാനയിലേക്ക് ഒഴുക്കി വിടാറുണ്ട്. ഏതു തരത്തിൽ നോക്കിയാലും ഈ സെപ്റ്റിക് ടാങ്കുകൾ കൊതുകു വളർത്തു കേന്ദ്രങ്ങളാണ്. ഇത്രയധികം ജനസാന്ദ്രത കൂടിയ ഈ മഹാനഗരത്തിൽ സ്യൂവേജ് സിസ്റ്റം എത്രയോകാലം മുമ്പോ നടപ്പാക്കേണ്ടിയിരുന്നതാണ്. കയറ്റവും ഇറക്കവും കുന്നും മലകളും എല്ലാം നിറഞ്ഞ തിരുവനന്തപുരം സിറ്റിയിൽ ഇത് നടപ്പാക്കമെങ്കിൽ സമനിരപ്പിൽ കിടക്കുന്ന എറണാകുളത്ത് ഈ പദ്ധതി നിഷ്പ്രയാസം നടപ്പാക്കാവുന്നതേയുള്ളൂ. ഒന്നുമാത്രം തിരഞ്ഞെടുക്കപ്പെടുന്നവർക്ക് അതിനുള്ള ഇച്ഛാശക്തി ഉണ്ടാവണം. ഇതുവരെയും ഇത് നടപ്പാക്കാതെയിരുന്നത് ഇത്രയും കാലം എറണാകുളത്തെ പ്രതിനിധീകരിച്ചിരുന്നവരുടെ താല്പര്യക്കുറവുകൊണ്ടു മാത്രമെന്നു പറയേണ്ടി വന്നതിൽ ഖേദമുണ്ട്.

**3. ഗതാഗതാക്കുരുക്ക് :**

കൊച്ചി നഗരവാസികൾക്ക് ഒരു ശാപമായി മാറിക്കഴിഞ്ഞിരിക്കുകയാണ് ഇവിടെയുള്ള റോഡുക

ളിലെ ഗതാഗതക്കുരുക്ക്. ഈ ഗതാഗതക്കുരുക്കുമൂലം നിത്യേന എത്ര ലിറ്റർ പെട്രോളും ഡീസലുമാണ് വൃഥാ പാഴായി പോകുന്നത്. ഇതുമൂലം വ്യക്തികൾക്കുണ്ടാകുന്ന നഷ്ടവും ദേശീയനഷ്ടവും എത്രയെന്ന് ഊഹിക്കാമല്ലോ ? സമയനഷ്ടം അതിലും കൂടുതൽ. എന്തായാലും നഗരസഭയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ട അതിപ്രധാന വിഷയങ്ങളിൽ ഒന്നാണ് ഈ ഗതാഗതക്കുരുക്ക്. എന്തു കാരണം പറഞ്ഞാലും ഒഴിവാക്കത്തക്കതല്ല നമ്മുടെ റോഡുകളുടെ നവീകരണം. ദീർഘവീക്ഷണത്തോടു കൂടി കുറഞ്ഞത് ഒരു അമ്പത് വർഷത്തെ നഗരത്തിന്റെ വളർച്ച മുൻകൂട്ടി കണ്ട്, അതനുസരിച്ചുള്ള റോഡ് പുനർനിർമ്മാണമാണ് നടത്തേണ്ടത്. നാലുചക്രവാഹനങ്ങളും മറ്റ് ട്രെയ്‌ലർ പോലെയുള്ള വലിയ വാഹനങ്ങൾക്കും പോകാൻ പ്രത്യേകം പാതകൾ ഉണ്ടാവണം. ഇരുചക്രവാഹനങ്ങൾക്ക് പോകാൻ റോഡിന്റെ വശങ്ങളിലുള്ള കാനകൾ വലുതാക്കി അതിന് മുകളിലൂടെ സൗകര്യമൊരുക്കണം. കാൽനടയാത്രകാർക്ക് നടന്നുപോകുവാനുള്ള പ്രത്യേക പാതയും വേണം. ഇന്നത്തെ എറണാകുളമായിരിക്കില്ല നാളെ. ത്വരിതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന ഈ നഗരത്തിന്റെ ഭാവി പൂർണ്ണമായും അധിഷ്ഠിതമായിരിക്കുന്നത് ഇവിടുത്തെ റോഡ് വികസനത്തെ ആശ്രയിച്ചാണ് എന്നുള്ളത് മനസ്സിൽ വെച്ചു കൊണ്ട് അതിനനുയോജ്യമാം വിധം നമ്മുടെ റോഡുകൾ നവീകരിക്കപ്പെടണം.

### 4. മാലിന്യ നിർമ്മാർജ്ജനം

നമ്മുടെ രാജ്യത്തെ ഉന്നത നീതിപീഠം തുടരെത്തുടരെ സോളിഡ് വേസ്റ്റ് നിർമ്മാർജ്ജനം ഗൗരവമായി സംസ്ഥാനസർക്കാരുകളും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളും കൈകാര്യം ചെയ്യണമെന്നും അതിന്റെ പൂർണ്ണ ഉത്തരവാദിത്വം അവർക്കാണെന്നും ഉത്ബോധിപ്പിച്ചിട്ടും എന്തുകൊണ്ടോ നമ്മുടെ സർക്കാരും സർക്കാരിനു കീഴിലുള്ള നഗരസഭയും അതത്ര ഗൗരവമായി എടുത്തിട്ടില്ല എന്നാണ് തോന്നുന്നത്. നഗരസഭ ചില പ്രത്യേക പോയിന്റുകളിൽ നിന്നും മാലിന്യം ലോറിയിൽ കയറ്റിക്കൊണ്ട് പോകുന്നുണ്ട് എന്നുള്ളത് ശരിയാണ്. എന്നാൽ നഗരത്തിലെ വീടുകളിൽ നിന്നും നിത്യവും മാലിന്യം ശേഖരിച്ച് കോർപറേഷൻ നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ എത്തിക്കുന്നത് അതാത് സ്ഥലത്തെ റസിഡൻസ് അസ്സോസിയേഷനുകളാണ്. ഇതിനു വേണ്ടി വിടുകളിൽ നിന്നും കളക്ഷൻ ചാർജും ഈടാക്കുന്നുണ്ട്. എന്നാൽ പോലും പല സ്ഥലങ്ങളിലും ഇന്നും ഇത് കാര്യക്ഷമമായി നടക്കുന്നില്ല. കഴിയുന്നത്ര വേസ്റ്റും ഉത്ഭവസ്ഥാനത്തു തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിനോ പരിവർത്തനം ചെയ്യുന്നതിനോ സാധിക്കും വിധമുള്ള ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണം. അങ്ങനെയുള്ള സംവിധാനങ്ങൾ ഉപയോഗിക്കുവാൻ കഴിവുള്ള ആളുകളെ അതിന് പ്രോത്സാഹിപ്പിച്ച് അതുവഴി മാലിന്യത്തിന്റെ ഒരു നല്ല പങ്ക് ഉറവിടങ്ങളിൽ വെച്ചു തന്നെ ഇല്ലായ്മ ചെയ്യുവാൻ കഴിയും.

### 5. സിറ്റിഗ്യാസ് പദ്ധതി

കുടിവെള്ളം പൈപ്പിൽ നിന്നും ലഭിക്കുന്നതുപോലെ ഓരോ വീട്ടിലേക്കും പൈപ്പ് വഴി നല്ല ഗുണമേന്മയുള്ളതും ഏറെ സുരക്ഷിതവുമായ ഗ്യാസ് സപ്ലൈ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ നഗരസഭ സംസ്ഥാനസർക്കാരുമായി ചേർന്ന് നടപ്പാക്കേണ്ടതുണ്ട്. വ്യാവസായിക നഗരമായ നമ്മുടെ എറണാകുളത്ത് ഇപ്പോഴും കുറ്റിഗ്യാസ് ആണ് വിതരണം ചെയ്യുന്നത് എന്നത് ശരിക്കും ഈ നഗരവാസികൾക്ക് നാണക്കേടുണ്ടാക്കുന്നതുമാണ്. ഇതിലേക്കും പുതിയ കൗൺസിലിന്റെ ശ്രദ്ധയെ ക്ഷണിക്കുകയാണ്.

### 6. വൈദ്യുതിയും കുടിവെള്ളവും

രണ്ടും നഗരസഭയുടെ അധികാര പരിധിയിലുള്ള സ്ഥാപനങ്ങളല്ലായെങ്കിൽ പോലും സംസ്ഥാനസർക്കാരിനെക്കൊണ്ട് ഈ വകുപ്പുകളിലും കാലത്തിനനുസരിച്ച് ഉണ്ടാവേണ്ട മാറ്റങ്ങൾ ഉൾക്കൊണ്ട് പുതിയ സംവിധാനങ്ങൾ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണം. ഇന്നും റോഡിന്റെ വശങ്ങളിൽ കുഴിച്ചിട്ടിരിക്കുന്ന വൈദ്യുതി പോസ്റ്റുകളിലൂടെ വലിച്ചിരിക്കുന്ന കമ്പികൾ വഴിയാണ് വൈദ്യുതി വിതരണം നടക്കുന്നത്. ഇത് മാറ്റി അണ്ടർഗ്രൗണ്ട് കേബിൾ വഴി വിതരണം നടത്തിയാൽ പ്രസരണ നഷ്ടം ഒഴിവാകുന്നതു വഴി ഇലക്ട്രിസിറ്റി ബോർഡിന് വലിയ ലാഭം ഉണ്ടാക്കുവാൻ കഴിയും. ജനങ്ങളിലേക്ക് അതിന്റെ വിഹിതം എത്തിച്ച് വൈദ്യുതി നിരക്ക് കുറയ്ക്കുവാനും കഴിയും. മാത്രവുമല്ല റോഡിൽ ഈ പോസ്റ്റുകൾ ഉണ്ടാക്കുന്ന ഗതാഗത തടസ്സം ഒഴിവാക്കുകയും ചെയ്യാം.

അതുപോലെ കുടിവെള്ളം, പല സ്ഥലങ്ങളിലും ആവശ്യത്തിന് ഇന്നും വെള്ളം ലഭിക്കുന്നില്ല. പലയിടത്തും ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമാണ് കുടിവെള്ളം ലഭിക്കുന്നത്. നിത്യവും കുടിവെള്ളം ലഭിക്കുക എന്നത് ഒരു പൗരന്റെ അവകാശമാണ്.

അത് ലഭ്യമാക്കുക എന്നുള്ളത് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്വവുമാണ്. തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാൻ അവർക്ക് കഴിയില്ലെങ്കിൽ അവരെ അതിൽ നിന്നും മാറ്റി നിർത്തി പണ്ടുണ്ടായിരുന്നതുപോലെ നഗരസഭ ജലവിതരണച്ചുമതല ഏറ്റെടുക്കണം.

**7. ശ്മശാനങ്ങൾ**. നഗരത്തിൽ സ്ഥിതി ചെയ്യുന്ന ശ്മാശാനങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള രവിപുരം, പച്ചാളം, ഇടപ്പള്ളി, ഫോർട്ടുകൊച്ചി, പള്ളുരുത്തി, തൃപ്പൂണിത്തുറ മുതലായ സ്ഥലങ്ങളിലെ ശ്മശാനങ്ങൾ പരിപാലിക്കുന്നതിൽ കാണിക്കുന്ന അതിക്രൂരമായ അനാസ്ഥ ലജ്ജിപ്പിക്കുന്നതാണ്. സാമൂഹിക സാംസ്കാരിക സംഘടനകൾ, ആചാരങ്ങൾക്കനുസൃതമായി ശ്മശാനങ്ങൾ ഉപയോഗിക്കുന്ന സമുദായ സംഘടനകൾ തുടങ്ങിയവരുടെ മേൽനോട്ടത്തിലും ദൈനംദിന നടത്തിപ്പിലും അവ കൂടുതൽ കാര്യക്ഷമമായും ജനോപകാരപ്രദമായും വൃത്തിയായും സൂക്ഷിക്കുവാൻ അവരുടെ സേവനം ഇതിലേക്ക് ഉപയോഗപ്പെടുത്തുവാനും കഴിയുംവിധം നിയമങ്ങളിൽ മാറ്റം വരുത്തി പൊതുജനസഹകരണത്തോടെ ഈ ശ്മശാനങ്ങൾ നടത്തുവാനുള്ള പുനരേകീകരണമുണ്ടാവണം. അതുപോലെതന്നെ അഴിമതിയും കെടുകാര്യസ്ഥതയും അനാവശ്യ രാഷ്ട്രീയ ജാതിമത വിദ്വേഷങ്ങൾ മൂലവും ഇത്തരം സേവന കേന്ദ്രങ്ങളുടെ നിലവാരതകർച്ചയുണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

**8. നഗരസൗന്ദര്യവത്കരണം**

നഗരത്തിലെ പൊതുസ്ഥലങ്ങളിലെല്ലാം ഭംഗിയുള്ള സുഗന്ധം വമിക്കുന്ന പുഷ്പങ്ങളുണ്ടാകുന്ന പൂച്ചെടികൾ വെച്ചു പിടിപ്പിക്കണം. അതെല്ലാം വ്യവസായ/ വ്യാപാര സ്ഥാപനങ്ങളെക്കൊണ്ട് സ്പോൺസർ ചെയ്യിച്ച് പരിപാലനം നടത്തുകയും ചെയ്യാം. അതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നല്ല പൂന്തോട്ടങ്ങൾ ഒരുക്കുവാൻ കഴിയും. റസിഡൻസ് അസ്സോസിയേഷനുകളുമായി ബന്ധപ്പെട്ട് ഓരോ അസ്സോസിയേഷനും അവരുടെ ഏരിയാ മനോഹരമാക്കുന്നതിനുള്ള ചുമതല അവർക്ക് നല്കിയാൽ നമ്മുടെ ഈ നഗരത്തെ അതിമനോഹരമാക്കി മാറ്റുവാൻ സാധിക്കും. ഓരോ കൗൺസിലർമാരും അവരവരുടെ ഏരിയയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ തുടങ്ങിയവരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിച്ചാൽ ഇക്കാര്യം സുഗമമായി നടത്താവുന്നതേയുള്ളൂ. അതിന് ഭാരിച്ച ചിലവൊന്നും വരികയും ഇല്ല. നഗരത്തിലെ പാർക്കുകൾ എല്ലാം തന്നെ നവീകരിക്കണം. എറണാകുളം പോലെയുള്ള ഒരു മഹാനഗരത്തിന്റെ അന്തസ്സിന് യോജിച്ച വിധത്തിലുള്ള സുന്ദരമായ പാർക്കുകളാക്കി അവയെ മാറ്റണം. രാജേന്ദ്രമൈതാനം എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു സുന്ദര സമ്മേളനവേദിയായിരുന്നു. അതിന്ന് നമുക്ക് നഷ്ടപ്പെട്ടു.

**9. സാംസ്ക്കാരിക കേന്ദ്രം**

ചരിത്ര സാംസ്കാരിക പൗരാണിക സമ്പന്നമായ കൊച്ചിക്ക് അനുയോജ്യമായ രീതിയിൽ ഒരു സാംസ്കാരിക കേന്ദ്രം ഈ നഗരമധ്യത്തിലുണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്. കൊച്ചിയെ കാണുവാനെത്തുന്ന വിശിഷ്ടാതിഥികളെ സ്വീകരിക്കേണ്ടതും പരിചയപ്പെടുത്തേണ്ടതും നമ്മുടെ കടമയാണ്, ആവശ്യമാണ്. അതിനനുയോജ്യമായ വിധത്തിലുള്ള ഒരു വേദി നഗരമധ്യത്തിൽ തന്നെ സജ്ജമാക്കേണ്ടത് നഗരസഭയുടെ പ്രഥമ കടമകളിലൊന്നു തന്നെയല്ലെ. പല സാംസ്കാരിക സംഘടനകളും വർഷങ്ങളായി ഈ ആവശ്യം ഉന്നയിച്ചിട്ടും ഇതുവരെയും അക്കാര്യത്തിൽ നഗരസഭയുടെ ശ്രദ്ധ പതിഞ്ഞിട്ടില്ല എന്നു പറയേണ്ടി വന്നതിൽ ഖേദമുണ്ട്. ഡർബാർ ഹാൾ ഗ്രൗണ്ടോ, കായലിനോടു ചേർന്നുള്ള സുബാഷ് പാർക്കോ ഇതിനനുയോജ്യമാം വിധം മാറ്റിയെടുത്ത് വേണ്ട സജ്ജീകരണങ്ങൾ ചെയ്താൽ എറണാകുളം നഗരത്തിന് അഭിമാനപൂർവ്വം നഗരിത്തിലെത്തുന്ന വിശിഷ്ടാതിഥികളെ സ്വീകരിക്കുവാനും നഗരത്തിലുള്ളവർക്ക് അവരുടെ സാംസ്കാരികകലാപോഷണത്തിന് ഉള്ള ഒരു വേദിയായും ഇതിനെ മാറ്റിയെടുക്കുവാൻ കഴിയും.

പ്രധാനപ്പെട്ട ഇത്രയും കാര്യങ്ങൾ ചൂണ്ടികാണിക്കുന്നതിനോടൊപ്പം കക്ഷിരാഷ്ടീയ മാത്സര്യം മാറ്റിവെച്ച്, ഈ നഗരത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന ക്രിയാത്മക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി, നമ്മുടെ ഋഷിനാഗങ്ങളത്തപ്പന്റെ മണ്ണിൽ ജീവിക്കുന്ന സകലർക്കും അവരർഹിക്കുന്നതും അവകാശപ്പെട്ടതുമായ സൗകര്യങ്ങൾ ഒരുക്കുവാനും ജനങ്ങൾക്കുവേണ്ടി ഒരുമയോടെ പ്രവർത്തിക്കുവാനും പുതിയ നഗരസഭാ കൗൺസിലിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രീയ കരയോഗാംഗങ്ങളെ,

2019 വർഷത്തെ എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ 2020 കോവിഡ് –19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ യാതൊന്നും ചെയ്യുവാൻ കഴിയാതെ നിശ്ചലമായികൊണ്ടാണ് കടന്നു പോകുന്നത്. നമ്മളെ സംബന്ധിച്ചിടത്തോളം 2020 കൂടുതൽ പ്രതീക്ഷകളുടെയും പ്രവർത്തന മികവിന്റെയും വർഷമായിട്ടായിരുന്നു വിഭാവനം ചെയ്തിരുന്നത്. ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല പൂർത്തീകരിച്ച പദ്ധതികളും പ്രവർത്തനങ്ങളും താല്കാലികമായെങ്കിലും ഭാഗികമായി നിർത്തിവെക്കേണ്ടി വന്നു.


2020 ലെ 95–ാമത് വാർഷിക പൊതുയോഗവും അതോടൊപ്പം 2020 –24 ലേക്ക് ഒഴിവു വന്ന സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു നടത്തുവാനും സാധിച്ചില്ല. 4300 ഓളം അംഗങ്ങളുള്ള എറണാകുളം കരയോഗത്തിന്റെ പൊതുയോഗവും തിരഞ്ഞെടുപ്പും ഓൺലൈൻ ആയി നടത്തുക തികച്ചും അപ്രായോഗികമാണ്. നിലവിലുള്ള ടെക്നോളജി അനുസരിച്ച് 1000–1500 പേർക്ക് മാത്രമേ ഓൺലൈൻ യോഗങ്ങളിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. ഒരാളെപ്പോലും ഒഴിവാക്കിക്കൊണ്ട് പൊതുയോഗം നടത്തുവാൻ കരയോഗം നിയമാവലി അനുശാസിക്കുന്നില്ല. സർക്കാരുകളുടെ നിയന്ത്രണവും തുടരുന്നു. എറണാകുളം കരയോഗത്തിനു ലഭിച്ച നിയമോപദേശങ്ങളും മറ്റും സ്വീകരിച്ച് 2019 ൽ 94 മത് വാർഷിക പൊതുയോഗം അംഗീകരിച്ചതും നടപ്പിലാക്കുവാൻ അനുവാദം തന്നിട്ടുള്ളതുമായ പദ്ധതികളും പരിപാടികളും മാത്രമാണ് ഈ വർഷം തുടർന്നു പോരുന്നത് എന്നറിയിച്ചു കൊള്ളട്ടെ.

കരയോഗ സൗഹൃദം തന്നെ കഴിഞ്ഞ കുറെ മാസങ്ങളായി പ്രസിദ്ധീകരിക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്. ആഗസ്റ്റ്, സെപ്റ്റംബർ, നവംബർ, മാസങ്ങളിൽ ഓൺലൈൻ ആയി പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. കോവിഡ് –19 മഹാമാരിയുടെ കാലം നമ്മൾ അതിജീവിക്കും. കൂടുതൽ കൂടുതൽ ജീവകാരുണ്യ സേവന പ്രവർത്തനങ്ങളും സാമൂഹിക പ്രതിബദ്ധതയിലൂന്നിയ സാംസ്കാരിക പരിപാടികളും ഏറ്റെടുത്ത് നടത്തുകയും സമുദായ താല്പര്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് മറ്റു സമുദായങ്ങളുമായി സത്യസന്ധമായും ആത്മാർത്ഥമായും ഉള്ള മൈത്രിബന്ധം തുടരുകയും കക്ഷി രാഷ്ട്രീയങ്ങൾക്കതീതമായി മുന്നോട്ടു പോകുകയും തന്നെ ചെയ്യും. കരയോഗപ്രവർത്തനങ്ങൾ ഇപ്പോഴത്തേതുപോലെ ഭംഗിയായി മുമ്പോട്ടു കൊണ്ടു പോകുവാൻ നിസ്വാർത്ഥരും സേവനസന്നദ്ധരും സത്യസന്ധരുമായ നല്ല ഊർജ്ജസ്വലതയുള്ള പ്രവർത്തകർ മുമ്പോട്ടു വരണം – അവധി ദിവസങ്ങളെന്നോ പ്രവർത്തിദിവസങ്ങളെന്നോ രാവെന്നോ പകലെന്നോ നോക്കാതെ അക്ഷീണം പ്രവർത്തിക്കുവാൻ തയ്യാറുള്ളവർ. ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനശൈലിയും മഹത്വവും നിലനിർത്താൻ അങ്ങനെയുള്ള പ്രവർത്തനങ്ങൾകൊണ്ടു മാത്രമേ കഴിയുകയുള്ളൂ. എറണാകുളം കരയോഗത്തിൽ സേവനപ്രവർത്തനങ്ങൾക്ക് വരുന്നവർ സമുദായത്തിന്റെ താല്പര്യങ്ങൾക്ക് മുഖ്യ മുൻഗണനയും അതിനുശേഷം മാത്രം തന്റെ രാഷ്ട്രീയവും മറ്റു വ്യക്തിപരവുമായ കാര്യങ്ങൾക്കും പരിഗണന കൊടുക്കുവാൻ പാടുള്ളൂ എന്നത് ഓർമ്മയിലുണ്ടാവണം.

കഴിഞ്ഞ 95 വർഷമായി എറണാകുളം കരയോഗത്തിന്റെ പ്രവർത്തന ശൈലിയിൽ മറ്റേത് പ്രസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി സുതാര്യവും സത്യസന്ധവുമായിട്ടാണ് നടന്നു വരുന്നത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. എറണാകുളം കരയോഗത്തിന്റെ ലാഭേച്ഛയില്ലാത്ത സേവനപ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന മിച്ച വരുമാനമാണ് നാം നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നമ്മുടെ മറ്റ് വിവിധ പദ്ധതികൾക്കും വേണ്ടി വിനിയോഗിക്കുന്നത് എന്ന വസ്തുത സന്തോഷപൂർവ്വം അറിയിച്ചു കൊള്ളട്ടെ.

എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അകമഴിഞ്ഞ സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.

*ജനറൽ സെക്രട്ടറി*



## ബാല ലോകം

# ജീവിതം എന്ന കല

**പറവൂർ രാജഗോപാൽ (ഫോൺ: 9847291483)**

സുഖം തന്നെയല്ലേ കൂട്ടുകാരെ, എല്ലാവർക്കും? എല്ലാവരും സുഖമായിത്തന്നെ ഇരിക്കുന്നുവെന്നു കരുതട്ടെ. എന്നാൽ സുഖം മാത്രമല്ല, ദു:ഖവും ഇടയ്ക്കൊക്കെ നമ്മെ വന്നു സ്പർശിക്കുകയും വല്ലാതെ തളർത്തുകയുമൊക്കെ ചെയ്യും. സുഖവും ദു:ഖവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. സുഖം മാത്രമായൊരവസ്ഥയില്ല. അതുപോലെ ദു:ഖം മാത്രമായും വരില്ല. ജീവിതത്തിൽ രണ്ടും ഇടകലർന്നു വരാം. രണ്ടവസ്ഥകളിലും തളരാതെ, പതറാതെ നാം ആത്മസംയമനം പാലിക്കണം. സുഖം വരുമ്പോൾ അധികം സന്തോഷിക്കുകയോ, ദു:ഖം വരുമ്പോൾ വല്ലാതങ്ങ് സങ്കടപ്പെടുകയോ ചെയ്യരുത്. എന്തെന്നാൽ അവയൊക്കെ ക്ഷണികങ്ങളാണ്. അവയേക്കാളേറെ പ്രാധാന്യമർഹിക്കുന്നതാണ് ജീവിതം എന്നത്.

അതുപോലെ ജയം മാത്രമല്ല ജീവിതത്തിലുണ്ടാവുക. പരാജയവും വന്നു ഭവിക്കാം. നേട്ടങ്ങൾക്കൊപ്പം നഷ്ടങ്ങളും സംഭവിക്കാം. ജയാപജയങ്ങൾ ഒരുപോലെ നോക്കി കാണാൻ മനസ്സിനെ പറഞ്ഞുപഠിപ്പിക്കണം. കാരണം മനസ്സാണ് എല്ലാം മനസ്സിലാക്കി പെരുമാറേണ്ടത്. മനസ്സു കൈവിട്ടാൽ സർവ്വവും കൈവിട്ടുവെന്നാണ്. മനസ്സിനെ നാം നമ്മുടെ പരിധിക്കു കൊണ്ടു വരണം. മെരുക്കിയെടുക്കണം. പിന്നെ ഒന്നും വിഷയമാവുകയില്ല.

ലാഭവും നഷ്ടവും സുഖവും ദു :ഖവും പ്രത്യാശയും നിരാശയും ജയവും പരാജയവുമൊക്കെ ജീവിതത്തിന്റെ ഭാവങ്ങളാണെന്ന തിരിച്ചറിവു കൂട്ടുകാർക്കു വേണം. സുഖംപോലെ ദു:ഖവും വിജയംപോലെ പരാജയവും നേട്ടംപോലെ കോട്ടവും ജീവിതത്തിന്റെ അനിവാര്യതയായി കണ്ടറിയാനുള്ളൊരുൾക്കാഴ്ച നിങ്ങൾ വളർത്തിയെടുക്കണം.

എപ്പോഴും ജയിക്കണമെന്നില്ല. തോൽക്കാനും വിട്ടുകൊടുക്കാനും മാറി നിൽക്കാനും താണുകൊടുക്കാനും ഒക്കെ ജീവിതത്തിൽ കഴിയണം.

ജീവിതത്തിലെ ഓരോ സന്ദർഭവും നേരിടേണ്ടതുതന്നെയാണ്. എങ്കിൽ എന്തുകൊണ്ട് സ്നേഹത്തോടെ സമാധാനത്തോടെ അതിനെ നേരിട്ടുക്കൂടാ ? സ്നേഹമില്ലെങ്കിൽ ജീവിതത്തിന്റെ മുഴുവൻ നിധികളും നമ്മുടെ ദൃഷ്ടിയിൽനിന്ന് മൂടിവെക്കപ്പെടുന്നു. കാരണം യഥാർത്ഥ സ്നേഹമത്രെ സുഖജീവിതത്തിന്റെ വാതിൽ തുറക്കാനുള്ള താക്കോൽ.

ജീവിതം ഉള്ളിൽ നിന്നു തുടങ്ങുന്നു. ഓരോ മനുഷ്യനും ആർക്കുമറിയാത്ത ഒരു കഥ പറയാനുണ്ട്. ഈ ഭൂമിയിൽ സമാധാനത്തോടെ എങ്ങനെ ജീവിക്കണമെന്ന് നാമിനിയും പഠിച്ചിട്ടില്ല.

ജീവിക്കൽ ഒരു കലയാണ്. അത് പഠിക്കേണ്ടതുണ്ട്.

എല്ലാ ഇലകളും കൊഴിയുമെന്നും ഒരു ദിനം എല്ലാം നിലയ്ക്കുമെന്നുമുള്ള ബോധമാണ് നമ്മൾ മനുഷ്യരെ എങ്ങനെ ജീവിക്കണമെന്നു പഠിപ്പിക്കുന്നത്. അത് പഠിക്കുമ്പോൾ നാം ജീവിതസാർത്ഥകരാകുന്നു. അന്യരെ വേദനിപ്പിക്കാതെ ജീവിതം പുലർത്താനുള്ളത് സമ്പാദിക്കാൻ കഴിയുന്നവർ അനുഗ്രഹിക്കപ്പെട്ടവരാണെന്ന് ശ്രീബുദ്ധൻ പറഞ്ഞിട്ടുണ്ട്.

പ്രശസ്തരായ രണ്ടു ബധിരർ പൊതുനിരത്തിൽ കണ്ടുമുട്ടിയ ഒരു കഥയുണ്ട്. അവർ തമ്മിലുള്ള സംഭാഷണം ഇങ്ങനെ –

ഒന്നാമൻ : നടക്കാനിറങ്ങിയതായിരിക്കുമല്ലേ ?

രണ്ടാമൻ : അല്ല. ഞാൻ നടക്കാനിറങ്ങിയതാണ്.

ഒന്നാമൻ : ഞാൻ കരുതി നിങ്ങൾ നടക്കാനിറങ്ങിയതായിരിക്കുമെന്ന്.

– നല്ല ഒന്നാംതരം ആശയ വിനിമയം അല്ലേ ? ഇതിൽനിന്ന് ഏറെ വിഭിന്നമല്ല ഇന്ന് ലോകത്തെവിടെയും സംഭവിക്കുന്നത്. ആരും ആരോടും ഒന്നും പറയുന്നില്ല. ഉള്ളു തുറന്നു സംസാരിക്കാൻ ഇന്ന് ആർക്കും ആത്മസുഹൃത്തുക്കളുമില്ല. ഓരോരുത്തരും ഓരോ ഏകാന്തദ്വീപിൽ തനിച്ചാണ്. ഈ തനിച്ചിരിപ്പിൽ നിന്ന് പുറത്തു വരണം. പുറം തോടു പൊട്ടിച്ച് ആത്മാവിന്റെ സ്പർശിനികൾ വെളിയിലേക്കെത്തണം.

എന്റെ കൂട്ടുകാർ ഒരിക്കലും ഇങ്ങനെയാവരുത്. നല്ല കൂട്ടരുമായി കൂട്ടു കൂടണം. നല്ല സുഹൃത്തുക്കളെ കണ്ടെത്തണം. പരസ്പര സ്നേഹത്തോടെ ഉള്ളു തുറന്ന് ഇടപെടാൻ കഴിയുന്ന ആത്മബന്ധങ്ങൾ വളർത്തിയെടുക്കണം. സുഹൃത്ത് വലയം

വലിയൊരു പരിരക്ഷയാണ്. മെച്ചപ്പെട്ട മോശമല്ലാത്ത സമ്പാദ്യവുമാണ്.

സ്കൂളിലായാലും കോളേജിലായാലും, എന്റെ മക്കൾ ആരോടും മിണ്ടാതെ, ആരുമായും കൂട്ടുചേരാതെ ഒറ്റപ്പെട്ട് തൻകാര്യം മാത്രം നോക്കി കഴിയുന്നവരായിരിക്കരുത്. പരസ്പരം മിണ്ടിയും, പറഞ്ഞും അടുത്തിടപഴകിയും നല്ല സുഹൃദ്ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കണം.

ഈ ലോകം ഒരു കണ്ണാടിപോലെയാണ് മക്കളെ. കണ്ണാടിയിൽ നോക്കി നാം എന്തു കാട്ടുന്നുവോ അതേ നമുക്കു കണ്ണാടിയിലും കാണാൻ പറ്റൂ. ചിരിച്ചുകാണിച്ചാൽ കണ്ണാടിയും ചിരിച്ചു കാണിക്കും. ദേഷ്യപ്പെട്ട് ആക്രോശിക്കുകയും കോക്രികാണിക്കുകയും ചെയ്താൽ കണ്ണാടിയും അതു തന്നെ പങ്കിടും.

ലോകത്തിന്റെ ഏറ്റവും നല്ല പദം കൂട്ടാണ്. എല്ലാവരും കാംക്ഷിക്കുന്നത് ഒരു കൂട്ടാണ്. മനുഷ്യന്റെ കണ്ണുകൾക്ക് ഇത്രയധികം ഈർപ്പം കൊടുക്കുന്ന ഒരു വാക്കില്ല. രാമായണം നല്ല ഭംഗിയുള്ള കൂട്ടിന്റെ പുസ്തകമാണ്.

അതുകൊണ്ട് എന്റെ കൂട്ടുകാർ കളിച്ചു രസിച്ചു കൂട്ടുകൂടി തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിച്ച് ആഹ്ലാദിച്ച് പാട്ടുപാടി ചോടുവെച്ച് ഓരോ ദിനവും ആസ്വദിച്ച് ജീവിക്കുക. സന്തോഷമുള്ള ബാല്യമാണ് ശേഷമുള്ള എല്ലാ ഘട്ടങ്ങളുടെയും അടിത്തറ. ജീവിക്കുക എന്ന കലയത്രേ മറ്റേത് കലകളേക്കാളുമേറെ ശ്രേഷ്ഠമായ കല. ജീവിതകലയെന്നാൽ ഭയമുക്തമായി, പ്രശ്നരഹിതമായി, സംഘർഷരഹിതമായി ജീവിക്കുവാൻ പഠിക്കുകയെന്നത്രേ.

കാലമേറെ മാറിപ്പോയി. കാതലായ പലതും പോയി. സ്നേഹം, ദയ, സത്യം, സദാചാര മര്യാദകൾ, സംസ്കാരം ഒക്കെ ഇന്ന് പഴകി പാഴായ നഷ്ടം വന്ന മൂല്യങ്ങളാണ്. സ്നേഹം നഷ്ടപ്പെടുന്ന ഒരു ലോകം തന്നെയാണ് ഇന്ന് നമ്മുടെ കൺമുന്നിൽ കാണാനാവുന്നത്.

വിശ്വാസാചാരങ്ങൾക്കെതിരായുള്ള നീക്കങ്ങൾ ഇന്ന് പരക്കെ കണ്ടു വരുന്നുണ്ട്. പ്രസക്തമായ ചില കൊടും വിപത്തുകളിലേക്കാണ് പലതും വിരൽ ചൂണ്ടുന്നത്.

കുട്ടികളെ സ്നേഹം കൊടുത്തു വളർത്താത്തതിന്റെ ചില പ്രശ്നങ്ങൾ വേറെയുമുണ്ട്. എല്ലാവരും ഇന്ന് തിരക്കിലാണ്. മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളെ വേണ്ടവിധം ശ്രദ്ധിക്കാൻ സമയമില്ല. മക്കളെ അടുത്തു വിളിച്ചിരുത്തി അവരുമായി സ്നേഹത്തോടെ സംസാരിച്ച്, അവരുടെ പ്രശ്നങ്ങൾ കേട്ട്, അവർക്ക് നല്ല നല്ല കഥകൾ പറഞ്ഞു കൊടുത്ത് അവരുടെ മൂർധാവിൽ ചുംബിച്ച്, ലാളിക്കുന്ന അച്ഛനമ്മമാർ ഇന്ന് എത്രപേർ കാണും ?

ഭവനങ്ങളിൽ നിന്നാണ് നമ്മുടെ വിദ്യാഭ്യാസം ആരംഭിക്കേണ്ടത്. കളിയും കലയും യാത്രയും ഊഷ്മളബന്ധങ്ങളും ലാളനയും നല്ല വാക്കുകളും, കാഴ്ചകളും, അനുഭവങ്ങളും മാതാപിതാക്കളിൽ നിന്ന് നമ്മുടെ മക്കൾക്ക് ലഭിക്കണം. ഒരു വ്യക്തിയുടെ അറിവിന്റെ നാലിൽ ഒരു ഭാഗം മാത്രമാണ് വിദ്യാലയങ്ങളിൽനിന്നും ലഭ്യമാകുന്നത്. അവശേഷിക്കുന്ന നാലിൽ മൂന്ന് ഭാഗവും മാതാപിതാക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ജീവിതസാഹചര്യങ്ങളിൽ നിന്നുമാണ് സ്വായത്തമാക്കുന്നത്. ഭാരതത്തിന്റെ ദാർശനിക രാഷ്ട്രപതിയായിരുന്ന ഡോ. എസ് രാധാകൃഷ്ണൻ പറഞ്ഞിട്ടുള്ളതാണ് ഇത്.

ചിലതൊക്കെ നിങ്ങളുമായി പറഞ്ഞിരിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ചിലകാലം ഇവയിൽ ചിലതെങ്കിലും നിങ്ങളിൽ ചിലർക്കെങ്കിലും പ്രയോജനപ്പെട്ടേക്കാം. അങ്ങിനെ തോന്നുന്നവ മനസ്സിന്റെ താളിൽ കുറിച്ചിടാൻ മടിക്കേണ്ട. മറക്കാതെ ഇടയ്ക്ക് അവ കണ്ണോടിച്ചു നോക്കുകയുമാവാം. ഇനി മറന്നുപോയാൽ പോകട്ടെ. മറവിയും ഒരു തരത്തിൽ ഓരോർമ്മപ്പെടുത്തൽ തന്നെയാണല്ലോ! സരസ്വതീ പൂജ കഴിഞ്ഞ് എല്ലാ കൂട്ടുകാരും വാഗ്ദേവിയുടെ അനുഗ്രഹമൊക്കെ നേടിയിരിക്കുമല്ലോ, ഇല്ലേ ?

സരസ്വതിയുടെ അനുഗ്രഹങ്ങളിലൊന്ന് ആപാദമധുരവും മറ്റേത് ആലോചനാമൃതവുമാണെന്നാണ്. രണ്ടനുഗ്രഹങ്ങളും ഒപ്പം നേടാനാവുക ക്ഷിപ്രസാദ്ധ്യമല്ലെങ്കിലും സാദ്ധ്യമാണ്. അതിനായി കഴിഞ്ഞ ലക്കം ഞാൻ പറഞ്ഞതുപോലെ മനസ്സിനെ നിത്യവും എഴുത്തിനിരുത്തുക എന്റെ പ്രിയ കൂട്ടുകാർ !

ഡിസംബറും ചില വിശേഷങ്ങൾ ഓർമ്മപ്പെടുത്തുന്നുണ്ട്. ഡിസംബർ 8 നാണ് വൈക്കത്തഷ്ടമി. 11 ന് തൃപ്രയാർ ഏകാദശി, 16 ന് കുചേലദിനം, 25 ന് ക്രിസ്തുമസ്സ്, 26 ന് ശബരിമല മണ്ഡല പൂജ. 29 ന് തിരുവൈരാണിക്കുളം ക്ഷേത്രത്തിലെ ശ്രീപാർവതീ ദേവിയുടെ നടതുറപ്പ്, 30 ന് ധനുമാസത്തിലെ തിരുവാതിര. വിശേഷങ്ങളാണ് നമുക്കെന്നെന്നും. ഓരോ മാസവും ഓരോ ദിനവും വിശേഷപ്പെട്ടതു തന്നെ. കാരണം പോയ ദിനങ്ങളൊന്നും വീണ്ടും വന്നിട്ടു പോകില്ല. ഈ വിശേഷങ്ങൾക്കിടയിലും ഡിസംബറിന് ഒരു പ്രത്യേകതയുണ്ട്. എന്തെന്നല്ലേ..........? നവംബറിന്റെ നഷ്ടമാണ് ഡിസംബർ. എങ്ങനെയെന്ന് കൊച്ചുകൂട്ടുകാർ ചിന്തിച്ചു നോക്കൂ.

എല്ലാ കൂട്ടുകാർക്കും ആത്മസുഖവും രസാനുഭൂതിയും നേരുന്നു.

# ബഡായി ജോത്സ്യം

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

കിട്ടുപിള്ള കണിയാർക്കു ജോത്സ്യമൊന്നും വലിയ വശമില്ല. എന്നാലും ജോത്സ്യൻ എന്ന് സ്വയം പരിചയപ്പെടുത്തിയാണ് പുള്ളിക്കാരൻ ഇരിക്കുന്നത്. നിത്യേന രണ്ടും നാലുമായിട്ട് ചില രൊക്കെ ജോത്സ്യം നോക്കാൻ വന്നു പോകാറുണ്ട് എന്നത് നേരാണ്. കവടിപ്രശ്നം വെച്ച് പിള്ളക്കണി യാർ പറയുന്നതെന്തും ജനത്തിനു വിശ്വാസമാണ്. അത് അങ്ങനെ ആയിപ്പോയി.

ഒരിക്കൽ ക്ഷേത്ര ഭണ്ഡാരത്തിൽ നിന്ന് കാണി പ്പണം കാണാതായപ്പോൾ ഗണിച്ച് കിറുകൃത്യമായി കണിയാർ പറഞ്ഞു.

കട്ടവൻ ഈ വന്നിരിക്കുന്നവരുടെ കൂട്ടത്തിൽ തന്നെ ഉണ്ട്. കട്ടായം.

പ്രശ്നം നോക്കാൻ വന്നിരുന്നവർ തമ്മിൽ തമ്മിൽ നോക്കി.

അങ്ങനെയെങ്കിൽ അതാര് .........?

എടുത്തയാൾ അത് തുറന്നു പറയട്ടെ. അതാണ് അതിന്റെ ശരി. ഇല്ലായെങ്കിൽ ദേവീകോപം ഉണ്ടാ കും. കുലം കുളം തോണ്ടും ഭഗവതി.

അവരാരും എടുത്തിട്ടില്ലെന്ന് തീർത്തും പറഞ്ഞു. കണിയാർ ജ്യോത്സ്യത്തിൽ ഒരടി മുന്നോട്ടു വെച്ചു.

അങ്ങനെയാണോ നോക്കട്ടെ. !

വെറ്റിലയിൽ മഷിതോണ്ടി തൊട്ട് ആൾ ഊറി ഊറി ചിരിച്ചു.

എനിക്ക് ആളെ മനസ്സിലായി. വെറ്റിലേ തെളി ഞ്ഞു.

ആരാ.......... ആരാത് .....?

വന്നവർ ഒന്നൊന്നായി തിരക്കി.

അത് ആള് തന്നെ പറേട്ടെ.

ജ്യോത്സ്യർ വിട്ടില്ല. രണ്ടും നാലും പറഞ്ഞ് പരസ് പരം നേരിയ രസക്കേടോടെ അവർ ഇറങ്ങിപ്പോയി.

നട്ടുച്ച കഴിഞ്ഞ സമയം. കിട്ടുക്കണിയാർ ഊ ണൊക്കെ കഴിഞ്ഞ് ചാരുകസേരയിൽ മയക്കത്തി ലായിരുന്നു.

കാലിൽ വെള്ളമിറ്റു വീഴുന്നതുപോലെ........കണ്ണ് തുറന്നു നോക്കുമ്പോൾ മുന്നിൽ മെമ്പർ കേശു നാണ്വാർ കലങ്ങിയ കണ്ണുകളുമായി നിൽക്കുന്നു.

ന്താ നാണ്വാരേ........?

ന്താ പ്പ ഞാൻ പറയ്യാ............

നേര് !

നാണ്വാർ കിഴിപ്പണം മുന്നിൽ വെച്ചു.

ശ്രീഭഗവതീടെ ഭണ്ഡാരത്തീന്നെടുത്തതാ. ഒര് ബുദ്ധിമോശം കൊണ്ട് പറ്റിപ്പോയതാ.

ആട്ടെ........പ്പതിന് ഞാനെന്താ ചെയ്യാ...... ?

നാലാള് അറിഞ്ഞാപ്പിന്നെ ഞാൻ ജീവിച്ചിരിക്കൂല. ഇത് സത്യം !

സത്യം...... ?

സത്യം !

മുതുകുതടവികൊണ്ട് കിട്ടുപ്പിള്ള പറഞ്ഞു.-

കിഴി അമ്പലത്തില് സമർപ്പിക്ക്യാ. സമസ്താപ രാധം അമ്മോട് പറേണം. ഒക്കെ ശരിയാകും.

നാണ്വാർ പോയതിന്റെ പിന്നാലെ കണിയാർ ക്ഷേത്ര കാര്യക്കാരെ വിളിച്ചു പറഞ്ഞു.

കട്ട മുതൽ പുലർച്ചെ ക്ഷേത്രത്തിലെത്തും. രാ വിലെ നേദ്യം കഴിഞ്ഞ് ഭണ്ഡാരം തുറന്നു നോ ക്കിക്കൊള്ളൂ.

ഊവ്വൊ....... അപ്പൊ ആരാത് ചെയ്തെ....... ?

ആരാ...... എന്താന്ന് നോക്കണ്ടാ.... നോക്കി വരു മ്പോ വെഷമാവും.

ഇല്ല നോക്കണ്ല്ല. ഓ...........ശരി..........

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ചക്കിക്കണിയാ ട്ടി ചോദിച്ചു.

ഇത്ര കൃത്യായിട്ട് ഇതൊക്കെ പറയാൻ നിങ്ങ ക്കെങ്ങനാ, മനുഷ്യേനെ പറ്റണത് ?

എടീ ബഡൂസേ.... പ്രശ്നമില്ലാത്തോര് പ്രശ്നക്കാ രെ സമീപിക്ക്യോ. എല്ലാവർക്കും പ്രശ്നംണ്ട്. വരു ന്നോർടെ മുഖം തന്നെ ഓരോന്ന് വിളിച്ചു പറയും. പിന്നെ എന്റെ ചോദ്യങ്ങൾക്ക് അവരുടെ നാവും.

ചക്കിക്കണിയാട്ടി ചിരിച്ചു.

ഒും. വല്ലാണ്ടങ്ങ് നെഹളിക്കല്ലേ പ്രശ്നാരീന്ന് പറഞ്ഞ്. ഞാൻ ഒക്കെ വെളിവാക്കേ.........

കണിയാട്ടീം കണിയാരച്ചനും ഒരുമിച്ച് കാര്യാ യിത്തന്നെ പൊട്ടിച്ചിരിച്ചു.

രാഗപരിചയം

# ലതാംഗി

ഡോ. ജയലക്ഷ്മി നന്ദകുമാർ

കർണ്ണാടക സംഗീതത്തിനു യോജിച്ച ഒരു രാഗമാണ് ലതാംഗി. 63-ാമത്തെ മേളകർത്താ രാഗമായ ലതാംഗി ഒരു പ്രതിമദ്ധ്യമ രാഗമാണ്. ദീക്ഷിതർ സമ്പ്രദായത്തിൽ ഈ രാഗത്തെ ഗീതപ്രിയ എന്നു വിളിക്കുന്നതായി പറയപ്പെടുന്നു. 72 മേളകർത്താ പട്ടികയിൽ 11 ാമത്തെ ചക്രമായ 'രുദ്ര'യിൽ 3 ാമത്തെ രാഗമാണ് ലതാംഗി. അതിനാൽ ഈ രാഗത്തിന്റെ സാങ്കേതിക നാമം 'രുദ്രഗോ'എന്നാകുന്നു സമ്പൂർണ്ണരാഗം

ആരോഹണം : സ രി ഗ മ പ ധ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു.ശ്രുതി രിഷഭം, അന്തരഗാന്ധാരം, പ്രതിമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, കാകളി നിഷാദം

ലതാംഗി രാഗത്തിന്റെ പൂർവ്വാംഗം (സ രി ഗ മ) കല്ല്യാണി രാഗത്തിന്റെ സ്വരങ്ങളും ഉത്തരാംഗം (പധനിസ) പന്തുവരാളി രാഗത്തിന്റെയും ആകുന്നു. ലതാംഗി രാഗത്തിന്റെ ശുദ്ധമദ്ധ്യമ രാഗമാണ് സരസാംഗി. വിസ്തരിച്ച് ആലപിക്കാവുന്ന ഒരു രാഗമാണിത്. ഏതുസമയത്തും ആലപിക്കാമെങ്കിലും രാത്രി സമയം കൂടുതൽ അഭികാമ്യമായി പറയുന്നു.

ഭക്തിഭാവമാണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്നത്. വളരെയധികം കൃതികളും ഗാനങ്ങളും ഈ രാഗത്തിൽ ഇല്ലെങ്കിലും ഒരു പ്രമുഖ രാഗമാണ് ലതാംഗി. ചിത്രചന്ദ്രിക, ഹംസലത, ലളിതാംഗി, രവിസ്വരുപിണി തുടങ്ങിയവ ലതാംഗി രാഗത്തിന്റെ ജന്യരാഗങ്ങളാണ്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1) | അപരാധമുലൻ | ആദി | പട്ടണം സുബ്രഹ്മണ്യഅയ്യർ |
| 2) | മറിവേറെ | ഖണ്ഡചാപ്പ് | പട്ടണം സുബ്രഹ്മണയ്യർ |
| 3) | താമ്രലോചനീ | ആദി | Dr. M.ബാലമുരളി കൃഷ്ണ |
| 4) | കൈകൂടാ | ഝംപ | കോടീശ്വരഅയ്യർ |
| 5) | ദിനമേ സുദിനമു | മിശ്രചാപ്പ് | ത്യാഗരാജസ്വാമി |
| 6) | പിറവാവരം താരും | ആദി | പാപനാശം ശിവൻ |


(ഈ കൃതി നന്ദനാർ എന്ന തമിഴ് ചിത്രത്തിൽ ശ്രീ M.M ദേശികൾ ആലപിച്ച് അനശ്വരമാക്കിയിട്ടുണ്ട്).


## ചലചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1) | പാദസമരണ സുഖം | സല്ലാപം |
| 2) | കമനീയ കേരളമേ | വിയർപ്പിന്റെ വില |
| 3) | ആടാദ മനമും ഉണ്ടോ | മന്നാധി മന്നൻ |
| 4) | മായാമാളവഗൗള രാഗം (തുടക്കം) | സ്വത്ത് |
| 5) | ഗണനാഥനെ വരുഗ | അവ്വയാർ |

# വാസ്തു

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)




തെക്കോട്ടു മുഖമാണെങ്കിലും വാസ്തു തത്ത്വങ്ങൾ ഒരിക്കലും തെറ്റിക്കരുത്. കേരളത്തിലെ ഒരു വിധം വലിയ ഒരു വീട് തെക്കോട്ടു മുഖമായി പണിതിരിക്കുന്നത് കാണുവാനിടയായി. ഉദ്ദേശം നാല് ഏക്കർ വലിപ്പമുള്ള പറമ്പാണ്. തെക്കു വശത്താണ് റോഡ്. വടക്കു നിന്ന് തെക്കോട്ട് നല്ല ചരിവുള്ള ഭൂമിയാണ്. വടക്കു കിഴക്കു മൂലയിൽ വടക്കും, കിഴക്കും മതിലിനോടു ചേർന്ന് ഔട്ട് ഹൗസ് ഉണ്ട്. അതിൽ സെർവന്റ് റൂമും സ്റ്റോറും അടങ്ങിയിരിക്കുന്നു. വീടു നിൽക്കുന്നത് പറമ്പിന്റെ വടക്കു കിഴക്കെ മൂലയിലാണ്. വീടിന്റെ വടക്കും കിഴക്കും വളരെ കുറച്ചു സ്ഥലം മാത്രമെ വിട്ടിട്ടുള്ളൂ. തെക്കും, പടിഞ്ഞാറും ധാരാളം സ്ഥലം വിട്ടിട്ടുണ്ട്. തെക്കു പടിഞ്ഞാറെ മൂലയിൽ വിശാലമായ വരാന്തയും പ്രധാന വാതിലും ഉണ്ട്. കടന്നു ചെല്ലുന്ന വലിയ ഹാളിന്റെ കന്നി മൂലയിലാണ് പ്രധാന വാതിൽ സ്ഥിതി ചെയ്യുന്നത്. വീടിന്റെ ഉടമസ്ഥന് അധികകാലം അവിടെ താമസിക്കുവാൻ കഴിഞ്ഞില്ല. വീടു നിൽക്കുന്ന പറമ്പിലെ എല്ലാ മഴവെള്ളവും തെക്കു പടിഞ്ഞാറെ മൂലയിൽ കൂടി റോഡിലേക്ക് പോകുന്നു. ഗേറ്റു നിൽക്കുന്നതും പറമ്പിന്റെ തെക്കു പടിഞ്ഞാറെ (കന്നിമൂല) മൂലയിലാണ്.

വീടിന്റെ മുഖം എവിടേക്കായാലും തെക്കിനേക്കാൾ കൂടുതൽ വടക്കും, പടിഞ്ഞാറിനെക്കാൾ കൂടുതൽ കിഴക്കും കാലിസ്ഥലം വേണം. വടക്കു കിഴക്കെ മൂലയിൽ മതിലിനോടു ചേർന്ന് യാതൊരു കൺസ്ട്രക്ഷനും പാടില്ല. പല വീടുകളിലും വടക്കു കിഴക്കെ മൂലയിൽ ടോയിലറ്റ് , സ്റ്റോർ എന്നിവ വാതിലിൽ മുട്ടി പണിതു കാണുന്നുണ്ട്. അതൊരിക്കലും ശരിയല്ല. യാതൊരു കാരണവശാലും പറമ്പിൽ നിന്നും വെള്ളം തെക്കോട്ടോ, പടിഞ്ഞാട്ടോ ഒഴുകരുത്. വടക്കോട്ടോ, കിഴക്കോട്ടോ, വടക്കു കിഴക്കെ മൂലയിലേക്കോ ഒഴുകണം. പ്രധാന വാതിൽ ഒരിക്കലും ചെന്നു കേറുന്ന മുറിയുടെ കന്നിമൂലയിൽ വരരുത്. തെക്ക് റോഡാണെങ്കിൽ ഗേറ്റ് പറമ്പിന്റെ തെക്ക് കിഴക്കു ഭാഗത്തു വരണം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10–ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ - തുടർച്ച



# കല്പാത്തി വിശ്വനാഥ സ്വാമി ക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892




ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കുന്ന കേരളത്തിലെ ഏതു പ്രദേശത്തു ചെന്നാലും ആ പ്രദേശത്തിന് പ്രകൃതി അനുഗ്രഹിച്ചു നൽകിയ എന്തെങ്കിലും ഒരു പ്രത്യേകത കാണാം. അങ്ങനെ പ്രത്യേകതകളുള്ള സ്ഥലങ്ങളിലൊന്നാണ് പാലക്കാട്. പാലക്കാടിന് കിട്ടിയ പ്രകൃതിയുടെ വരദാനമാണ് പാലക്കാടൻ ചുരം. കേരളത്തിന് അയൽ സംസ്ഥാനങ്ങളുമായി ബന്ധം പുലർത്തുവാൻ സൗകര്യം ഒരുക്കിക്കൊടുക്കുന്ന സഹ്യപർവ്വതത്തിലെ ചില ചുരങ്ങളിലൊന്നാണ് പാലക്കാടൻ ചുരം. ഈ പർവതനിരയിലെ ഏറ്റവും വലിയ ചുരവും പാലക്കാടൻ ചുരം തന്നെ. ഒരു മഹാ പ്രളയം ആർത്തിരമ്പി ഇടത്തോട്ടും വലത്തോട്ടും അടിച്ചെരിഞ്ഞാലെന്ന പോലെ ഇവിടെ മലകൾ പിന്നോട്ട് തെറിച്ച് കൂമ്പാരം കൂടികിടക്കുന്നു. രാക്ഷസീയ ഭാവമാർന്ന നീലഗിരിമലകളും ആനമലകളും പശ്ചിമപർവ്വത ശൃംഖലയിൽ അനേകായിരം അടി നീളത്തിൽ ഇരുവശങ്ങളിലേക്കും ഉയർന്നു നില്ക്കുന്നു. ഈ മലകളുടെ പഴുതിലൂടെ തെക്കു പടിഞ്ഞാറൻ കാറ്റ് കോയമ്പത്തൂരിന്റെ ദാഹിച്ചിരിക്കുന്ന സമതലങ്ങൾക്ക് കുളിർക്കാറ്റും മഴയും എത്തിക്കുന്നു. ഇവിടെയുള്ള ഉയർന്ന പർവ്വതപ്രദേശങ്ങളിൽ നിന്നുറവയെടുക്കുന്ന ആയിരക്കണക്കിന് അരുവികൾ ഇതുവഴി ഒഴുകുന്നു. പാലക്കാടൻചുരം വഴിയുള്ള റോഡും തീവണ്ടിപ്പാതയും കേരളത്തെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്നു 600 മൈൽ നീളത്തിൽ കിടക്കുന്ന പർവ്വതദുർഗ്ഗത്തിൽ പാലക്കാടൻ ചുരം എന്ന ഈ വിടവിനെ പ്രകൃതിയുടെ ഭൂമിശാസ്ത്രസ്പർശിയായ ഒരു വരദാനമായി കണക്കാക്കാം.

പാലക്കാടിന്റെ നഗര ഹൃദയത്തിൽ നിന്നും

അല്പം അകലെ മാറി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമ ക്ഷേത്രമാണ് കല്പാത്തി വിശ്വനാഥ സ്വാമി ക്ഷേത്രം. ദേവന്മാർ രഥത്തിലേറി ഗ്രാമവാസികളെ കാണാനെത്തുന്ന ഗ്രാമം. തമിഴ്നാട്ടിലെ തഞ്ചാവൂരിൽ നിന്നും കുടിയേറിയ ബ്രാഹ്മണർ തിങ്ങിപാർക്കുന്ന ഗ്രാമം. ദേവരഥങ്ങൾ ഉരുളുന്ന ഗ്രാമം, കല്പാത്തി വിശ്വനാഥ സ്വാമിയെ തൊഴുതാൽ കാശിവിശ്വനാഥസ്വാമിയെ തൊഴുതതിന്റെ പാതി ഫലം ലഭിക്കും എന്നു വിശ്വസിക്കുന്ന വിശ്വനാഥസ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്ന ഗ്രാമം ദക്ഷിണകാശിയെന്നറിയപ്പെടുന്ന കല്പാത്തി ഗ്രാമത്തിന് സവിശേഷതകൾ ധാരാളമാണ്. കാശിയിൽ പാതി കല്പാത്തി എന്നൊരു ചൊല്ലു തന്നെയുണ്ട്. കല്പാത്തിപ്പുഴയോരത്താണ് കല്പാത്തി വിശ്വനാഥ സ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കല്പാത്തിപ്പുഴയുടെ ഇരുകരകളിലും നിറയെ കല്ലുകളാണ് കല്ലുനിരത്തിയ പാത്തിയിലൂടെയെന്നതുപോലെയാണ് പുഴ ഒഴുകുന്നത് അതിനാലാണ് ഈ സ്ഥലത്തിന് കല്പാത്തിയെന്ന് പേരു വന്നത് എന്നു പറയപ്പെടുന്നു. ശാന്തസുന്ദരമായി സൗമ്യമായി ഒഴുകുന്ന കൽപ്പാത്തിപ്പുഴയുടെ തീരത്ത് വിശാലാക്ഷി സമേതനായി വിശ്വനാഥപ്രഭു വിരാജിക്കുന്ന പുണ്യക്ഷേത്രമാണ് കല്പാത്തി വിശ്വനാഥ സ്വാമി ക്ഷേത്രം. ഈ ക്ഷേത്രപരിസരങ്ങളിലായി 18 ബ്രാഹ്മണ ഗ്രാമങ്ങളുണ്ട്. ഇവ അഗ്രഹാരങ്ങൾ എന്നറിയപ്പെടുന്നു. ഓരോ അഗ്രഹാരങ്ങളുടെയും അറ്റത്ത് ഓരോ ക്ഷേത്രവും കാണാം. ചൊക്കനാഥപുരം, ചാത്തപ്പുറം ലക്ഷ്മീനാരായണപുരം എന്നിവ കല്പാത്തിയിലെ പ്രധാന തെരുവുകളാണ്. കൽപാത്തി ക്ഷേത്രത്തിൽ ശ്രീമഹാദേവൻ വിശ്വനാഥസ്വാമിയായും ശ്രീപാർവ്വതിദേവി വിശാലാക്ഷിയായും ഇവിടെ പരിലസിക്കുന്നു. പ്രശസ്തമായ കല്പാത്തി രഥോത്സവം നടക്കുന്ന ഈ ക്ഷേത്രം പാലക്കാടിന്റെ ഒരു പ്രധാനഗ്രാമക്ഷേത്രമാണ്. ചന്ദനത്തിരികളുടേയും കർപ്പൂരത്തിന്റെയും സുഗന്ധവും ആചാരാനുഷ്ഠാനപ്പെരുമ വിളിച്ചോതുന്ന അഗ്രഹാരമുറ്റത്തെ അരിപ്പൊടി കോലങ്ങളും വേദമന്ത്രധ്വനികളും കല്പാത്തി അഗ്രഹാരങ്ങളെ ഐശ്വര്യപൂർണ്ണമാക്കുന്നു. കുണ്ടമ്പലം എന്നും ദക്ഷിണകാശി എന്നും ഈ ക്ഷേത്രം അറിയപ്പെടുന്നു. അഗ്രഹാരപാതയോട് ചേർന്നുള്ള ക്ഷേത്രഗോപുരത്തിൽനിന്നും താഴോട്ട് 18 പടികൾ ഇറങ്ങി വേണം ക്ഷേത്രനടയിൽ എത്താൻ കിഴക്കുവശത്തും തെക്കുവശത്തും ഇങ്ങനെ 18 പടികൾ വീതമുണ്ട്. 18 പടികൾക്ക് താഴെയുള്ള ക്ഷേത്രമായതിനാൽ കുണ്ടമ്പലം എന്നറിയപ്പെടുന്നു.

തമിഴ്നാട്ടിലെ തഞ്ചാവൂരിലുള്ള മായാപുരം എന്ന സ്ഥലത്തുനിന്നും ഒരു വൃദ്ധയായ ബ്രഹ്മണ സ്ത്രീ കാശിക്കു പുറപ്പെട്ടു കാശിവിശ്വനാഥ ദർശനം കഴിഞ്ഞ് അവർ അവിടെ നിന്നും ഒരു വിഗ്രഹവുമായി വരികയും ഈ വിഗ്രഹം അവർ ബ്രഹ്മണരെ ഏൽപ്പിക്കുകയും ചെയ്തു. ബ്രഹ്മണർ രാജാവിന്റെ നിർദ്ദേശപ്രകാരം ക്ഷേത്രം പണികഴിപ്പിച്ച് വിഗ്രഹം അവിടെ പ്രതിഷ്ഠിച്ചു എന്നുമാണ് വിശ്വസിക്കുന്നത് .വൃദ്ധയായ ആ ബ്രഹ്മണ സ്ത്രീ കാശിയിൽ നിന്നും കൊണ്ടുവന്ന വിഗ്രഹമാണ് കല്പാത്തി വിശ്വനാഥ ക്ഷേത്രത്തിലെ വിഗ്രഹം. AD 1425 ൽ ഇട്ടിക്കോമ്പി രാജയുടെ കാലത്താണ് ഇവിടെ പ്രതിഷ്ഠ നടന്നത് എന്നാണ് ഐതിഹ്യം. ഈ ഐതിഹ്യത്തെപ്പറ്റിയുള്ള ചില രേഖകൾ ക്ഷേത്രത്തിലെ കരിങ്കൽ സ്തൂപത്തിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. 1957 –ൽ ആർക്കിയോളജി വിഭാഗം കണ്ടെത്തിയ കൊലെഴുത്തിലുള്ള രേഖപ്പെടുത്തലുകളുടെ രത്നച്ചുരുക്കം ഇങ്ങനെയാണ്. ഏകദ്ദേശം 1425–26 കാലഘട്ടത്തിൽ ലക്ഷ്മിയമ്മാൾ എന്ന ബ്രഹ്മണ സ്ത്രീ കാശിയാത്ര കഴിഞ്ഞ് വരുമ്പോൾ ഒരു ബാണലിംഗം കൊണ്ടുവന്നതായും പ്രസ്തുത ബാണലിംഗത്തെ കല്പാത്തിപ്പുഴയോരത്ത് പ്രതിഷ്ഠിക്കുവാൻ ആഗ്രഹിക്കുന്നതായും തന്റെ ആഗ്രഹം അന്നത്തെ പാലക്കാട്ടുശ്ശേരി ശേഖരിവർമ്മ രാജാവിനെ അറിയിക്കുകയും ചെയ്തു. ഈശ്വരവിശ്വാസിയും സൽസ്വഭാവിയുമായ പാലക്കാട്ടുരാജാവ് ആയതിന് സമ്മതം നൽകുകയും അദ്ദേഹം തന്റെ ഏറ്റവും വിശ്വസ്തനായ അകത്തേത്തറ വലിയകോണിക്കലിടത്തിലെ കാരണവരായിരുന്ന ഇട്ടിക്കോമ്പിയച്ചൻ അവർകൾക്ക് ക്ഷേത്രം പണിത് പ്രസ്തുത ബാണലിംഗം നിശ്ചിത സ്ഥലത്ത് പ്രതിഷ്ഠ ചെയ്യുവാൻ ഉത്തരവ് നൽകുകയും കാരണവർ ക്ഷേത്രം പണികഴിപ്പിച്ച പ്രതിഷ്ഠ നടത്തിയതായും രേഖപ്പെടുത്തിയിരിക്കുന്നു. സന്തുഷ്ടനായ രാജാവ് ഇട്ടിക്കോമ്പിയച്ചൻ അവർകളെ ക്ഷേത്രത്തിന്റെ ട്രസ്റ്റിയായി നിയമിക്കുകയും ചെയ്തു. ആയതുകൊണ്ട് മാത്രം തൃപ്തിയാകാതെ സന്മനസ്സുള്ള രാജാവ് ക്ഷേത്രത്തിന്റെ പേരിൽ നിളാനദിയുടെ തെക്കുവശത്തുനിന്നും ശംഖുവരത്തോടു വരെയുള്ള വസ്തുവകകൾ എഴുതിവെക്കുകയും ആയതിന് ഭക്തിപുരസ്സരം ചൊക്കനാഥപുരം സുന്ദരേശപെരുമാളിനേയും കല്ലേകുളങ്ങര ശ്രീ ഏമൂർ ഭഗവതിയേയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

കേരള ചരിത്രങ്ങളിലെ വിരളമായ ഒരു ചരിത്രമാണ് കല്പാത്തിക്കുള്ളത് ശത്രുക്കളുടെ ആക്രമണം ഭയന്ന് മായാവാരത്തുനിന്നും ബ്രഹ്മണർ കൂട്ടമായി കേരളത്തിലേക്ക് പാലായനം ചെയ്തു. പാണ്ഡ്യരാജാവ് മാരവർമ്മൻ അന്തരിച്ചതോടെ ശത്രുക്കളുടെ ആക്രമണം രൂക്ഷമാവുകയും ധാരാളം ബ്രഹ്മണർ കല്പാത്തിപ്പുഴയോരത്ത് ആശ്രയം കണ്ടെത്തുകയും

ചെയതു. വിജയനഗര സാമ്രാജ്യം തകർന്നതോടെ ബ്രഹ്മണരുടെ വരവ് വീണ്ടും കൂടി. ആദ്യം അഗ്രഹാരങ്ങൾ നിർമ്മിച്ചത് ശേഖരിപുരത്താണ് പിന്നീട് കല്പാത്തിയിലും അഗ്രഹാരങ്ങൾ ഉണ്ടാക്കുകയും ചെയ്തു പാലക്കാട്ടുരാജാവ് ബ്രാഹ്മണരെ കുടിയിരുത്തിയതോടെയാണ് കല്പാത്തിയിൽ ബ്രാഹ്മണഗ്രാമങ്ങൾ ആവിർഭവിച്ചത്. കല്പാത്തി വിശ്വനാഥക്ഷേത്രത്തിൽ തമിഴ്ഗുരുക്കന്മാരാണ് പൂജകൾ നടത്തുന്നത്. തമിഴ്ഗുരുക്കന്മാർ ഇവിടുത്തെ പൂജാരിമാരായതിനും കല്പാത്തിയിൽ ബ്രഹ്മണരെ കുടിയിരുത്തിയതിന് പിന്നിലും ഐതിഹ്യങ്ങളുണ്ട്.

പാലക്കാട് രാജാവ് ഒരിക്കൽ ഏതോ തെറ്റ് ചെയ്തതിന്റെ ഫലമായി നമ്പൂതിരിമാർ രാജാവിനു ഭ്രഷ്ടു കല്പിക്കുകയും ഭ്രഷ്ടനായ രാജാവിന് രാജ്യം ഭരിക്കുവാൻ അധികാരമില്ല എന്നും വിധിക്കുകയും ചെയ്തു. നമ്പൂതിരിമാരുടെ ഈ വിധിയെ രാജാവ് അംഗീകരിച്ചില്ല. ഭ്രഷ്ടനായ രാജാവിന്റെ ഭരണത്തിൻ കീഴിൽ വസിക്കുവാൻ നമ്പൂതിരിമാരും വിസമ്മതിച്ചു. നമ്പൂതിരിമാർ നാടുവിട്ട് പോയി. ഇവരോടൊപ്പം മറ്റുള്ള കുറേ ആളുകളും നാടുവിട്ട് പോയി. രാജാവ് അവരെ നാടുകടത്തിയതാണെന്നും അഭിപ്രായമുണ്ട്. പണ്ട് കാലത്ത് മറ്റ് രാജ്യങ്ങൾക്ക് പാലക്കാടിനോട് ഒരു മമത കുറവായിരുന്നു എന്നും അതിനുകാരണം രാജാവ് ഭ്രഷ്ടനായിരുന്നതിനാലാണ് എന്നും ഐതിഹ്യങ്ങളുണ്ട്.

വാശിക്കാരനായ രാജാവ് നമ്പൂതിരിമാരുടെ നാടുവിടലിനു ശേഷം വൈദികകർമ്മങ്ങൾക്കായി പരദേശ ബ്രാഹ്മണരെ ഇവിടേക്ക് കൊണ്ടുവന്ന് കുടിയിരുത്തിയെന്നാണ് വിശ്വാസിക്കുന്നത്. പിന്നീട് പാലക്കാട് രാജാക്കന്മാരെ കേരളത്തിലെ ക്ഷത്രീയ രാജാക്കന്മാരുടെ പദവിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. നമ്പൂതിരിമാരോടൊപ്പം നാടു വിട്ട് പോകാതെ അവിടെ തന്നെ നിന്ന മറ്റുള്ള ജാതിക്കാരേയും അല്പം താഴ്ന്നവരായി കണ്ടു തുടങ്ങി. ക്ഷത്രിയപദവിയില്ലാത്തതിനാലാണ് പാലക്കാട് കോവിലകങ്ങൾക്ക് ഇടം എന്ന പേര് വന്നത്. കല്പാത്തി വിശ്വനാഥസ്വാമി ക്ഷേത്രം അകത്തേത്തറ വടക്കേകോണിക്കലിടം രാജാക്കന്മാരുടെ ക്ഷേത്രമായിരുന്നു. നായന്മാരുടെ ആചാരം സ്വീകരിച്ച് രാജാക്കന്മാരെ പരിചരിക്കാനും മറ്റുമായി കുറെ നായന്മാരെ അവരുടെ പദവിയിൽ നിന്നും ഉയർത്തിയെടുത്തു. 200 വീട്ടുകാരെയാണ് ഇങ്ങനെ പദവിയിൽ നിന്നും ഉയർത്തിയെടുത്തത്. ഇവർ പിന്നീട് ഇരുന്നൂറ്റ് നായന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത് ഇവർ പാലക്കാട് രാജക്കന്മാർ എന്നറിയപ്പെട്ടിരുന്ന അച്ഛന്മാരുമായി മാത്രമേ കൂടികഴിഞ്ഞിരുന്നുള്ളു. മറ്റുള്ള നായന്മാരിൽ ചിലരെല്ലാം മര്യാദ ലംഘിച്ചു രാജാവിനെ ഉപേക്ഷിച്ചു പോയി എന്നു പറയുന്നു. രാജാവ് കല്പാത്തി വിശ്വനാഥക്ഷേത്രത്തിലെ പുജാരികളായി തമിഴ് ഗുരുക്കന്മാരെ ചുമതലപ്പെടുത്തുകയും തമിഴ് ബ്രാഹ്മണരെ ക്ഷേത്രപരിസരങ്ങളിൽ കുടിയിരുത്തുകയും ചെയ്തു. അങ്ങനെ അകത്തേത്തറ വടക്കേകോണിക്കലിടം രാജാക്കന്മാരുടെ ക്ഷേത്രമായിരുന്ന കല്പാത്തി വിശ്വനാഥസ്വാമി ക്ഷേത്രത്തിന്റെ പരിസരങ്ങളിലെല്ലാം അഗ്രഹാരങ്ങൾ ഉണ്ടാവുകയും ക്ഷേത്രത്തിൽ തമിഴ് ഗുരുക്കന്മാർ പൂജാരിമാരാവുകയും ചെയ്തു എന്നാണ് ഐതിഹ്യം.

കല്പാത്തി വിശ്വനാഥ സ്വാമി ക്ഷേത്രത്തിനടുത്തായി രണ്ട് ഗ്രാമക്ഷേത്രങ്ങളുണ്ട്. ചാത്തപ്പുറം ഗണപതി ക്ഷേത്രവും ചൊക്കനാഥപുരം ശിവക്ഷേത്രവും കല്പാത്തിപ്പുഴയ്ക്കക്കരെ പെരുവായക്കലിടം വക വൈത്തീശ്വര പ്രതിഷ്ഠയുള്ള വൈദ്യനാഥപുരം ക്ഷേത്രവുമുണ്ട്. കൽപാത്തിപ്പുഴയോരങ്ങളിലെ ഈ ക്ഷേത്രങ്ങളെല്ലാം ചേർന്ന് കൽപ്പാത്തി ഗ്രാമത്തെയും പാലക്കാടിനേയും ഐശ്വര്യപൂർണ്ണവും സമ്പൽസമൃദ്ധവുമാക്കുന്നു. കൽപാത്തി നിവാസികൾ പാലക്കാട്ടുകാരുമായി ഇടപഴകി ജീവിക്കുന്നു. എങ്കിലും വസ്ത്രധാരണത്തിലും ആചാരാനുഷ്ഠാനത്തിലും സംസാരരീതികളിലും അവരുടെ തമിഴ് ശൈലി ഇന്നും തെളിഞ്ഞു കാണാം. ഇവിടുത്തെ അഗ്രഹാരങ്ങളിൽ പാരമ്പര്യത്തിന്റെ തിലകമായി, ഐശ്വര്യമായി അരിപ്പൊടികോലങ്ങൾ തെളിയുമ്പോൾ അഗ്രഹാരനിവാസികളുടെ മനസ്സിൽ തമിഴിന്റെ സംഗീതവും ഈണവും നിറയുന്നു. തമിഴ് നാട്ടിൽ നിന്നും മലയാളനാടിന്റെ മണ്ണിലേക്കെത്തി പാലക്കാട്ടുനാട്ടുചരിത്രത്തിന്റെ ഭാഗമായി മാറിയ കൽപാത്തി അഗ്രഹാരനിവാസികൾ വിശ്വനാഥസ്വാമിയുടെ അനുഗ്രഹാശ്ശിസുകൾ ഏറ്റുവാങ്ങികൊണ്ട് കൽപാത്തിയെ പാലക്കാടിന്റെ പ്രസിദ്ധക്ഷേത്രഗ്രാമമാക്കിമാറ്റി.കല്പാത്തി വിശ്വനാഥസ്വാമി ക്ഷേത്രത്തിലും പരിസരവാസികളുടെയിടയിലും ഒന്നു കണ്ണോടിച്ചാൽ ഭക്തിക്കും വിശ്വാസത്തിനും മനുഷ്യജീവിതത്തിൽ ഇത്രത്തോളം സ്വാധീനമുണ്ടോ എന്നു തോന്നിപ്പോകും പൈതൃകമായി കിട്ടിയ ആചാരങ്ങളേയും അനുഷ്ഠാനങ്ങളേയും ഇത്രയേറെ പ്രാധാന്യത്തോടെ കാത്തുസൂക്ഷിക്കുന്ന മറ്റൊരു ജനതയുണ്ടാവില്ല.

വിശ്വനാഥസ്വാമിക്ഷേത്രത്തിലെ ക്ഷേത്രസമുച്ചയങ്ങളെല്ലാം തമിഴ് നിർമ്മാണശൈലിയിലുള്ളവയാണ്. ഇവിടെ സാമാന്യം വലിയ ചതുര ശ്രീകോവിലിൽ വിശ്വനാഥസ്വാമി വിശാലാക്ഷിസമേതനായി വിരാജിക്കുന്നു. 18 പടികൾ ഇറങ്ങി ക്ഷേത്രാങ്കണത്തിലെത്തി

ഉയരമുള്ള കൊടിമരത്തെ വണങ്ങി നാലമ്പലത്തിലേക്ക് കടന്നാൽ വിശ്വനാഥസ്വാമിയുടെ ശ്രീകോവിൽ തിരുനടയിലെത്താം.വിശ്വനാഥസ്വാമിക്ക് നിത്യം മൂന്നു പൂജകളാണുള്ളത്. തമിഴ്ഗുരുക്കളാണ് പൂജാദികാര്യങ്ങൾ നടത്തുന്നത്. നാലമ്പലത്തിനുള്ളിൽ തന്നെ ഗംഗാധരൻ ചണ്ഡികേശ്വരൻ, കാലഭൈരവൻ, ദക്ഷിണാമൂർത്തി, സൂര്യൻ നന്ദികേശ്വരൻ വള്ളിദേവയാനിസമേതനായ മുരുകൻ എന്നീ ഉപദേവതാസ്ഥാനങ്ങളും ഉണ്ട്. നവഗ്രഹങ്ങളെ ഇവിടെ ഭാരായാസമേതരായി പൂജിക്കപ്പെടുന്നു എന്നതും ഇവിടുത്തെ ഒരു പ്രത്യേകതയാണ്. കൽപാത്തി വിശ്വനാഥസ്വാമിയുടെ പ്രധാന ഉത്സവമാണ് കല്പാത്തി രഥോത്സവം. പാലക്കാടിന്റെ പ്രധാന ക്ഷേത്രോത്സവങ്ങളിലൊന്നാണ് കല്പാത്തി രഥോത്സവം. കല്പാത്തിയിലെ തമിഴ് ബ്രാഹ്മണരുടെ പൂർവ്വസ്ഥാനമായ കാവേരിതീരത്തെ മായാപുരം ഗ്രാമത്തിലുള്ള മയൂരനാഥക്ഷേത്രത്തിൽ നടത്തിവരുന്ന രഥോത്സവത്തിന്റെ അനുകരണമാണ് കല്പാത്തി രഥോത്സവം എന്നും വിശ്വാസമുണ്ട്. കല്പാത്തിയിലെ രഥോത്സവം തുലാം 28,29,30 തീയതികളിലാണ് നടത്തപ്പെടുന്നത്. കറുത്ത വാവുകഴിഞ്ഞ് പ്രഥമയും തിങ്കളും കൂടിച്ചേർന്ന വരുന്ന നാളിൽ ക്ഷേത്രസന്നിധിയിൽ നിൽക്കുന്ന ആലിനു ചുറ്റും 108 പ്രദക്ഷിണം വയ്ക്കുവാൻ ധാരാളം ഭക്തരെത്തുന്നു. തുലാമാസത്തിലെ പൗർണ്ണമിക്ക് അന്നാഭിഷേകം ഇവിടുത്തെ പ്രധാന വഴിപാടാണ്. ചോറുകൊണ്ട് ശിവലിംഗം മൂടുന്ന ഒരു ചടങ്ങാണിത്, ശിവരാത്രി ഇവിടെ ആചാരാനുഷ്ഠാനങ്ങളോടെ ആചരിക്കുന്നു. രഥോത്സവത്തിന് ഗോവിന്ദരാജപുരം, പുതിയകല്പാത്തി, ചാത്തപുരം, പഴയ കല്പാത്തി എന്നീ നാലു ഗ്രാമങ്ങളിലും രഥയാത്രയുണ്ട്. രഥോത്സവം കൊടിയേറിയ ശേഷം നടക്കാറുള്ള ദേവരഥങ്ങളുടെ സംഗമം കണ്ടുതൊഴാൻ മുപ്പത്തിമുക്കോടിദേവതകൾ എത്തുമെന്നാണ് വിശ്വാസം. മനോഹരമായി അലങ്കരിച്ച രഥങ്ങളാണ് രഥോത്സവത്തിന്റെ പ്രധാന ആകർഷണം. തേരുകൾ (രഥങ്ങൾ) തേരുമുട്ടിയിൽ സംഗമിക്കുന്നതിനെ ദേവരഥസംഗമം എന്നാണ് വിശേഷിപ്പിക്കുന്നത്. ചൊക്കനാഥപുരം ലക്ഷ്മീനാരായണപുരം ചാത്തപ്പുരം എന്നിവ കൽപാത്തിയിലെ പ്രധാന തെരുവുകളാണ്. വിശ്വനാഥസ്വാമിക്ഷേത്രം, ലക്ഷ്മിനാരായണപെരുമാൾ ക്ഷേത്രം മന്തക്കര ഗണപതിക്ഷേത്രം എന്നീ ക്ഷേത്രങ്ങൾ ചേർന്ന് നടത്തപ്പെടുന്ന ഉത്സവമാണ് കൽപാത്തി രഥോത്സവം. തഞ്ചാവൂരിൽ നിന്നും കുടിയേറിയ ബ്രാഹ്മണരോടൊപ്പം അവരുടെ ഇഷ്ടദേവതകളായ വള്ളിദേവയാനിസമേതനായ സുബ്രമണ്യ സ്വാമിയും കാശിനാഥനായ വിശ്വനാഥസ്വാമിയും ഭഗവതിയും ഗണപതിയും അവർക്കു കൂട്ടുവന്നുവെന്നും അവർ ക്ഷേത്രങ്ങളുണ്ടാക്കി ഇഷ്ടദേവതകളെ അവിടെ പ്രതിഷ്ഠിച്ച് ആരാധിക്കുകയും ദേവന്മാർക്ക് സവാരിക്കായി രഥങ്ങളുണ്ടാക്കി രഥ പൂജകൾ നടത്തിയെന്നുമാണ് ഐതീഹ്യം. ചലിക്കുന്ന ക്ഷേത്രസങ്കല്പ്പമാണ് രഥങ്ങൾക്കു കല്പിച്ചിരിക്കുന്നത് കാശിവിശ്വനാഥസ്വാമി ക്ഷേത്രഗോപുരങ്ങളോടും ക്ഷേത്രമേൽക്കുരയോടും സാമ്യമുള്ളവയാണ് കല്പാത്തിരഥോത്സവരഥങ്ങൾ പ്രത്യേകം വൈദഗ്ദ്ധ്യം നേടിയ ശില്പികളാണ് രഥങ്ങൾ നിർമ്മിക്കുന്നത്. രഥം തയ്യാറായിക്കഴിഞ്ഞാൽ ക്ഷേത്രത്തിലെ ദേവചൈതന്യം മൂന്ന് ദിവസത്തേക്ക് ഈ രഥങ്ങളിലേക്ക് ആവാഹിക്കപ്പെടുന്നു എന്നുമാണ് ഐതീഹ്യം മൂന്നു രഥങ്ങളാണ് വിശ്വനാഥസ്വാമിക്ഷേത്രത്തിൽ നിന്നും ഉള്ളത്. ഒന്നാമത്തെ രഥം വിശാലാക്ഷിസമേതനായ വിശ്വനാഥസ്വാമിക്കും രണ്ടാമത്തെ രഥം ഗണപതി ഭഗവാനും മൂന്നാമത്തെ രഥം ശ്രീമുരുകനുമുള്ളതാണ് രഥോത്സവത്തിൽ പങ്കെടുക്കുന്ന ബാക്കി മൂന്ന് രഥങ്ങൾ മന്തക്കര മഹാഗണപതിക്ഷേത്രം പഴയ കൽപാത്തി ലക്ഷ്മീനാരായണപ്പെരുമാൾ ക്ഷേത്രം ചാത്തപ്പുരം പ്രസന്നഗണപതിക്ഷേത്രം എന്നീ ക്ഷേത്രങ്ങളിൽ നിന്നുമുള്ളതാണ്. വിശ്വനാഥസ്വാമിയുടെ രഥം വലിക്കുന്നവർ കൈലാസപതയേ എന്നും ഗണപതിയുടെ രഥം വലിക്കുന്നവർ ജയ് ജയ് ഗണേശാ എന്നും മുരുകരഥം വലിക്കുന്നവർ ഹര ഹരോ ഹര ഹരാ എന്നിങ്ങനെ ഉച്ചത്തിൽ വിളിച്ചുകൊണ്ടാണ് രഥം വലിക്കുന്നത്. ഈ രഥങ്ങളെല്ലാം തേരുമുട്ടിയെന്ന സ്ഥാനത്തു സംഗമിക്കുന്നതോടെ രഥോത്സവത്തിനു സമാപനം കുറിക്കുന്നു. തഞ്ചാവൂർ ബ്രഹദീശ്വരക്ഷേത്രത്തിലെ പൂജാവിധികളും രീതികളുമാണ് കല്പാത്തി രഥോത്സവത്തിലും കാണപ്പെടുന്നത്.

തുലാമാസത്തിലെ അവസാനത്തെ 9 ദിവസങ്ങളിലായി നടക്കുന്ന ഉത്സവത്തിന് പ്രഗത്ഭരായ സംഗീതജ്ഞന്മാരുടെ രാഗവും താളവും ശ്രുതിയും ഒത്തു ചേർന്ന സംഗീതത്തിലലിഞ്ഞ് കല്പാത്തി നിവാസികൾ നിർവൃതിപൂകുന്നു. ശിവപാർവ്വതിമാരെ അലങ്കരിച്ചിരുത്തിയ രഥം വാദ്യമേളങ്ങളോടെ ഗ്രാമപ്രദക്ഷിണം നടത്തുമ്പോൾ രഥം വലിക്കുന്നവർ പാപമുക്തരാവുന്നു എന്നാണ് വിശ്വാസം. തെരുവിലൂടെ ദേവിദേവന്മാരുടെ രഥം വലിച്ച് പാപമോചിതരാകുവാൻ ആയിരക്കണക്കിന് ഭക്തജനങ്ങളാണ് രഥോത്സവനാളുകളിൽ ഇവിടെയെത്തുന്നത്. പാരമ്പര്യ വിശ്വാസസങ്കല്പങ്ങൾ ഒത്തു ചേർന്ന് ഭക്തിസാന്ദ്രമാകുന്ന വിശ്വനാഥസ്വാമിയുടെ രഥോത്സവത്തിന് ക്ഷേത്രനടയിലെത്തി ഭഗവാനെ വണങ്ങി രഥോത്സവത്തിന്റെ ഭാഗമാകുവാനും സ്ഥലവാസികൾക്കൊപ്പം രഥം വലിച്ച് പാപമുക്തരാകുവാനും വിശാലാക്ഷിസമേതനായ വിശ്വനാഥപ്രഭു ഏവരേയും അനുഗ്രഹിക്കട്ടെ.



# മഹാഭാരതം ഖാണ്ഡവ ദഹനം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

യുധിഷ്ഠിരൻ വനവാസത്തിന് തയാറായി ധൃതരാഷ്ട്രരുടെ അടുത്തു ചെന്നു. ബഹുമാന്യരായ ആചാരന്മാരോടും ഭീഷ്മാദി ഗുരുജനങ്ങളോടും യാത്ര പറഞ്ഞു. ഇതു കേട്ട എല്ലാവരും ലജ്ജിച്ചു തലകുനിച്ചു. വൈശമ്പായൻ പറയുന്നു,

ന ച കിംചിദവോചുസ്തം ഹ്രിയാ സന്നാ യുധിഷ്ഠിരം

മനോഭിരേവ കല്ല്യാണം ദധ്യുസ്തേ തസ്യ ധീമതഃ

അവിടെ കൂടിയിരുന്നവരെല്ലാം ലജ്ജമൂലം യുധിഷ്ഠിരനോട് ഒന്നും പറഞ്ഞില്ല. പക്ഷെ എല്ലാവരും ബുദ്ധിമാനായ ആ രാജാവിന് നല്ലതു വരാൻ പ്രാർത്ഥിച്ചു.

കുന്തീദേവി കാട്ടിൽ പോകേണ്ട, തന്റെ വീട്ടിൽ നിൽക്കട്ടെ എന്നു വിദുരർ പറഞ്ഞത് പാണ്ഡവർ സമ്മതിച്ചു. അധർമ്മത്താൽ പരാജയപ്പെട്ടവർ അതിൽ സങ്കടപ്പെടില്ല. വിദുരർ ഇങ്ങനെ പറഞ്ഞനുഗ്രഹിച്ചു. ധർമ്മപുത്രർ ധർമ്മജ്ഞനും അർജ്ജുനൻ യുദ്ധത്തിൽ സമർത്ഥനും ഭീമൻ ശത്രുനാശകനും നകുലൻ ധനസാധകനും സഹദേവൻ ഭരണനിപുണനുമാണ്. കൂടാതെ ദ്രൗപദി ധർമ്മത്തിൽ മുൻപിലാണ്. പരസ്പരം സ്നേഹപാശത്താൽ ബന്ധിതരുമാണ്. ശത്രുക്കൾക്കു നിങ്ങളെ വേർപെടുത്താൻ കഴിയില്ല. ഹിമാലയത്തിൽ വെച്ച് സാവർണ്ണി പർവ്വതവും വാരണാവതത്തിൽ വ്യാസനും ഭൃഗുതുംഗത്തിൽ വച്ച് പരശുരാമനും ദൃഷച്ചതിയിൽ വച്ച് ഭഗവാൻ ശിവനും മറ്റും പറഞ്ഞതറിയാമല്ലോ. കല്മാഷീ തിരത്തുള്ള ഭൃഗുവും മറ്റും നിങ്ങളെ സഹായിക്കും. ഇത്രയും പറഞ്ഞ് വിദുരർ അവർ ചെയ്യേണ്ട ചില കാര്യങ്ങൾ പറഞ്ഞുകൊടുത്തു. മുനിവര്യന്മാരുടെ ഉപദേശം അനുസരിക്കുക, ഇന്ദ്രന്റെ ജയത്തേയും യമന്റെ കോപനിഗ്രഹത്തേയും കുബേരന്റെ ധനദാഹത്തേയും വരുണന്റെ സംയമത്തേയും സോമന്റെ ആത്മദാനത്തേയും ജലത്തിന്റെ ആശ്രയത്തേയും ഭൂമിയുടെ ക്ഷമയേയും സൂര്യന്റെ തേജസിനേയും വായുവിന്റെ ബലത്തേയും സർവ്വഭൂതങ്ങളുടെ ഗുണത്തേയും സ്വീകരിക്കുക. ഇതൊക്കെ പറഞ്ഞ് സർവ്വാനുഗ്രഹങ്ങളും നൽകി അനുഗ്രഹിച്ചു. തിരികെ വരുമ്പോൾ കാണാമെന്നു പറഞ്ഞു.

കൃതാർത്ഥം സ്വസ്തിമന്തം ത്വാം ദ്രക്ഷ്യാമഃ പുനരാഗതം

ന ഹി വോ വൃജിനം കിംചിദ് വേദ കശ്ചിത് പുരാ കൃതം.

നിങ്ങൾ തെറ്റുചെയ്തുവെന്നാർക്കും പറയുവാൻ കഴിയില്ല. സുഖമായും വിജയശ്രീലാളിതനായും മടങ്ങിവരിക.

ഇതൊക്കെ കേട്ടിട്ട് അങ്ങനെതന്നെയാകട്ടെ എന്നു പറഞ്ഞ് യുധിഷ്ഠിരൻ പുറപ്പെട്ടു. ദുഖിതയായി മുഷിഞ്ഞ വേഷത്തോടുകൂടി കരഞ്ഞുകൊണ്ടു വന്ന ദ്രൗപദിയേയും ആടയാഭരണങ്ങളൊന്നുമില്ലാതെ മാൻതോലുടുത്ത സ്വന്തം പുത്രന്മാരേയും കണ്ട് കുന്തി പൊട്ടിക്കരഞ്ഞു. കുന്തി പറഞ്ഞു, നിങ്ങൾ ധാർമ്മികരും സന്മാർഗ്ഗികളുമാണ്. മറ്റുള്ളവർ ആദരിക്കുന്ന ഗുണങ്ങളുമുണ്ട്. എന്നിട്ടും നിങ്ങൾക്കെന്താണിങ്ങനെ സംഭവിച്ചത്.

വ്യസനം വഃ സമഭ്യാഗാത് കോളയം വിധിവിപര്യയഃ

കസ്യാപധ്യാനജം ചേദം ധിയാ പശ്യാമി നൈവ തത്.

വന്ദ്യരായ ഗുരുജനങ്ങൾക്ക് സേവനം ചെയ്യുകയും ഈശ്വരനു വേണ്ട യാഗങ്ങളെല്ലാം തന്നെ ചെയ്തിട്ടും ഈ കാലക്കേട് നിങ്ങൾക്കെങ്ങനെ സംഭവിച്ചു. ഈ നിർഭാഗ്യം എന്നു മാറും. ആരുടെ തെറ്റാണ് നിങ്ങളുടെ മേൽ വീണിരിക്കുന്നത്. ഞാൻ

നിങ്ങൾക്ക് ജന്മം തന്നതുകൊണ്ട് ഒരുപക്ഷെ എന്റെ ഭാഗ്യക്കേടാകാം. നിങ്ങൾക്ക് കാട്ടിൽപോകേണ്ടി വരുമെന്നുണ്ടായിരുന്നെങ്കിൽ പിതാവ് പാണ്ഡുവിന്റെ മരണശേഷം അവിടെത്തന്നെ താമസിക്കാമായിരുന്നു. നിങ്ങളുടെ പിതാവ് ധന്യനാണ്. ഇതൊന്നും കാണേണ്ടിവന്നില്ലല്ലോ. മാദ്രിയും ഭാഗ്യവതിയാണ്. തന്നെതന്നെ പഴിച്ചുകൊണ്ട് കുന്തി പുത്രന്മാരെ അനുഗമിക്കുകയാണെന്നു പറഞ്ഞു കരഞ്ഞു. തനിക്കു മരണമാണ് കാമ്യമായിരുന്നതെന്നുവരെ കുന്തി പറഞ്ഞു. ഇതിനുശേഷം കുന്തി കൃഷ്ണനെ വിളിച്ചു കരയാൻ തുടങ്ങി. ധർമ്മിഷ്ഠരായ തന്റെ പുത്രന്മാർക്ക് ഈ ഗതി എന്തുകൊണ്ട് സംഭവിച്ചുവെന്ന് കൃഷ്ണനോടു ചോദിച്ച് കുന്തി വാവിട്ടു നിലവിളിക്കാൻ തുടങ്ങി. പുത്രന്മാരോടു നീതി കാണിക്കുവാൻ കൃഷ്ണനോടപേക്ഷിച്ചു. ഭീഷ്മർ, ദ്രോണർ, കൃപാചാര്യർ തുടങ്ങിയ ധർമ്മിഷ്ഠർ ഉപവിഷ്ടരായിരിക്കുന്ന ഈ സദസ്സിൽ ഇങ്ങനെയൊരു ദുരന്തമെങ്ങനെ സംഭവിച്ചു. പാണ്ഡുവിനെ വിളിച്ചു കരയുന്ന കുന്തി ചോദിച്ചു അങ്ങ് പുത്രന്മാർക്കു സംഭവിച്ചിരിക്കുന്നതു കാണുന്നില്ലേ. സഹദേവൻ തനിക്കേറ്റവും പ്രിയപ്പെട്ടവനാണെന്നും തന്നെ വിട്ടുപോകരുതെന്നും ജ്യേഷ്ടന്മാർ വേണമെങ്കിൽ പോകട്ടെയെന്നും കുന്തി പറഞ്ഞു. വൈശമ്പായനിവിടെ പറയുന്നത് കുന്തിയെ സമാധാനിപ്പിച്ച് പാണ്ഡവർ വനവാസത്തിനു പോയിയെന്നാണ്. വിദുരർ കുന്തിയെ സമാധാനിപ്പിച്ച് സ്വന്തം ഗൃഹത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. ധൃതരാഷ്ട്രരുടെ സേവകരായ സ്ത്രീകൾ പാഞ്ചാലിയുടെ വസ്ത്രാക്ഷേപവും പാണ്ഡവരുടെ വനവാസവും മറ്റും കേട്ട് പൊട്ടിക്കരഞ്ഞു. ധൃതരാഷ്ട്രർ സ്വന്തം മക്കൾക്ക് സംഭവിക്കാൻപോകുന്ന വിപത്തിനെക്കുറിച്ചാലോചിച്ച് ഉൽക്കൺഠാകുലനായി. അദ്ദേഹം വിദുരരെ വിളിച്ചുകൊണ്ടു വരാൻ ദൂതനെ അയച്ചു.

വിദുരർ വന്നപ്പോൾ ധൃതരാഷ്ട്രർ വിശദ വഴിവിവരങ്ങൾ അന്വേഷിച്ചു. എങ്ങനെയാണ് യുധിഷ്ഠിരൻ പോയത്. അർജ്ജുനനും ഭീമനും മാദ്രീപുത്രന്മാരും ദ്രൗപദിയും പോയത് എല്ലാം തനിക്കു വിശദമായറിയണം. വിദുരർ വിശദമായി എല്ലാം പറഞ്ഞു. ധർമ്മപുത്രർ മുഖം മറച്ചും ഭീമൻ കൈ വിരിച്ചും, മണ്ണു തെറിപ്പിച്ച് അർജ്ജുനനും, സഹദേവൻ ചായം തേച്ച് തന്റെ മുഖം മറച്ചും നകുലൻ സ്വയം മണ്ണു കുഴച്ചും, ചോര പുരണ്ട അഴിച്ചിട്ട തലമുടിയുമായി കലങ്ങിയ കണ്ണുകളുമായി പാഞ്ചാലിയും നടന്നു. ഇതിന്റെയൊക്കെ അർത്ഥം വളരെ വലുതാണെന്നും മറ്റും വിദുരർ ധൃതരാഷ്ട്രർക്കു വിശദീകരിച്ചു കൊടുത്തു. ഉത്തരീയംകൊണ്ട് യുധിഷ്ഠിരർ മുഖംമറച്ചത് കോപത്താൽ ഞാൻ ആരേയും നശിപ്പിക്കില്ലായെന്നും ഭീമൻ കൈവിരിച്ചു നടന്നത് തന്നോടെതിരിടാൻ ആരുമില്ലായെന്നും പൂഴി തെറിപ്പിച്ച അർജ്ജുനൻ തന്റെ അമ്പ് യാതൊരു തടസ്സവുമില്ലാതെ പ്രവഹിപ്പിക്കണമെന്നും സഹദേവൻ തന്റെ മുഖം ആരും കാണണ്ടായെന്നും നകുലൻ സ്വയം വൃത്തികേടായത് ആരും കണ്ട് മനസ് മാറ്റരുതെന്നും പാഞ്ചാലിയെ ഉപദ്രവിച്ചവരെല്ലാം നശിച്ച് അവർക്കുവേണ്ട മരണാനന്തരക്രിയകൾ നടത്തിയിട്ടേ ഇവിടേക്കു വരികയുള്ളൂവെന്നുമാണെന്നു വിദുരർ പറഞ്ഞു. അതുപേലെ തന്നെ പുരോഹിതനായ ധൗമ്യൻ തെക്കുപടിഞ്ഞാറോട്ട് ചരിച്ച് ദർഭ പിടിച്ച് ധർമ്മവേദം പാടിയാണ് പോയതെന്നും ജനങ്ങൾ ഈ ക്രൂരപ്രവർത്തിയെ അപലപിക്കുന്നുവെന്നും വിദുരർ പറഞ്ഞു.

പാണ്ഡവർ നടന്നു നീങ്ങിക്കഴിഞ്ഞപ്പോൾ ഹസ്തിനപുരത്ത് ദുർനിമിത്തങ്ങൾ കാണാൻ തുടങ്ങി. മേഘങ്ങളൊന്നുമില്ലാതെ ഇടിവെട്ടി. ഭൂമി കുലുങ്ങി. രാഹു സൂര്യനെ വിഴുങ്ങി. കൊള്ളിമീൻ ചാടി. കഴുകനും കുറുക്കന്മാരും വൃത്തിയില്ലാത്ത വസ്തുക്കളെ ക്ഷേത്രാങ്കണത്തിലും മറ്റും കൊണ്ടിട്ടു. വിദുരർ ഇതുകണ്ട് രാജാവിനോടു പറഞ്ഞു, അല്ലയോ രാജാവേ താങ്കളുടെ ദുഷ്പ്രവർത്തിമൂലം ഭാരതത്തിന്റെ നാശം സംഭവിക്കും. ഇങ്ങനെ വിദുരരും രാജാവും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ രാജർഷി നാരദനും പരിവാരങ്ങളും അവിടെ പ്രത്യക്ഷപ്പെട്ടു. മഹർഷി ഇങ്ങനെ പറഞ്ഞു:

ഇതശ്ചതുർദ്ദശേ വർഷേ വിനക്ഷ്യന്തീഹ കൌരവാഃ

വ്യസനം വഃ സമഭ്യാഗാത് കോളയം വിധിവിപര്യയഃ

കസ്യാപധ്യാനജം ചേദം ധിയാ പശ്യാമി നൈവ തത്.

ദുര്യോധനന്റെ തെറ്റുകൊണ്ട് 14 ാമത്തെ വർഷം ശക്തരായ ഭീമനും അർജ്ജുനനും മൂലം കൗരവർ നശിക്കും.

വൈശമ്പായൻ പറയുന്നത്, ഇത്രയും പറഞ്ഞ മഹർഷി അപ്രത്യക്ഷനായിയെന്നാണ്. ഇതിനുശേഷം ദുര്യോധനനും കർണ്ണനും ശകുനിയും ദ്രോണരും മാത്രമേയുള്ളൂ സഹായിക്കാനെന്നു കരുതി രാജ്യം തന്നെ ദ്രോണരുടേതാണെന്നും പറഞ്ഞു അഭയം പ്രാപിച്ചു. ഇതുകേട്ട ദ്രോണർ കാര്യങ്ങൾ വിശദമാക്കിക്കൊടുത്തു. ദേവപുത്രന്മാർ പാണ്ഡവർ അജയ്യരാണ്. കൂറുകാണിക്കേണ്ടതുകൊണ്ട് കൗരവരെ കൈവിടില്ല. 12 വർഷം കാട്ടിൽ താമസിച്ച് ബ്രഹ്മചര്യം പാലിച്ച് യുദ്ധസാമർത്ഥ്യം വീണ്ടെടുത്ത് ശത്രുക്കളെ പരാജയപ്പെടുത്തും. താൻ ദ്രുപദനുമാ

യുണ്ടായ പ്രശ്നത്തിൽ തന്നെ വധിക്കുവാനായി ദ്രുപദൻ നടത്തിയ യാഗത്തിൽനിന്നുണ്ടായ ധൃഷ്ടദ്യു മ്നൻ തന്നെ കൊല്ലാൻ ജനിച്ചവനാണ്. തനിക്കവനെ ഭയമാണ്. ധൃഷടദ്യുമ്നനുമായി യുദ്ധം ചെയ്താൽ എനിക്കെന്റെ ജീവൻ നഷ്ടപ്പെടും. ധൃഷ്ടദ്യുമ്നൻ ദ്രോണരെ വധിക്കുവാൻ ജനിച്ചവനാണെന്നാണ് എല്ലാവരും വിശ്വസിക്കുന്നത്. വേനൽക്കാലത്ത് പന തണുപ്പു തരുന്നതുപോലെ കുറച്ചുനാൾ നിങ്ങൾ സമാധാനമായിരിക്കൂ. 14 ാം വർഷം എന്തായാലും ഒരു നാശം ഉണ്ടാകുമെന്നതിൽ സംശയം വേണ്ട. ഇതുകേട്ട ധൃതരാഷ്ട്രർ പറഞ്ഞു, വിദുരരെ ഉടനെ തന്നെ പാണ്ഡുപുത്രരെ തിരികെ വിളിക്കൂ, അവർ വന്നില്ലെങ്കിൽ സ്നേഹത്തോടുകൂടി ആയുധങ്ങളും മറ്റും കൊടുത്തുവിടുക. വൈശമ്പായൻ വിവരിക്കു ന്നതിങ്ങനെയാണ്

വനം ഗതേഷു പാർഥേഷു നിർജിതേഷു ദുരോദരേ

ധ്രതരാഷ്ട്രം മഹാരാജ തദാ ചിന്താ സമാവിശത്

ചൂതുകളിയിൽ പരാജയപ്പെട്ട പാണ്ഡവർ വനവാസത്തിനു പോയതിനുശേഷം ധൃതരാഷ്ട്രമഹാരാജാവ് ആകാംക്ഷയിലാണ് കഴിഞ്ഞത്. രാജാവിന്റെ ഈ സ്ഥിതി കണ്ട് സഞ്ജയനിങ്ങനെ പറഞ്ഞു, സമ്പത്തും ഭൂമിയുമൊക്കെ ലഭിക്കുകയും പാണ്ഡവരെ നാടുകടത്തുകയും ചെയ്തിട്ടും എന്തിനാണങ്ങു ദുഖിക്കുന്നത്. യുദ്ധവീരന്മാരായ പാണ്ഡവന്മാരോട് പിണങ്ങുന്നവർക്ക് ഒരു സമയത്തും സമാധാനമായിട്ടിരിക്കാൻ കഴിയില്ല. രാജാവിന്റെ ഈ മറുപടി കേട്ട് സഞ്ജയൻ പറഞ്ഞു, രാജാവിന്റെ ആലോചനയില്ലാത്ത പ്രവർത്തിമൂലം ഉണ്ടായതാണിത്. ഭീഷ്മരും വിദുരരും ദ്രേണരുമൊക്കെ പറഞ്ഞിട്ടും ക്രൂരനായ നിങ്ങളുടെ മകൻ ദുര്യോധനൻ പ്രതികാമിയെ അയച്ച ് പാണ്ഡവരുടെ പത്നിയെ സഭയിലേക്ക് വരുത്തിയില്ലേ. ഈശ്വരൻ ആർക്കു പരാജയമുണ്ടാകണമെന്നാഗ്രഹിക്കുന്നുവോ ആ ആളുടെ ബുദ്ധിക്കു ഭ്രമമുണ്ടാവും. വിനാശകാലേ വിപരീത ബുദ്ധി. നേരായ ബുദ്ധി പ്രവർത്തിക്കുകയില്ല. ധീരയായ പാഞ്ചാലപുത്രിയെ സഭയിലേക്കു വലിച്ചിഴച്ചു. രജസ്വലയായ അല്പവസ്ത്രധാരിയിയ പാഞ്ചാലിയെയാണ് സഭയിലേക്കു വലിച്ചിഴച്ചുകൊണ്ടു വന്നത്. ആ സമയം പാണ്ഡവർ സകലതും നശിച്ച് ഒന്നും ചെയ്യാനാകാതെ നോക്കി നിന്നു. അപ്പോൾ ദുശ്ശാസനനും കർണ്ണനും ദുര്യോധനനും നികൃഷ്ടമായ വാക്കുകൾ പ്രയോഗിച്ചു. ഇതെല്ലാം കേട്ടപ്പോൾ ധൃതരാഷ്ട്രർ ചോദിക്കുകയാണ് തന്റെ മക്കളിൽ ആരെങ്കിലും അവശേഷിക്കുമോ എന്ന്. പരിതാപകരമായ അവസ്ഥയിലേക്ക് കൗരവസഭ നീങ്ങി. ദ്രൗപദിയോട് രാജസഭ ചെയ്ത പ്രവർത്തിയിൽ വേദനിച്ചു. ബ്രാഹ്മണർ സന്ധ്യക്കു പ്രാർത്ഥന നടത്തിയില്ല. ഘോരമായ ദുർനിമിത്തങ്ങൾഎല്ലാവരേയും ഭയപ്പെടുത്തി. വിദുരർ ഉപദേശിച്ച ഓരോ വാക്കുകളും വിശദീകരിച്ച് സാക്ഷാൽ ദേവീതുല്യയായ പാഞ്ചാലിയോടു ചെയ്ത ക്രൂരത പാണ്ഡവർ സഹിക്കില്ല. തന്റെ പുത്രന്മാരേക്കാൾ പാണ്ഡവർ ശക്തരാണ്. ജരാസന്ധനെ ഭീമൻ കൊന്നതും മറ്റും പറഞ്ഞ്, അതുകൊണ്ട് അവരുമായി സന്ധി ചെയ്യണം. കലഹം നന്നല്ല. അങ്ങനെ പാണ്ഡവരുമായി സന്ധി ചെയ്യുന്നതാണ് നല്ലതെന്ന് ധൃതരാഷ്ട്രരെ ഉപദേശിച്ചതും മറ്റും ആലോചിച്ച് സഞ്ജയനോടു പറഞ്ഞു ധൃതരാഷ്ട്രർ. മക്കളുടെ ഹിതം കാംക്ഷിച്ച് വിദുരന്റെ വാക്കുകൾ സ്വീകരിച്ചില്ല. അവന്റെ വാക്കുകളെ അവഗണിച്ചു എന്നൊക്കെ പറഞ്ഞ് ധൃതരാഷ്ട്രർ സങ്കടപ്പെട്ടു. ഇവിടെ സഭാപർവ്വം അവസാനിക്കുന്നു. ഇനി വനപർവ്വം.

തുടരും

---

*(മിനിക്കഥ)*

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

# കുറ്റം

ജീവിച്ചിരിക്കുന്നവരെപ്പറ്റി മാത്രമല്ല മരിച്ചവരെപ്പറ്റിയും അയാൾ കുറ്റം പറയും. അത് അയാളുടെ സ്വഭാവം. അയാളെ സംബന്ധിച്ചേടത്തോളം കുറ്റമില്ലാത്ത ഓരാളേ ഉള്ളൂ. അത് അയാൾ തന്നെ.

മരണാനന്തരം അയാൾ ഒരുവേള അബദ്ധത്തിൽ സ്വർഗ്ഗത്തിലെത്തിയാൽ അവിടെയും അയാൾ കുറ്റം കാണും. പിന്നീട് നരകത്തിലേക്ക് തള്ളപ്പെടുമ്പോഴെങ്കിലും അയാൾക്ക് കുറ്റബോധം തോന്നുമോ എന്തോ!

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോൺ : 9895981809

**ശ്ലോകം 57**

ത്വല്പാദാർച്ചിതചിത്തനായ് വിഹിതമാം കർമ്മങ്ങളെച്ചെയ്തുസ-
ങ്കല്പത്താലുളവാം സുഖാസുഖമൊരേമട്ടായി ഭാവിപ്പവൻ
കല്പാന്തപ്രളയത്തെയും സകുതുകം വീക്ഷിച്ചഹോ സർവ്വലോ-
കോല്പത്തിക്കൊരു സാക്ഷിയായ് മരുവിടും വൈകുണ്ഠലോകേ ഹരേ
വിഷ്ണുലോകത്തിൽ

**ശ്ലോകാർത്ഥം :**

അല്ലയോ ഹരീ അവിടുത്തെ പാദത്തിൽ അർച്ചിക്കപ്പെട്ട ചിത്തത്തോടു കൂടിയവനായി സ്വധർമ്മത്തിനനുസരിച്ച കർമ്മങ്ങളെച്ചെയ്തു, സങ്കല്പം കൊണ്ടുണ്ടാവുന്ന സുഖവും അസുഖവും ഒരുപോലെ അനുഭവിക്കുന്നവൻ, അത്ഭുതം ! കല്പത്തിന്റെ അവസാനത്തിലെ പ്രളയത്തിനെയും കൗതുകത്തോടെ നോക്കിക്കണ്ട്, എല്ലാ ലോകങ്ങളുടെയും സൃഷ്ടിക്ക് ഒരു സാക്ഷിയായി വിഷ്ണുലോകത്തിൽ താമസിക്കും.

**വ്യാഖ്യാ :**

ചിത്തം അവിടുത്തെ പാദങ്ങളിൽ അർപ്പിക്കുക. സ്വധർമ്മമനുസരിച്ചുള്ള കർമ്മങ്ങൽ ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന സുഖങ്ങളും ദു:ഖങ്ങളും യഥാർത്ഥത്തിലുള്ളതല്ല, അത് വെറും സങ്കല്പജന്യങ്ങളാണ് എന്ന് കണക്കാക്കി രണ്ടിനെയും ഒരുപോലെ കണക്കാക്കുന്നവൻ, വിഷ്ണുലോകമായ വൈകുണ്ഠം പ്രാപിച്ച്, അവിടിരുന്ന് കല്പകാലത്തിന്റെ അവസാനത്തെ സർവ്വസംഹാരകമായ പ്രളയത്തെയും, തുടർന്ന് സർവ്വലോകങ്ങളും വീണ്ടും സൃഷ്ടിക്കപ്പെടുന്നതിനെയുമെല്ലാം, കൗതുകത്തോടെ കാണും, അല്ലയോ ഹരീ ഇതാണ് സത്യം. പ്രളയത്തിലും വൈകുണ്ഠം നശിക്കുന്നില്ലെന്നതു ശ്രദ്ധിക്കുക. സാധകൻ സ്വയം ശക്തിയായി മാറും. കാരണം പ്രളയസാക്ഷിണി സുന്ദരിയാണല്ലോ.

**ശ്ലോകം 58**

ജ്ഞാനത്യന്തധനാഢ്യനെൻ ദയിതയോ സൗന്ദര്യധാമം മമാ-
ധീനം സർവ്വസുഖങ്ങളില്ലൊരുവനെൻ തുല്യൻ ധരിത്രീതലേ
നൂനം ഞാൻ വിഭുവിത്യഹംമതിയെഴും ഗർവ്വിഷ്ഠരാമമ്മഹാ
ഹീനന്മാർ നിപതിച്ചിടുന്നിതു ഹരേ താമിസ്രഗർത്താന്തരേ

**ശ്ലോകാർത്ഥം :**

ഞാൻ അങ്ങേയറ്റം ധനത്താൽ ശ്രേഷ്ഠൻ, എന്റെ ഭാര്യയോ സൗന്ദര്യത്തിന്റെ ഇരിപ്പിടം , എന്റെ കീഴിലാണ് എല്ലാ സുഖങ്ങളും, എനിക്ക് തുല്യൻ ഒരുവൻപോലും ഭൂമിയിലില്ല, തീർച്ചയായും ഞാൻ സൃഷ്ടി, സ്ഥിതി, സംഹാരകർത്താവാണ്, ഇങ്ങനെ ഞാനെന്ന ഭാവം ഉള്ള അഹങ്കാരികളായ ആ അത്യന്തം അല്പന്മാർ, അല്ലയോ ഹരീ, ഇരുട്ടു നിറഞ്ഞ ആഴമേറിയ കുഴിക്കകത്ത് ബാക്കിയില്ലാതെ വീഴുന്നു.

**വ്യാഖ്യാ :**

ഭക്തിഭാവനയും അഹങ്കാരവും തമ്മിലുള്ള വ്യത്യാസം ഇവിടെ പ്രകടമാക്കുന്നു. അതെന്റേത്, ഇതെന്റേത് എന്നിങ്ങിനെ വിചാരിക്കുമ്പോഴാണ് നാം അഹങ്കാരികളാവുന്നതും നശിക്കുന്നതും, എന്നാൽ അതും ഞാൻ , ഇതും ഞാൻ എന്ന് ധ്യാനിക്കുന്നത് സദ്ഭാവന.

**ശ്ലോകം : 59**

അത്യായാസകരങ്ങളായ തപശ്ചര്യാദിയാലോ സദാ
സത്യം ബ്രഹ്മമസത്യമിഭ്ഭുവനമെന്നുച്ചൈസ്തരം ചൊൽകിലോ
നിത്യാനന്ദനിദാനമാം തവപദം പ്രാപിക്കുവാൻ സാദ്ധ്യമാ-
ല്ലത്യന്താമലഭക്തിയാലതു ലഭിച്ചീടുന്നു യത്നം വിനാ

**ശ്ലോകാർത്ഥം :**

അതികഠിനങ്ങളായ തപസ്സുകൊണ്ടോ , വ്രതാനുഷ്ഠാനങ്ങൾ കൊണ്ടോ, എല്ലാ നേരവും ബ്രഹ്മം സത്യമാണ്, ഈ പ്രപഞ്ചം അസത്യമാണ് എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു നടന്നതുകൊണ്ടോ അവസാനമില്ലാത്ത ആനന്ദത്തിനു കാരണമായ അവിടുത്തെ പദം ചെന്നു ചേരാൻ സാധിക്കില്ല.

അങ്ങേയറ്റം കളങ്കമില്ലാത്ത ഭക്തികൊണ്ട് അത് അല്പം പോലും ക്ലേശമില്ലാതെ കിട്ടുന്നു.

**വ്യാഖ്യാ :**

അമലമായ ഭക്തി, അല്പം പോലും മലം, കളങ്കം, അഴുക്ക് ഇല്ലാത്ത ഭക്തി. അതാണ് വേണ്ടത്. ഭക്തിയിൽ .യുക്തിയില്ല. യുക്തിയാണ് തർക്കത്തിലൂടെ ബ്രഹ്മസത്യം ജഗന്മിഥ്യ, എന്നെല്ലാമുള്ള നിഗമനങ്ങളിലെത്തിക്കുന്നത്. അതുകൊണ്ടൊന്നും ണനന്തമായ, ഒരിക്കലും നിലക്കാത്ത ആനന്ദം, ബ്രഹ്മാനന്ദം, അതിനു കാരണമായ അവിടുത്തെ പാദത്തിൽ ചെന്നു ചേരാൻ സാദ്ധ്യമല്ല. അത്യുച്ചത്തിൽ ഈ നിഗമനം അലറിയതുകൊണ്ടും പ്രയോജനമില്ല. നൈഷാ തർക്കേണ മതിരാപനേയാ (കഠം) പോലെയുള്ള ഉപനിഷദ്വചനങ്ങളും ഇത്തരം തർക്കങ്ങളുടെ വ്യർത്ഥത വിളിച്ചോതുന്നു. ഗീതയിലും ഇതുതന്നെ പല സ്ഥലങ്ങളിലും ആവർത്തിക്കുന്നു.

**ശ്ലോകം 60**

ദൈത്യന്മാർ പലരിന്ദ്രിയങ്ങളെ ജയിച്ചോരായ്ത്തപോനിഷ്ഠരാ–

യത്യന്തോന്നതസിദ്ധിയാർന്നവരുമേ ഭോഗാശയാൽ ഗ്രസ്തരായ്

പ്രത്യക്ഷത്തിലഹങ്കരിച്ചവിരതം ചെയ്യൂ പലേമട്ടു ദുഷ് –

കൃത്യം ത്വല്പദഭക്തിഹീനനുമനം വെന്നാലുമില്ലാ ഫലം.

**ശ്ലോകാർത്ഥം :**

അസുരന്മാർ പലരും തപസ്സിനെ മുറുകെ പിടിച്ച് ഇന്ദ്രിയങ്ങളെ ജയിച്ച് വളരെ ഉന്നതങ്ങളായ സിദ്ധികൾ കൈവരിച്ചിട്ടും, സുഖഭോഗങ്ങളിലുള്ള ആശയാൽ പിടിക്കപ്പെട്ട്, പ്രകടമായിത്തന്നെ (ഇന്ദ്രിയവേദ്യമായ വിഷയങ്ങളിൽ) ഊറ്റം കൊണ്ട് പലവിധത്തിലുള്ള ദുഷ്പ്രവത്തികൾ ഇടതടവില്ലാതെ ചെയ്യുന്നു. മനസ്സിനെ ജയിച്ചാലും അവിടുത്തെ പാദങ്ങളിൽ ഭക്തിയില്ലാത്തവന് ഒരു പ്രയോജനവുമില്ല.

**വ്യഖ്യാ :**

ഈ ശ്ലോകത്തിൽ, വിഷ്ണുഭക്തിക്ക്, മറ്റെല്ലാ തപോനിഷ്ഠകളെക്കാളും, സിദ്ധിലബ്ധികളെക്കാളും ഉള്ള മേന്മ വിവരിക്കുന്നു. പ്രത്യക്ഷത്തിൽ എന്ന വാക്കുകൊണ്ട്, ന്യായത്തിലെ, പ്രത്യക്ഷം തന്നെയാണുദ്ദേശിക്കുന്നത്. കാരണം പ്രത്യക്ഷം ഇന്ദ്രിയങ്ങളിലൂടെ അനുഭവിക്കുന്നതാണല്ലോ. എന്നാൽ രാവണപ്രഭൃതികൾ ഇവിടെ നല്ലവണ്ണം ചേരുന്നവരാകയാൽ, ഒട്ടും മടിയോ, ലജ്ജയോ ഇല്ലാതെ എല്ലാവരും കാൺകെത്തന്നെ പരദാരാപഹരണമടക്കമുള്ള നികൃഷ്ട പ്രവർത്തികൾ ചെയ്യുന്നു എന്ന അർത്ഥവും എടുക്കാം.


**ചൈത്രം**

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ

ഫോണിൽ ബന്ധപ്പെടുക: 0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ

# സ്ഥലം വില്പനയ്ക്ക്

**എറണാകുളം കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള തൃപ്പൂണിത്തുറ കളിക്കോട്ട പാലസിനു സമീപമുള്ള കോട്ടപ്പുറത്ത് റോഡിന്റെ വലതുവശത്ത് 16 സെന്റ് 870 ചതുരശ്ര ലിങ്ക്സ് സ്ഥലം വിൽക്കുവാനുണ്ട്. താല്പര്യമുള്ളവർ രേഖാമൂലം എറണാകുളം കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

NB : നിബന്ധനകൾക്ക് വിധേയം

ജനറൽ സെക്രട്ടറി

Ernakulam Karayogam
TDM Hall Complex, D.H. Road, Kochi - 682016
Ph : 0484 2361160, Mob : 9447171160, Email : ekmkgm@gmail.com

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

സൂത്രം 1–45

സൂക്ഷ്മ വിഷയത്വം ച അലിംഗ പര്യവസാനം.

സൂക്ഷ്മ വിഷയത്തിന്റെ ഭാവം അലിംഗത്തിലാണ് പര്യവസാനിക്കുക.

ലീനം അർഥം ഗമയതി ബോധയതി ഇതി ലിംഗം. ലയിച്ചതിന്റെ ബോധമുണ്ടാക്കുന്നതിനെയാണ് ലിംഗം എന്നു പറയുന്നത്. ഇതറിയാൻ കാര്യ- കാരണ (അഥവാ വികൃതി- പ്രകൃതി) ബന്ധം അറിയണം. പരുത്തി കാരണമാണെങ്കിൽ നൂൽ കാര്യമാണ്. നൂൽ കാരണമാണെങ്കിൽ വസ്ത്രം കാര്യമാണ്. ശബ്ദ തന്മാത്ര കാരണമാണെങ്കിൽ ആകാശം കാര്യമാണ്. സ്പർശ തന്മാത്ര കാരണമാണെങ്കിൽ വായു കാര്യമാണ്. രൂപതന്മാത്ര കാരണമാണെങ്കിൽ അഗ്നി കാര്യമാണ്. രസതന്മാത്ര കാരണമാണെങ്കിൽ ജലം കാര്യമാണ്. ഗന്ധതന്മാത്ര കാരണമാണെങ്കിൽ ഭൂമി കാര്യമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ പഞ്ചഭൂതങ്ങൽ സ്ഥൂലവും അവയുടെ തന്മാത്രകൾ സൂക്ഷ്മവുമാണ്. സ്ഥൂലഭൂതങ്ങളും ഇന്ദ്രിയങ്ങളും വിശിഷ്ട ലിംഗങ്ങളും, സൂക്ഷ്മ ഭൂതതന്മാത്രകളും അഹങ്കാരവും അവിശിഷ്ട ലിംഗങ്ങളും ആണ്. മഹത്തത്വം ലിംഗമാത്രമാണ്. അതായത് ഇവയെല്ലാം കാരണത്തിന്റെ അഥവാ സൂക്ഷ്മത്തിന്റെ ബോധം നല്കുന്നവയാണ്. മഹത്തത്വം (ബുദ്ധി) അതിന്റെ കാരണമായ, സൂക്ഷ്മതമായ മൂലപ്രകൃതിയെ (പ്രധാനം) ബോധിപ്പിക്കുന്നു. എന്നാൽ ഈ മൂലപ്രകൃതി ഒന്നിന്റെയും കാര്യമല്ല. ഒന്നിനെയും ദ്യോതിപ്പിക്കുന്നുമില്ല. അത് അലിംഗമാണ്.

മുമ്പു പറഞ്ഞ വിതർക്കാനുഗത സമ്പ്രജ്ഞാത സമാധിയിൽ സ്ഥൂലഭൂതങ്ങളുടെയും അവയാൽ നിർമ്മിതമായ വസ്തുക്കളുടെയും സാക്ഷാത്കാരമുണ്ടാവുന്നു. വിചാരാനുഗത സമ്പ്രജ്ഞാത സമാധിയിൽ സൂക്ഷ്മഭൂതങ്ങളുടെയും തന്മാത്രകളുടെയും സാക്ഷാത്കാരമുണ്ടാവുന്നു. അതിലും ഉയർന്ന അവസ്ഥയിൽ അതായത് ആനന്ദാനുഗത സംപ്രജ്ഞാത സമാധിയിൽ സൂക്ഷ്മതരമായ അഹങ്കാര തത്ത്വത്തിന്റെ സാക്ഷാത്കാരമുണ്ടാവും. അതിലും ഉയർന്ന അവസ്ഥയിൽ അതായത് അസ്മിതാനുഗത സംപ്രജ്ഞാത സമാധിയിൽ സൂക്ഷ്മതമമായ മഹത് തത്വത്തിന്റെ അഥവാ ആത്മാവിനാൽ പ്രകാശിതമായ ചിത്തത്തിന്റെ സാക്ഷാത്കാരമുണ്ടാവും. ഇതുവരെയേ ഈ പരമ്പര നീളൂ. ഇതിന്റെ അപ്പുറം അലിംഗമാണ്. -പ്രകൃതിയാണ്. അതിന്റെ സാക്ഷാത്കാരത്തെപ്പറ്റി സൂചനയില്ല. പ്രകൃതി മൂന്നു ഗുണങ്ങളുടെയും (സത്വ-രജ- തമോ ഗുണങ്ങൾ) സാമ്യാവസ്ഥയാണ്. ചിത്തം അവയുടെ വിഷമാവസ്ഥയുമാണ്. സത്വ പ്രധാനമാണെങ്കിലും. ചിത്തസാക്ഷാത്കാരം നേടിയവർ വിവേക ഖ്യാതിയിലൂടെ ആത്മാവും ചിത്തവുമായുള്ള ഭേദത്തെ തിരിച്ചറിയുകയാണ് ചെയ്യുന്നത്.

41-ാം സൂത്രത്തിൽ ഗ്രാഹ്യ- ഗ്രഹണ- ഗ്രഹീത രൂപത്തിലുള്ള സമാപത്തിയെപ്പറ്റി പറയുന്നുണ്ട്. ഗ്രാഹ്യമെന്നാൽ സ്ഥൂല- സൂക്ഷ്മ ഭൂതങ്ങളുടെ സമാപത്തിയും, ഗ്രഹണമെന്നാൽ അഹങ്കാരത്തിന്റെ സമാപത്തിയും, ഗ്രഹീത രൂപം അസ്മിതാ സമാപത്തിയും ആണ്. സാധനയിലൂടെ സ്ഥൂലം, സൂക്ഷ്മം സാധനയിലൂടെ സ്ഥൂലം, സൂക്ഷ്മം, സൂക്ഷ്മതരം, സൂക്ഷ്മതമം, എന്നിങ്ങനെ ചുഴിഞ്ഞിറങ്ങണം.

ഇപ്പറഞ്ഞതെല്ലാം സാംഖ്യദർശനത്തിലെ സൃഷ്ടി- ലയ ക്രമങ്ങൾ തന്നെയാണ്. യോഗദർശനത്തിന്റെ താത്വിക അടിത്തറ സാംഖ്യത്തിലാണെന്നു പറയാൻ കാരണവും ഇതു തന്നെ.

എറണാകുളം കരയോഗാംഗത്വം എടുക്കൂ
ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...
95 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.
ഈ അവസരം പ്രയോജനപ്പെടുത്തുക.
*കൂടുതൽ വിവരങ്ങൾക്ക്: 0484 2361160*
Email: ekmkgm@gmail.com

# കൊറോണ കാലത്തെ പ്രേമം (പിരാന്ത്)

യു.എസ്. രവീന്ദ്രൻ . ഫോൺ : 9496120978

കൊറോണയെ അകറ്റി നിർത്താൻ ജനത കർഫ്യൂ പ്രഖ്യാപിച്ചതൊരു ഞായറാഴ്ചയായിരുന്നു. ദിവസവും അമ്പലത്തിൽ പോകാറുള്ള എനിക്ക് ദിവസം തുടങ്ങാൻ എന്തെന്തങ്കിലും വഴി കണ്ടു പിടിച്ചേ തീരൂ. അമ്പലങ്ങളിലേയും പള്ളികളിലേയും മോസ്കുകളിലെയും ദൈവങ്ങൾക്ക് ബോറടിച്ചു കാണും. സ്ഥിരം കാണാറുള്ള പൂജാരിമാരേയും വികാരി അച്ഛന്മാരേയും മൗലവിമാരേയും മാത്രം കണ്ടു മടുക്കുന്നുണ്ടാവും. പുതിയ ആവശ്യങ്ങളും പരാതികളും കൊണ്ട് ദിവസവും ഭക്തന്മരെ കണ്ടു ശീലിച്ചവരല്ലേ.

ഡൽഹിയിലെ ഷഹീൻബാദിലെ ബിരിയാണി ബൈഡെക്ക് സമരക്കാർ പിതൃത്വത്തിൽ ഒരു തീരുമാനമായി എഴുന്നേറ്റു പോയി. അതുകൊണ്ട് ആ വാർത്തകളില്ല. പള്ളി തർക്കങ്ങളില്ല. പിച്ചള വെടിയുണ്ടകൾ കൊറോണ വൈറസ്സിൽ അലിഞ്ഞു പോയി. പ്രളയഫണ്ട് അലിഞ്ഞു പോയാലും കൊറോണ ഫണ്ട് വരുന്നുണ്ടല്ലോ. ചിലർക്ക് സമാധാനം, പീഡനകേസ്സിലെ പ്രതികളെ തൂക്കിലേറ്റിയതുകൊണ്ട് ആ വാർത്തകളില്ല. പാർട്ടി പീഢനങ്ങൾ വാർത്തയാകാറില്ല. പത്രം നിറയെ കൊറോണ മാത്രം. മരണ പേജിൽ സ്വന്തം പടം വരാത്തതുകൊണ്ട് ആ പേജ് നോക്കാറില്ല. ഞായറാഴ്ചയായതുകൊണ്ട് എട്ടു മണിക്ക് ദൂരദർശനിൽ പഴയ ഹിന്ദി ഗാനങ്ങളുടെ രംഗോലിയുണ്ട്. ഇപ്പോൾ കൊറോണ പ്രമാണിച്ച് ഏഴു തൊട്ട് എട്ടു വരെ സിനിമാ ഗാനങ്ങളുണ്ട്. ഒമ്പതു മണി വരെ കുശാൽ.

അതിനുശേഷം കുറെ നേരം യൂ ട്യൂബിൽ കേറി. നെറ്റ്‌വർക്ക് സ്പീഡ് കുറവായതിനാൽ ഗാനങ്ങൾ ക്ഷണം ക്ഷണമായിട്ടാണ് വരുന്നത്. ആദ്യ കിട്ടിയത് ബോണിയംന്റെ മാബേക്കറാണ്. ക്ഷണം ക്ഷണമായി സാവധാനം വന്നിരുന്ന ഈ പാട്ട് പഴയകാല ഓർമ്മകളിലേക്ക് കൊണ്ടു പോയി. 1953 ൽ ഒന്നാം ക്ലാസ്സിൽ ആയിരുന്നപ്പോളായിരുന്നു ആദ്യ പദ്യം പഠിച്ചത്. 'ഒന്നാനാം കുന്നിന്മേൽ ഒരടി മണ്ണിൽ മേൽ ഒരായിരം കിളി കൂടു വെച്ചു.' കൂട്ടിന്നിളം കിളി താമരപൈങ്കിളി താനിരുന്നാടുന്ന പൊന്നോല. കുട്ടികൾ ശ്രദ്ധിച്ചിരിക്കാൻ വേണ്ടിയും എല്ലാരും പദ്യം പഠിച്ചിട്ടുണ്ടോ എന്നറിയാൻ വേണ്ടിയും ക്ലാര ടീച്ചർ ക്ഷണം ക്ഷണമായിട്ടാണ് ഓരോത്തരെക്കൊണ്ടും പദ്യം ചൊല്ലിക്കുക. ആദ്യത്തെ ആൾ ഒന്നാനാം കുന്നിന്മേൽ എന്ന ആദ്യത്തെ വരി ചൊല്ലും. അടുത്ത വരി ചൊല്ലേണ്ടാളെ ടീച്ചർ ചൂണ്ടി കാണിക്കും. അപ്പോൾ മാത്രമേ അറിയൂ അടുത്തത് ആരുടെ ഊഴമാണെന്ന്. ചിലപ്പോൾ പെൺകുട്ടികളിൽ നിന്നൊരാളെയാകും ചൂണ്ടി കാണിക്കുക. അവർ അടുത്ത വരി പാടും. ഒരടി മണ്ണിന്മേൽ. അങ്ങനെ തുടർന്നു കൊണ്ടു പോകും. ഇപ്പോൾ ഇതോർമ്മ വരാൻ കാരണം ബോണിയംന്റെ മാബേക്കർ പാട്ടും ഒന്നാനാം കുന്നിന്മേൽ എന്ന പദ്യവും ഒരേ ട്യൂണിൽ പാടാം എന്ന ഗവേഷണമാണ്.

| | |
|---|---|
| She was the meanest Cat | In the old Chicagio town |
| ഒന്നാനാം കുന്നിന്മേൽ | ഓരടി മണ്ണിന്മേൽ |
| She was the meanest cat | She really mowed them down |
| ഓരായിരം കിളി | കൂടെ കൂടു വെച്ചു |

ഇവിടെ meetering ശരിയാവാൻ കൂടെ എന്ന വാക്ക് ഞാൻ ചേർത്തതാണ്. എന്റെ ബുദ്ധി. എന്താല്ലേ.

| | |
|---|---|
| She had no heart at all | no no no heart at all |
| കൂട്ടിന്നിളം കിളി | താമരപൈങ്കിളി |
| She was the meanest cat | Oh she was really tough |
| താന്നിരുന്നാടുന്ന | പൊന്നോല പൊന്നോല |

ഇവിടെയും ഒരു പൊന്നോല ഞാൻ കൂടുതൽ ചേർത്തതാണ്. ഇനി ഒന്നു പാടി നോക്കണം. Ma Baker ന്റെ മലയാളം വേർഷൻ. വേറൊരു ദിവസം സംഗീതത്തിനോടുള്ള പ്രേമം കയറി വന്നപ്പോഴാണ് വീണ്ടും യൂ ട്യൂബിൽ കയറിയത്. ആദ്യം കിട്ടിയത് ലൗ ഇൻ ടോക്കിയോ എന്ന ഹിന്ദി സിനിമയിലെ ഒരു ഗാനമായിരുന്നു. ജോയിമുക്കർജിയും വൈജയന്തിമാലയുമാണ് അഭിനേതാക്കൾ. ഓ മേരേ ഷാഹ് ലൂബാ, ഓ മേരേ ജാനി ജനാനാ, തും മേരേ പാസ്, ഹോ തേ ഹോ, കൊയി ദൂസരാ നഹി ഹോാതേ. പണ്ട് ഈ പാട്ട് കാസറ്റിലുണ്ടായിരുന്നു. പ്ലെ ചെയ്തപ്പോ അറിയാതെ FF Fast Forward ൽ ആയിപ്പോയി. അപ്പോൾ ഒരു പ്രത്യേക ട്യൂണിനു തോന്നിയിരുന്നു. ഇപ്പോൾ ആ പാട്ട് സ്പീഡ് ഒന്നു കൂട്ടി പാടി നോക്കി. ഉഗ്രൻ. ജിമിക്കി കമ്മലിന്റെ ട്യൂൺ കേറി വന്നു.

ഓമേരേ ശാഹ് ലൂബാ
ഓ മേരേ ജാനിജനാനാ

എന്റമ്മേടെ ജിമിക്കികമ്മൽ
എന്റപ്പൻ കട്ടോണ്ട് പോയി

തും മേരേപാസ് ഹോത്തേഹോ
കൊയി ദുസ്രാനഹിഹോത്താ

അമ്മ ബ്രാണ്ടി കുടിച്ചു തീർത്തതും ചെമ്മീൻ ചട്ടിയിൽ വരുന്നതുമെല്ലാം പഴയ ഹിന്ദപ്പാട്ട് സ്പീഡ് കൂട്ടിയാൽ കറക്ട് മീറ്ററിൽ കിട്ടും. ശങ്കർ ജയ് കിഷന് അന്ന് ഷാൻ റഹ്മാന്റെ ഈ ട്യൂൺ കിട്ടികാണുകയില്ല. കിട്ടിയിരുന്നെങ്കിൽ ജോയ് മുക്കർജിയുടെയും വൈജയന്തിമാലയുടെയും ഒരു തകർപ്പൻ ഡാൻസ് കാണാമായിരുന്നു. വേറൊരു ഹിന്ദി പാട്ടുണ്ട് ജിമിക്കി കമ്മലിനോട് ചേരുന്നത്. വക്ത് എന്ന ഹിന്ദി ചിത്രത്തിൽ മന്നാഡേ പാടിയ ഓമേരേ സുഹ്ർജബി മുജേ മാലൂമ് നഹി, തു അഭി തക്ഹെ ഹസി ഓർമെ ജവാൻ തുജെ കുർബാന്മെരി ജാൻ ഇതും ജിമിക്കി കമ്മലിന്റെ ട്യൂണിൽ പാടാം. ഇതിന്റെ മ്യൂസിക് ഡയറക്ടറായ ബോംബെ രവിയെ ഓർമ്മിച്ചുകൊണ്ട് കൊറോണ കാലത്തെ കുറച്ചു നിമിഷങ്ങൾ ഏറ്റെടുത്തതിന് ജിമിക്കി കമ്മലിന്റെ ഷാൻ റഹ്മാന് നന്ദി പറയുന്നു.

അമ്പതുകളിലെ മലയാളം പാട്ടുകൾ ഹിന്ദി ട്യൂണിന്റെ താനി പകർപ്പുകൾക്ക് അനുസൃതമായി എഴുതിയതാണ്. സുജാത് എന്ന ഹിന്ദി സിനിമയിലെ ജൽത്തേ ഹെ കിസ്കേലിയേ എന്ന ഗാനത്തിന്റെ ട്യൂണിൽ കൺമണികരയല്ലേ കൈവന്ന നിധിയല്ലേ എന്ന ഗാനം സീത എന്ന മലയാളം സിനിമയിൽ ഉണ്ട്. വേറൊരു ഗാനം തു മേരാ ചാന്ദ് ഹെ മെ തെരി ചാന്ദ്നി ഇതിന്റെ തനി തർജ്ജമയും ട്യൂണുമാണ് മലയാളത്തിലെ നീയെൻ ചന്ദ്രനും ഞാൻ നിൻ ചന്ദ്രിക എന്ന ഗാനം രാജ് കപൂറിന്റെ സംഗം എന്ന സിനിമയില് അനശ്വരമായ ഒരു പ്രേമഗാനമുണ്ട്. യമേരാ പ്രേം പത്ര് പഠ് കർ കേതും നരാശ്ന ഹോന, തും മെരി സിന്ദഗിഹൊ തും മെരി ബന്ദഗി ഹോ ഇതിന്റെ മീറ്ററിങ്ങിൽ ഭാസ്ക്കരൻ മാസ്റ്റർ എഴുതിയതാണ്. മനസ്വിനി എന്ന് ചിത്രത്തിലെ തെളിഞ്ഞു പ്രേമയമുന വീണ്ടും പൊഴിഞ്ഞു ബാഷ്പ മേഘ വർഷം വിരിഞ്ഞു മന്ദഹാസമാം ചന്ദ്രലേഖനിൻ സുന്ദരധരത്തിൽ പ്രത്യേകിച്ച് കൂട്ടിചേർക്കലുകളൊന്നുമില്ലാതെ ഈ മലയാള ഗാനം യമേരാ പ്രേം പത്ര് പഠ്കർ എന്ന ഹിന്ദി പാട്ടിന്റെ ട്യൂണിൽ പാടാം.

1963 ൽ ഇറങ്ങിയ ഹിന്ദിചിത്രമായ നവരംഗിലെ മഹേന്ദ്ര കപൂറും ആശാ ഭോസ്ലേയും കൂടി പാടിയ പാട്ട് ആധാഹെ ചന്ദ്രമാരാത് ആധി, രഹ ജായെ തേരി മേരി ബാത് ആധി അന്ന് വളരെ ഹിറ്റായിരുന്നു. 1980 കളിൽ ഇറങ്ങിയ കാശ്മീരം എന്ന മലയാളത്തിലെ പോരൂനീ വാരിളം ചന്ദ്രലേഖേ ഷാജഹാൻ തീർത്തൊരി രംഗഭൂവിൽ എന്ന ഗാനം നവരംഗിലെ ആ പാട്ടിന്റെ അതേ ട്യൂണിലാണ്.

ചെമ്മീൻ സിനിമയിൽ മാനസമൈനേ വരൂ മധുരം നുള്ളി തരൂ എന്ന വിരഹ ഗാനരംഗം അഭിനയിച്ചിരിക്കുന്നത് മധുവും ഷീലയുമാണ്. പ്രേം നസീറും ഷീലയും അതു ഒരു പ്രണയരംഗമായി അഭിനയിക്കുകയാണെങ്കിൽ ഗാനം എങ്ങിനെയിരിക്കും. Lyrics ഒന്നു മോഡിഫൈ ചെയ്യാം. 'വരൂ മാനസ മൈനേ വരൂ നീ മധുരം നുള്ളി തരൂ തരൂ നീ, തരൂ തരൂ നീ നിന്നരുമപ്പൂവാടിയെന്നെ തേടുകയല്ലേ തേടുകയല്ലേ, നിലാവിന്റെ നാട്ടിലെ നിശാഗന്ധി പൂത്തു, കളിക്കൂട്ടുകാരനെ മറക്കല്ലേ പെണ്ണേ,കടലിലെ ഓളവും കരയിലെ മോഹവും അടങ്ങുകില്ലോമനേ അടങ്ങുകില്ലാ ഹാ'

ഇനി ആനന്ദ് എന്ന ഹിന്ദി ചിത്രത്തിൽ രാജേഷ് ഖന്നക്കുവേണ്ടി മുകേഷ് പാടിയ കഹിദൂർ ജബ് ദിൽ ദൽജായേ എന്ന് ഗാനവുമായി മീറ്റർ ചെയ്തു നോക്കാം.

കഹി ദുൽ ജബ് ദിൻ ഢൽജായെ

വരൂ മാനസമൈനേ വരൂ നീ

സാംജ് കി ദുൽഹൻ ബദനുചുരായെ ചുപ്കേ സെ ആയെ

മധുരം നുള്ളി തരൂ തരുനീ തരുതരുനീ

മേരേ ഖയാലോ കെ ആംഗൻമെ

നിന്നരുമപ്പൂവാടിയിലെന്നെ

കൊയി സപ്നേം കേ ദീപ്ജലായെ ദീപ്ജ ലായെ

തേടുകയല്ലേ തേടുകയല്ലേ

കഭിയുഹി ജബ് ഹുയി ഭോജൽ സാൻസെ

നിലാവിന്റെ നാട്ടിലെ നിശാഗന്ധി പൂത്തു

ഘര്ആയെ ബേത്തേ ബേത്തേ ജബ് ഹുയി ആംഖേൻ

കളിക്കൂട്ടുകാരനെ മറക്കല്ലേ പെണ്ണേ

തഭി മചൽ കെ പ്യാർസെ ചൽക്കേ

ചൂയേ കൊയി മജേപർ

നജര് ന ആയേ നജര് ന ആയേ

കരോക്കേയിൽ ഒരു ഹിന്ദി ഗാനവും മലയാള ഗാനവും കൂട്ടി ഒരു Mashup ന് പറ്റിയ ഗാനങ്ങ ളാണിവ.രണ്ടിന്റെയും സംഗീത സംവിധായകൻ സലിൽ ചൗധരിയായതുകൊണ്ട് ഒരു മോഷണം എന്ന് പറയാൻ വയ്യ.

രാസലീല എന്ന ചിത്രത്തിലെ മനക്കലെ തത്തെ എന്ന് ഗാനവും ഫോർദ പീപ്പിൽ എന്ന ചിത്രത്തിലെ ലജ്ജാവതിയെ നിന്റെ എന്ന ഗാന വും പരസ്പരം ട്യൂൺ മാറ്റി പാടാം. ഡർബാരി രംഗത്തിലായതുകൊണ്ടാവാം മീറ്ററിങ്ങ് ശരിയാ യി വരുന്നത്.

അറുപതുകളിൽ സുന്ദരനായ ഒരു പോപ് ഗായകനുണ്ടായിരുന്നു എൽവിസ് പ്രീസ്ലി. അദ്ദേ ഹത്തിന്റെ മാർഗറീത്ത എന്ന് ഗാനം കേട്ടപ്പോൾ ശങ്കർജയ് കിഷനു തോന്നിയിട്ടുണ്ടാവും ജൂക്ഗയ ആസ്മാനിലെ ഒരു ഗാനത്തിന് ഈ ട്യൂൺ നൽകി യാലെന്തെന്ന്. അങ്ങനെ കോൻ ഹേജോ സപ്നോം മേ ആയ എന്ന ഹിന്ദി ഗാനം എൽവിസ് പ്രീസ്ലിയു ടെ മാർഗതീത്തയിൽ നിന്നുണ്ടായി. ബീറ്റിൽസിന്റെ ഓയാ ടെൽയുസംതിങ്ങ് ഐവാൻട് ടു ഹോൾഡ് യുവർ ഹാൻഡ് എന്ന ഗാനത്തിന്റെ ട്യൂൺ ജാൻ വർ എന്ന ഹിന്ദിചിത്രത്തിൽ ദേഖോ അബ്തോ ഐസാനഹിഹെ ഘബർ ഒരു ട്വിസ്റ്റ് ഗാനമായി ശങ്കർ ജയ്കിഷൻ കടമെടുത്തു. ബിഥോവന്റെ 9th Symphony ദോസ്തി എന്ന ഹിന്ദി ചിത്രത്തിലെ രാഹീ മൻവാ ദുഖ് കിചിന്താ ക്യോംസദാത്തീ ഹെ ദു:ഖ് തൊ അപ്നാ സാത്തീഹെ എന്ന ഗാനത്തി ന്റെ BGM ൽ ലക്ഷ്മീകാന്ത് പ്യാരീലാൽ വിദഗ്ദ്ധ മായി ഉപയോഗിച്ചിട്ടുണ്ട്. ഇതേ സിംഫണിതന്നെ അന്ന് റഹ്മാൻ സംഗീതം നൽകിയ വീരപാണ്ടി കോട്ടയിലെ എന്ന ഗാനത്തിലും ഉപയോഗിച്ചിട്ടുണ്ട്.

ഏറ്റവും ഒടുവിൽ കിട്ടിയ സാമ്യമാണ് വിരാസത് എന്ന് ഹിന്ദി ചിത്രത്തിൽ അനുമാലിക് സംഗീതം നൽകിയ പായലി ധുൻധുൻധുൻ ധുൻ എന്ന് ഗാന വും ജയചന്ദ്രൻ കളിത്തോഴൻ എന്ന മലയാള സിനി മയിലെ മഞ്ഞിലയിൽ മുങ്ങി തോർത്തി മധുമാസ ചന്ദ്രിക വന്നു എന്ന ഗാനം മഞ്ഞിലയിൽ മുങ്ങി തോർത്തി എന്നത് മഞ്ഞെലേൽ മുങ്ങിതോർത്തി എന്ന് ചുരുക്കി പാടണമെന്ന് മാത്രം.

കൊറോണമൂലം ആരും പുറത്തിറങ്ങാതെ ഇരിക്കുകയാണ്. അതായത് ലോകം തന്നെ ഒരു Agony യിലാണ്. ഇനി പടർന്നു പിടിക്കുമോ എന്ന Worry യിലും. പണ്ട് സ്റ്റീവിവണ്ടർ കറുത്ത അമേ രിക്കക്കാരൻ ബീറ്റിൽസിലെ പോൾ മക്കാർട്ടിനി എന്ന വെളുത്ത ഇംഗ്ലീഷുകാരനുമായി ചേർന്ന ഒരു ഗാനമുണ്ട്. കറുപ്പ് വെളുപ്പ് വർണ്ണ വിവേചന ഇല്ലാത്ത ഒരു ലോകത്തെ പറ്റിയാണ് ആ ഗാനം. Ebony and Ivory living in perfect harmony in my piano table എന്നതാണ് പാട്ടിന്റെ തുടക്കം. ഇപ്പോഴത്തെ സാഹചര്യമനുസരിച്ച് ആ പാട്ട് ഒന്നു മോഡിഫൈ ചെയ്ത് പാടാം. Agony and worry living in perfect harmony in my panic globe.

നമ്മൾ കേരളീയർക്ക് അഭിമാനിക്കാം. കൊ റോണയെ വളരെ ഫലപ്രദമായി നേരിട്ട് ലോക പ്രശസ്തി നേടിയതിന്. നേരത്തെ തന്നെ മതിൽ കെട്ടിയും പുറത്തു കടത്തിയും മാറ്റി നിർത്തിയും സാമൂഹിക അകലം പാലിച്ചു ശീലിച്ചവരാണല്ലോ നമ്മൾ. കുറച്ചു നാൾ മുമ്പ് നമ്മൾ ചെലവ് ചെയ്ത് കെട്ടിയ Anti Caa ചങ്ങലയും ഇപ്പോൾ Anti Corona ക്കു വേണ്ടി ചെലവ് ചെയ്ത് പൊട്ടിക്കാൻ കഴിഞ്ഞു എന്നതും അഭിമാനകരമാണ്. പഴയമുഖത്ത് പുതിയ മാസ്ക്കുകൾ ധരിച്ചുകൊണ്ട് നമുക്ക് മുന്നേറാം.

കൊറോണ കാലത്ത് സംഗീതത്തെ പ്രേമി ച്ച് പ്രേമിച്ച് കൊറോണ കാലത്ത് പ്രേമം എന്ന തലക്കെട്ടാണ് രാത്രി എഴുതി വച്ചിരുന്നത്. പിറ്റേ ന്ന് നോക്കുമ്പോൾ അത് കൊറോണ കാലത്തെ പിരാന്ത് എന്ന് ആരോ തിരുത്തിയിരിക്കുന്നു. എന്റെ പിരാന്തിനെ പറ്റി അറിവുള്ളവരായിരിക്കും. കണ്ട ഭാവം നടിച്ചില്ല. സോഷ്യൽ ഡിസ്റ്റൻസ് നിലനിറു ത്തിക്കൊണ്ട് നടന്നു. ഇനിയും ജീവിച്ചു പോകേ ണ്ടേ? ഉചിതമായ തലക്കെട്ട് വായനക്കാർ തന്നെ തീരുമാനിക്കട്ടെ.

# ശാസ്ത്രത്തിന്റെ ചരിത്രം - 8

# കൃഷി, കാർഷിക സംസ്കാരം, നഗരം

**സി. രാമചന്ദ്രൻ, ഫോൺ: 9995820684**

കൃഷി ആരംഭിച്ചത് എന്ന്, എങ്ങനെ എന്ന തിട്ടമായി പറയാനാവില്ല. സസ്യങ്ങൾ കൃഷിചെയ്യലും, മൃഗങ്ങളെ വളർത്തലും ഒരേ സംസ്കാരത്തിന്റെ ഭാഗമാണോ, അതോ കാർഷിക സംസ്കാരവും ഇണങ്ങി ചേർന്നതാണോ എന്നു തീർച്ചയില്ല. നായാട്ടുകാർ പണ്ടും പട്ടികളെ ഇണക്കി വളർത്തി ഉപയോഗിച്ചിട്ടുണ്ട്. പക്ഷെ സസ്യഭുക്കുകളായ മൃഗങ്ങളെക്കൊണ്ട് കൃഷിയിലുള്ള പ്രാധാന്യം അവഗണിക്കാനാവില്ല. പുല്ലും വൈക്കോലുമില്ലാതെ അത്തരം മൃഗങ്ങളെ വളർത്താനുമാകില്ല. ഭക്ഷണത്തിനായി പ്രകൃതിയെ ആശ്രയിക്കുക എന്നതിൽ നിന്ന് പ്രകൃതിയെ നിയന്ത്രിക്കുക എന്നതിലേയ്ക്കുള്ള മാറ്റമുണ്ടിവിടെ.

പുല്ലു വർഗ്ഗങ്ങളുടെ കതിർമണികൾ സംഭരിക്കാൻ തുടങ്ങിയതും താഴെ വീഴുന്ന ധാന്യമണികൾ മുളച്ച് വീണ്ടും വിളവുണ്ടാകാൻ കാരണമാകുന്നു എന്ന നിരീക്ഷണവുമാകാം കൃഷിയുടെ കണ്ടു പിടുത്തത്തിലേക്കെത്തിയത്. വിത്ത് ഭക്ഷിക്കരുതെന്നും, വിതച്ച വിത്ത് ഫലം തരാൻ കാലതാമസമുണ്ടെന്നും അതുവരെ കാത്തിരിക്കണമെന്നും കാത്തിരിക്കണമെങ്കിൽ താമസം സ്ഥിരമായിരിക്കണമെന്നും ജലസാന്നിദ്ധ്യമുള്ള ഇടങ്ങളാണ് അതിനു യോജിച്ചതെന്നും മറ്റുമുള്ള അറിവുകളാണ് മനുഷ്യനെ നദീതീരങ്ങളിലേക്ക് ആകർഷിച്ചത്.

ധാന്യം ശേഖരിക്കുന്നത് സ്ത്രീയുടെ ചുമതലയായിരുന്നതിനാൽ കൃഷി അവരുടെ കണ്ടുപിടുത്തമാകാം. വേട്ടയേക്കാൾ കൃഷിക്ക് പ്രാമുഖ്യം വന്നതോടെ സ്ത്രീയുടെ പദവിയും സമൂഹത്തിലുയർന്നു. താവഴിക്ക് പിതൃവഴിയേക്കാൾ പ്രാമുഖ്യമുണ്ടാകുവാനും ഇതു കാരണമായി കാണാം.

കാർഷിക സമ്പ്രദായം മനുഷ്യന്റെ അന്നുവരെയുള്ള സാമൂഹ്യമുറകളെ ഉടച്ചു വാർത്തു. ഒരു നിശ്ചിത പ്രദേശത്ത് പണ്ടുണ്ടായിരുന്നതിനെക്കാൾ കൂടുതലാളുകൾക്ക് കൂട്ടമായി ജീവിക്കാമെന്നു വന്നു. നായാട്ട് വിശ്രമമില്ലാത്തതായിരുന്നുവെങ്കിൽ കൃഷി വിശ്രമസമയങ്ങൾ പ്രദാനം ചെയ്തു. പക്ഷെ പുതിയ സാധ്യതകൾക്കൊപ്പം പുതിയ പ്രശ്നങ്ങളും ഉയർന്നു വന്നു.

വിത്തു വിതയ്ക്കൽ, കന്നുപൂട്ടൽ, കൊയ്ത്, മെതി, ധാന്യസംഭരണം, ധാന്യം പൊടിക്കൽ, മാവു പുളിപ്പിക്കൽ, അപ്പം ചുടൽ എന്നിങ്ങനെ കാർഷിക വൃത്തി ശാഖോപശാഖകളായി വളർന്നു. അനുബന്ധമായി നെയ്ത്ത്, പാത്രമുണ്ടാക്കൽ, വീടുപണി തുടങ്ങിയവയും വികസിച്ചു വന്നു. ആദ്യമൊക്കെ സമൂഹത്തിലുണ്ടാകുന്നതെല്ലാം എല്ലാവർക്കും തുല്യമായി വീതിക്കുക എന്നതായിരുന്നു രീതി. എന്നാൽ ക്രമേണ ഉത്പാദന രീതികളും വിതരണക്രമങ്ങളും പൊരുത്തപ്പെടാതായി. വെറും മാറ്റക്കച്ചവടത്തിനും വിതരണക്രമം മാറി വന്നു. അത് അവകാശത്തെക്കുറിച്ചുള്ള ബോധ്യത്തിലേക്കും അവകാശ വാദങ്ങളിലേക്കും സ്വത്തിലേക്കും സ്വകാര്യസ്വത്തിലേക്കും അസമത്വത്തിലേക്കും വഴിവെച്ചു.

ഭക്ഷണത്തിനുവേണ്ടി വേട്ടയാടലും വേട്ടയാടിക്കഴിയുമ്പോൾ തിന്നു തീർക്കലുമായിരുന്നു മുൻപ് എങ്കിൽ കൃഷിയുടെ വരവോടെ ഉല്പന്നം ഉടനടി കിട്ടുന്നില്ല എന്നും കിട്ടുമ്പോൾ ഉടനടി തിന്നു തീർക്കുന്നില്ല എന്നുമുള്ള സ്ഥിതിയായി. ജീവിതം കൂടുതൽ ഭദ്രമായി എങ്കിലും പുളകോദ്ഗമകവും രോമാഞ്ചജനകവുമായ വേട്ടയുടെ ആനന്ദം ഇല്ലാതായി. മമനുഷ്യൻ ഏദൻ തോട്ടത്തിൽ നിന്ന് നിഷ്കാസിതനായതുപോലെയായി.

ഈ അവസരത്തിൽ ബൗദ്ധികമായി പുതിയൊരു ദ്യോതനം മനുഷ്യനിൽ അങ്കുരിച്ചു. കാര്യകാരണബന്ധസഹിതമായ ഒരു ചിന്താപദ്ധതി. അബോധ്യമായിട്ടുണ്ടായ ഒരു ബോധോദയം, യുക്തിചിന്ത

ശാസ്ത്രീയ ചിന്തയുടെ ഒരു ബീജം. സസ്യങ്ങളുടെ ജീവിതചക്രവും ജന്തുക്കളുടെ ജീവനവൃത്തവും യുക്തി ഭദ്രമായി വീക്ഷിച്ചു മനസ്സിലാക്കേണ്ടത് കാർഷിക ജീവിതത്തിൽ പ്രധാനമായിരുന്നു. കാലഗണനയ്ക്ക് ഗണിതവും കൃഷി ആയുധങ്ങൾക്ക് യാന്ത്രികതയും ആവശ്യമായിരുന്നു. കുട്ടമെടയലിന്റെ വികാസം നെയ്തിനെ അഭിവൃദ്ധിപ്പെടുത്തുകയും പുതിയ രൂപമാതൃകകളിലേക്ക് ആനയിക്കുകയും ചെയ്തു. ഇഴകളുടെ രൂപവും എണ്ണവും സംഖ്യകളിലേക്കും എത്തിച്ചു. ചക്രത്തിന്റെ കണ്ടു പിടുത്തം മൺപാത്രനിർമ്മാണത്തെ മാത്രമല്ല തക്ളിയിലൂടെ നൂൽനൂൽപ്പിനെയും വികസിപ്പിച്ചു.

ഉപകരണങ്ങളുണ്ടാക്കി ദൈനംദിന ഭൗതികജീവിതം മെച്ചപ്പെടുത്തിന്നതിനോടൊപ്പം തന്നെ മറ്റൊരു ആവശ്യവും ഉയർന്നു വന്നു. സമൂഹത്തിനാവശ്യമായ ബൗദ്ധിക ഉപായങ്ങളുടേത്. ഭരണസംവിധാനത്തിനും സന്ദേഹനിവാരണത്തിനും മതവും ദൈവവും സൃഷ്ടിക്കപ്പെട്ടു. സാമൂഹ്യമായ അച്ചടക്കത്തിനും ചിന്താപരമായ ശാന്തിക്കും അത്തരമൊരു സൃഷ്ടിയുടെ ആവശ്യകത അന്നത്തെ സാമൂഹ്യ ചിന്തകർക്ക് ബോദ്ധ്യപ്പെട്ടു. ആചാരങ്ങളും അനുഷ്ഠാനങ്ങളും തുടർപ്രക്രിയയെന്നോണം ഉണ്ടായി വന്നു. സസ്യങ്ങളുടെയും സമൂഹത്തിന്റെയും ഉത്പാദനസമൃദ്ധിക്കായി കൃഷിയിടങ്ങളിൽ യുവമിഥുനങ്ങൾ പരസ്യമായി മൈഥുനം ചെയ്യുന്നത് ഒരാചാരമായിരുന്നു. മഴ പെയ്യിക്കുവാൻ മന്ത്രവാദം തുടങ്ങിയതാണ് പിന്നീട് അതിരാത്രം തുടങ്ങിയ യാഗത്തിലേക്ക് വികസിച്ചത്. ബലിയും നരബലിയും പോലും അസാധാരണമായിരുന്നില്ല.

മഹാനദികളുടെ തീരങ്ങളിലെ ഊരൽ മണ്ണിൽ കൃഷി ചെയ്തു തുടങ്ങിയതോടെ ജലസേചനത്തിലുള്ള വിദ്യകളും ആവശ്യമായി വന്നു. അത് പുതിയൊരു കാൽവെയ്പായി. തോടുകൾ വെട്ടുവാനും വരമ്പുകൾ കോരുവാനും പ്രചോദനമുണ്ടായി. ഗ്രാമങ്ങൾ പലതും സ്വയം പര്യാപ്തമായിരുന്നെങ്കിലും പല ഗ്രാമങ്ങളെ ഒത്തു ചേർക്കുവാൻ ജലസേചനവും ജലവിതരണവും പ്രേരിപ്പിച്ചു. അത് വിളവു വർദ്ധിക്കുവാനും കാരണമായി. ആവശ്യത്തിലും എത്രയോ കവിഞ്ഞ വിളവുകളുണ്ടായി. നാഗരികതകൾ ഉയർന്നു വരികയായി. ഏറ്റവും പഴക്കം ചെന്നവ സിന്ധുതടത്തിലെയും മെസപ്പെട്ടേമിയയും ഈജിപ്റ്റുമായിരുന്നു. ചൈനയിലേത് പിന്നീടുയർന്നു വന്നതാണ്.

ഗ്രാമങ്ങൾ നഗരങ്ങളായി പരിവർത്തനം ചെയ്യുമ്പോൾ ഗ്രാമമുഖ്യരിൽ നിന്നൊരു പ്രമാണി നഗരമുഖ്യനായി മാറിയിരിക്കാം. അതൊരു പക്ഷെ കൃഷിവിദഗ്ദ്ധനും ജലസേചനവിദഗ്ദ്ധനും കുലചിഹ്നവും കുലദൈവവും അയാളെ അതിനു സഹായിച്ചും കാണാം. കാരണം ജനങ്ങളെ അച്ചടക്കം പാലിക്കത്തക്കവണ്ണം സജ്ജരാക്കാൻ ദൈവവും മതവും ക്ഷേത്രവും ആവശ്യമായിരുന്നു. നഗരകേന്ദ്രം ക്ഷേത്രവും ക്ഷേത്രവിഗ്രഹം പലപ്പോഴും മൃഗരൂപങ്ങളുമായിരുന്നു. പുരോഹിതന്മാർ മന്ത്രവാദികളും വൈദ്യന്മാരുമായിരുന്നു. പലപ്പോഴും ഭരണാധികാരികളും വിത്തും വെള്ളവും വിതരണം ചെയ്യുക, വിതയ്ക്കാനും കൊയ്യാനുമുള്ള കാലം നിർണ്ണയിക്കുക, ധാന്യശേഖരണം നടത്തുക, കന്നുകാലികളെ സൂക്ഷിക്കുക, വിഭവങ്ങൾ ശേഖരിച്ചു വിതരണം ചെയ്യുക തുടങ്ങിയതെല്ലാം അയാളുടെ ഉത്തരവാദിത്തത്തിലാണ്.

ക്ഷേത്രത്തിനു ചുറ്റും നഗരം രൂപം കൊള്ളുമ്പോൾ അവിടെ സ്വാഭാവികമായും വിവിധ തൊഴിലുകാരുടെ ഒരു കൂട്ടം ഉണ്ടായി വരികയും അവർ ചുറ്റും തമ്പടിക്കുകയും ചെയ്തു. അങ്ങനെ ആശാരിമാർ, മൂശാരിമാർ, കൊല്ലന്മാർ, തട്ടാന്മാർ, നെയ്തുകാർ, ചെത്തുകാർ, കശാപ്പുകാർ, പാചകക്കാർ തുടങ്ങിയ തൊഴിൽ വിഭജനം സമൂഹത്തിലുണ്ടായി. നാഗരിക ജീവിതം കൂടുതൽ സങ്കീർണ്ണമാവുകയായിരുന്നു.

നിയമങ്ങളുടെയും നിയമപരിപാലനത്തിന്റെയും പ്രസക്തിയുയർന്നു. കണ്ണിനു കണ്ണ്, പല്ലിനു പല്ല് തുടങ്ങിയ നിയമങ്ങളുണ്ടായി. വഴക്കുകളും സംവാദങ്ങളുമുണ്ടായപ്പോൾ ഒത്തുതീർപ്പിന് ആലോചനാസഭകളുണ്ടായി. അധികാരകേന്ദ്രം തന്നെ അതെല്ലാം കൈകാര്യം ചെയ്തു.

നദീതടസംസ്കാരം മനുഷ്യരാശിക്കു നൽകിയ ഏറ്റവും വലിയ സംഭാവന ലോഹങ്ങളാണ്. ഇരുമ്പു കണ്ടു പിടിക്കുന്നതിനു മുൻപു തന്നെ ചെമ്പും പിച്ചളയും ഓടും കണ്ടു പിടിച്ചു കഴിഞ്ഞിരുന്നു. ആദ്യകാലത്ത് ആഭരണങ്ങളുണ്ടാക്കാനാണ് ഈ ലോഹങ്ങൾ ഉപയോഗിച്ചിരുന്നത്. പിന്നീടാണ് ശിലായുധങ്ങൾക്കു പകരമായി ഉപയോഗിക്കപ്പെട്ടത്. പാത്രങ്ങളും കരുക്കളും ആയുധങ്ങളുമുണ്ടാക്കുന്നതിന് ക്രമേണ ലോഹങ്ങൾ ഉപയോഗിച്ചു തുടങ്ങി. കൃഷിഭൂമിയിലെ മണ്ണിളക്കാൻ ശിലായുധങ്ങൾക്കു പകരം ലോഹങ്ങൾകൊണ്ടുള്ള കൊഴുവും പാരയും ഉപയോഗത്തിൽ വന്നതോടെ കൃഷിയിൽ വിപ്ലവമുണ്ടായി.

# നിമിത്തങ്ങളും ശകുനവും-2

ഡോ. കെ. ഹരിഹരൻ. ഫോൺ : 9847313322

**കാക്കശകുനം :**

പക്ഷി ശാസ്ത്രത്തിലെ പക്ഷികൾ പ്രധാനമായത് അഞ്ചെണ്ണമാണ്. മയിൽ, വെല്ലൂർ, കോഴി, മൂങ്ങ, കാക്ക എന്നിവയാണ്. പഞ്ച പക്ഷികൾ . ഈ പക്ഷികളെല്ലാം ഓരോ നക്ഷത്രക്കാരെയും സ്വാധീനിക്കുന്നുണ്ട്. അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകയിരം എന്നീ അഞ്ചു നാളുകൾക്ക് വെല്ലൂരും, തിരുവാതിര, പുണർതം, പൂയം, ആയില്യം, മകം, പൂരം എന്നീ ആറു നാളുകൾക്ക് മൂങ്ങയും ഉത്രം, അത്തം, ചിത്തിര, ചോതി, വിശാഖം എന്നീ അഞ്ചു നാളുകൾക്ക് കാക്കയും, അനിഴം, കേട്ട, മൂലം, പൂരാടം, ഉത്രാടം, എന്നീ അഞ്ചു നാളുകൾക്ക് കോഴിയും തിരുവോണം, അവിട്ടം, ചതയം, പൂരുരട്ടാതി, ഉത്രട്ടാതി, രേവതി എന്നീ ആറു നാളുകൾക്ക് മയിലുമാണ് പക്ഷിഗണങ്ങൾ.

ശരീരത്തിൽ കാക്ക കാഷ്ടിച്ചാൽ ഗുണങ്ങളും ദോഷങ്ങളും ഉണ്ടാകുന്നു. പൂരം, പൂരാടം, പൂരുരുട്ടാതി, ഭരണി, കാർത്തിക, തിരുവാതിര, ആയില്യം, തൃക്കേട്ട എന്നീ നക്ഷത്രക്കാരുടെ ശരീരത്തിൽ കാക്ക കാഷ്ടിച്ചാൽ ആപത്തും മറ്റു നാളുകളിൽ ജനിച്ചവർക്ക് സമ്പത്തും ഫലം. അനേകം കാക്കകൾ കൂട്ടത്തോടെ കരയുന്നതായാൽ പല വിധ ഉപദ്രവങ്ങൾ ഉണ്ടാകമെന്നു പറയാം. കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് ഇങ്ങനെ പ്രദക്ഷിണമായി കാക്കകൾ വട്ടം ചുറ്റി പറക്കുന്നതു കണ്ടാൽ സ്വജനങ്ങളിൽ നിന്നും, വിപരീതമായാൽ ശത്രുക്കളിൽ നിന്നും ഭയം ഉണ്ടാകുന്നതാണ്. ഭസ്മം, അസ്ഥി, രോമം, ഇലകൾ എന്നിവ ശയനസാധനങ്ങളിൽ കാക്ക കൊണ്ടിടുന്നതായാൽ ആ ശയനസാധനത്തിന്റെ ഉടമസ്ഥന് മരണം സംഭവിക്കുന്നതാണ്. യാത്രാവേളയിൽ നെല്ല് മുതലായ ധാന്യങ്ങൾ, നനഞ്ഞ മണ്ണ്, പുഷ്പങ്ങൾ മുതലായവ കൊക്കിൻ നിറച്ചു കൊണ്ടുള്ള കാക്കയെ കണ്ടാൽ ധനലാഭമുണ്ടാകുന്നതാണ്. വണ്ടി മുതലായ വാഹനത്തിന്മേലോ, ആയുധങ്ങളിലോ, ചെരുപ്പു മുതലായ പാദുകങ്ങളിന്മേലോ, ശരീരത്തിലോ കാക്ക ചിറകുകൊണ്ടും മറ്റും അടിക്കുന്നത് ആ വാഹനാദികളുടെ ഉടമസ്ഥന് മരണത്തെ സൂചിപ്പിക്കുന്നതാണ്. മേൽപറഞ്ഞ വകകളിൽ മലവിസർജ്ജനം ചെയ്യുന്നതു കണ്ടാൽ അന്നലാഭമുണ്ടാകുമെന്ന് പറയാം. യാത്രവസരത്തിൽ കാക്ക വല്ല സാധനവും കൊത്തി അടുത്തു വരുന്നത് കണ്ടാൽ ആ വക സാധനങ്ങൾ ലഭിക്കുന്നതാണ്. സമീപത്തു നിന്ന് കാക്ക ആ വക സാധനങ്ങൾ കൊത്തികൊണ്ടു പോകുന്നതു കണ്ടാൽ ആ സാധനത്തിന് നാശത്തെ പറയാം.

കാക്ക വൃക്ഷത്തിന്റെ പൊത്തിൽ ഇരുന്ന് ക്രൂരസ്വരത്തിൽ കരയുന്നത് മഹാഭയത്തേയും വെള്ളം നോക്കികൊണ്ടോ ഇടിവെട്ടുന്നതു കേട്ട് അതിനു തുടർച്ച ആയിട്ടോ ശബ്ദിക്കുന്നത് ഉടനെ വർഷമുണ്ടാകുമെന്ന സൂചനയാണ്. കാക്ക ഗൃഹത്തിൽ വന്ന് കിഴക്കോട്ടു തിരിഞ്ഞിരുന്ന് ശബ്ദിക്കുന്നത് രാജഭയത്തേയും തെക്കോട്ടു തിരിഞ്ഞിരുന്ന് കരയുന്നത് തസ്കരഭയത്തേയും പടിഞ്ഞാറു തിരിഞ്ഞിരുന്ന് ശബ്ദിക്കുന്നത് ബന്ധനത്തേയും വടക്കു നോക്കിയിരുന്ന് കരയുന്നത് കലഹത്തേയും സൂചിപ്പിക്കുന്നു. യാത്രാവസരത്തിൽ ചെവിയോളം ഉയരത്തിൽ കാക്ക കരഞ്ഞുകൊണ്ട് പറക്കുന്നതു കണ്ടാൽ യാത്രക്ഷേമമായിരിക്കും. യാത്ര പുറപ്പെടുന്നവന് അഭിമുഖമായി കരഞ്ഞുകൊണ്ട് കാക്ക വരുന്നതു കണ്ടാൽ യാത്രാ തടസ്സം ഉണ്ടാകുമെന്നു പറയാം. അങ്ങനെ ആയാൽ ഉദ്ദേശം നടക്കുകയില്ല എന്നു മാത്രമല്ല ആപത്തും ഉണ്ടാകുമെന്നു പറയാം. പശുവിന്റെ വാലിനടുത്തോ പുറ്റിന്മേലോ ഇരുന്ന് കാക്ക കരയുന്നതു കണ്ടാൽ യാത്രയിൽ പാമ്പിനെ കാണുന്നതാണ്. പോത്തിൻ പുറത്താണ് കാക്ക ഇരു

ന്നു കരയുന്നതെങ്കിൽ അന്നു തന്നെ പനി പിടിക്കും. യാത്ര പോകുന്നവന്റെ ഇടതു വശത്തുള്ള സൗമ്യ വക്ഷങ്ങളിലിരുന്നാണ് കാക്ക കരയുന്നത് കണ്ടാൽ ഉദ്ദിഷ്ടകാര്യ സാദ്ധ്യത്തെ പറയണം. പക്ഷെ അതിനുവേണ്ടി കുറെ കലഹിക്കേണ്ടി വരുമെന്നും സൂചിപ്പിക്കാം. ഇടതു വശത്തു തന്നെ സൗമ്യങ്ങളല്ലാത്ത മരങ്ങളിലിരുന്നാണ് ശബ്ദിക്കുന്നതെങ്കിൽ കാര്യം സാധിക്കുകയില്ല എന്നു പറയാം. വള്ളികൾ ചുറ്റിപിണഞ്ഞ വക്ഷത്തിലിരുന്ന് കാക്ക കരയുന്നതായി കണ്ടാൽ യാത്രപോകുന്നവന് ബന്ധനം സംഭവിക്കുമെന്ന് പറയണം. യാത്രാരംഭത്തിൽ രണ്ടു കാക്കകൾ കൂടി ഒന്ന് ഭക്ഷണം മറ്റൊന്നിന്റെ കൊക്കിൽ കൊടുക്കുന്നതു കണ്ടാൽ ഫലം ഏറ്റവും ശുഭകരമായിരിക്കും. അകാരണമായി കാക്കകൾ കൂട്ടം കൂടുകയും, ഗ്രാമങ്ങളിൽ കടന്ന് എല്ലാം കൂടി കരയുകയും ചെയ്താൽ അവിടെ ക്ഷാമം മുതലായ പലവിധ ഉപദ്രവങ്ങളും ഉണ്ടാകുമെന്നു കരുതാം.

## ഗൗളിശാസ്ത്രം

ഓരോ ദിക്കിലുമിരുന്ന് ഗൗളി ശബ്ദിച്ചാൽ വ്യത്യസ്ഥങ്ങളായ ഫലങ്ങളാണ് ഉണ്ടാകുന്നത്. ആ ഫലങ്ങൾ ആഴ്ചയുടെ ഓരോ ദിവസങ്ങളേയും അടിസ്ഥാനമാക്കിയാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. ഓരോ ദിവസങ്ങളിൽ ഏതേത് ദിക്കിലിരുന്നാണ് ഗൗളി ശബ്ദിക്കുന്നത് അതിനനുസരിച്ചുള്ള ഫലങ്ങളും അനുഭവത്തിൽ വന്നു ചേരും. ഉദാഹരണമായി ഞായറാഴ്ച കിഴക്കിരുന്ന് പല്ലി ശബ്ദിച്ചാൽ ഭയം, തെക്കു കിഴക്ക് കഷ്ടത, തെക്ക് മിത്രാഗമം, തെക്കു പടിഞ്ഞാറ് തർക്കം, വടക്കു പടിഞ്ഞാറ് വിജയം, വടക്ക് പ്രവർത്തിലാഭം, വടക്കു കിഴക്ക് വസ്ത്രലാഭം, വാർത്താശ്രവണം എന്നിങ്ങനെയാണ് ഫലങ്ങൾ.

ഗൗളി ശരീരത്തിന്റെ ഓരോ ഭാഗത്തും വീണാൽ വ്യത്യസ്ഥമായ ഫലങ്ങൾ ഉളവാകുന്നതാണ്. ശിരസ്സിന്റെ മധ്യഭാഗത്തിൽ വീണാൽ മാതാവിനോ, ഭ്രാതാവിനോ, ഗുരുജനങ്ങൾക്കോ മരണം. ശിരസ്സിന്റെ പിൻഭാഗത്താണ് വീണതെങ്കിൽ കലഹവും നെറ്റിയിലാണ് വീണതെങ്കിൽ നിധിദർശനവും നെറ്റിമധ്യത്തിൽ വീണാൽ സമ്മാനലബ്ധിയും സംഭവിക്കും. നാസികാഗ്രത്തിൽ വീണാൽ പല തരം രോഗങ്ങളും, ചുണ്ടിൽ വീണാൽ ധനവർദ്ധനവും കവിൾ തടത്തിൽ വീണാൽ ധനനഷ്ടവും ചെവിയുടെ അടുത്തോ, കണ്ണുകളിലോ വീണാൽ മരണപ്രേരണയും, മാറിടത്തിൽ വീണാൽ ആധിവ്യസനവും, വയറിൽ വീണാൽ അതിഭയവും കൈകളിൽ വീണാൽ ധനലാഭവും, വാരിഭാഗങ്ങളിൽ വീണാൽ ശത്രുഭയവും, പാദങ്ങളിൽ വീണാൽ തീർത്ഥയാത്രയും ഫലം.

പുരുഷന്മാർക്ക് വലതുഭാഗത്തും, സ്ത്രീകൾക്ക് ഇടതുഭാഗത്തും ഗൗളിവീണ് മേൽപ്പോട്ടു കയറുകയാണെങ്കിൽ ശുഭവും താഴോട്ട് ഇറങ്ങുകയാണെങ്കിൽ അശുഭവും ഫലമാകുന്നു. ക്ഷേത്രസന്നിധിയിലും അരയാലിൽചുവട്ടിലും വെച്ച് ഗൗളി വീണാൽ ഒരിക്കലും ദോഷഫലമുണ്ടാവുകയില്ല. എന്നാൽ മറ്റു സന്ദർഭങ്ങളിൽ ഗൗളിശല്യമുണ്ടായാൽ ശിവഭജനം ചെയ്ത് ദോഷപരിഹാരം നേടേണ്ടതാണ്.

## പട്ടിശകുനം

ശ്വാവ് മാളികയിലോ പ്രധാനഗൃഹത്തിലോ നിന്നുകൊണ്ട് ഉറക്കെ നിലവിളിക്കുന്നതായാൽ വർഷക്കാലത്താണെങ്കിൽ ശക്തമായി മഴ ചെയ്യുമെന്നും, മറ്റു കാലങ്ങളിലാണെങ്കിൽ മരണം, അഗ്നിഭയം, രോഗം എന്നിവകൾ ഉണ്ടാകുമെന്നും മനസ്സിലാക്കണം.

ശ്വാവ് ജലത്തിലിറങ്ങി ഇടത്തും വലത്തും ചരിഞ്ഞ് വെള്ളത്തിൽ കുളിക്കുകയും വെള്ളത്തിൽ ദേഹം ഇട്ടിടിക്കുകയോ വെള്ളം കുടിക്കുകയും ചെയ്താൽ വർഷകാലത്ത് മഴ കുറവായിരിക്കുമ്പോൾ 10 ദിവസത്തിനുള്ളിൽ മഴ കൂടുമെന്ന് പറയാം.

ശ്വാവ് വീടിന്റെ ഉമ്മറത്ത് തലവെച്ചുകൊണ്ടും ശരീരം പുറത്താക്കികൊണ്ടും ഗൃഹനായികയെ നോക്കികൊണ്ട് ശബ്ദിക്കുന്നത് രോഗമുണ്ടാകുന്നതിനെയാണ് സൂചിപ്പിക്കുന്നത്. നേരെമറിച്ച് അകത്തു നിന്നുകൊണ്ട് തല ഉമ്മറത്തേയ്ക്ക് കാണിച്ചുകൊണ്ട് അങ്ങനെ ശബ്ദിക്കുന്നുവെങ്കിൽ ഗൃഹനായിക കുലടയാണെന്നു മനസ്സിലാക്കണം.

ശ്വാവ് വീടിന്റെ ചുമരിന്മേൽ മാന്തുന്നതാകയാൽ ആ ചുമര് ഇടിഞ്ഞു വീഴുമെന്നു പറയണം. തൊഴുത്തിലാണ് അങ്ങനെ മാന്തുന്നതെങ്കിൽ പശുക്കളെ കള്ളന്മാർ അപഹരിക്കുമെന്നും, കൃഷിസ്ഥലത്തു മാന്തുന്നതായാൽ ധാന്യം ധാരാളം വിളയുമെന്നും സൂചിപ്പിക്കുന്നു.

ശ്വാവിനെ ഒരു കണ്ണിൽ കണ്ണീരോടും ഏറ്റവും ക്ഷീണിച്ച കണ്ണകളോടും കുറച്ചുമാത്രം ഭക്ഷണം കഴിച്ചുകൊണ്ടും കണ്ടാൽ ആ ഗൃഹത്തിൽ ദു:ഖം ഉണ്ടാകുന്നതാണ്. ശ്വാവ് പശുക്കുട്ടികളോടുകൂടി കളിച്ചു നടക്കുന്നത് സുഭിക്ഷിത്തേയും ക്ഷേമത്തേ

യും ആരോഗ്യത്തേയും സന്തോഷത്തേയും ആണ് കാണിക്കുന്നത്.

ഒരുവന്റെ ഇടത്തേ കാൽമുട്ട് ശ്വാവ് മണക്കുന്നതായാൽ ധനലാഭമുണ്ടാകും. വലത്തെ കാൽമുട്ടു മണത്താൽ സ്ത്രീകളോട് കലഹമുണ്ടാകും. ഇടത്തെ തുട നക്കിയാൽ പുഷ്പങ്ങൾ, ചന്ദനം തുടങ്ങി സകല സുഖങ്ങളേയും അനുഭവിക്കും. വലത്തെ തുട നക്കിയാൽ ഇഷ്ടന്മാരായ സ്നേഹിതന്മാർ തമ്മിൽ വിരോധമാവുകയും ചെയ്യും.

യാത്ര പുറപ്പെടുന്നവന്റെ രണ്ടു കാലുകളേയും ശ്വാവു വന്നു മണക്കുന്നത് യാത്രാനിഷേധത്തെ സൂചിപ്പിക്കുന്നു. യാത്ര പുറപ്പെട്ടുപോകാൻ നിൽക്കുന്ന സമയത്താണ് കാലുകൾ മണപ്പിച്ചതെങ്കിൽ ഇഷ്ടം പോലെ ധനം ലഭിക്കുമെന്നു പറയണം. പതിവുള്ള സ്ഥലത്തു വെച്ചിരിക്കുന്ന ചെരിപ്പുകൾ ശ്വാവ് ഘ്രാണിക്കുന്നത് ഉടനെ യാത്ര പുറപ്പെടുന്നതിനേയും സൂചിപ്പിക്കുന്നു.

യാത്രാവസരത്തിൽ ശ്വാവു വന്ന് രണ്ടു കൈകളേയും നക്കുന്നതായാൽ ശത്രുക്കളുടെയും തസ്ക്കരന്മാരുടെയും ഉപദ്രവമുണ്ടാകുന്നതാണ്.

ശ്വാവ് ആദ്യം ഗ്രാമത്തിനുള്ളിൽ ശബ്ദിച്ചിട്ട് പിന്നെ ഗ്രാമത്തിന് പുറത്തോ ശ്മശാനത്തിലോ ചെന്നു ശബ്ദിക്കുന്നത് ആ ഗ്രാമത്തിലെ പ്രധാനിയുടെ മരണം അടുത്തിരിക്കുന്നു എന്നതിന്റെ സൂചനയാണ്.

ശ്വാവ് /ഉ കാരമായി ശബ്ദിച്ചാലും, യാത്രക്കാരന്റെ ഇടത്തു ഭാഗത്തുനിന്ന് ഓകാരമായി ശബ്ദിച്ചാലും ധനലാഭമുണ്ടാകുമെന്നു പറയാം.

ഔ കാരമായി ശബ്ദിക്കുന്നത് ഭയത്തെ സൂചിപ്പിക്കുന്നു. മേൽപ്പറഞ്ഞ മൂന്നക്ഷരങ്ങളിൽ ഒന്നുകൊണ്ട് ശബ്ദിച്ചുകൊണ്ട് യാത്രക്കാരന്റെ പിന്നിൽ കൂടി ശ്വാവ് വരുന്നതായാൽ അത് യാത്രാവിഘ്നത്തെ സൂചിപ്പിക്കുന്നു.

പല്ലുകൾ പുറത്തു കാണിച്ച് ശ്വാവ് കടവായ് നക്കുന്നതു കണ്ടാൽ മൃഷ്ടാന്നം ലഭിക്കുമെന്നു പറയാം. മുഖം നക്കുകയും പിന്നെ കടവായ നക്കാതിരിക്കുകയും ചെയ്താൽ ഉണ്ണുവാൻ ഭാവിച്ചിരിക്കുന്നതായാൽ കൂടി ഭക്ഷണം മുടങ്ങുന്നതാണ്.

മരത്തിന്റെ കടയ്ക്കൽ നിന്ന് ശ്വാവ് കുരയ്ക്കുന്നത് മഴ പെയ്യുന്നതിനെ സൂചിപ്പിക്കുന്നു. വീടിനകത്തോ വീടിന്റെ വായുകോണിലോ നിന്ന് ശ്വാവ് കരയുന്നത് അതിലെ അന്തേവാസികളുടെ പീഢയെ സൂചിപ്പിക്കുന്നു.

ശ്വാവ് ഇടതു വശത്തു വന്നു നിന്ന് കരയുന്നതായാൽ ശത്രുക്കളിൽ നിന്നും ഉപദ്രവമുണ്ടാകുമെന്നു പറയാം.

## മറ്റു ചില ശകുനങ്ങൾ :

യാത്രാരംഭത്തിൽ കല്ല് - മരക്കുറ്റി മുതലായവയിൽ കാല് തട്ടിയാൽ പലതരം ഫലങ്ങളാണ്. ഇടത്തെ കാലിന്റെ ചെറുവിരൽ തട്ടിയാൽ അന്നലാഭം, രണ്ടാം വിരൽ തട്ടിയാൽ വസ്ത്രലാഭം, മൂന്നാം വിരൽ തട്ടിയാൽ സ്വർണ്ണലാഭം, നാലാം വിരൽ തട്ടിയാൽ വ്യാധി, അഞ്ചാം വിരൽ തട്ടിയാൽ മൃതിഎന്നിങ്ങനെ ഫലമാകുന്നു. വലത്തേക്കാലിൽ ഈ ഫലങ്ങൾ വിപരീതമാണ്.

## സ്വപ്നദർശന ഫലം :

രാത്രിയുടെ ഒന്നാം യാമത്തിലുള്ള സ്വപ്നത്തിന് ഒരു കൊല്ലത്തിനുള്ളിലും രണ്ടാം യാമത്തിലുള്ള സ്വപ്നത്തിന് എട്ടു മാസത്തിനുള്ളിലും മൂന്നാം യാമത്തിലുള്ള സ്വപ്നത്തിന് മൂന്നു മാസത്തിനുള്ളിലും നാലാം യാമത്തിലുള്ള സ്വപ്നത്തിന് പത്തു ദിവസത്തിനുള്ളിലും ഫലമുണ്ടാകും. സൂര്യനേയോ ചന്ദ്രനേയോ സ്വപ്നം കണ്ടാൽ രോഗിയാണെങ്കിൽ രോഗി മരിക്കും. രോഗിയല്ലെങ്കിൽ ബലവും ധനവും ഉണ്ടാകും. നക്ഷത്രങ്ങളോടു കൂടിയ ചന്ദ്രൻ, അഗ്നി, പൂവ്, കായ്, കണ്ണാടി, രത്നം, തൈരുപാത്രം, അരി, പാൽ ഇവയെ സ്വപ്നം കണ്ടാൽ വലിയ സമ്പന്നനാകും.

കഴുത, ഒട്ടകം, പൂച്ച, കുരങ്ങ്, പുലി, പന്നി, പ്രേതങ്ങൾ, കുറുക്കൻ, ഇവയുടെ പുറത്തു കയറി യാത്ര പോകുന്നതായി സ്വപ്നം കണ്ടാൽ മരണമുണ്ടാകും. പ്രേതങ്ങളോടുകൂടി മദ്യപിച്ചു കൊണ്ടിരിക്കെ പട്ടി കടിച്ചു വലിച്ചുവെന്നു സ്വപ്നം കണ്ടാൽ ജ്വരം പിടിപെട്ടു മരിക്കും. സൂര്യഗ്രഹണമോ ചന്ദ്രഗ്രഹണമോ സ്വപ്നം കണ്ടാൽ നേത്രരോഗം പിടിപെടും. ആകാശത്തിൽ നിന്ന് സൂര്യചന്ദ്രന്മാർ പതിക്കുന്നതായി സ്വപ്നമുണ്ടായാൽ നേത്രനാശം ഫലം.

എണ്ണതേച്ചു കുളിക്കുക, വിവാഹം കഴിക്കുക, കുന്നിടിഞ്ഞു വീഴുക, ചുവന്ന പൂക്കളുള്ള വനത്തിൽ പ്രവേശിക്കുക, വെള്ളം, ചെളി, കിണറ്, കുളം ഇവയിൽ വീഴുക, വിളക്ക്, നക്ഷത്രം ഇവ പതിക്കുക, നൃത്തം, സംഗീതം, വാദ്യം ഇവ ചെയ്യുക, കാക്ക,

കഴുകൻ, ഇവ ചുറ്റും വളയുക, കാവി വസ്ത്രം ധരിച്ചവർ ചുറ്റും നിൽക്കുക, ചൂരൽ വള്ളി, മുത്ത്, മുള ഇവകളുള്ള ദിക്കിൽ നിന്നും രക്ഷപ്പെടാൻ കഴിയാതെ കിടക്കുക ഇങ്ങനെയുള്ള സ്വപ്നങ്ങൾ കാണുന്നത് വളരെ അശുഭകരമാണ്.

## സ്വപ്നം ഏഴു വിധമാണ്.

1. ഉണർന്നിരിക്കുമ്പോൾ കണ്ടതിനെ സ്വപ്നത്തിൽ കാണുക

2. ഉണർന്നിരിക്കുമ്പോൾ കേട്ടത് സ്വപ്നത്തിൽ കേൾക്കുക.

3. ഘ്രാണം, സ്പർശനം, രസനം, ഇവയിലൂടെ ഉണർന്നിരുന്നപ്പോൾ അനുഭവിച്ചത് സ്വപ്നത്തിലും അനുഭവിക്കുക.

4. ഉണർന്നിരുന്നപ്പോൾ ആശിച്ചവിധം സ്വപ്നത്തിൽ കാണുക.

5. മുമ്പൊരിക്കലും കണ്ടിട്ടും കേട്ടിട്ടുമില്ലാത്തവയെ വെറുതെ ആശിച്ച വിധത്തിൽ സ്വപ്നത്തിൽ കാണുക.

6. മേൽപ്പറഞ്ഞ വിധത്തിലൊന്നും ഇല്ലാത്തത്

7. ത്രിദോഷകോപം നിമിത്തം ശരീരമാറ്റത്തിനനുസരിച്ച് ഉണ്ടാകുന്ന സ്വപ്നം.

ഇവയിൽ ആദ്യത്തേതും, രണ്ടാമത്തേതും, മൂന്നാമത്തേതും, നാലാമത്തേയും, അഞ്ചാമത്തേയും ഏഴാമത്തേയും സ്വപ്നങ്ങൾ ഫലിക്കുകയില്ല. പകൽ കാണുന്ന സ്വപ്നത്തിന് ഫലമില്ല. സ്വപ്നം കണ്ടുണരുമ്പോൾ മറന്നുപോകുന്നതും വളരെ നേരം തുടർച്ചയായി കാണുന്നതും, അല്പനേരം കൊണ്ടു മാത്രം കണ്ടതും ആയ സ്വപ്നങ്ങൾ ഫലിക്കുകയില്ല.

പ്രഭാതത്തിൽ കാണുന്ന സ്വപ്നം മിക്കവാറും അന്നു തന്നെ ഫലിക്കും. സ്വപ്നം കണ്ടതിനുശേഷം ഉറങ്ങിയാൽ ആ സ്വപ്നം ഫലിക്കുകയില്ല. നല്ല സ്വപ്നങ്ങളിൽ ചിലത് താഴെ വിവരിക്കുന്നു. ജീവിച്ചിരിക്കുന്ന ബന്ധുക്കൾ, അധികാരികൾ, സജ്ജനങ്ങൾ, പശുക്കൾ, കാളകൾ, ജ്വലിക്കുന്ന അഗ്നി, തെളിഞ്ഞ കുളം, കന്യക, വെളുത്ത വസ്ത്രം, തുടുത്ത ആൺകുട്ടികൾ, കുട, കണ്ണാടി, മാംസം, വിഷഔഷധങ്ങൾ, വെളുത്ത പുഷ്പം, കുന്നുകൾ, മാളികകൾ, കായ്ഫലമുള്ള മരങ്ങൾ, സിംഹം, ആന, കുതിര, സമുദ്രം, മരിക്കുക, കരയുക, ശത്രുക്കളെ ഉപദ്രവിക്കുക, വീണുകിടന്ന സ്ഥലത്തുനിന്നും എഴുന്നേൽക്കുക – ഇത്തരം സ്വപ്നങ്ങൾ ശുഭപ്രദമാണ്.

ചങ്ങലകൊണ്ടോ കയറുകൊണ്ടോ ബന്ധിക്കപ്പെട്ടു എന്നു സ്വപ്നം കണ്ടാൽ പുത്രലാഭമുണ്ടാകും. ഇരിക്കാനുള്ള വസ്തുക്കൾ, കിടക്കാനുള്ള വസ്തുക്കൾ, തന്റെ ശരീരം, വീട് എന്നിവയ്ക്ക് അഗ്നിബാധ ഉണ്ടായി എന്നു സ്വപ്നം കണ്ടാൽ പെട്ടെന്ന് ധനലാഭമുണ്ടാകും. ചക്രവാകം, കോഴി, വേഴാമ്പൽ, ഇവയുടെ പിടയെ സ്വപ്നം കണ്ടുണർന്നാൽ ആഗ്രഹിച്ച സ്ത്രീയെ ലഭിക്കും. ബ്രാഹ്മണർ ചോരയോ മദ്യമോ പാനം ചെയ്തതായി സ്വപ്നം കണ്ടാൽ വിദ്യാലാഭമുണ്ടാകും. വെഞ്ചാമരം, ചന്ദനം, ശംഖ്, മുത്ത്, വെറ്റില, പണം ഈ വക സാധനങ്ങൾ കിട്ടിയെന്നോ, അട്ടയോ, ഈച്ചയോ കടിച്ചുവന്നോ സ്വപ്നം കണ്ടാൽ സന്താനപ്രാപ്തി, ധനപ്രാപ്തി തുടങ്ങിയവ ഉണ്ടാകും. വീടിനു മുകളിൽ പ്രവേശിച്ചതായി സ്വപ്നം കണ്ടാൽ ഭൂമി ലാഭമുണ്ടാകും.

ത്രിദോഷങ്ങൾ കോപിച്ചാലും സ്വപ്നദർശനമുണ്ടാകുമെന്ന് ആയുർവേദഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു. കുന്നുകൾ, വൃക്ഷങ്ങൾ ഇവയുടെ മുകളിലെത്തിയെന്നും ആകാശമാർഗ്ഗത്തിൽ സഞ്ചരിച്ചു എന്നും സ്വപ്നം കാണുന്നത് വാതകോപം മൂലമാണ്. സ്വർണ്ണം, രത്നം, മാല, സൂര്യൻ, അഗ്നി ഇവ സ്വപ്നം കാണുന്നത് പിത്തകോപം മൂലമാണ്. ചന്ദ്രൻ, നക്ഷത്രം, പൂക്കൾ, നദി, താമരപ്പൂവ് ഇവ സ്വപ്നം കാണുന്നത് കഫദോഷം മൂലമാണ്.

ബാല്യത്തിൽ കാണുന്ന സ്വപ്നങ്ങൾ മിക്കവാറും പൂർവ്വജന്മത്തിന്റെ തുടർച്ചയായ അനുഭവങ്ങളെ സൂചിപ്പിക്കുന്നവ ആയിരിക്കും.

പലപ്പോഴും നാം പാമ്പിനെ സ്വപ്നം കാണാറുണ്ട്. അതിന്റെ ഫലങ്ങൾ ഇനിയും നോക്കാം. പാമ്പ് കഴുത്തിൽ വീഴുക, ചുറ്റുക, എന്നിവ സമ്പന്നനാകുന്നതിന്റെ സൂചനയാണ്. പാമ്പ് കാലിൽ വട്ടം ചുറ്റുന്നത് സ്വപ്നം കണ്ടാൽ ശനിദശ നടക്കുകയാണ് എന്നതിന്റെ സൂചനയാണ്. പാമ്പ് കടിയേറ്റ് ചോര ഒലിക്കുന്നതായി സ്വപ്നം കണ്ടാൽ ശനിദശ കഴിഞ്ഞുവെന്ന് അർത്ഥമാക്കാം. സർപ്പം കടിക്കുന്നതായ സ്വപ്നം സമ്പൽസമൃദ്ധിയേയും സർപ്പം വിരട്ടി പേടിപ്പിക്കുന്നതായ സ്വപ്നം ദാരിദ്ര്യത്തേയും വിളിച്ചോതുന്നു. പാമ്പിനെ കൊല്ലുന്നതായ സ്വപ്നം ശത്രുശല്യം തീർന്നതായും പത്തി വിടർത്തിയ പാമ്പിന്റെ സ്വപ്നം ശത്രു ഉപദ്രവത്തേയും സൂചിപ്പിക്കുന്നു.

# തണുത്തുപോയ ചായ

ഡോ. കെ. പി. പി. നമ്പ്യാർ

ലക്ഷ്മിക്കുട്ടീ..........എവിടെപ്പോയി, ഈ സന്ധ്യാനേരത്ത് ! .......

കൊറോണ പ്രേതത്തിന്റെ ബാധയടുക്കാതിരിക്കാൻ തൊടിയ്ക്കകത്ത് മാത്രമൊതുക്കിയ സായാഹ്ന സവാരി കഴിഞ്ഞു തിരിച്ചെത്തിയതാണ്. സപ്തതിയോടടുത്ത ഗൃഹനാഥൻ. ഈയിടെയായി വസ്ത്രധാരണത്തിൽ അനിവാര്യമായി കഴിഞ്ഞിട്ടുള്ള മുഖകവചം അഴിച്ചു മാറ്റി, തന്നോളം തന്നെ പ്രായമുള്ള ചാരുകസേരയിൽ ചാഞ്ഞിരിക്കുമ്പോൾ, സ്വല്പം അസ്വസ്ഥനാണ്, കക്ഷി, പതിവുള്ള സ്വാഗതപാനീയം കിട്ടിയില്ല, അതിന്റെ വാഹകയെ കാണാനുമില്ല ! അതു തന്നെയാണ് തൽക്കാലത്തെ പരിദേവനം.

എന്റെ ചായയെവിടെ, ലക്ഷ്മിക്കുട്ടീ....? ശബ്ദം അൽപ്പം ഉയർത്തി നോക്കി.

.........ചായ വേണ്ടവർ സ്വന്തമായി ഉണ്ടാക്കി കുടിച്ചാൽ മതി.... അന്തരാളങ്ങളിലെവിടെയോനിന്നും നിർഗമിച്ച, അപൂർവ്വമായ ഒരു അശരീരി!

ങ്ഹേ, എന്ത് പറ്റി, എന്റെ ലക്ഷ്മിക്കുട്ടിക്ക്....... എന്താണ് പ്രശ്നം?

ഗൃഹലക്ഷ്മി, ഭദ്രകാളിയായ പ്രതീതിയാണല്ലോ.... അതും ഈ മുടിഞ്ഞ കൊറോണക്കാലത്ത് !!

കാര്യം എന്താണെന്ന് തുറന്നു പറയൂ, ലക്ഷ്മിക്കുട്ടീ.........നീയിങ്ങനെ കാട്ടിയാൽ ഞാൻ എന്ത് ചെയ്യാനാണ് മോളേ....? ആശയക്കുഴപ്പം അനുഭവപ്പെടുമ്പോൾ ഉപയോഗിക്കുന്ന വാത്സല്യപദമാണ് ആ മോളേ പ്രയോഗം!

അല്പസ്വല്പം സംശയരോഗം ഉണ്ട് എന്നതൊഴിച്ചാൽ മറ്റ് യാതൊരു അനാവശ്യയോഗ്യതയും തൊട്ടു തീണ്ടാത്ത, സാക്ഷാൽ പ്രിയതമ! അകാരണമായ ഭാവഭേദങ്ങൾ ആ ഓമന മുഖത്തെ വികലമാക്കുമ്പോൾ മാത്രമാണ് തനിക്കു അവൾ മോളാവുന്നത്!

...... ഇനിയൊന്നും ചെയ്യാനില്ല, ചെയ്തതൊക്കെ ധാരാളം ! അത് മതി... അവ്യക്തമായ എന്തൊക്കെയോ ആരോപണമാണെന്ന് തോന്നുന്നുവല്ലോ..... ച്ഛെ ച് ഛെ ... പിടികിട്ടുന്നില്ലല്ലോ.

....... എന്റീശ്വരാ.... ഇനി ആ തലതിരിഞ്ഞ പെണ്ണ് വീണ്ടും വല്ലതും ഒപ്പിച്ചു എന്ന് വരുമോ ?

വേലക്കാരിയെ ഉദ്ദേശിച്ചാണ് ആ സംശയപ്രകടനം. ഏറെ നാളായില്ല, വൃദ്ധ ദമ്പതികൾ വീട്ടിൽ ഇല്ലാതിരുന്ന അവസരം നോക്കി, രഹസ്യ കാമുകനെ വിളിച്ചു കയറ്റിയവൾ ! തന്റെ മൗനാനുവാദത്തോടെയാണ് അവൾ ഈ ഏഷാകൃതി ഒപ്പിച്ചതെന്ന് വേരില്ലാത്ത, ആരോപണം ഉയർന്നിരുന്ന സംഭവമാണ് ഓർത്തു പോയത്.

ഇവിടെ മറ്റു ചിലരേക്കാൾ അവളെത്ര ഭേദം ! ..... ഉൾത്തളങ്ങളിലെവിടെയോനിന്ന് വീണ്ടും ഒരു ആത്മഗതം.

വല്ലതും പറയാനുണ്ടെങ്കിൽ നേരിട്ട്, മുഖത്ത് നോക്കി പറയുന്നതാണ് ഭംഗി..... വൃദ്ധന് നീരസം നിയന്ത്രിക്കാനായില്ല.

എന്നിരുന്നാലും മറുവാക്ക് ഒന്നും കേൾക്കാനില്ല ! പക്ഷേ, ഇരുട്ട് തളംകെട്ടിയ പടിഞ്ഞാറ്റയിലെ പഴയ കടലാസുകളും മറ്റും സൂക്ഷിക്കുന്ന അലമാര തുറക്കുന്നതും അടക്കുന്നതുമൊക്കെ കേൾക്കാനുണ്ട്. എന്തൊക്കെയോ വീഴുന്നു, മറിയുന്നു.... അസാധാരണമായ ഒരു പരാക്രമത്തിന്റെ ലക്ഷണമുണ്ട്. ഏറെ താമസിയാതെ, ശുഭ്ര സുന്ദരമെങ്കിലും അഴിഞ്ഞുലഞ്ഞ മുടിക്കെട്ട് ഒരു കയ്യിൽ ഒതുക്കിയും, മറുകയ്യിൽ പഴകി നിറം മങ്ങിയ കുറെ കടലാസുകൾ ചുരുട്ടി പിടിച്ചും കൊണ്ട് കഥാനായിക ഒടുക്കം പ്രത്യക്ഷപ്പെടുകയാണ് !

ഷഷ്ഠി പൂർത്തി എന്നേ കഴിഞ്ഞ, കുലീനത പ്രകടമാകുന്ന, അരനൂറ്റാണ്ടോളം സുഖത്തിലും ദു:ഖത്തിലും തനിക്ക് കൂട്ടായ, നല്ല പകുതി സാക്ഷാൽ ലക്ഷ്മിക്കുട്ടി, അവൾ തന്നെയാണോ ഇത്? അതോ, സടകുടഞ്ഞെഴുന്നേറ്റ സിംഹിയോ?

പുറത്ത് വന്നതും കയ്യിലുള്ള കടലാസുകൾ ഒരു ബോംബ് എന്ന പോലെ, പൊടുന്നനെ, വലി

ച്ചൊരേറ്!

കൃത്യമായി ആര്യപുത്രന്റെ മടിയിലേക്ക് !

വയോവൃദ്ധന്റെ ഞെട്ടൽ മാറും മുന്നേ, ഒരു ആജ്ഞയും, ഒക്കെ ശ്രദ്ധയോടെ വായിച്ചു നോക്കണം....

കൂടുതൽ ഒന്നും പറയാതെ ഗൃഹലക്ഷ്മി വീണ്ടും ഗുഹയിലോട്ട് വലിഞ്ഞു !

എന്താണിത്, വല്ല ഖനന വസ്തുക്കളോ, പുരാലിഖിതങ്ങളോ ?

പഴകി, ഭാഗികമായി ദ്രവിച്ച കുറെ കടലാസ് കൾ ! ഒറ്റനോട്ടത്തിൽ, ഒന്നും വ്യക്തമല്ല !

ശ്രദ്ധയോടെ വായിച്ചു നോക്കാൻ പറഞ്ഞതല്ലേ, ശരി അങ്ങനെ തന്നെ, കണ്ണട തപ്പിയെടുത്ത്, വയോവൃദ്ധൻ വായന തുടങ്ങി. സഹധർമ്മിണി ഒക്കെ പരിശോധിച്ചു എന്ന് വ്യക്തം. വിറക്കുന്ന വിരലുകൾ കൊണ്ട് ചിലതൊക്കെ കുത്തി കുറിച്ചതും വായിക്കാൻ കഴിയും, കഴിഞ്ഞ കുറെ ദിവസങ്ങളായി നിലവിലുള്ള കൊറോണായനത്തോടനുബന്ധമായി, ശുചീകരണ യജ്ഞത്തിലായിരുന്നു ലക്ഷ്മിക്കുട്ടിയും വേലക്കാരിയും ആവശ്യമില്ലാത്ത ചപ്പും ചവറുമൊക്കെ കളയുന്നതിനിടെ കണ്ടെത്തിയതാവാം ഇതൊക്കെ. അക്കൂട്ടത്തിൽ അവളുടെ വന്യസങ്കല്പങ്ങളിൽ മാത്രം നിലവിലുള്ള തന്റെ വിവാഹപൂർവ്വ സാഹസങ്ങൾ വല്ലതും കണ്ടെത്തുമെന്ന് കരുതിയോ, ആവോ!

മരണമെത്തുന്ന നാൾ അകലെയല്ലാത്ത ഈ കൊറോണക്കാലത്ത്..... ഏതായാലും, ഒന്ന് കണ്ണോടിച്ചു നോക്കിയാലോ.....

ബന്ധുക്കളുടെയും മിക്കവാറും മറന്നുകഴിഞ്ഞ പഴയകാല സുഹൃത്തുക്കളുടെയും മറ്റും പേരും മേൽവിലാസവും..... വായന ആരംഭിക്കുമ്പോഴേക്കും വൃദ്ധന്റെ ചുണ്ടിൽ ഒരു ചെറു പുഞ്ചിരി വിടർന്നു! കാലദൈർഘ്യം കൊണ്ട് അവ്യക്തമെങ്കിലും, പുരാരേഖകൾ യഥാർത്ഥത്തിൽ എന്താണെന്ന് മനസ്സിലാക്കാൻ പ്രയാസം തോന്നിയില്ല.

എന്നിരുന്നാലും, അതിൽ എന്തിരിക്കുന്നുവെന്ന് മനസ്സിലാക്കാൻ സ്വല്പം നേരമെടുത്തുവെന്ന് മാത്രം.അപ്പോളാണ് കാര്യത്തിന്റെ ഗൗരവം ബോദ്ധ്യമാവുന്നത്.

പഴയൊരു മേൽവിലാസപ്പട്ടികയായിരുന്നു അത്. ഒന്നിന് കീഴെ മറ്റൊന്നായി പേര് ചേർത്ത ആളുകളിൽ പലരും ഇതിനകം വിസ്മൃതിയിൽപ്പെട്ടിരുന്നു. പക്ഷേ, ശ്രദ്ധയിൽപ്പെട്ടത് മറ്റൊരു വസ്തുതയാണ്. മേൽവിലാസക്കാരിൽ ചിലർ പുരുഷജാതി ആയിരുന്നില്ല. മറിച്ച് ചില ഹവ്വമാരും ആ കൂട്ടത്തിൽ പെട്ടിട്ടുണ്ട് ! രണ്ടാമത് പറഞ്ഞ ജാതി പ്രിയതമ പ്രത്യേകമായി അടയാളപ്പെടുത്തിയത് പ്രത്യക്ഷത്തിൽ കണ്ടപ്പോഴാണ്, കൊടുങ്കാറ്റ് ആരംഭിച്ചത് എവിടെയെന്ന് പിടി കിട്ടിയത്! പോരേ പൂരം!!

ജീവിതപങ്കാളിയായ പ്രാണനാഥന് താനല്ലാതെ കൂട്ടിന് മറ്റ് ഹവ്വ മാരൊ? തന്റെ പേര് ആ പട്ടികയിൽ കാണുന്നുമില്ല! ഭാവശുദ്ധിയുള്ള ഒരു വനിതയ്ക്കും സഹിക്കാൻ പറ്റാത്ത കാര്യം!!

ഇത്തരം ക്രൂരകൃത്യം എങ്ങനെ ഉൾക്കൊള്ളും?

പെൺപേരുകൾ കുത്തി വരഞ്ഞു വികൃതമാക്കിയതിൽ പിന്നെ സ്നേഹനിധിയായ നല്ല പകുതി ചുവടെ രേഖപ്പെടുത്തിയതും മറ്റൊന്നായിരുന്നില്ല!

.............എന്റെ പേരെവിടെ?

ഒടുക്കത്തെ പേജിലാണ് ലോകം മുഴുവൻ കേൾക്കാൻ പാകത്തിൽ അർത്ഥഗംഭീരമായ ചോദ്യം!

തുടർന്ന് സ്വന്തം പേരും വിലാസവും എഴുതിച്ചേർക്കാനും മറന്നിരുന്നില്ല.

ഇതാണ് പ്രശ്നം! ദീർഘശ്വാസം വിട്ടുകൊണ്ട് വൃദ്ധൻ പിറുപിറുത്തു. വല്ലാത്തൊരു പ്രശ്നം തന്നെ!

തുടർന്ന് കേട്ട പൊട്ടിച്ചിരി അകത്തളങ്ങളിൽ അലയടിച്ചു എന്ന് തീർച്ച!

............ലക്ഷ്മിക്കുട്ടി.....

ഇങ്ങോട്ട് ഒന്ന് വരണം, ഞാനാണ് വിളിക്കുന്നത്......

അധികാരവും അവകാശവും കലർന്ന ആജ്ഞാശക്തിയാലെന്നോണം, വൃദ്ധ പതുക്കെ പുറത്തേക്കു വന്നു.

...... എന്താണ് എന്നെ വിളിച്ചത്? ആ പട്ടികയിലുള്ളവരെ ആരെയും കിട്ടില്ല എന്നാണോ?

കഷ്ടം തന്നെയെന്റെ ലക്ഷ്മിക്കുട്ടി, നീയെന്താണ് കരുതിയത്? ആ പട്ടികയിലുള്ളവർ ആരെന്ന് വിചാരിച്ചു?

ഇംഗ്ലീഷിൽ ആണെങ്കിലും, സൂക്ഷിച്ചു നോക്കിയാൽ മനസ്സിലാക്കാൻ കഴിയുമല്ലോ.

ക്ഷണിക്കാനുള്ളവര്, എന്ന തലവാചകം കാണാവുന്നതേയുള്ളൂ! അത് നോക്കാതെ നീ സ്ത്രീകളുടെ പേര് മാത്രം തേടിപ്പിടിച്ചു.... അവരൊക്കെ

**(ശേഷം 46–ാം പേജിൽ)**

# രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം

കല്പകം സോമരാജൻ ഫോൺ : 9895453072

രാമായണത്തിലുടനിളം ഋഷിപത്നിമാരായും സന്യാസിനിമാരായും അനേകശ്രേഷ്ടകഥാപാത്രങ്ങളുണ്ട്.

അനസൂയ, അരുന്ധതി, അഹല്യ എന്നിങ്ങനെ സുപരിതകളായ കഥാപാത്രങ്ങൾ കഥാഗതിയിൽ പല സന്ദർഭങ്ങളിലും വനജീവിതചര്യകൾ അറിയാത്ത സീതാദേവിക്ക് താങ്ങും തണലുമായി വർത്തിക്കുന്നു. ശാരീരികക്ളേശങ്ങളിൽ നിന്നു മുക്തി നേടാനും അംഗലാവണ്യം അണയാതിരിക്കാനും പര്യാപ്തമായ വിശിഷ്ടങ്ങളായ പലേ കുറിക്കൂട്ടുകളും ഇവർ സീതക്കായി നൽകുന്നുണ്ട്. അത്രിമഹർഷിയുടെ പത്നിയാണ് അനസൂയ. രാമലക്ഷ്മണന്മാർ സീതാസമേതം വനവാസകാലത്ത് അത്രിമഹർഷിയുടെ ആശ്രമം സന്ദർശിക്കുകയും അനസൂയാദേവി അവരെ സന്തോഷപൂർവ്വം സ്വീകരിച്ച് വേണ്ട ഉപചാരങ്ങൾ നൽകി എന്നും രാമായണം പറയുന്നു.

അരുന്ധതി : -

സപ്തർഷികളിൽ ഒരാളായ വസിഷ്ഠ മഹർഷിയുടെ ഭാര്യ. വനവാസകാലത്ത് രാമലക്ഷ്ണന്മാർ ദേവീസമേതം ഇവരുടെ ആതിഥ്യം സ്വീകരിച്ചിരുന്നതായി കാണുന്നു. കഥാപ്രസിദ്ധയായ അഹല്യ എന്ന് ഗൗതമമുനി പത്നി ശ്രീരാമപാദസ്പർശത്താൽ കല്ലായിരുന്ന അഹല്യ ശാപമോചിതയായെന്നും എണ്ണമറ്റ വാക്കുകളാൽ ഭഗവാനെ സ്തുതിച്ചുവെന്നും ശ്രുതി. എടുത്തു പറയേണ്ട വൃദ്ധസന്യാസിനിയാണ് ശബരി. ഏറെ നാളായി ശ്രീരാമദർശനത്തിനായി കാത്തു കഴിയുന്ന വൃദ്ധതപസ്വിനി. സീതാന്വേഷണ സമയത്ത് ശ്രീരാമലക്ഷ്മണന്മാർ ശപര്യാശ്രമം സന്ദർശിക്കുന്നു. ശബരി ഭക്ത്യാദരപൂർവ്വം അവരെ സ്വീകരിച്ച് സത്കരിച്ച് സൗമ്യോപദേശങ്ങൾ നൽകുന്നു എന്നു കഥ. ശബരീസത്കാരം ആദരപൂർവ്വം സ്വീകരിച്ച് സന്തുഷ്ടനായ ഭഗവാൻ ആ ആശ്രമം ഇരിക്കുന്നിടം ശബരിമല എന്ന പേരിൽ അറിയപ്പെടുമെന്നും ആചന്ദ്രതാരം ശബരിയുടെ കഥ നിലനില്ക്കുമെന്നും അനുഗ്രഹിച്ചു എന്നും കാണുന്നു. മറ്റൊരു സ്ത്രീകഥാപാത്രം അജ്ജനയാണ്. ശ്രീഹനുമാന്റെ മാതാവ് പുജ്ജികസ്ഥലി എന്ന അപ്സരസ്സ് ശാപമേറ്റ് വാനരനാരിയായി ജനിച്ചു. കുഞ്ജരൻ എന്ന വാനരന്റെ പുത്രിയാണ് അഞ്ജന. കേസരിയായിരുന്നു ഇവരുടെ ഭർത്താവ്. ഹിമാലയപ്രാന്തമായിരുന്നു ഇവരുടെ വാസസ്ഥലം. ശിവാംശ ശക്തിയുള്ള അവതാരത്തിന് ജന്മം കൊടുക്കുമ്പോൾ ശാപമോക്ഷം കിട്ടും എന്നായിരുന്നു വരം. ആഞ്ജനേയാഗമനത്തോടെ അഞ്ജനാദേവി ശാപമോക്ഷപ്രാപ്തയായി എന്ന് പറയുന്നു.

ഇനി സുന്ദരകാണ്ഡത്തിലെ സ്ത്രീകഥാപാത്രങ്ങളെ കുറിച്ച് ചിന്തിക്കാം. സമുദ്രതരണ സമയത്ത് സുരസയെയും ഛായാഗ്രഹിണിയെയും കാണുന്നുണ്ട്. ഇവരെയെല്ലാം കടന്ന് ശ്രീഹനുമാൻ ലങ്കയിൽ കാൽ കുത്തുന്നു. അപ്പോഴാണൊരു ചോദ്യം- നീയാരെടോ - അസുരസുരനര പശുമൃഗാതി ജന്തുക്കൾ ആരും തന്നെ ഞാനറിയാതെ ഇവിടെ വരുകയില്ല എന്നു പറഞ്ഞ് ലങ്കക്കു കാവലായി നിൽക്കുന്ന ആ സ്ത്രീരത്നം ഹനുമാനെ ഊക്കിൽ അടിക്കുന്നു. ഹനുമാനും അതേ ശക്തിയിൽ തിരിച്ചടിക്കുന്നു. നിശാചരവേഷരൂപഭാവങ്ങളോടു കൂടിയ അവർ അടിയേറ്റ് ചോര പൊടിഞ്ഞ് താഴെ പതിക്കുന്നു. അവിടെ നിന്നെഴുന്നേൽക്കുന്നത് ഹനുമാനെ അനുഗ്രഹിക്കുവാനാണ്. ശ്രീഭഗവതി ലങ്കയ്ക്കു കാവലായി നില്ക്കുകയാണ്. പക്ഷെ ഒരു കപിയൊടൊരു ദിവസമടിത്സടിതി കൊൾകിൽ നീ ഈ ശാപത്തിൽ നിന്ന് മുക്തയായി തീരുമെന്ന് വിരിഞ്ചാനുഗ്രഹം ഉണ്ടെന്നു പറഞ്ഞ് ഹനുമാനെ അനുഗ്രഹിക്കുന്നു. വൈകാതെ നീ ജാനകിദേവിയെ കണ്ടുമുട്ടുമെന്ന് ഹനുമാനെ ആശ്വസിപ്പിച്ച് ലങ്കാലക്ഷ്മി സ്വരൂപത്തിൽ സ്വർഗ്ഗപ്രാപ്തയാകുന്നു.

കൈകസി മറ്റൊരു പ്രധാന കഥാപാത്രമാണ്. ദൈത്യരാജകുമാരിയായ കൈകസി രാവണമാതാവാണ്. വിശ്രവമസ്സിനു കൈകസിൽ ജനിച്ച പുത്രന്മാരാണ്. രാവണൻ വിഭീഷണൻ കുംഭകർണ്ണൻ എന്നിവരും പിന്നെ ശൂർപ്പണഖ എന്ന പുത്രിയും. ശക്തനായ സുമാലിയുടെ നാലുപുത്രിമാരിൽ ഇളയവളായിരുന്നു കൈകസി. ഏറ്റവും ശക്തനായവൻ തന്റെ മകൾക്ക് ഭർത്താവായി വരണമെന്നും ലോകത്തിലേക്കും ഏറ്റവും ശക്തനായ പുത്രൻ അവൾക്കുണ്ടാകണമെന്നും ശഠിച്ച സുമാലി തന്നേക്കാൾ ശക്തരായി ആരെയും കാണാതെ നിരാശനായി. കൈകസിയാകട്ടെ മുനിമാരുടെ ഒത്താശയോടെ ഒടുവിൽ വൈശ്രവനെ സ്വഭർത്താവായി തിരഞ്ഞെടുത്തു.

രാക്ഷസ സ്ത്രീകളായി ചിത്രീകരിച്ചിട്ടുള്ളവർ എല്ലാവരും തന്നെ വ്യക്തിപ്രഭാവമുള്ള കഥാപാത്രങ്ങളാണ്. തുജസ എന്ന നാശാചരിയെ ആദ്യം പരിചയപ്പെടാം. ലങ്കയിൽ രാവണന് വിശ്വസ്ഥയായി കഴിയുന്ന സ്ത്രീ. എന്നാൽ സീതക്കു കാവലായി ഇവർ ഇരിക്കുന്ന സമയത്ത് മറ്റെല്ലാ നിശാചരികളും രാജാജ്ഞ മാനിച്ച് രാവണനെ വേൾക്കുവാൻ സീതാദേവിയെ പ്രേരിപ്പിക്കുമ്പോൾ തൃജഡമാത്രം രാവണൻ രാമനാൽ വധിക്കപ്പെടുമെന്നും ശ്രീരാമദേവൻ കാലതാമസംവിനാ ലങ്കയിലെത്തി ദേവിയെ മോചിപ്പിക്കുമെന്നും ആശ്വസിപ്പിക്കുന്നു. ആ തൃജഡാ വാക്കുകൾ മറ്റു രാക്ഷസികളെ അമ്പരപ്പിക്കുന്നു എന്നു കാവ്യത്തിൽ കാണാം.

തീരെ അപ്രധാന്യത്തിൽ മകരി എന്നൊരു സ്ത്രീയേയും ഇതിനിടയിൽ കാണാം. ഹനുമാൻ യാത്രാമധ്യേ ദാഹവിവശനായി ഒരു തടാകതീരത്ത് വെള്ളത്തിനായി എത്തുന്നുണ്ട്. ഈ തടാകതീരത്ത് നിവസിക്കുന്ന കഥാപാത്രമാണ് മുനിശാപത്താൽ നിശാചരിയായി മാറിയ ഈ അപ്സരസ്ത്രീ -മകരി. ഹനുമാൻ കരങ്ങളാൽ മരണം വരിക്കുമ്പോൾ പൂർവ്വരൂപം തിരിച്ചു കിട്ടും. ഇതാണ് ശാപമോക്ഷവചനം. ദാഹജലത്തിനായി എത്തുന്ന ഹനുമാനെ മകരി ആക്രമിക്കുന്നു. പ്രത്യാക്രമണത്തിൽ മരണപ്പെടുന്ന മകരി പൂർവ്വരൂപം പ്രാപിക്കുന്നു. വളരെ പ്രധാനമായൊരു ദൗത്യം ഈ സ്ത്രീകഥാപാത്രം നിർവ്വഹിക്കുന്നുണ്ട്. എന്തെന്നാൽ കപടവേഷധാരിയായ കാലനേമിയെ കുറിച്ച് ഹനുമാനെ ധരിപ്പിക്കുന്നു. കഥാഗതിക്ക് ഇത് അത്യന്താപേക്ഷിതമാണ്.

ഇനി വരുന്നത് രാവണസഹോദരൻമാരുടെ പ്രിയയായ ഏകസഹോദരി ശൂർപ്പണഖയിലേക്കാണ്. രാമായണകാവ്യത്തിൽ കൈകേയിക്കു തുല്യയായൊരു വില്ലൻ കഥാപാത്രമാണ് ശൂർപ്പണഖ. കൈകസി വിശ്രവസ്സ് ദമ്പതിമാരുടെ ഏകപുത്രി. ശൂർപ്പം എന്ന വാക്കിനർത്ഥം മുറം എന്നാണ്. അപ്പോൾ മുറംപോലെ നഖമുള്ളവൾ ശൂർപ്പണഖ എന്നു വ്യാഖ്യാനം. വാല്മീകി രാമായണത്തിലെ ശൂർപ്പണഖയെ എല്ലാ ദുർഗ്ഗുണങ്ങളും നിറച്ച് ഭീഭത്സരൂപിയായിട്ടാണ് കവി ചിത്രീകരിച്ചിരിക്കുന്നത്. ധർമ്മാധർമ്മ താരതമ്യ വിചിന്തനമാണോ ഈ ശൂർപ്പണഖാവതരണംകൊണ്ട് ആദികവി നിർവഹിച്ചിരിക്കുന്നതെന്നു തോന്നും ഈ കഥാഭാഗങ്ങൾ പഠിക്കുമ്പോൾ. എല്ലാ സത്ഗുണങ്ങളും നിറഞ്ഞ മര്യാദാപുരുഷൻ കഥാനായകൻ ശ്രീരാമചന്ദ്രൻ. ഇതിന്റെ മറുവശംപോലെ എല്ലാ ദുർഗുണങ്ങളുടെയും വിളനിലമായ സ്ത്രീകഥാപാത്രം ശൂർപ്പണഖ. മായാവിദ്യകൾ നിർല്ലോഭമായി പ്രവർത്തിക്കുവാൻ കഴിവുള്ള ഏതുരൂപവും അനായസേന കൈക്കൊള്ളാൻ കഴിവുള്ള ഒരു നിശാചരസ്ത്രീ. ഭൂമിയിൽ പതിഞ്ഞിരിക്കുന്ന രാമപാദങ്ങളുടെ പാടുകണ്ട് കൗതുകം പൂണ്ട് ഇവൾ രാമാശ്രമത്തിൽ എത്തുന്നു. സുന്ദരരൂപനായ രാമനിൽ ആകൃഷ്ടയായി വിവാഹാഭ്യർത്ഥന നടത്തുന്നു. എന്നാൽ രാമൻ താൻ ഭാര്യാസമേതനാണെന്നും ഏകനായ സഹോദരനെ സമീപിക്കുവാനും പറയുന്നു. ലക്ഷ്മണനാകട്ടെ താൻ രാമദാസനാണെന്നും ദാസിയാകാൻ തക്കവളല്ല നീയെന്നും പറഞ്ഞ് നിരാകരിച്ച് അവളെ വീണ്ടും രാമസമീപത്തേക്ക് അയയ്ക്കുന്നു. ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും നടത്തി ഇച്ഛാഭംഗം വരുത്തി. എന്നാൽ പ്രത്യാശാകിരണം നിലനിർത്തി തന്റെ അഭിമാനത്തെ മുറിവേൽപ്പിക്കുമ്പോൾ ശൂർപ്പണഖ രൗദ്രയാകുന്നു. രാക്ഷസരൂപം ധരിച്ച ശൂർപ്പണഖ തന്റെ ആഗ്രഹസിദ്ധിക്ക് വിഘാതമായി മുന്നിൽ കണ്ട സ്ത്രീരൂപത്തെ ആക്രമിക്കുന്നു. ആ സമയം രാമാജ്ഞയാൽ കുപിതനായ ലക്ഷ്മണൻ അവളെ അംഗവിച്ഛേദത്താൽ വീണ്ടും അപമാനിതയാകുന്നു. ചീറ്റിയൊഴുകുന്ന ചുടുനിണത്തോടെ സഹോദരസമീപത്തേക്ക് ഇവൾ പാഞ്ഞെത്തുന്നു. വരാദികളും അനേക രാക്ഷസ സൈന്യവും ഒടുങ്ങി തീരുന്നു. അതിനുശേഷം ലങ്കേശനെ അഭയം പ്രാപിക്കുകയാണ് ശൂർപ്പണഖ. സീതാപഹരണത്തിനും അതുവഴി രാമരാവണയുദ്ധത്തിനുമുള്ള എല്ലാ ഒത്തു കൂടലുകളും വളരെ തന്ത്രത്തിൽ ഇവൾ ചെയ്യുന്നു.

വാല്മീകിയുടെ ശൂർപ്പണഖ വിരൂപയാണ്.

എന്നാൽ എഴുത്തച്ഛന്റെ ശൂർപ്പണഖയെ സുന്ദരരൂപേ എന്നാണ് ശ്രീരാമദേവൻ സംബോധന ചെയ്യുന്നത്. കമ്പ രാമായണത്തിലെ ശൂർപ്പണഖ അതീവ സുന്ദരിയാണ്. നീണ്ടിടം പെട്ട കണ്ണുകളോടു കൂടിയ ഇവളുടെ പൂർവനാമം മീനാക്ഷിയെന്നായിരുന്നു എന്നും പറഞ്ഞു കാണുന്നു. മായാ നിപുണയും വശീകരണ ചതുരയുമായ ശൂർപ്പണഖക്ക് രൂപം മാറുക എന്നത് നിഷ്പ്രയാസമായിരുന്നു. ഇക്കാര്യം പല രാമായണങ്ങളിലും പല തരത്തിലും ആലേഖ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ശൂർപ്പണഖയുടെ ഭർത്താവ് അധർമ്മിയും അധികാരമോഹിയും ആയിരുന്നത്രേ. ഇത് മനസ്സിലാക്കിയ രാവണൻ സഹോദരീ ഭർത്താവായ ദുഷ്ടബുദ്ധിയെ ഇല്ലായ്മ ചെയ്യുന്നു. ഭർത്തൃഘാതകനോടുള്ള ഒടുങ്ങാത്ത വൈരാഗ്യമാണ് ശൂർപ്പണഖയിൽ എക്കാലത്തും നിലനിന്നിരുന്നത്. ഈ പകയുടെ പരിസമാപ്തിയാണ് രാമരാവണയുദ്ധവും രാവണവധവുമെന്ന് ചില രാമായണ പാഠങ്ങൾ പറയുന്നു. രാമദർശനത്തിൽ ഇവൾ അനുരക്തയായതൊന്നുമല്ല, മറിച്ച് രാമശക്തി തിരിച്ചറിഞ്ഞ ഇവൾ രാമനല്ലാതെ മറ്റാർക്കും രാവണനെ വധിക്കുവാൻ കഴിയുകയില്ല എന്ന് മനസ്സിലാക്കുന്നു. ഈ തിരിച്ചറിയൽ രാമരാവണയുദ്ധത്തിനു വേണ്ട എല്ലാ കരുനീക്കങ്ങളും നടത്തി വിജയം കണ്ടെത്തുകയാണ് ശൂർപ്പണഖ എന്ന് മറ്റൊരു ഭാഷാരാമായണപാഠം.

ഇനി പറയുന്നത് മണ്ഡോദരിയെ കുറിച്ചാണ്. ലങ്കാധപന്റെ പ്രിയ പത്നി. അതീവ സുന്ദരിയും സുപരിചതയും സുശീലയുമായ കഥാപാത്രം. അസുരശില്പിയായ മയന് ഹേമ എന്ന അപ്സരസ്ത്രീയിൽ ജനിച്ച സന്താനം. പുരാണപ്രസിദ്ധരായ പഞ്ചകന്യകമാരിൽ ഒരാൾ.........രാവണപത്നി. പൂർവ്വജന്മത്തിൽ മധുര എന്ന ശിവഭക്തയായിരുന്നു മണ്ഡോദരി. സോമവാരവ്രതാനുഷ്ടാനവും ശിവപൂജയുമൊക്കെ മുടങ്ങാതെ നടത്തിയിരുന്ന കാലം. എന്നാൽ കഷ്ടമെന്നു പറയട്ടെ മധുരയെ പാർവ്വതീ ശാപം ഒരു മണ്ഡൂകമാക്കി മാറ്റുന്നു. അങ്ങനെ പന്ത്രണ്ടു വർഷം ഒരു പൊട്ടക്കിണറ്റിൽ തവളയായി കിടന്ന മധുരയെ ശ്രീപുരമേശ്വരൻ അനുഗ്രഹിച്ച് ശാപമുക്തയാക്കുന്നു. അങ്ങനെ ശ്രീമഹാദേവന്റെ അനുഗ്രഹത്താൽ അവൾ നിത്യകന്യകാപദവിയിലേക്കും ഉയരുന്നു. ശാപമോക്ഷം ലഭിച്ച മധുര ഒരു പെൺകുഞ്ഞാകുന്നു. ഈ പെൺകുഞ്ഞിനെ മയനും ഹേമയും എടുത്തു വളർത്തുന്നു. മണ്ഡൂകം പെൺകുഞ്ഞായി മാറിയതിനാൽ മണ്ഡോദരി എന്ന് ആ കുഞ്ഞിനു നാമകരണം ചെയ്യുന്നു. അതിസുന്ദരിയായി വളർന്നു വന്ന മണ്ഡോദരിയെ ലങ്കാധിപൻ രാവണൻ പരിണയിക്കുന്നു. രാവണന്റെ പതനം വരെ അദ്ദേഹത്തെ സേവിച്ച് ആ സതീരത്നം ലങ്കയിൽ ജീവിക്കുന്നു. ഭർത്താവിന്റെ പലേ കുചേഷ്ടിതങ്ങളും മുന്നിൽ കണ്ടിട്ടും അതിലൊന്നും മണ്ഡോദരി പ്രതികരിക്കുന്നില്ല. സാമദാനോപദേശങ്ങൾ പല സന്ദർഭങ്ങളിലും നല്കുന്നുണ്ട്. മണ്ഡോദരി അതീവസുന്ദരിയായിരുന്നു. ലങ്കയിലെത്തിയ ഹനുമാൻപോലും ആദ്യദർശനത്തിൽ മണ്ഡോദരിയെ സീതാദേവിയാണോ എന്നു തെറ്റിദ്ധരിക്കുന്നതായി വാല്മീകി രാമായണത്തിൽ സൂചനയുണ്ട്. ഇന്ദ്രജിത്ത്, അതികായൻ, അക്ഷയ കുമാരൻ എന്നിവർ രാവണമണ്ഡോദരീ ദമ്പതിമാരുടെ പുത്രന്മാരാണ്. യുദ്ധകാണ്ഡത്തിൽ രാവണൻ ശിവപൂജ ചെയ്യുന്ന സന്ദർഭമുണ്ട്. ഈ യജ്ഞം വിജയിച്ചാൽ പിന്നെ രാവണൻ അജയ്യനാണ്. യജ്ഞവിഘ്നം ഒരു തരത്തിലും സാധിക്കുന്നില്ല. അത്രയും മനസ്സിനെ ജയിച്ചവനാണ് രാവണൻ. എങ്കിലും അവസാന ശ്രമമായി പ്രാർത്ഥനാ നിമഗ്നയായിരുന്ന മണ്ഡോദരിയെ വലിച്ചിഴച്ചു പുറത്ത് കൊണ്ടു വരുന്നു. വാനരപീഡനമേറ്റ മണ്ഡോദരി ഭർത്താവിനെ വിളിച്ചു കേഴുന്നു. മണ്ഡോദരിയുടെ കരച്ചിൽ ഉയർന്നതും എല്ലാം പരിത്യജിച്ച് രാവണൻ ഗുഹയിൽ നിന്ന് വാളുമൂരിപ്പിടിച്ച് പുറത്തു ചാടുന്നു. അങ്ങനെ യജ്ഞം മുടങ്ങുന്നു. ഇനി യുദ്ധം പരാജയമെന്ന് രാവണനും സുനിശ്ചയമാണ്. ഇവിടെയൊക്കെയാണ് രാവണന്റെ വ്യക്തിപ്രഭാവം ജ്വലിച്ചു നിൽക്കുന്നത്. മണ്ഡോദരി എന്ന പ്രിയപത്നിയോടുള്ള രാവണന്റെ സ്നേഹാദരവുകൾ. ഇതിൽപരം ഒരു സ്ത്രീക്ക് എന്താണ് ലഭിക്കേണ്ടത്. പഞ്ചകന്യകമാർ – ഹൈന്ദവ വിശ്വാസപ്രകാരം അഹല്യ, ദ്രൗപതി, സീത (കുന്തി) താര, മണ്ഡോദരി എന്നീ സ്ത്രീജനങ്ങൾ പഞ്ചകന്യകമാർ എന്നു പറയപ്പെടുന്നു. (ചില പാഠങ്ങളിൽ സീതക്കു പകരം കുന്തി എന്നും കാണുന്നുണ്ട്. ) ഇവരെല്ലാം വിവാഹിതരും ഇവർക്കു മക്കളുമുണ്ട്. പക്ഷേ ചില സാഹചര്യങ്ങളിൽ തങ്ങൾക്കു കിട്ടിയ വരപ്രസാദം ഇവരെ നിത്യ കന്യകമാരാക്കുന്നു.

'അഹല്യദ്രൗപതിസീത താരമണ്ഡോദരിതഥാ-
പഞ്ചകന്യാസ്മരേ നിത്യം മഹാപാതകനാശനം.'

# പേടി ഒരു രോഗമാകുമ്പോൾ

ഡോ. ദേവിദാസ് വെള്ളോടി ഫോൺ : 9747480903

പേടി എന്നാൽ എന്താണ്?

എല്ലാ ജീവ ജാലങ്ങൾക്കും അത്യാവശ്യം വേണ്ട ഒരു വികാരമാണ് പേടി. മനുഷ്യർ അടുത്ത് വരുമ്പോൾ കോഴി, പക്ഷികൾ, വാനരന്മാർ തുടങ്ങിയവ ശബ്ദമുണ്ടാക്കുന്നത് പേടി കൊണ്ടാണ്. ആപത്തു വരുന്നത് മറ്റുള്ളവരെ അറിയിക്കുകയും എല്ലാവരും പേടിച്ചു ഓടി രക്ഷപ്പെടുകയും ചെയ്യുന്നു. ഇങ്ങിനെ ആപത്തുവരുമ്പോളോ പ്രകൃതിക്ഷോഭം വരുമ്പോളോ ശത്രുക്കൾ വരുമ്പോളോ പേടിച്ചിരുന്ന മനുഷ്യൻ അവന്റെ സംസാരശേഷി കൊണ്ടും ബുദ്ധികൊണ്ടും കൈയൂക്കുള്ളവനായി മറ്റു ജീവജാലങ്ങളെ പേടിപ്പിച്ച് ഭൂമിയും വായുവും വെള്ളവും സ്വന്തമാക്കി. സമ്പത്തും ജീവിതസൗകര്യങ്ങളും കൂടിയപ്പോൾ മനുഷ്യന്റെ ശത്രു അവൻ തന്നെയായി. സ്വത്തിനു വേണ്ടിയും സ്ഥാനത്തിന് വേണ്ടിയും അധികാരത്തിനു വേണ്ടിയും അവൻ ശത്രുക്കളെ ഉണ്ടാക്കി. ഇതോടുകൂടി അകാരണമായ ഭയവും അവനെ വേട്ടയാടി. ആപത്തു വരുമോ എന്ന ഭയം അവന്റെ ഉറക്കം കെടുത്തി.

എനിക്കെന്തെങ്കിലും പറ്റുമോ? എന്റെ കുടുംബത്തിനെന്തെങ്കിലും പറ്റുമോ? എനിക്ക് അസുഖം വരുമോ? ഞാൻ ജയിക്കുമോ? ഇങ്ങനെ പേടിക്കാനുള്ള കാരണങ്ങൾ ഇഷ്ടംപോലെ ആയി. ഈ അകാരണമായ പേടിയിൽ നമ്മുടെ രക്തസമ്മർദ്ദം വർദ്ധിക്കുന്നു. ഉത്ക്കണ്ഠ വർദ്ധിക്കുന്നു. ഹൃദയമിടിപ്പ് കൂടുന്നു. ഹൃദ്രോഗങ്ങൾ വർദ്ധിക്കുന്നു. പേടി ഒരു അസുഖമായി മാറിയിരിക്കുന്നു. മനുഷ്യനായാൽ കുറച്ചൊക്കെ പേടിവേണം അല്ലെങ്കിൽ അവൻ താന്തോന്നി ആകു എന്ന് കാരണവന്മാർ പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ അകാരണമായ പേടി അവന്റെ കൂടപ്പിറപ്പാണ്.

മനുഷ്യത്വം കുറഞ്ഞു വരുന്നതിനാൽ സമ്പത്തിനു വേണ്ടി അന്യരെ ഉപദ്രവിക്കുക എന്നത് പതിവായിരിക്കുന്നു. രാജ്യങ്ങൾ തമ്മിൽ സൗഹൃദത്തിലാണെങ്കിലും ഉള്ളിൽ ഭയത്തിന്റെ തീയാണ്. അകാരണമായ ഭയത്തിനടിമപ്പെട്ടു നട്ടം തിരിയുന്ന നമ്മൾ വലിയ ആരോഗ്യ പ്രശ്നത്തിലേക്കാണ് പോകുന്നത്.

അകാരണമായ ഭയത്തെ ഫോബിയ എന്നാണ് വിശേഷിപ്പിക്കുന്നത്. (സമൂഹത്തെ ഭയം), ആസ്ട്രോ ഫോബിയ (പ്രകൃതിക്ഷോഭത്തെ ഭയം), ആക്രൊ ഫോബിയ (ഉയർന്ന സ്ഥലത്തെ ഭയം). ഹിപ്നോ ഫോബിയ (ഉറക്കത്തോടുള്ള ഭയം), താനാറ്റോ ഫോബിയ (മരണത്തോടുള്ള ഭയം) തുടങ്ങി പേടികൾ പലതാണ്.

**കൊറോണ ഭയം**

ഇതു പുതിയ പേടിയാണ്. ഈ അടുത്ത കാലത്തായി ക്ലിനിക്കിൽ ധാരാളം പേർ വന്നുകൊണ്ടിരിക്കുന്നു. തനിക്കു കൊറോണ വരുമോ എന്ന ഭയം .. ഉറക്കമില്ല, വിശപ്പില്ല...... ഡോക്ടറേ, എനിക്ക് കൊറോണ വരുമോ ? മക്കളൊന്നും സ്ഥലത്തില്ല. ഞാൻ ആരുമില്ലാതെ മരിക്കുമോ ? കൊറോണയുടെ ലക്ഷണങ്ങൾ ഉണ്ടോ എന്ന സംശയം.... നിദ്രാഹീനങ്ങളല്ലോ എന്നും അവരുടെ രാവുകൾ.....

**അമിതമായ ഭയത്താൽ ശരീരത്തിൽ എന്ത് മാറ്റങ്ങൾ വരുന്നു :**

ഭയം കൂടുതൽ സ്ട്രെസ്സ് ഹോർമോണുകളെ പുറത്തേക്ക് വിടുകയും സിമ്പതെറ്റിക് നാഡി വ്യൂഹത്തെ ഉത്തേജിപ്പിക്കുകയും ചെയ്യും. ഒരു അത്യാപത്തു വരുന്നതിനെ നേരിടാനുള്ള എല്ലാ തയ്യാറെപ്പുകളും ശരീരവും മനസ്സും ചെയ്യുന്നു. ശ്വാസഗതിയും ഹൃദയമിടിപ്പും ദ്രുതഗതിയിലാകുന്നു. രക്തമർദ്ദം കൂടുന്നു. അഡ്രെനൽ ഗ്ലാൻഡ് ഉല്പാദിപ്പിക്കുന്ന എപ്പിനെഫ്രിൻ അഥവാ അഡ്രിനാലിൻ, കോർട്ടിസോൾ എന്നിവ കൂടുതലായി രക്തത്തിലേക്ക് പമ്പ് ചെയ്യുന്നു. രക്ത സമ്മർദ്ദം കൂടുന്നു. സാധാരണ ഗതിയിൽ ഈ സ്ട്രെസ് കുറച്ചു കഴിയുമ്പോൾ കുറയുകയും അഡ്രിനാലിൻ പഴയ സ്ഥിതിയിലാവുകയും ചെയ്യും. എന്നാൽ നീണ്ടു നിൽക്കുന്ന ആകാംക്ഷ, പേടി എന്നിവ സ്ഥിരമായ രക്താതിമർദ്ദം, ഉറക്കക്കുറവ്, വിശപ്പില്ലായ്മ, വിഷാദം, ശരീരഭാരം വർദ്ധിക്കൽ, വിട്ടുമാറാത്ത തലവേദന, ഓർമ്മക്കുറവ് , ശ്രദ്ധക്കുറവ് എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾക്ക് കാരണമാവുന്നു. ഇവയെ മാറ്റിയെടുക്കുക വളരെ ദുഷ്കരമാണ്.

### പേടിയെ എങ്ങിനെ ഒഴിവാക്കാം അല്ലെങ്കിൽ നിയന്ത്രിക്കാം :

പണ്ടൊരു സിനിമ പാട്ടിൽ കേട്ടമാതിരി... കരഞ്ഞാലും മരിക്കും... ചിരിച്ചാലും മരിക്കും എന്നാൽ പിന്നെ ചിരിച്ചൂടെ ഇതുതന്നെ ആയിരിക്കണം നമ്മുടെ മനോഭാവം. പേടി നമ്മൾക്ക് എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ? ആരോഗ്യം തരുന്നുണ്ടോ? പ്രശ്നങ്ങളെ ഇല്ലാതാക്കുമോ? അവയെ അഭിമുഖീകരിക്കുവാൻ സഹായിക്കുമോ? പ്രശ്നത്തിന്റെ ഗൗരവം കുറയ്ക്കുമോ? എല്ലാറ്റിനും ഇല്ല എന്ന് തന്നെയാണ് ഉത്തരം. മാത്രമല്ല ശരിയായ രീതിയിൽ പ്രശ്നത്തെ നേരിടുവാൻ കഴിയാതെ വരിക, അത് കാരണമായി മാനസികമായി തളരുക, ആലോചിച്ചു തീരുമാനമെടുക്കുവാൻ സാധിക്കാതെ വരിക, അവസാനം പ്രശ്നം സങ്കീർണമാകുക എന്നിവയാണ് സംഭവിക്കുന്നത്. അവസാനം നാം ഒരു രോഗിയായി മാറുന്നു.

### പേടി ഇല്ലാതാക്കുവാനുള്ള പത്തു എളുപ്പ മാർഗ്ഗങ്ങൾ :

ബസ്സ് സ്റ്റാൻഡിലും റെയിൽവേ സ്റ്റേഷനിലും പുസ്തകം വിൽക്കുന്നവരുടെ കയ്യിൽ ചിലപ്പോൾ ഈ പുസ്തകം കിട്ടുമായിരിക്കും. അങ്ങിനെ എന്തെങ്കിലും വഴികൾ ഉണ്ടോ ? അങ്ങനെ പത്തു വഴികൾ ഉണ്ടെങ്കിൽ എനിക്ക് കൂടി ഒന്ന് പറഞ്ഞു തരണേ.

ഈ പ്രശ്നത്തിൽ നിന്നും കരകയറുവാൻ ആദ്യം നമ്മൾ തന്നെ വിചാരിക്കണം. നമ്മുടെ ചിന്തയെ നിയന്ത്രണത്തിൽ കൊണ്ട് വരണം. പേടി കൊണ്ടു ഒന്നും നേടാനില്ല എന്നും ധൈര്യമായി അഭിമുഖീകരിക്കണം എന്നും തീരുമാനിക്കണം.

നല്ലൊരു കൗൺസിലിംഗ് വേണ്ടി വന്നേക്കാം. തുടർന്ന് വൈദ്യനിർദ്ദേശവും മരുന്ന് സേവയും വേണ്ടി വന്നാൽ ചെയ്യണം.

### കൗൺസിലിംഗ് :

നമ്മെ സമാധാനിപ്പിക്കാൻ ആർക്കു കഴിയും. അവരെ വേണം സമീപിക്കാൻ. നമ്മളെക്കാൾ കൂടുതൽ പേടിയും ആകാംക്ഷയും ഉത്കണ്ഠയും ഉള്ള ഒരാൾക്ക് നമ്മുടെ പ്രശ്നം കൂടുതൽ ആക്കാനെ സാധിക്കൂ. ഇപ്പോൾ ധാരാളം സ്ഥാപനങ്ങളും വ്യക്തികളും കൗൺസിലിങ് നടത്തുന്നുണ്ട്. അവരെ സമീപിക്കാൻ മടിക്കരുത്. ഇടവിട്ടുള്ള കൗൺസിലിങ് നമുക്ക് ധൈര്യം തരും. അവരുടെ നിർദ്ദേശത്താൽ വൈദ്യനെ കാണുന്നതും നല്ലതാണ്. അമിതമായ ഭയം നമ്മിൽ ഉണ്ടാക്കിയ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം തരാൻ വൈദ്യന് കഴിയും. ഉറക്കക്കുറവ്, രക്താതിമർദ്ദം എന്നിവക്ക് മരുന്നുകൾ വേണ്ടി വരും. എല്ലാം സാധാരണ ഗതിയിൽ ആകുമ്പോൾ മരുന്നുകൾ നിർത്താൻ പറ്റും. മറ്റ് അസുഖങ്ങൾക്ക് മരുന്ന് കഴിക്കുന്നവർ വൈദ്യനിർദ്ദേശപ്രകാരം ആവക മരുന്നുകൾ തെറ്റിക്കാതെ കഴിക്കണം.

### ഭക്ഷണം :

'You are what you eat '

നാം കഴിക്കുന്ന ഭക്ഷണം നമ്മുടെ മാനസികവും ശാരീരികവും ആയ ആരോഗ്യത്തെയും സ്വാഭാവത്തെയും സ്വാധീനിക്കുന്നു. ഹോർമോൺ വ്യതിയാനമാണ് ഉണ്ടായത് എന്നതിനാൽ എരുവും പുളിയും കുറക്കണം. കൂടുതൽ പച്ചക്കറികളും പഴവർഗങ്ങളും കഴിക്കണം. മോര് ധാരാളം കുടിക്കാം. യഥാ സമയത്തു ഭക്ഷണം കഴിക്കണം. രാത്രി നേരത്തെ കഴിക്കണം. പകൽ ഉറങ്ങരുത്. രാത്രി 7-8 മണിക്കൂർ ഉറങ്ങണം.

### വ്യായാമം :

നിത്യവും വ്യായാമം ചെയ്യണം. അത് മനസ്സിനും ശരീരത്തിനും ഉന്മേഷം തരും. നമ്മുടെ പേശികൾക്ക് ബലം കൊടുക്കും. നല്ല രക്ത ചംക്രമണത്തെ ഉണ്ടാക്കും. വിശപ്പും ദഹനവും ഉണ്ടാകും. മലശോധന കൃത്യമാക്കും. അമിതമായി രക്തത്തിൽ കൊഴുപ്പു അടിഞ്ഞു കൂടാതെ നോക്കും.

### സാധാരണ കഴിക്കാവുന്ന ചില ആയുർവേദ മരുന്നുകൾ :

1. അശ്വഗന്ധാരിഷ്ടം 25 മില്ലി വീതം രണ്ടു നേരം
2. അശ്വഗന്ധ ടാബ്ലറ്റ് 1 വീതം 2 നേരം
3. രാത്രി കിടക്കാൻ നേരത്തു ഒരു ഗ്ലാസ്സ് പാല് കുറച്ചു മധുരമിട്ടു (പ്രമേഹമുള്ളവർ ഇടേണ്ട)കുടിക്കുക.
4. ക്ഷീരബല തൈലം തലയിൽ തേച്ചു കുളിക്കുക.

ഇനിയും അവസ്ഥാനുസാരേണ കഴിക്കാവുന്ന ധാരാളം മുന്നുകൾ ഉണ്ട്.

ആയുർവേദത്തിലെ എന്ന തേച്ചു കുളിയും ധാരയും വൈദ്യ നിർദ്ദേശം അനുസരിച്ചു ചെയ്യുന്നത് നല്ല ഗുണം ചെയ്യും.

### യോഗ :

യോഗ നല്ല ഒരു വ്യായാമമാണ് എന്നതിന് സംശയമില്ല. മനസ്സിനും ശരീരത്തിനും ഉന്മേഷവും ഉണർവും തരുന്ന ചിലവില്ലാത്ത മാർഗ്ഗമാണ്.

ഒരിക്കൽ കൂടി പറയട്ടെ, പേടി ഒന്നിനും ഒരു പരിഹാരമല്ല.

# ശിഖണ്ഡി(നി)

പ്രൊഫസർ അംബുജാക്ഷി. പി. ഫോൺ : 9447577652

ഇന്ന് എന്റെ ജന്മം സഫലമായി. ഈ യുദ്ധക്കളത്തിൽ, ചത്തും കൊന്നും അട്ടഹസിച്ചും വിലപിച്ചും വെല്ലുവിളിച്ചും മുന്നേറിയും പിൻവാങ്ങിയും ഒക്കെ സേനകൾ, പോരാളികൾ നീങ്ങുമ്പോൾ എപ്പോഴാണത് സംഭവിച്ചത്?

ഇവിടെ ബുദ്ധിയും മനസ്സും വികാരവും വിവേകവും ഒക്കെ ഒന്നിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. അച്ഛൻ മകനെ- മകൻ അച്ഛനെ, അമ്മാവൻ മരുമകനെ - മരുമകൻ അമ്മാവനെ അങ്ങനെ അങ്ങനെ...

ബന്ധമോ മമതയോ ഇല്ല ആയുധമേന്തി മുന്നിൽ എത്തുന്നവൻ ശത്രു. അവനെ വീഴ്ത്തുക അതാണ് ലക്ഷ്യം. എന്റേയും അതുതന്നെ.

പക്ഷെ എന്റെ ലക്ഷ്യം വളരെ കഠിനമായിരുന്നു. പരസ്പരം തോന്നുന്ന ഒരു ദൗർബല്യമായിരുന്നുവോ അങ്ങനെ ചിന്തിക്കാൻ എന്നെ പ്രേരിപ്പിച്ചത്?

എന്റെ കഴിവല്ല, ശത്രുവിന്റെ സത്യനിഷ്ഠയാണ് എന്നെ വിജയിപ്പിച്ചത് എന്ന് ഞാൻ വിശ്വസിക്കുന്നു.

എന്താണ് യുദ്ധക്കളത്തിൽ സംഭവിച്ചത്

എന്റെ ശരങ്ങൾക്ക് തീക്ഷണതയേറിയിരുന്നു. എത്ര വീരന്മാരെ ഞാൻ തോല്പിച്ചോടിച്ചു ആദ്യത്തെ ദിവസം തന്നെ ഞാൻ അശ്വത്ഥാമാവിനോടാണ് പൊരുതിയത്. അന്ന് ദ്രൗണിയുടെ നെറ്റിയിൽ ഞാൻ മൂന്നമ്പെയ്തു പടക്കളത്തിൽ അന്ന് ഞാൻ ഒരു കഴുകനെപ്പോലെ ചുറ്റിയിരുന്നു എന്ന് അതു കണ്ടവർ എന്നെ അഭിനന്ദിച്ചു. വിരാടകുമാരനായ ശിഖനെ കൊന്ന ശല്യരുടെ അമ്പ് ഞാനെയ്തുമുറിച്ചു. പിന്നെ എന്റെ ജന്മ ശത്രുവായ ഭീഷ്മരോടും ഞാൻ പൊരുതി ആർക്കും തോൽവിയുണ്ടായില്ല.

ഭൂരിശ്രവസ്സ്, കൃപാചാര്യർ, കൃതവർമ്മാവ്, കർണൻ എന്നീ വീരന്മാരൊക്കെ എന്റെ മുൻപിൽ പകച്ചു നിന്നു. പ്രഭദ്രകന്റെ സൈന്യത്തെ മുഴുവൻ ഞാനൊറ്റക്ക് കൊന്നൊടുക്കി. എന്നിട്ടും ഭീഷ്മരുടെ മുന്നിലെത്തുമ്പോൾ ഞാൻ പതറുന്നു. പൊരുതാൻ വന്ന ശത്രുസേനാനായകനായല്ല ഞാൻ അദ്ദേഹത്തെ കണ്ടത്.

ചൊടിച്ച കാമനെപ്പോലെ ചിരിച്ചു നിൽക്കുന്ന ഒരു വില്ലാളി.

ഞാനെയ്ത അമ്പുകൾ അദ്ദേഹത്തിന് പൂവമ്പായിത്തോന്നിയിരിക്കാം.

ചിരിച്ചു കൊണ്ട് അദ്ദേഹം പരിഹസിക്കും.

ബ്രഹ്മാവ് നിന്നെ സൃഷ്ടിച്ചത് ഒരു പെണ്ണായിട്ടാണ്. നീ ഇഷ്ടം പോലെ അമ്പെയ്തോളു നിന്നോടു ഞാൻ യുദ്ധം ചെയ്യില്ല.

എത്ര പകയുണ്ടെങ്കിലും യുദ്ധക്കളത്തിലും ആ വാക്കുകൾ എന്നെ തളർത്തിയിരുന്നു. ഒരു പക്ഷെ എന്റെ അസ്ത്രങ്ങൾ അദ്ദേഹത്തിനും ഒരു മധുര സ്പർശമായി തോന്നിയിരിക്കാം.

എല്ലായ്പ്പോഴും പടയുടെ മുൻ നിരയിൽ ഞങ്ങൾ ഉണ്ടായിരിക്കും.

അർജ്ജുനൻ

ഭീമൻ

അഭിമന്യു

ഇരാവൻ

ഘടോൽക്കചൻ

പിന്നെ ശിഖണ്ഡി എന്ന ഈ ഞാനും

ഞങ്ങളുടെ പിൻ നിരക്കാരായി ദ്രൗപദീപുത്രന്മാരും ധൃഷ്ടദ്യുമ്നനും അച്ഛനും വിരാടരാജാവും മക്കളുമൊക്കെ.

കൃഷ്ണന്റെ നിർദ്ദേശങ്ങളും കൂടിയാകുമ്പോൾ ഞങ്ങൾക്കേറെ കരുത്തു തോന്നും.

പിന്നെ ഇടിയും മിന്നലും ശരമാരിയും കൊടുങ്കാറ്റും രക്തപ്പുഴയും.

മറുവശത്തുള്ളവരും അതിശക്തന്മാർ തന്നെ. അജയ്യരായ ഭീഷ്മരും ദ്രോണരും അശ്വത്ഥാമാവും.... അനവധി മഹാരഥന്മാരും.

ഞങ്ങൾ ബലത്തിൽ കുറവാണ്. പക്ഷെ ബുദ്ധിയും ധർമ്മവും ഞങ്ങൾക്ക് അനുകൂലം. കൃഷ്ണനും ജിഷ്ണുവും ഉള്ളിടത്താണ് ധർമ്മവും ജയവും. എല്ലാ കാരണവന്മാരും ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളതും അതാണ്.

'കൃഷ്ണനുള്ളിടത്ത് ധർമ്മം'

'ധർമ്മമുള്ളിടത്ത് ജയം'

അപ്പോൾ കൃഷ്ണനും ധർമ്മവും ജയവും ഒരിടത്തുതന്നെ.

എല്ലാമറിഞ്ഞിട്ടും അവരൊക്കെ കടമ നിർവഹിക്കുന്നു എന്നു മാത്രം.

വെള്ളം വാർന്നിടത്തു ചിറകെട്ടുന്നതു പോലെ.......

പുരകത്തിക്കഴിയുമ്പോൾ കിണറു കുത്തുന്നതുപോലെ ഇങ്ങനെയൊക്കെ കൗരവപടയിലും സംസാരമുണ്ടത്രേ. പലരും ധൃതരാഷ്ട്രരെ കുറ്റപ്പെടുത്തുന്നുണ്ടെന്നും കേൾക്കുന്നു. ഇതൊക്കെ ചാരന്മാർ പറയുന്നതാണ്.

എല്ലാവരുടെ ഉള്ളിലും എന്തോ ഒരു ബന്ധനത്തിന്റെ ബാധയുണ്ട്. ഭീഷ്മരെ കാണുമ്പോൾ അർജ്ജുനന്റെ മുഖത്തും ഒരു തളർച്ച ഞാൻ കാണുന്നു. കാരണം ചോദിച്ചപ്പോൾ അർജ്ജുനൻ ഉള്ളുതുറക്കുന്നു.

'അദ്ദേഹം ഞങ്ങൾക്ക് ആരായിരുന്നു എന്ന് പറയാനാവില്ല. അച്ഛനോ, മുത്തച്ഛനോ, ഗുരുവോ...... അച്ഛനില്ലാത്ത ഞങ്ങൾക്ക് എല്ലാം മുത്തച്ഛനായിരുന്നു. മടിയിൽ ഇരുത്തി ലാളിക്കും കഥകൾ പറഞ്ഞുതരും ശസ്ത്ര പ്രയോഗത്തിന്റെ സൂക്ഷ്മാംശങ്ങൾ വിശദീകരിക്കും. ഏറ്റവും വാത്സല്യം എന്നോടായിരുന്നു എന്നെ നരനാരായണാ എന്ന് ചെവിയിൽ വിളിക്കും.'

ഒന്നു നിർത്തിയശേഷം വിജയൻ തുടർന്നു.

'ഞാനും അദ്ദേഹത്തെ' അച്ഛാ എന്നാണ് വിളിച്ചിരുന്നത്. ആദ്യമായി എന്റെ കൈയ്യിൽ ആയുധം വെച്ചു തന്നതും അദ്ദേഹമായിരുന്നു. എന്റെ ഓരോ വിജയത്തിലും അദ്ദേഹം അഭിമാനിക്കുമായിരുന്നു. വിജയ ജിഷ്ണു എന്നൊക്കെ അദ്ദേഹത്തിൻ നാവിൽ നിന്നുതിരുമ്പോൾ ഞാൻ സർവജിത്താണെന്ന് എനിക്കു തോന്നിയിരുന്നു.

ഇടറുന്ന ശബ്ദത്തോടെ അർജ്ജുനൻ ചോദിച്ചു.

'ഒരച്ഛന്റെ വാത്സല്യവും കരുതലും സുരക്ഷയും തന്ന അദ്ദേഹത്തെ ഞാൻ എങ്ങനെ.....'

അർജ്ജുനൻ വിതുമ്പും അപ്പോൾ കൃഷ്ണനാണ് ധൈര്യം കൊടുക്കുന്നത്

'അച്ഛനായാലും മുത്തച്ഛനായാലും അമ്മാവനായാലും ശരി തന്നെ കൊല്ലാൻ വന്നാൽ അവരെ കൊല്ലണം അതാണ് ധർമ്മം'

ഭീഷ്മർക്ക് പാണ്ഡവരോടും ഒരു മൃദുലഭാവം തന്നെയായിരുന്നുവെന്നു തോന്നുന്നു

'പാണ്ഡവപ്പട മുഴുവൻ ഞാനൊടുക്കാം. പക്ഷെ, എന്റെ പേരക്കുട്ടികളെ ഞാനൊന്നും ചെയില്ല. അവരോടെതിരിടാൻ എനിക്ക് പറ്റില്ല' എന്നദ്ദേഹം പറഞ്ഞിരുന്നുവത്രെ.

എന്നോടെന്തായിരുന്നു മനോഭാവം?

അതു സ്നേഹമോ?

പരിഹാസമോ?

അതോ ഭീഷ്മശപഥക്കാരന്റെ വീർപ്പുമുട്ടലോ?

കാലത്തടുത്ത കാലനെപ്പോലെ ഭീഷ്മർ പാണ്ഡവപ്പടയെ കൊന്നൊടുക്കുന്നു. അർജ്ജുനന്റെ ആ മൃദുലഭാവം സൈന്യത്തിന് കനത്ത നഷ്ടം ഉണ്ടാക്കുന്നുണ്ട്, ഒരു ദിവസം യുധിഷ്ഠിരൻ എന്നെ സമീപിച്ചു.

നീ സത്യം ചെയ്തതല്ലേ, ഭീഷ്മരെ കൊല്ലാമെന്ന്. ഇതാ എന്റെ സൈന്യത്തെ മുഴുവൻ ദേവവ്രതൻ ഒടുക്കുന്നു. ഇനിയും എന്താണ് താമസിക്കുന്നത്?.

ഞാനോർത്തു യുദ്ധം കൊടുമ്പിരിക്കൊണ്ടപ്പോൾ ഒന്നുരണ്ടു പ്രാവശ്യം കൃഷ്ണൻ തന്നെ ഭീഷ്മരെ കൊല്ലാൻ ഓടിയതാണ്. നാരായണാ എന്നു വിളിച്ച് ഭീഷ്മർ വന്ദിക്കുന്നതും കണ്ടു അപ്പോഴൊക്കെ അർജ്ജുനനാണ് ചെന്ന് തടുത്തത്. അതിന് ഒരു ന്യായികരണവും ഉണ്ടായിരുന്നു.

കണ്ണാ, അങ്ങ് സാരഥിയാകാം എന്നേ പറഞ്ഞിട്ടുള്ളു ആയുധം എടുക്കില്ല എന്നും ആ വാക്ക് അങ്ങ് പാലിക്കണം.

ഒടുവിൽ.......ഇന്ന് അർജ്ജുനൻ എന്നെ സമീപിച്ചു പറഞ്ഞു.

'ഇന്ന് പത്താം ദിവസം, പിതാമഹൻ ദിവസേന പതിനായിരം സൈനികരെ കൊന്നൊടുക്കുന്നു. നമ്മുടെ ആനകളും കുതിരകളും ചത്തുവീഴുന്നു തേരുകൾ ഉടഞ്ഞുനാശമായി ഇനിയും വൈകിച്ചുകൂടാ. ഇന്ന് നിന്റെ സഹായത്തോടെ മുത്തച്ഛനെ.....' അതു മുഴുമിക്കാൻ അർജ്ജുനന് സാധിച്ചില്ല..

'ഞാൻ തയ്യാറാണ്. ജന്മാന്തരങ്ങളായി ഉള്ളിൽ ഉറഞ്ഞു കൂടിയ ഒരു പകയുണ്ട് ഇന്ന് അതു ഇല്ലാതാവണ്ണം' ഞാൻ സമ്മതിച്ചു.

മുത്തച്ഛൻ പൊരുതുന്നത് അവർക്കു വേണ്ടിയാണെങ്കിലും മനസ്സും അനുഗ്രഹവും നമ്മുടെ കൂടെയുണ്ട്.

അർജ്ജുനൻ ആശ്വസിക്കുന്നതായി തോന്നുന്നു അപ്പോൾ യുധിഷ്ഠിരനും ആ സംഭാഷണത്തിൽ ചേർന്നു.

പാർത്ഥ, മുത്തച്ഛൻ ഇന്ന് എന്നോട് ഏറെനേരം സംസാരിച്ചു.അദ്ദേഹത്തിന് ജീവിതം വെറുത്തുപോ

യത്രെ. ഈ ധർമ്മക്ഷയത്തിൽ വളരെ ദു:ഖിതനാണ് എങ്ങനെയെങ്കിലും എന്റെ ജീവിതം ഒന്നവസാനിപ്പിച്ചു തരുമോ എന്നാണ് അദ്ദേഹം അപേക്ഷിച്ചത് ഇത്രയും ജനങ്ങളെ കൊന്നൊടുക്കിയ മഹാപാപം അദ്ദേഹത്തെ ഏറെ വേദനിപ്പിക്കുന്നു........

എല്ലാം വല്യച്ഛന്റെ സ്വാർത്ഥത !

കേട്ടപ്പോൾ മനസ്സുരുകിപ്പോയി എന്നാലും പിന്തിരിയരുത് എന്റെ വ്രതം ഇന്നവസാനിപ്പിക്കണം. ഇന്ന് ഞാൻ ലക്ഷ്യം നേടും.

ഞങ്ങൾ പടനിലത്തിലേക്ക് നീങ്ങി

ഞാൻ മുമ്പിൽ

എന്റെ ഇരുവശത്തും ഭീമാർജ്ജുനന്മാർ

പിൻനിരയിൽ അഭിമന്യുവും ദ്രൗപതി പുത്രന്മാരും.

ഭീഷ്മരും തയ്യാറായി നിൽക്കുന്നു.

അങ്ങ് ക്ഷത്രിയന്മാരെ മുഴുവൻ തോല്പിച്ച പരശുരാമന്റെ ശിഷ്യനാണല്ലൊ ആ ഗുരുവിനെ തോല്പിച്ച ശിഷ്യനാണെന്നും അറിയാം. എന്നാൽ ഇനി അവസരം നമ്മുക്ക് കിട്ടില്ല. ഇന്ന് നമ്മളിൽ ഒരാൾ മരിക്കും. അത് അങ്ങായിരിക്കും ഞാൻ വെല്ലുവിളിച്ചു.

ഒരു പരിഹാസച്ചിരിടോടെ അദ്ദേഹം അതവഗണിച്ചു.

നീയൊരു പെണ്ണാണ്. നിന്റെ അമ്പുകൾ തീരെ ദുർബലങ്ങൾ. നിന്നോട് ഞാൻ യുദ്ധം ചെയ്യില്ല. എനിക്കൊത്തവരോടേ ഞാൻ പൊരുതുകയുള്ളു.

ആ പരിഹാസം കേട്ടപ്പോൾ എനിക്കും വാശിയേറി.

ഞാൻ തുടരെത്തുടരെ അമ്പെയ്തു നെറ്റിയിലും മാറിലുമൊക്കെ എന്റെ ശരങ്ങൾ തറച്ചുനിന്നു. പിന്നിൽ നിന്ന് അർജ്ജുനൻ എന്റെ വീറ് കൂട്ടുന്നുണ്ടായിരുന്നു.

ഇനിയും ഇനിയും ശക്തിയോടെ ശബ്ദത്തിൽ ഒരു തേങ്ങൽ ഞാൻ അറിയുന്നുണ്ടായിരുന്നു.

എങ്കിലും അർജ്ജുനനും അഭിമന്യുവുമൊക്കെ തികഞ്ഞ വാശിയോടെ പൊരുതുന്നുണ്ടായിരുന്നു. ഭീഷ്മരുടെ ശരീരം മുഴുവൻ അമ്പുകൾ തറച്ചു നിന്നു. ആ ധീരസേനാനി തേർത്തട്ടിൽ നിന്നും വീണു, പാർത്തട്ടിലേക്ക്. അതു ഒരു ശത്രുസംഹാരം തന്നെയായിരുന്നു ഒരു മഹാവിജയം പക്ഷെ അതിൽ ഞങ്ങൾക്കും ഒരു ആഹ്ലാദവും തോന്നിയില്ല. ആ വീഴ്ച രണ്ടു സേനകളേയും വേദനിപ്പിച്ചു. എല്ലാവരും ദു:ഖത്തോടെ തലതാഴ്ത്തി. കാലചക്രം ഒരു നിമിഷം നിശ്ചലമായതുപോലെ.

ഒരു മഹാന്റെ, മഹാരഥന്റെ അന്ത്യം !

പെറ്റമ്മ ബാല്യം നിഷേധിച്ച ഒരനാഥക്കുട്ടിയുടെ അന്ത്യം !

അച്ഛന്റെ കാമാർത്തിക്കുവേണ്ടി തന്റെ യൗവനം ഹോമിച്ച ഒരു യുഗപുരുഷന്റെ അന്ത്യം!

രണ്ടാനമ്മയുടെ സ്വാർഥതക്കുമുമ്പിൽ ഗാർഹസ്ഥ്യം ത്യജിക്കേണ്ടി വന്ന ഒരു ഭീഷ്മവ്രതന്റെ അന്ത്യം.!!

അറിയാതെ ചെയ്ത ഒരു സംഭവത്തിന്റെ പേരിൽ അതിന്റെ പരാജയപ്പെട്ട പ്രതിവിധിയുടെ പേരിൽ മറ്റൊരു കന്യകയുടെ ശാപമേല്ക്കേണ്ടി വന്ന ഒരു വീരന്റെ അന്ത്യം!!!

ഇവിടെ അരെ കുറ്റം പറയണം

സ്ത്രീയേയോ? പുരുഷനേയോ? അന്നത്തെ യുദ്ധം അവസാനിപ്പിച്ചു. ഞങ്ങൾ മടങ്ങി.

ഇപ്പോൾ ഞാൻ വിശ്രമിക്കുകയാണ്. തല്ക്കാലം ശരീരം മാത്രം മനസ്സിനെ ഞാൻ മേയാൻ വിട്ടു.

ഭീഷ്മപിതാമഹനെ വീഴ്ത്തിയ ശേഷം ഞാൻ വിശ്രമിക്കുകയാണ്. മനസ്സ് അലഞ്ഞുനടക്കുന്നു പറന്നു നടക്കുന്നു എന്നു പറയുന്നതാണ് ശരി

എവിടെ നിന്നാണ് എന്റെ ഓർമ്മ തുടങ്ങുന്നത്?

പാഞ്ചാല രാജാവിന്റെ കൊട്ടാരത്തിൽ ഓടിക്കളിക്കുന്ന കാലം മുതൽക്കോ?

വളർത്തമ്മമാരും ദാസിമാരും കഥകൾ പറഞ്ഞു തന്നിരുന്ന കാലം മുതലൽക്കോ?

കൃത്യമായി ഓർക്കാൻ പറ്റുന്നില്ല. എന്നാലും ഞാനിത്രയൊക്കെ മനസ്സിലാക്കിയിരുന്നു.

എന്റെ അച്ഛൻ ദ്രുപദൻ ദുർബലനായ ഒരു രാജാവായിരുന്നു. എന്റെ അമ്മയെ കൂടാതെ വെറെയും ഭാര്യമാരുണ്ടായിരുന്നു. പക്ഷെ ആർക്കും ഒരു പുത്രനെ നല്കാൻ സാധിച്ചിരുന്നില്ല സന്തതികൾ ഇല്ലാത്തതിനാൽ മറ്റു രാജാക്കന്മാർ ദ്രുപദനെ ആക്രമിക്കാൻ തക്കം പാർത്തിരുന്നു.

ഒരു പിൻഗാമിക്കു വേണ്ടി പാഞ്ചാലരാജാവ് ഏറെ ആഗ്രഹിച്ചു വ്രതവും ഉപാസനയും ഔഷധസേവയുമൊക്കെയായി കാലം കഴിച്ചു. ഒടുവിൽ അമ്മ ഗർഭിണിയായി.

ഒരു കുമാരനാവണേ എന്നായിരുന്നു അവർ ഉള്ളുരുകി പ്രാർത്ഥിച്ചു കൊണ്ടിരുന്നത്. ഒരു പെൺകുഞ്ഞിനെ പ്രസവിക്കുന്നതും അതൊരാൺകുഞ്ഞായി മാറുന്നതും അവർ കൂടെ കൂടെ സ്വപ്നം കാണാറുണ്ടായിരുന്നുവത്രെ.

പക്ഷെ വിധി അവർക്ക് ഒരു പെൺകുഞ്ഞിനെയാണ് സമ്മാനിച്ചത്. മയിൽപ്പീലിപോലെ മിനുത്തു സുന്ദരമായ മുടിയുള്ള ഒരു പെൺകുഞ്ഞ് സപത്നിമാർ അറിയാതിരിക്കാൻ വേണ്ടി അതൊരാൺകുഞ്ഞാണ് എന്ന് വിശ്വസ്തരായ ആയമാർ അറിയിച്ചു.

രാജ്യം അന്നൊരു ഉത്സവം കൊണ്ടാടി. എന്റെ മുടിയുടെ ഭംഗി നിമിത്തം അവർ എനിക്ക് അസാധാരണമായ ഒരു പേരും ഇട്ടു. ശിഖണ്ഡിനി എന്ന്. ഒരു രാജകുമാരനുവേണ്ട എല്ലാ ജാതകർമ്മങ്ങളും ആഘോഷപൂർവ്വം നടത്തി.

എങ്കിലും .......... ഒരു രഹസ്യം സൂക്ഷിക്കുന്നതിന്റെ വീർപ്പുമുട്ടൽ എന്റെ മാതാപിതാക്കൾ അനുഭവിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ മൂന്നുപേരും മാത്രമാകുമ്പോൾ അവർ അതെന്നോട് പറയാറുണ്ട്.

'കുമാരി, നമുക്കുചുറ്റും ശത്രുക്കളാണ് നമ്മുടെ രാജ്യം അന്യാധീനപ്പെട്ടു പോകാതിരിക്കാൻ നമ്മൾ ഏറെ ശ്രദ്ധിക്കണം. നീയൊരു ആൺകുഞ്ഞായി വളരണം.'

അന്നൊന്നും അതിന്റെ ഗൗരവം ഞാൻ മനസ്സിലാക്കിയിരുന്നില്ല. പെൺകുട്ടികൾക്ക് കിട്ടാത്ത ഒരു സ്വാതന്ത്ര്യം ഞാൻ അനുഭവിച്ചിരുന്നു. കൊട്ടാരത്തിൽ എവിടേയും ഏതു നേരം കയറിച്ചെല്ലാം. എന്തു കുസൃതികളും ഒപ്പിക്കാം. എല്ലാം ബാലസഹജം എന്ന് സാക്ഷ്യപ്പെടുത്തി എന്നെ പ്രോത്സാഹിപ്പിക്കും. രാജകുമാരനല്ലേ. അടുത്തു തന്നെ യുവരാജാവാകും അതിന്റെ ഒരു സ്വാതന്ത്ര്യവും അധികാരവും ഞാൻ ആസ്വദിച്ചു.

അങ്ങനെ പെണ്ണായിപ്പിറന്നിട്ടും ഞാൻ വളർന്നു....... ഒരാണിന്റെ കായബലത്തോടെ... തന്റേടത്തോടെ...... ധീരതയോടെ.....

പിന്നെ ഒരു ദിവസം.... ഞാനാരെയും വകവയ്ക്കാതെ ഗോപുരവാതിൽക്കലേയ്ക്ക് ഓടിച്ചെന്നു. അവിടെ ചിത്രതൂണുകളുടെ മറവിൽ ഞാനൊളിച്ചു നിന്നു.

അപ്പോൾ ഒരു സുഗന്ധം ഞാൻ നോക്കിയപ്പോൾ, നല്ല ഭംഗിയുള്ള ഒരു പൂമാല ഞാനതുവരെ കണ്ടിട്ടില്ലാത്ത ഒരു നീലത്താമരപ്പൂമാല. എത്ര ആണത്തം കാട്ടിയാലും പെണ്മയുടെ ഒരു ചെറിയ കണം എന്നിലുണ്ടായിരിക്കും തൂണിന്റെ അലങ്കാരപ്പണിയിൽ നിന്ന് ഞാൻ ആ മാലയെടുത്തു ഒന്നു മണപ്പിച്ച ശേഷം അത് കഴുത്തിലിട്ടു.

പിന്നെ .. എന്താണ് സംഭവിച്ചത് ചുറ്റും ഇരുൾ മൂടുന്നതുപോലെ! ഏതോ ഒരു തമോഗർത്തത്തിലേയ്ക്ക് വീണുപോകുന്നതുപോലെ ! ഭൂതവും വർത്തമാനവും ഭാവിയും ഒന്നായതുപോലെ ! കാലം നിശ്ചലമായോ?

പിന്നീടൊന്നും എനിക്കോർമ്മയുണ്ടായില്ല. മനസ്സിൽ വെളിച്ചം വീണപ്പോൾ ഞാൻ കിടക്കുകയായിരുന്നു.

അച്ഛനും അമ്മയും പരിഭ്രമിച്ചിരിക്കുന്നു. കൊട്ടാര വൈദ്യൻ അടുത്തു തന്നെ നില്ക്കുന്നു.

എന്തൊക്കെയോ ലേപങ്ങൾ നെറ്റിയിൽ പുരട്ടുന്നു.

എന്തൊക്കെയോ മണപ്പിക്കുന്നു

വായിൽ ഇറ്റിക്കുന്നു

ഞാൻ കണ്ണു തുറന്നു.

തിരുമേനി, കുമാരൻ കണ്ണുതുറന്നു.

വൈദ്യന്റെ ശബ്ദം ഇനി പേടിക്കാനില്ല.

കുമാരാ അച്ഛനും അമ്മയും ഒന്നിച്ചുവിളിച്ചു. എന്തുപറ്റി ഉണ്ണി ഞങ്ങൾ പേടിച്ചുപോയി അമ്മ ഒരു തേങ്ങലോടെ എന്നെ കെട്ടിപ്പിടിച്ചു. അച്ഛൻ തലയിൽ മുകർന്നു.

കുമാരന് ക്ഷീണവും വിശപ്പുമുണ്ടായിരിക്കും. ഭക്ഷണം കഴിച്ച് വിശ്രമിക്കട്ടെ വൈദ്യൻ കല്പിച്ചു. വീണ്ടും ഞാൻ ഒറ്റക്കായി.

പതുക്കെ കണ്ണടച്ചു. പക്ഷെ ഉറങ്ങാൻ തോന്നിയില്ല. മനസ്സിൽ ഒരിന്ദ്രജാലം. ആ മാലയണിഞ്ഞതിനുശേഷം എനിക്കെന്താണ് സംഭവിച്ചത്

ഞാനൊരു മാന്ത്രികലോകത്തിലായിരുന്നു. ഒരു പെൺകുഞ്ഞാണെന്ന നേരിയ ബോധം പോലും എന്നിൽ നിന്നും മറഞ്ഞു പോയി.

ഞാൻ രാജകുമാരനാണ് പാഞ്ചാലരാജാവായ ദ്രുപദന്റെ പുത്രൻ.

അടുത്ത രാജ്യാവകാശി

പക്ഷെ മനസ്സിൽ മാത്രം ഒതുങ്ങി നിന്ന പൗരുഷം. ശരീരത്തിന് ഒരു മാറ്റവും ഇല്ല.

എന്റെ മാറ്റം അച്ഛനമ്മമാരെ കൂടുതൽ ഭയപ്പെടുത്തി. ആ വാടാമലർമാലയണിഞ്ഞ സംഭവം അവരെ ചിന്താകുലരാക്കിയിരുന്നു. പിതാവ് നിശബ്ദനായിരുന്നു അമ്മക്കായിരുന്നു അല്പമെങ്കിലും ധൈര്യം.

എന്റെ സ്വപ്നം സഫലമാകും പരമേശ്വരൻ നമ്മോടൊപ്പം ഉണ്ട് അതായിരുന്നു അമ്മയുടെ വിശ്വാസം എന്നാലും അമ്മയും ചിലപ്പോൾ കണ്ണീരൊഴുക്കുന്നുണ്ടാകും അങ്ങനെയുള്ള ഒരു ദിവസം അമ്മയുടെ കണ്ണുതുടച്ചുകൊണ്ട് ഞാൻ ചോദിച്ചു.

അമ്മേ എന്താണ് ഈയ്യിടെയായി അച്ഛനും

അമ്മയും ഇങ്ങനെ പേടിക്കുന്നത്

എന്തിനാണ് അമ്മ കരയുന്നത്

നിങ്ങളെ ദു:ഖിപ്പിക്കുന്നത് ആരാണ്

കുഞ്ഞേ മറ്റുള്ളവർ കേൾക്കേ, ഉണ്ണീ, വത്സാ എന്നൊക്കെ വിളിക്കാറുള്ള അമ്മ എന്നെ അപ്പോൾ അങ്ങനെയാണ് വിളിച്ചത്.

ഞങ്ങൾക്ക് പരമശിവന്റെ അനുഗ്രഹത്താൽ ജനിച്ച കുഞ്ഞാണ് നീ. നീ കാലക്രമത്തിൽ ഒരാൺ കുഞ്ഞായി മാറും എന്നൊരു വരവും ഉണ്ട്.

ഒരു ദീർഘനിശ്വാസത്തോടെ അമ്മ തുടർന്നു.

നമ്മുടെ രാജ്യം കീഴടക്കാൻ വെമ്പുന്ന ശത്രുരാജാക്കന്മാരേയും എന്റെ സപത്നിമാരേയും ഭയന്നാണ് നിന്നെ ഞങ്ങൾ ആൺകുഞ്ഞിനെപ്പോലെ വളർത്തിയത്.

'അമ്മേ' ഞാൻ ഉത്സാഹത്തോടെ ചാടി എഴുന്നേറ്റു. 'നമ്മുടെ രാജ്യം രക്ഷിക്കാൻ എനിക്ക് ഇപ്പോൾ ശക്തിയുണ്ടല്ലോ. ആ മാല അണിഞ്ഞതിനുശേഷം എനിക്ക് ശക്തിയും ധൈര്യവും വർദ്ധിച്ചിട്ടുണ്ട് ആൺകുട്ടിയെപ്പോലെയാണ് നിങ്ങളെന്നെ വളർത്തിയത് എങ്കിലും എന്റെ ഉള്ളിൽ ലജ്ജയുടേയും ഭീരുതയുടേയും ഒരു ചെറിയ അംശം ഉണ്ടായിരുന്നു എന്നാൽ ആ മാല ധരിച്ചതിനു ശേഷം ഞാനാകെമാറി ഇപ്പോൾ ഞാൻ ധീരനും ശക്തനുമാണ്. നമ്മുടെ രാജ്യം രക്ഷിക്കാനുള്ള കരുത്തും എനിക്കുണ്ട്.'

എന്റെ വാക്കുകൾ അവരെ കൂടുതൽ ഭയപ്പെടുത്തിയോ കുഞ്ഞേ, ഇതുവരെ ഞങ്ങൾ പേടിച്ചിരുന്നത് മറ്റു രാജാക്കന്മാരെ ആയിരുന്നു എന്നാൽ ഇപ്പോൾ ഞങ്ങൾ ഭയക്കുന്നത് അതിശക്തനായ ഭീഷ്മരെയാണ്. കാരണമറിയാതെ ഞാൻ രണ്ടു പേരേയും മാറിമാറി നോക്കി അച്ഛൻ തുടർന്നു.

'ഭീഷ്മരെ കൊല്ലാൻ വേണ്ടി കാശിരാജകുമാരി കഠിനതപം ചെയ്തിരുന്നു. അവൾക്ക് സുബ്രഹ്മണ്യൻ വരമായി നൽകിയതാണ് ആ വാടാമലർമാല. അതണിയുന്ന ആൾ ഭീഷ്മരെ കൊല്ലും എന്നായിരുന്നു വരം.'

അല്പ സമയത്തിനു ശേഷം അച്ഛൻ ആ കഥ പറയാൻ തുടങ്ങി.

രാജകുമാരി ആ മാലയുമായി പല രാജാക്കന്മാരേയും സമീപിച്ചു. പക്ഷെ ഭീഷ്മരെ പേടിച്ച് അത് ആരും സ്വീകരിച്ചില്ല. ഒടുവിൽ നിരാശയോടെ അവൾ നമ്മുടെ ഗോപുരത്തിന്റെ ചിത്രത്തൂണിൽ തൂക്കിയിട്ടതാണ്. വരം ഭയന്ന് ഞാനും അതു തൊട്ടില്ല. ഇപ്പോൾ നീയതെടുത്തു അണിഞ്ഞപ്പോൾ....

ഒരു ഗദ്ഗദത്തോടെ അച്ഛൻ വിലപിച്ചു.

'നീയതു കണ്ടെടുത്ത് അണിഞ്ഞല്ലോ കുഞ്ഞേ, ഇതെങ്ങാൻ ഭീഷ്മർ അറിഞ്ഞാലോ എന്നാണ് ഞങ്ങളുടെ ഭയം. ഇനി നിന്നെ ഉപേക്ഷിക്കുകയല്ലാതെ ഞങ്ങൾ എന്തുചെയ്യും.?'

അപ്പോഴും അമ്മ എന്നെ ചേർത്തു പിടിച്ചു. എന്നിൽ വന്ന മാറ്റം അവർ അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. ആ മാലയുടെ പ്രഭാവം ഞാൻ അനുഭവിക്കുന്നുണ്ട്. ഇപ്പോൾ ഒരൊത്ത പുരുഷനെപ്പോലെ എനിക്ക് ചിന്തിക്കാനും പ്രവർത്തിക്കാനും സാധിക്കുന്നു.

ഞാൻ എന്റെ മാതാപിതാക്കളെ ആശ്വസിപ്പിച്ചു.

'അച്ഛാ, ഇതൊരു രഹസ്യം ഇത് നമ്മൾ മൂന്ന്പേർ മാത്രം അറിഞ്ഞാൽ മതി. എനിക്കിനി ആയുധവിദ്യ അഭ്യസിക്കണം. ഹസ്തിനപുരത്തിൽ ദ്രോണാചാര്യരുടെ കീഴിൽ പഠിക്കാനാണ് എന്റെ ആഗ്രഹം ഞാനിപ്പോൾ പഴയ ശിഖണ്ഡിനിയല്ല'

അങ്ങനെ ഞാൻ ദ്രോണാചാര്യരുടെ ശിഷ്യത്വം സ്വീകരിച്ചു. ആ ഗുരുവിന്റെ വൈഭവം സ്തുത്യർഹമാണ്. ആയുധവിദ്യയുടെ സൂക്ഷമതലങ്ങളിലേക്ക് ഓരോ ശിഷ്യനേയും കൊണ്ടുപോകുമ്പോൾ ഞങ്ങൾ ഓരോരുത്തരും കരുതും.

'ഞാനാണ് ഗുരുവിന്റെ അരുമ ശിഷ്യൻ'

അദ്ദേഹത്തെപ്പോലെയുള്ള ഒരു ഗുരുവിന്റെ കീഴിൽ വിദ്യയഭ്യസിക്കാനായതാണ് എന്റെ പരമഭാഗ്യം. അദ്ദേഹത്തെ ഗുരുവായി മനസ്സിൽ സങ്കല്പിച്ചാൽമതി, എല്ലാ വിദ്യകളും മനസ്സിൽ തനിയെ പറന്നെത്തും. ഏകലവ്യനെപ്പോലെ എത്രയെത്ര ശിഷ്യന്മാരുടെ കഥകളാണ് അവിടെ കേൾക്കുന്നത്.

എന്നാലും അശ്വത്ഥാമാവും അർജ്ജുനനുമായിരുന്നു എല്ലായിപ്പോഴും അദ്ദേഹത്തെ ഒരു നിഴലുപോലെ പിന്തുടർന്നിരുന്നത്.

ശസ്ത്രവിദ്യ അഭ്യസിച്ച്, ആയുധ പരീക്ഷക്കുശേഷം രാജധാനിയിലേക്ക് മടങ്ങി പോകാറായി. ഗുരുജനങ്ങളെ വണങ്ങി അനുഗ്രഹം വാങ്ങി. ഭീഷ്മപിതാമഹനെ വന്ദിച്ച് അദ്ദേഹത്തോടും യാത്രാനുമതി ചോദിച്ചു. എന്റെ കറുത്തുമിനുങ്ങുന്ന കനത്തമുടിയിൽ കണ്ണോടിച്ച് ഒരു പുഞ്ചിരിയോടെ അദ്ദേഹം ഒന്നു മൂളി.

'ശത്രുവിനോട് പൊരുതുമ്പോൾ യാതൊരു ദയാദാക്ഷിണ്യവും അരുത്. കരുത്തോടെ പൊരുതുക' എന്നാണദ്ദേഹം ആശംസിച്ചത്.

ഞാൻ പാഞ്ചാലത്തിലേക്ക് മടങ്ങി. ചിട്ടയായ

പരിശീലനം എനിക്ക് നല്ല കരുത്തുതന്നു. നല്ല ഉറച്ച ശരീരപ്രകൃതി.

ഇനി ബന്ധുബലം വേണം അതിനു ഒരു രാജകുമാരിയെ വിവാഹം ചെയ്യണം. എന്റെ ശരീരപ്രകൃതിതും മുഖസൗന്ദര്യവും എനിക്കേറെ ഗുണം ചെയ്തു. എനിക്ക് വധുവായി തെരഞ്ഞെടുത്തത് അക്കാലത്തെ അതിശക്തനായ ദശാർണരാജാവിന്റെ പുത്രിയെ ആയിരുന്നു. ദശാർണരാജാവായ ഹിരണ്യഗർഭൻ മഹാവിരനും ദുർജയനും ആണ്.

അങ്ങനെ ഞാൻ വിവാഹിതനായി.......... പക്ഷെ അധികകാലം കഴിഞ്ഞില്ല, എല്ലാം താളം തെറ്റി. മനസ്സുകൊണ്ടുമാത്രമേ എനിക്ക് പൗരുഷം കിട്ടിയിട്ടുള്ളു ശരീരം കൊണ്ട് ഞാൻ ഇന്നും ഒരു സ്ത്രീയാണ്. ആ കാര്യം ഹിരണ്യഗർഭൻ അറിഞ്ഞു. തന്റെ കന്യകയെ ചതിച്ച, തന്നെ അപമാനിച്ച ദ്രുപദരാജാവിനെ പിടിച്ചു കെട്ടിക്കൊണ്ടുവരാൻ അദ്ദേഹം സേനാനായകനോട് കല്പിച്ചു.

രാജാവ് സേനാനായകനോട് പറഞ്ഞു.

'ദ്രുപദരാജാവ് നമ്മളെ വിഢ്ഢികളാക്കി എന്നു തോന്നുന്നു. നാം കേട്ടത് സത്യമാണെന്ന് തെളിഞ്ഞാൽ നീ ദ്രുപദരാജാവിനോട് യുദ്ധം ചെയ്യണം. രാജാവിനെ പിടിച്ചുകെട്ടി നമ്മുടെ തുറുങ്കിൽ ഇടണം. സത്യമാണെങ്കിൽ മാത്രം'.

ചാരന്മാർ മുഖേന ആ വാർത്ത കേട്ട ഉടൻ തന്നെ, ആക്രമണം ഭയന്ന് അച്ഛൻ എന്നെ കാട്ടിലേക്കയച്ചു. അപ്പോഴും അമ്മ എന്നെ ആശ്വസിപ്പിച്ചു.

ഉണ്ണീ, ദൈവം നമ്മെ രക്ഷിക്കും. എന്റെ സ്വപ്നം സത്യമായിത്തീരും പരമശിവന്റെ വരം പാഴിലാവില്ല. നീ ഒരാണായി തിരിച്ചുവരും. പോകൂ ഏതെങ്കിലും ഒരു അജ്ഞാതവനത്തിലേക്ക് ഭഗവാനെ ശരണം പ്രാപിക്കൂ. നീ തിരിച്ചു വരും വരെ ഞാനും ഉപാസനയിലായിരിക്കും.

എന്തു ചെയ്യണം? അവിടെ നിന്ന് പോകുക തന്നെ വേണം. എങ്ങോട്ട്? മുന്നിൽ വലിയ ലക്ഷ്യമൊന്നുമില്ല. നടന്നു നടന്നു ഒരു ഘോരവനത്തിൽ എത്തി. ഇരുട്ടു പോലും വിറങ്ങലിച്ചു നില്ക്കുന്ന ഒരു കൊടുങ്കാട് കാട്ടരുവിയും പാറക്കെട്ടുകളും നിറഞ്ഞ വൃക്ഷനിബീഡമായ ഒരു വനം അപ്പോഴും അമ്മയുടെ വാക്കുകൾ എന്റെ മനസ്സിൽ അലയടിച്ചു.

'ഉണ്ണീ, ശത്രുക്കളേയും സപത്നിമാരേയും ഭയന്നാണ് നിന്നെ ഞാൻ ആണായി വളർത്തിയത്. രാജാവും എനിക്ക് അനുകൂലമായിരുന്നു. ഇനി നാം ഈ ആപത്തിനെ അതിജീവിച്ചേ മതിയാകൂ. ഏതു ദു:ഖത്തിലും ദൈവവിശ്വാസം നമ്മളെ രക്ഷിക്കും. ദേവപ്രീതിക്കു വേണ്ടി നീ തപസ്സു ചെയ്യൂ'

നിശ്ചയവും സംശയവും വിലാപവും നിറഞ്ഞ് സമ്മിശ്രമായ ഒരു സ്ത്രീപുരുഷ മനസ്സ് പതുക്കെപ്പതുക്കെ ഞാൻ സാഹചര്യങ്ങളുമായി ഇണങ്ങാൻ തുടങ്ങി. പ്രശാന്തമായ ഒരിടത്ത് ഇരുന്ന് ധ്യാനിക്കാനും ശീലിച്ചു എങ്കിലും എന്റെ ധ്യാനം ചിലപ്പോൾ രോദനത്തിലേ അവസാനിക്കുകയുള്ളു.

ദു:ഖവും ലജ്ജയും എന്നെ നിരാശപ്പെടുത്തി. ഈ അസാധാരണജന്മവും ജീവിതവും എനിക്കു മടുത്തു ജീവനൊടുക്കാൻ പോലും ധൈര്യമില്ലാത്ത ഞാൻ പൊട്ടിപ്പൊട്ടിക്കരഞ്ഞു.

'ആരാണ് നിങ്ങൾ? ആരും കേറാത്ത ഈ കാട്ടിൽ എങ്ങനെ വന്നു എന്തിനാണ് സ്ത്രീകളെപ്പോലെ ഇങ്ങനെ കരയുന്നത്.'

ചോദ്യം കേട്ട് ഞെട്ടി ഞാൻ മുഖമുയർത്തി എന്റെ മുമ്പിൽ നില്ക്കുന്നു.

ഒരു ഒത്ത പുരുഷൻ.

അതിസുന്ദരൻ

എനിക്കൊരാശ്വാസം തോന്നി. ഞാനിവിടെ ഒറ്റക്കല്ല.

എന്റെ കഥ മുഴുവൻ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. എന്തു ചെയ്യണം എന്നറിയില്ല മരിക്കാനും എനിക്ക് പേടിയാണ് ഞാൻ ഗദ്ഗദത്തോടെ പറഞ്ഞു.

'ഇനി താങ്കൾ വിഷമിക്കേണ്ട ഞാനുണ്ട് കൂടെ അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു'

ഞാൻ സ്ഥൂണാകർണൻ കുബേരന്റെ പ്രിയപ്പെട്ട ഭൃത്യനാണ്. യക്ഷന്മാരുടെ നേതാവ്, നിന്റെ ദു:ഖം തീർക്കാൻ എനിക്ക് സാധിക്കും നിനക്കെന്തുവരം വേണം.

'എന്റെ അച്ഛനെ രക്ഷിക്കണം. എന്റെ രാജ്യം രക്ഷിക്കണം. ആൺമക്കളില്ലാത്ത എന്റെ മാതാപിതാക്കളുടെ ദു:ഖം അകറ്റണം. ഹിരണ്യഗർഭന്റെ കോപത്തിൽ നിന്ന് പാഞ്ചാലരെ രക്ഷിക്കണം'.

ഞാൻ ഒറ്റ വീർപ്പിൽ പറഞ്ഞു.

'ഞാൻ ഒരു പുരുഷനായിമാറണം. എന്നാൽ മാത്രമേ ഇനി രക്ഷയുള്ളു'.

ഇവിടെ എത്താനായത് നിന്റെ മഹാഭാഗ്യം. ഇത് വിജനമായ ഒരു കൊടുങ്കാടാണ് ആർക്കും പ്രവേശിക്കാനാവില്ല. ഒരു പക്ഷെ, നിന്റെ അമ്മയുടെ ശിവാരാധനയായിരിക്കാം നിന്നെ ഇവിടെ എത്തിച്ചത് യക്ഷൻ എന്നെ ആശ്വസിപ്പിച്ചുകൊണ്ട് തുടർന്നു.

'മാത്രമല്ല, ഈ അചുംബിതവനം ഒരു ഔഷധ

ക്കലവറയാണ്. രാത്രി സ്വയം പ്രകാശിക്കുന്ന, ധാരാളം ഔഷധസസ്യങ്ങൾ ഇവിടെയുണ്ട്. ഇവിടത്തെ കാറ്റിനുപോലും സഞ്ജീവനീസിദ്ധിയുണ്ട്.'

സസ്യങ്ങളുടെ ഔഷധഗുണം ഞാൻ അനുഭവിച്ചതാണല്ലോ. ആ നീലത്താമരമാല എന്റെ ഓർമ്മയിൽ തെളിഞ്ഞു എങ്കിലും ഞാൻ മൗനം പാലിച്ചു.

യക്ഷൻ തുടർന്നു.

'ഞാൻ കുബേരന്റെ മുഖ്യസേവകനാണ് ഈ വനമാകട്ടെ അദ്ദേഹത്തിന്റെ ഔഷധവനവും. അദ്ദേഹം ഒരു ത്വക്ക്രോഗിയാണ് ധനവാനാണെങ്കിലും ആരോഗ്യത്തിന്റെ കാര്യത്തിൽ തീരെ ദരിദ്രനും. എന്നെയാണ് അദ്ദേഹം ഈ വനത്തിന്റെ രക്ഷയും ഔഷധനിർമ്മാണവും എന്റെ ചുമതലയിലാണ്. ഇവിടുത്തെ ഓരോ പുൽക്കൊടിയുടേയും മഹിമ എനിക്ക് അറിയാം'.

എനിക്ക് ആശ്വാസം തോന്നി

'നീ കുറച്ചു ദിവസം എന്റെ കൂടെ താമസിക്കൂ ഇന്നു മുതൽ  നമുക്ക് ചികിത്സ തുടങ്ങാം. ഇവിടെ ആരും വരില്ല'.

ഞാൻ തൊഴുതുകൊണ്ട് നിന്നു.

എന്റെ നിർദ്ദേശങ്ങൾ കർശനങ്ങളായിരിക്കും അതനുസരിക്കുകയേ നിവൃത്തിയുള്ളു. തയ്യാറല്ലേ

ഞാൻ വിധേയഭാവത്തിൽ തല കുനിച്ചു എന്റെ രാജ്യം രക്ഷിക്കാൻ, അച്ഛനെ രക്ഷിക്കാൻ, അമ്മയെ ആശ്വസിപ്പിക്കാൻ ഞാനെന്തും ചെയാൻ തയ്യാറായി.

'എന്നാൽ ദേഹശുദ്ധി വരുത്തി വന്നോളു. എന്റെ പരീക്ഷണങ്ങൾ തുടങ്ങുകയാണ്' അദ്ദേഹം ആവശ്യപ്പെട്ടു.

അടുത്തുള്ള അരുവിയിൽ മുങ്ങികുളിച്ച് ഞാൻ യക്ഷനെ സമീപിച്ചു. അദ്ദേഹം എന്നെ ഒരു ഹർമ്മ്യത്തിലേക്ക് കൊണ്ടുപോയി.

അദ്ദേഹം കുറെ ചെടികളുടെ ഇലകൾ പറിച്ചെടുത്തു മന്ത്രം ജപിച്ച് അവയുടെ ചാറെടുത്തു. എന്നെ കിടത്തിയ ശേഷം ആ ചാറ് എന്റെ നാസാദ്വാരങ്ങളിൽ ഇറ്റിച്ചു.

കഠിനമായ വേദന കണ്ണിൽ ഇരുട്ടുകയറിയപോലെ  വീണ്ടും അന്ധകാരത്തിലേക്ക് ഒരു ഗർത്തത്തിലേക്ക് വീണുപോകുന്നപോലെ...... പിന്നെ ഒന്നും ഓർമ്മയില്ല.

ദിവസങ്ങളോ...മാസങ്ങളോ ...

ഞാൻ തന്നെ എന്നെ മറന്നിട്ടുണ്ടാവാം....

കൺപോളകളിൽ ഒരു നനവ് അനുഭവപ്പെട്ടപ്പോഴാണ് എന്റെ ബോധമണ്ഡലം പതുക്കെ തെളിഞ്ഞുവന്നത്.

ഞാൻ ആരാണ് ?

എവിടെയാണ് ?

എന്തിനിവിടെ വന്നു ?

ആരാണെന്നെ ഇവിടെ കൊണ്ടുവന്നത് ?

ആരുറക്കി ?

ഉണർത്തിയത് ആരാണ് ?

പതുക്കെപ്പതുക്കെ ഞാൻ കൺ തുറന്നു. എന്റെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം അതാ എന്റെ മുൻപിൽ,

സ്ഥൂണാകർണൻ എന്ന യക്ഷപ്രധാനി, അദ്ദേഹം എന്നെ തട്ടിയുണർത്തി. സ്ഫടികചുമരിൽ പ്രതിഫലിച്ച എന്റെ രൂപം എന്നെ വിസ്മയിപ്പിച്ചു.

അതെ, ഞാനാകെ മാറി! ഒരൊത്ത പുരുഷൻ!

അസാധാരണമായ ഉയരം !

ഒത്ത വണ്ണം!

എന്റെ മുടിക്കുമാത്രം മാറ്റമില്ല. കറുത്തു മിനുങ്ങി, മയിൽപ്പീലിപോലെ.

ഞാൻ സ്ഥൂണാകർണന്റെ കാൽക്കൽ വീണു. എന്നെ രക്ഷിച്ച അദ്ദേഹത്തിന്റെ കാലടികൾ ഞാൻ സന്തോഷാശ്രുക്കൾ കൊണ്ട് കഴുകി. സ്നേഹപൂർവ്വം അദ്ദേഹം എന്നെ എഴുന്നേൽപ്പിച്ചു.

ഞാൻ തൊഴുതുകൊണ്ടു തന്നെ നിന്നു. ഞാനെന്നെത്തന്നെ വീണ്ടും വീണ്ടും പരിശോധിച്ചുകൊണ്ടിരുന്നു. അത്ഭുതത്തോടെ ഞാൻ യക്ഷനോട് ചോദിച്ചു.

'പ്രഭോ, എനിക്കെന്താണ് സംഭവിച്ചത് ?.'

എന്നെ ചേർത്ത് പിടിച്ച് അനുമോദിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

'ഇതെന്റെ വിജയം  കുബേരന്റെ ഔഷധവനത്തിന്റെ മഹിമ, വനപാലകന്റെ സാമർഥ്യം'.

തന്റെ പരീക്ഷണം വിജയിച്ചതിന്റെ ആഹ്ലാദം ആ വാക്കുകളിൽ നിറഞ്ഞു നിന്നു.

നിന്റെ ആഗ്രഹം സാധിച്ചിരിക്കുന്നു ഇപ്പോൾ നിന്നെക്കണ്ടാൽ ആർക്കും നിന്റെ പിതാവിനെ ആക്രമിക്കാൻ ധൈര്യം വരില്ല. നിന്റെ അമ്മയും സന്തോഷിക്കും.

നന്ദി പറയാനാവാതെ ഞാൻ മൂകനായി നിന്നു. കൈകൂപ്പി യാത്രപറയാൻ തുടങ്ങിയപ്പോൾ യക്ഷൻ എന്തോ ചിന്തിക്കുകയായിരുന്നു. മുഖത്ത് ഒരു പേടി നിഴൽ വീശിയിട്ടുണ്ടോ?

'നീ പോയ്‌വരൂ  നല്ലതുവരട്ടെ....'

അദ്ദേഹത്തിന്റെ വാക്കുകളിലും ഭയം നിറഞ്ഞിരുന്നു.

'നീ ഊഹിക്കുന്നത് ശരിയാണ്. എനിക്ക് ഇപ്പോൾ ഒരു ഭയമുണ്ട്. ഇത് കുബേരന്റെ ഔഷധ വനം ഞാനതിന്റെ കാവൽക്കാരൻ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ നിന്നെ ഇവിടെ താമസിപ്പിച്ചു. ഔഷധസസ്യ പ്രയോഗം നിനക്ക് പൗരുഷം തന്നു. അദ്ദേഹം ഒരു രോഗിമാത്രമല്ല, ഒരു ഉഗ്രകോപിയുമാണ്.ദുർവാസാവിനേക്കാളും ക്ഷിപ്രകോപി. എന്തു ശിക്ഷയായിരിക്കും എന്നെ കാത്തിരിക്കുന്നത് എന്നറിയില്ല.'

അപ്പോൾ....

അതാണ് പേടിയുടെ കാരണം. എന്റെ ഉത്സാഹവും തണുത്തു. എല്ലാം എനിക്കുവേണ്ടിയായിരുന്നുവല്ലോ എന്ന കുറ്റബോധവും.

പിതാവിനെ രക്ഷിച്ച്, ഹിരണ്യഗർഭനെ വിശ്വസിപ്പിച്ച് ഞാൻ വരും. അന്നു നമുക്ക് ആ യക്ഷചക്രവർത്തിയെ അനുനയിപ്പിച്ച് മാപ്പു ചോദിക്കാം. അദ്ദേഹവും ഒരു ശിവഭക്തനാണല്ലോ ഞാൻ യക്ഷനെ ആശ്വസിപ്പിച്ചു.

പക്ഷെ

വിധി അതിന് അനുവദിച്ചില്ല. ഞാനവിടെ ചെല്ലുന്നതിനുമുമ്പുതന്നെ കുബേരൻ സ്ഥൂണകർണനെ ശപിച്ച് നാടുകടത്തി എന്ന് ഞാൻ അറിഞ്ഞു.

യക്ഷൻ എനിക്ക് യാത്രാനുമതി തന്നു.

ഞാൻ കൊട്ടാരത്തിൽ തിരിച്ചെത്തി ആരെയും നേരിടാനുള്ള മെയ്ക്കരുത്തോടെ, മനോബലം ഞാൻ പണ്ടേ നേടിയതാണല്ലോ.

എന്റെ തിരിച്ച് വരവ് ഒരു ഉൽസവമായിരുന്നു. നിരവധി രാജാക്കന്മാർ അവിടെ എത്തി.

ഹിരണ്യഗർഭനും പരിവാരങ്ങളും നിരവധി സമ്മാനങ്ങളുമായാണ് എത്തിയത്. എന്റെ രാജകുമാരിയും തോഴിമാരും ആഹ്ലാദത്തോടെ എന്നെ എതിരേറ്റു എങ്ങും ആട്ടവും പാട്ടുമായി പാഞ്ചാലരാജ്യം!!.

ഇപ്പോൾ ഞാൻ ശിഖണ്ഡി അല്ല. ഞാൻ പാഞ്ചാലരാജാവിന്റെ പുത്രൻ ശിഖൺഡി.

ഞാൻ ശിഖണ്ഡി!

പാഞ്ചാലൻ!!

യാജ്ഞസേനൻ!!!

പാർഷതൻ !!!!

മാത്രമല്ല ഇപ്പോൾ ഞാൻ ഒരച്ഛനാണ്

എന്നെപ്പോലെ വീരനും കരുത്തനുമായ പുത്രന്റെ - ക്ഷത്രദേവന്റെ അച്ഛൻ അതുകൊണ്ട് തന്നെ വർദ്ധിച്ച ആത്മവിശ്വാസത്തോടെയാണ് ഞാൻ കുരുക്ഷേത്രയുദ്ധത്തിൽ പങ്കെടുത്തത്. ഇപ്പോൾ

എന്റെ ജന്മലക്ഷ്യം പൂർത്തിയായി ഇടക്കൊക്കെ സ്ഥൂണാകർണന്റെ ഓർമ്മ എന്നെ ദു:ഖിപ്പിക്കാറുണ്ട്

തല്ക്കാലം ഞാൻ വിശ്രമിക്കട്ടെ നാളെയും പടക്കളത്തിലേക്ക് ഇറങ്ങേണ്ടതാണല്ലോ.

---

**(33-ാം പേജിൽ നിന്ന് തുടർച്ച)**

നമ്മുടെ ബന്ധുക്കളും സുഹൃത്തുക്കളും മാത്രമല്ല. പലരും ഇതിനകം മൺമറഞ്ഞ് കഴിഞ്ഞവരും ...... അതിരിക്കട്ടെ, എന്തിനുള്ള ക്ഷണനമാണെന്ന് അന്വേഷിച്ചുവോ ?

എന്റെ ഭാര്യയൊരു മണ്ടിയായിപ്പോയല്ലോ..... സ്വന്തം പേര് അതിൽ കണ്ടില്ല എന്ന്  പരിഭവവും....!

ശരിതന്നെയാണത്. പക്ഷേ, ആ വിലാസങ്ങളിൽ പോയ ക്ഷണക്കത്തുകളിലെല്ലാം തന്നെ നിന്റെ മനോഹരമായ നാമം നിറഞ്ഞ് നിന്നിട്ടുണ്ട് !

കാരണം, പണ്ട് കഴിഞ്ഞ, നമ്മുടെ വിവാഹസൽക്കാരത്തിനുള്ള ക്ഷണക്കത്തുകളായിരുന്നു, അവ !!

ശരി ശരി... ഞാൻ ചായ എടുക്കട്ടെ, തണുത്തു പോകും , ജാള്യത മറക്കാൻ വഴിയന്വേഷിക്കുകയാണ്, പ്രിയതമ !

എല്ലാവരും സഹകരിച്ച് കഴിയേണ്ട സന്ദർഭങ്ങളിൽ ഇത്തരം നിസ്സാര സംഗതികൾ ജീവിതം കൂടുതൽ സങ്കീർണമാക്കാതെ നോക്കാൻ ശ്രമിക്കുകയാണ് വേണ്ടത്.

ഇനിയെങ്കിലും ആ ചായ ഇങ്ങോട്ട് തന്നാൽ സന്തോഷം....

അത് എന്നേ എടുത്തു കഴിഞ്ഞു !

തണുത്തു പോയെങ്കിൽ ചൂടാക്കി തരാം.

എന്നും കേൾക്കുന്ന കിളി നാദം തിരിച്ചു കിട്ടിയത് പോലെ.

കഴിഞ്ഞ ചൂട് തന്നെ ധാരാളം.... നഷ്ടപ്പെട്ടുവോ എന്ന് ഭയന്ന പ്രിയപാനീയം ആസ്വദിച്ചു അകത്താക്കിക്കൊണ്ട് വൃദ്ധൻ മന്ത്രിച്ചു .

# ഏകാദശി

**എം ജി. തങ്കമ്മ, ഇടപ്പള്ളി**

വാവു കഴിഞ്ഞ് വരുന്ന പതിനൊന്നാം ദിവസം. ഈ ദിവസം അനുഷ്ഠിക്കുന്ന പ്രതത്തിന് ഏകാദശി വ്രതം എന്നു പറയുന്നു. അംബരീഷൻ എന്ന രാജാവ് ഇന്ദ്രപദം നേടിന്നതിനു വേണ്ടി ഏകാദശി വ്രതം അനുഷ്ഠിച്ചു വന്നതായി ഭാഗവതം നവമസ്കന്ധത്തിൽ കാണുന്നു. ബുഭുക്ഷുക്കൾക്ക് ഭക്തിയും മുമുക്ഷുക്കൾക്ക് മുക്തിയും ഏകാദശി വ്രതം കൊണ്ട് ലഭിക്കുമെന്ന അഗ്നിപുരാണത്തിൽ കാണുന്നു. ഏകാദശി വ്രതം അനുഷ്ഠിക്കുന്നവൻ ദശമി ദിവസം ചില ആഹാരനിയമങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്. മാംസം വർജ്ജിക്കണം, ബ്രഹ്മചര്യം അനുഷ്ഠിക്കണം. ഏകാദശി ദിവസം രണ്ടു പക്ഷങ്ങളിലും ഭക്ഷണം കഴിക്കരുത്. ഏകാദശിയും ദ്വാദശിയും ചേർന്നിരിക്കുന്ന ദിവസം വിഷ്ണുവിന്റെ സാന്നിധ്യമുള്ള ദിവസമാണ്. ഹരിവാസരം എന്നു പറയും ഏകാദശിയിൽ ഒരു കലമാത്രവും ശേഷമൊക്കെയും ദ്വാദശിയുമായിട്ടുള്ള ദിവസമാണ് യജ്ഞങ്ങൾക്ക് പുണ്യമായിട്ടുള്ളത്.

ഏകാദശിവ്രതങ്ങളിൽ മുഖ്യസ്ഥാനം ഹരിബോധിനി എന്നറിയപ്പെടുന്ന ഉത്ഥാന ഏകാദശിക്കാണ്. ഇത് ഗുരുവായൂർ ഏകാദശി എന്ന പേരിൽ വളരെ പ്രസിദ്ധവുമാണ്. ഭഗവാൻ ശ്രീനാരായണൻ നിദ്രയിൽ നിന്നുണർന്നെഴുന്നേൽക്കുന്ന ഉത്ഥാനഏകാദശി സുദിനത്തിൽ വ്രതമനുഷ്ഠിച്ചാൽ മേരുതുല്യമായ പാപങ്ങൾപോലും നശിക്കുമെന്ന് സ്കന്ദപുരാണം വ്യക്തമാക്കുന്നു. സാക്ഷാൽ വൈകുണ്ഠനാഥനായ ശ്രീമഹാവിഷ്ണു ഏകാദശിദിനത്തിൽ ഗുരുവായൂർക്കെഴുന്നെള്ളുമത്രേ. ദേവേന്ദ്രനും മറ്റും ദേവീദേവന്മാരും ഗുരുവായൂർ ഏകാദശിയിൽ പങ്കുകൊള്ളാനെത്തുമെന്നും വിശ്വാസമുണ്ട്. ഈ മഹിമയിൽ ഗുരുവായൂർ ഏകാദശി മഹാശ്രേഷ്ഠവും പാപഹരവും പരിപാവനവുമായ ഏകാദശി എന്ന ഖ്യാതിനേടി. ആയിരം അശ്വമേധയാഗങ്ങൾക്കും നൂറുകണക്കിനു യാഗങ്ങൾക്കും ഈ ഏകാദശിയുടെ പതിനാറിലൊരംശത്തേതും നന്മവരുത്തില്ലെന്നു നാരദപുരാണം ഓർമ്മപ്പെടുത്തുന്നു.

ഏകാദശിക്ക് ഇത്രമാത്രം പ്രാധാന്യം വന്നതിന് പിന്നിലുമുണ്ട് ഒരു ഐതിഹ്യം കൃതയുഗത്തിൽ ദേവലോകം ആക്രമിച്ച് കൈയ്യടക്കിയ മുരാസുരനെ തോൽപ്പിക്കുവാൻ ദേവഗണങ്ങളെല്ലാവരും ഒത്തു ചേർന്നു. യുദ്ധം തുടങ്ങിയതിനിടയിൽ യോഗനിദ്രയിലായിരുന്ന ശ്രീമഹാവിഷ്ണുവിന്റെ ദേഹത്തുനിന്നു വിവിധ ആയുധങ്ങളേന്തിയ ഒരു സ്ത്രീരൂപം പ്രത്യക്ഷപ്പെട്ടു മുരാസുരനേയും സംഘത്തേയും ഭസ്മീകരിച്ചു. ഈ ബഹളത്തിനിടയിൽ യോഗനിദ്രയിൽ നിന്നുണർന്ന മഹാവിഷ്ണുവിനെ നമസ്കരിച്ചു നിന്ന സ്ത്രീ രൂപത്തോട് ആരാണ് നീയെന്ന് ഭഗവാൻ ചോദിച്ചു. ഞാൻ ഏകാദശിയാണെന്നവൾ മറുപടി നൽകി. സന്തുഷ്ടനായ ഭഗവാൻ എന്തു വരം വേണമെന്നു ചോദിച്ചു. എന്റെ ദിവസം എല്ലാ പുണ്യദിനങ്ങളിലും വെച്ച് പുണ്യദിനമാക്കി അനുഗ്രഹിക്കണമെന്നും വ്രതമനുഷ്ഠിക്കുന്നവർക്ക് അശ്വമേധഫലവും പാപനാശനവും മഹാപുണ്യവും സിദ്ധിക്കണമെന്നും അവൾ ആവശ്യപ്പെട്ടു. സന്തുഷ്ടനായ മഹാവിഷ്ണു ഏകാദശിയെ അനുഗ്രഹിച്ചു കൊണ്ട് ഭവതി ആഗ്രഹിക്കുന്നതെല്ലാം നിറവേറുമെന്നും ഏകാദശിവ്രതം കൃത്യനിഷ്ടയോടെ ഭക്ത്യാദരപൂർവ്വം അനുഷ്ഠിക്കുന്നവർക്കെല്ലാം ഐഹികസുഖങ്ങളും ഒടുവിൽ പരസായൂജ്യവും ലഭിക്കുമെന്നും അനുഗ്രഹിച്ചു.

ഭൂലോകവൈകുണ്ഠമെന്ന ഖ്യാതിയുള്ള ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രത്തിലെ പ്രധാന ഉത്സവം വൃശ്ചികമാസത്തിലെ ശുക്ലപക്ഷ ഏകാദശിയാണ്. ക്ഷീരസാഗരത്തിൽ അനന്തശായിയായി പള്ളികൊള്ളുന്ന ഭഗവാൻ യോഗനിദ്രയിൽ നിന്നുണർന്ന് ലക്ഷ്മീദേവിയോടുകൂടി ലോകത്തെ മുഴുവൻ അനുഗ്രഹിക്കുന്ന മഹാപുണ്യദിനം കൂടിയാണിത്. അർജ്ജുനന് ഭഗവാൻ ഭഗവത് ഗീത ഉപദേശിച്ച് ഈ ദിവസമാണെന്നും അതു കൊണ്ട് ഈ ദിനത്തെ ഗീതാദിനമായും വിശേഷിപ്പിക്കുന്നു. ദേവേന്ദ്രൻ സുരഭിയുമായി വൃന്ദാവനത്തിലെത്തി ഭഗവാനെ വന്ദിച്ചതും സുരഭിപാൽ ചുരത്തി ഗോവിന്ദാഭിഷേകം നടത്തിയതും ഈ ഏകാദശി ദിനത്തിലായിരുന്നുവെന്നുമാണ് ഐതീഹ്യം. അദ്വൈതാചാര്യനും ശൈവാവതാരവുമായ ആദിശങ്കരാചാര്യൻ ഗുരുവായൂർ ക്ഷേത്രത്തിലെത്തി പൂജാക്രമങ്ങൾ ഇന്നു കാണുന്നവിധം ചിട്ടപ്പെടുത്തിയതും ശുക്ലപക്ഷ ഏകാദശി ദിനത്തിലായിരുന്നുവത്രേ.

ഗുരുവായൂർ ക്ഷേത്രത്തിൽ താന്ത്രീകചടങ്ങു

കളൊന്നുമില്ലാതെ ഭഗവാൻ ഭക്തജനങ്ങളെ നേരിൽ കണ്ട് അനുഗ്രഹിക്കുവാൻ പുറത്തിറങ്ങുന്ന മഹാസുദിനം കൂടിയാണിത്. ഭക്തോത്തമന്മാരായ മേൽപത്തൂർഭട്ടതിരിപ്പാട്, വില്വമംഗലംസ്വാമികൾ, പൂന്താനം, ശ്രീശങ്കരാചാര്യസ്വാമികൾ, കുറൂരമ്മ തുടങ്ങിയവർക്കെല്ലാം ഭഗവത് ദർശ്ശനം ലഭിച്ചതും ഗുരുവായൂരിലെ സമസ്തചരാചരങ്ങളിലും വൈഷ്ണവചൈതന്യം അനുഭവപ്പെട്ടതും ഈ സുദിനത്തിലാണ്.ചെമ്പൈവൈദ്യനാഥഭാഗവതർക്ക് നഷ്ടപ്പെട്ട ശബ്ദം തിരിച്ചു കിട്ടിയതും ശിഷ്യഗണങ്ങളുമായി ഗുരുവായൂരിലെത്തി സംഗീതാരാധന നടത്തിയതും ഈ മഹാദിനത്തിലാണ്. ഗുരുവായൂർ ക്ഷേത്രത്തിൽ താന്ത്രീകചടങ്ങുകൾക്കൊഴികെ മുഴുവൻ സമയവും ദർശനത്തിനായി ശ്രീകോവിൽ തുറന്നിരിക്കുന്നദിനവും ക്ഷേത്രപ്രതിഷ്ഠനടത്തിയതും ഈ സുദിനത്തിലാണെന്നതും ശ്രദ്ധേയമാണ്. മേൽപത്തൂർ തന്റെ പ്രസിദ്ധമായ നാരായണീയഗ്രന്ഥം ഭഗവത്സന്നിധിയിൽ സമർപ്പിച്ചതും ഏകാദശി ദിനത്തിലാണ്. ഗുരുവായൂർ ഏകാദശി മാഹാത്മ്യം ഉൾകൊണ്ട് കൃത്യനിഷ്ഠയോടെ വ്രതാനുഷ്ഠാനങ്ങളിലും ചടങ്ങുകളിലും പങ്കെടുക്കുന്നവർക്ക് ഭഗവത് ദർശന സൗഭാഗ്യമുണ്ടാകുമെന്നാണ് വിശ്വാസം.

ഏകാദശിയിൽ നിരാഹാരനായിരുന്നിട്ട് പിറ്റേ ദിവസം ഭോജനം കഴിക്കണം. വെളുത്ത പക്ഷത്തിലെ ഏകാദശിതിഥിയിൽ പൂയം നക്ഷത്രം ചേർന്നുവരുന്നതായാൽ ആ ഏകാദശി വിശേഷിച്ചും ഉപവസിക്കണം. ആ പുണ്യദിനം അക്ഷയമായ ഫലം പ്രദാനം ചെയ്യും. അങ്ങനെയുള്ള ഏകാദശിക്ക് 'പാപനാശിനി' എന്നു പറയുന്നു. ഏകാദശിയും ദ്വാദശിയും ശ്രാവണത്തോട് (തിരുവോണം നക്ഷത്രത്തോട്) ചേർന്ന് വരുന്നതായാൽ ആ തിഥിക്ക് 'വിജയ'എന്ന് പേർ പറയുന്നു. ഈ തിഥി ഭക്തന്മാർക്ക് വിജയപ്രദമാകുന്നു. ഏകാദശി ദിവസം സർവ്വോകാരപ്രദമായ വിഷ്ണുപൂജ ചെയ്യണം. അങ്ങനെ ചെയ്യുന്നവൻ ഇഹലോകത്തിൽ സമ്പത്തും സന്തതിയും ഉള്ളവനായിരിക്കുകയും മരണാനന്തരം വിഷ്ണുലോകം പൂകി പൂജ്യനായി ഭവിക്കുകയും ചെയ്യും. (അഗ്നിപുരാണം 178–ാം അദ്ധ്യായം)

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2020 നവംബർ മാസം സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീമതി . ശാരദ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, എറണാകുളം -682018 | 1,00,000/- |
| 2. ശ്രീ. വേണുഗോപാൽ. എൻ, മാധവം, ജവഹർ നഗർ, കടവന്ത്ര, കൊച്ചി -682020 | 10,001/- |
| 3. ശ്രീമതി. സുമ. എസ്. ഉണ്ണി, സായികൃപ, പള്ളിയിൽ ലെയ്ൻ, ദിവാൻസ് റോഡ്, കൊച്ചി - 682016 | 10,000/- |
| 4. ശ്രീമതി. ഉമാദേവി എസ്, കാവാലംപിള്ളി, പാരഡൈസ് റോഡ്, വൈറ്റില | 10,000/- |
| 5. ശ്രീ. വി. എ. എൻ. പ്രമോദ്, C/o സുരേഷ് കുമാർ, രോഹിണി, കടവന്ത്ര, കൊച്ചി-682020 | 5,000/- |
| 6. ശ്രീ. വേണു സി.പിള്ള, ഫെഡറൽ ഹാർമണി അപ്പാർട്ട്മെന്റ്, അപ്പാർട്ട്മെന്റ് നമ്പർ ബി. അരാഫ നഗർ, കൊച്ചിൻ യൂണിവേഴ്സിറ്റി, കളമശേരി | 5,000/- |
| 7. കെ.സി.അശോക് കുമാർ, 1 ഡി, സ്റ്റാർ പാരഡൈസ്, ചെറുപറമ്പത്ത് റോഡ്, കടവന്ത്ര | 5,000/- |

**കഷ്ടം ! സ്ഥാനവലിപ്പമോ പ്രഭുതയോ സജ്ജാതിയോ വംശമോ**
**ദൃഷ്ടശ്രീ തനുധാടിയോ ചെറുതുമി ങ്ങോരില്ല ഘോരാനലൻ**
**സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെപ്പുക്കസ്തമിക്കുന്നിതി-**
**ങ്ങിഷ്ടന്മാർ പിരിയുന്നു ഹാ ! ഇവിടമാണദ്ധ്യാത്മ വിദ്യാലയം.**

*കുമാരനാശാൻ, പ്രരോദനം. പദ്യം 35*

മനുഷ്യന്റെ വലിപ്പങ്ങളൊന്നും, മരണം വകവയ്ക്കുന്നില്ലെന്ന് കുമാരനാശാൻ പരിതാപപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ്. സ്ഥാനവലിപ്പമോ പ്രഭുത്വമോ വളരെ ഐശ്വര്യം നിറഞ്ഞ ശരീരശോഭയോ ഒന്നും ചിതയിലെ ഘോരമായ അഗ്നി ഓർക്കുകയില്ല. മനുഷ്യന്റെ അഹങ്കാരമെല്ലാം ഇവിടെ വന്ന് അസ്തമിക്കുന്നു. സ്നേഹിതരെല്ലാം ഇവിടെവച്ചു പിരിയുന്നു- ഈ ചിത അഥവാ ശ്മശാനമാണ് യഥാർത്ഥ അദ്ധ്യാത്മ വിദ്യാലയം.

# ദേശാഭിമാനവും ദേശസ്നേഹവും

**ഡോ. പത്മനാഭൻ**

ലോകശക്തികളായി മാറിയ രാജ്യങ്ങളുടെ വളർച്ച ഒന്നു സൂക്ഷ്മമായി പരിശോധിച്ചാൽ ആ രാജ്യങ്ങളുടെ വിജയരഹസ്യത്തിന്റെ സൂത്രവാക്യം നമുക്കു എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. അത് മറ്റൊന്നുമല്ല ആ രാജ്യങ്ങളിലെ പൗരന്മാരുടെ ദേശക്കൂറും ദേശാഭിമാനവും തന്നെയാണ് ആ രാജ്യങ്ങളുടെ വിജയ രഹസ്യം. അമേരിക്കൻ പ്രസിഡണ്ടു മാത്രമല്ല, അമേരിക്കൻ പൗരന്മാർ അമേരിക്ക ഫസ്റ്റ് എന്ന തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നു. ഈ ഒരു തത്ത്വസംഹിതയാണ് അമേരിക്കൻ പൗരന്മാർ വച്ചു പുലർത്തിപ്പോരുന്നത്. അതുതന്നെയായിരിക്കാം അമേരിക്കയെ എന്നെന്നും ലോകത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രമായി നിലനിർത്താൻ സഹായിക്കുന്നത്. മറ്റു രാജ്യങ്ങളിലെ പൗരന്മാർ കണ്ടു പഠിക്കേണ്ടതാണ് അമേരിക്കക്കാരുടെ ദേശാഭിമാനവും ദേശസ്നേഹവും അമേരിക്കയെ സ്നേഹിക്കുന്നു, അമേരിക്കക്കാരനായതിൽ അഭിമാനിക്കുന്നുവെന്ന് അമേരിക്കൻ പൗരന്മാർ ലോകത്തെ ഓർമ്മപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു.

ഇന്ത്യയിലേതിനേക്കാൾ വ്യത്യസ്ഥമായ ജനാധിപത്യ തിരഞ്ഞെടുപ്പു പ്രക്രിയ ഉപയോഗിച്ചു പ്രസിഡണ്ടിനേയും സെനറ്റർമാരേയും (പാർലമെന്റംഗങ്ങൾ) തിരഞ്ഞെടുക്കുന്നു. ഇലക്ടറൽ വോട്ട് എന്ന ആനുപാതിക നമ്പർ ഉപയോഗിച്ചാണ് പ്രസിഡന്റ് ആരാവണമെന്ന് തീരുമാനിക്കപ്പെടുകയെന്ന സവിശേഷത അമേരിക്കൻ തിരഞ്ഞെടുപ്പിലെ തുറുപ്പു ചീട്ടായി കണക്കാക്കാം. ഇത് ഒരു Indirect രീതിയാണ്. മറിച്ച് 130 കോടി ജനങ്ങളുള്ള ഇന്ത്യയിൽ വോട്ടവകാശപ്രായം എത്തിയവർ നേരിട്ടു തിരഞ്ഞെടുപ്പു പ്രക്രിയയിൽ ഏർപ്പെട്ട് തിരഞ്ഞെടുപ്പ് Direct (നേരിട്ടുള്ള) രീതിയാക്കി പൗരാവകാശം ഉപയോഗിക്കുന്നു. അമേരിക്കയേയും ഇന്ത്യയേയും പോലെ ജനാധിപത്യം നിലനിൽക്കുന്ന ഏതു രാജ്യത്തും അധികാരത്തിലെത്തുന്ന ഏതു രാഷ്ട്രീയ പാർട്ടിയും അഥവാ പാർട്ടികളും (കൂട്ടുകക്ഷി ഭരണമാണെങ്കിൽ) അവരുടെ തിരഞ്ഞെടുപ്പു വാഗ്ദാനങ്ങൽ നിറവേറ്റാൻ പ്രതിജ്ഞാബദ്ധരാണ്. അത്തരം പ്രക്രിയകൾ പ്രധാനമന്ത്രിയോ പ്രസിഡന്റോ നേതൃത്വം നൽകി നടപ്പാക്കിക്കൊണ്ടിരിക്കുമ്പോൾ അതിനെതിരായി പ്രസ്താവനകളും ലേഖനങ്ങളും സത്യവിരുദ്ധമായ കണക്കുകളും അവതരിപ്പിച്ച് രാഷ്ട്രനിർമ്മാണത്തിനു പകരം രാഷ്ട്രനശീകരണം നടത്തുന്ന White collar രാഷ്ട്രീയക്കാരും അഭിനവ പണ്ഡിതന്മാരും എഴുത്തുകാരും നമ്മുടെ രാജ്യത്തിന്റെ പുരോഗതിയെ വളച്ചൊടിച്ചു കാണിക്കാൻ പ്രവണത കാട്ടുന്നത് ദേശസ്നേഹമില്ലായ്മയായി ചിത്രീകരിച്ചാൽ അതിൽ ഒട്ടും അത്ഭുതപ്പെടാനില്ല.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരക്കാലത്ത് ബ്രിട്ടീഷുകാരുടെ (Colonial Rule) ബ്രിട്ടന്റെ കോളനിയാക്കിയുള്ള ഭരണത്തിൽ നിന്നും മോചനം ലഭിക്കാൻ വേണ്ടി എല്ലാ ഭാരതീയരും ഒറ്റക്കെട്ടായി നിലനിന്നതിനാൽ ബ്രിട്ടീഷ് ഭരണാധികാരികൾക്കു പിടിച്ചു നിൽക്കാനായില്ല. അന്ന് നമ്മുടെ ദേശീയത ദൃഢമായിരുന്നു. അന്നു നമുക്ക് ദേശക്കൂറ് ഒരു അഭിനിവേശമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഏകപാർട്ടി ഭരണം വർഷങ്ങളോളം നീണ്ടു നിന്നിരുന്ന കാലത്ത് ദേശാഭിമാനവും ദേശസ്നേഹവും അതിന്റെ പാരമ്യത്തിലായിരുന്നു. സ്വാതന്ത്ര്യം നേടിയെടുക്കാൻ അധ്വാനിച്ച നേതാക്കന്മാർ ഭരണാധികാരികളായപ്പോൾ അവർക്കെതിരെ വിമർശനങ്ങളുയർത്താൻ ആർക്കും തോന്നയിട്ടില്ല. കാരണം സ്വാതന്ത്ര്യം നുകരുന്നതിന്റെ മധുവിധുകാലമായിരുന്നു അന്ന് എല്ലാ ഭാരതീയർക്കും. ക്രമേണ മറ്റു രാഷ്ട്രീയപാർട്ടികൾ രംഗത്തു വന്നു. അപ്പോൾ വ്യത്യസ്ഥ രാഷ്ട്രീയ പാർട്ടികളുടെ ഭരണത്തിലൂടെ ഇൻഡ്യയ്ക്കുണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും താരതമ്യം ചെയ്യാൻ ഭാരതീയർക്കു അവസരങ്ങൾ ക്രമേണ ലഭിച്ചുകൊണ്ടിരുന്നു. അങ്ങിനെ Multiparty Democracy യുടെ ഉത്തമ ഉദാഹരണം ലോകത്തിനു

പഠിപ്പിച്ചു കൊടുക്കാൻ ഇൻഡ്യയ്ക്കു കഴിഞ്ഞു. കൂട്ടുകക്ഷി ഭരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും ഭരണമാറ്റങ്ങൾക്കു വഴിയൊരുക്കി. ഭരണം കൈയ്യിൽ കിട്ടാൻ വേണ്ടി വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാരും എഴുത്തുകാരും ചിന്തകരും അട്ടിമറിക്കാരും ദേശാഭിമാനവും ദേശക്കൂറും വിലകുറച്ചു കാണിക്കാനും വിറ്റു തിന്നാനും സൗകര്യപൂർവ്വം അത്തരം മൂല്യങ്ങളെ മറന്നു പ്രവർത്തിക്കാനും പ്രവണത കാണിച്ചുകൊണ്ടേയിരിക്കുന്ന ചരിത്രസത്യമാണ് നമ്മൾ അനുദിനം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്.

'ഭാരതമെന്നു കേട്ടാലഭിമാനപൂരിതമാകണമന്തരംഗം

കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ'

എന്നു കേട്ടു വളർന്ന നമ്മൾ ഇന്നു പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത് ദേശസ്നേഹമില്ലായ്മയുടേയും ദേശാഭിമാനം ബലികൊടുത്തുകൊണ്ടുള്ള വാർത്താശകലങ്ങളും രാഷ്ട്രീയ ചർച്ചകളും സത്യവിരുദ്ധമായ ലേഖനങ്ങളും പ്രചരണങ്ങളുമാണ്.

ഔദ്യോഗിക കണക്കനുസരിച്ച് 972 രജിസ്റ്റർ ചെയ്ത രാഷ്ട്രീയപാർട്ടികൾ, 960 ആചാരങ്ങളും അനുഷ്ഠാനങ്ങളും മതവിഭാഗങ്ങളും (Customs & Practices) ഉള്ള ലോകത്തിലെ ഏറ്റവും സങ്കീർണ്ണമായ Sub- Continent അഥവാ മഹാരാജ്യമാണ് ഇന്ത്യ. എന്നിട്ടും ജനാധിപത്യം മുറുകെപ്പിടിക്കുന്ന (A Miracle Nation)അത്ഭുത രാജ്യം ! ഇത്രയും സങ്കീർണ്ണതയില്ലായിരുന്നെങ്കിൽ ഇന്ത്യ പല ലോകശക്തികളേക്കാൾ മുന്നിലാകുമായിരുന്നു.

മതേതരത്വം മഹനീയമാക്കി കാണിച്ച് സ്വാതന്ത്ര്യലബ്ധിക്കുശേഷം പ്രസിഡന്റ് (രാഷ്ട്രപതി) നിയമനങ്ങളിൽ കൂടി ബാബു രാജേന്ദ്രപാസാദ്, കെ. ആർ നാരായണൻ, ഡോ. എ. പി .ജെ അബ്ദുൾ കലാം, രാംനാഥ് കോവിന്ദ് എന്നിങ്ങനെ ശ്രേഷ്ഠവ്യക്തികളെ ഇന്ത്യയുടെ പരമോന്നത പദവി അലങ്കരിക്കാൻ നിയോഗിച്ചത് ലോകത്തിനു തന്നെ മാതൃകയാണ്.

White collar രാഷ്ട്രീയക്കാർ കഠിന രാഷ്ട്രീയ യാതനകൾ അനുഭവിച്ചിട്ടില്ലാത്തവരാണ്. ഇത്തരക്കാർ പടച്ചു വിടുന്ന വാർത്തകളും ലേഖനങ്ങളും, അർഹിക്കാത്ത സ്ഥാനമാനങ്ങൾ കുറുക്കു വഴികളിലൂടെ ലഭിച്ചതിന്റെ ജാള്യത മറയ്ക്കാൻ വേണ്ടിയുള്ള നിലവാരം കുറഞ്ഞ കവചങ്ങളായി കണക്കാക്കാനേ കഴിയൂ ! ദേശാഭിമാനവും ദേശക്കൂറും മറന്നു കളയുന്നു !

അടുത്ത കാലത്ത് ഒരു മുൻ അമേരിക്കൻ പ്രസിഡന്റിന്റെ രാഷ്ട്രീയ ഓർമ്മക്കുറിപ്പിൽ ഇന്ത്യയെ പ്രതിപാദിക്കുന്നതായി ഒരു ചെറുലേഖനം വായിക്കാനിടയായി. അദ്ദേഹം വളർന്നത് ഇന്തോനേഷ്യയിൽ (അദ്ദേഹത്തിന്റെ പിതാവ് കെനിയക്കാരൻ, അമ്മ അമേരിക്കയിലെ വെളുത്ത വർഗ്ഗക്കാരി). രാമായണവും മഹാഭാരതവും കേട്ടു വളർന്നതിനാൽ മനസ്സിൽ ഇന്ത്യയ്ക്ക് പ്രത്യേക സ്ഥാനം. ഇന്ത്യക്കാരനെന്ന നിലയിൽ മനസ്സിൽ ആദ്യം ഉദിച്ച ചോദ്യം 'എന്നിട്ടു പ്രസിഡന്റ് ഒബാമാ അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇന്ത്യയ്ക്കു വേണ്ടി എന്തു ചെയ്തു'? പക്ഷെ, മേൽപ്പറഞ്ഞ ചെറുലേഖനത്തിന്റെ ഉദ്ദേശം വിലകുറഞ്ഞ രാഷ്ട്രീയ അജൻഡയായിരുന്നെന്ന് അവസാന ഭാഗത്തുനിന്ന് മനസ്സിലാക്കാൻ സാധിച്ചു. പ്രസിഡന്റ് ഒബാമയുടെ ഏതാണ്ട് 1000 പേജുകളുള്ള രാഷ്ട്രീയ ഓർമ്മക്കുറിപ്പു പുസ്തകത്തിൽ ഇന്ത്യയുടെ മുൻപ്രധാനമന്ത്രിമാരിലൊരാളേയും പ്രതിപക്ഷ പാർട്ടിയുടെ വളർന്നു വരുന്ന ഒരു നേതാവിനെയും പറ്റി പരാമർശിക്കുകയും മുൻപ്രധാനമന്ത്രിയെ പ്രശംസിച്ചതായും പക്ഷെ ഇപ്പോഴത്തെ പ്രധാനമന്ത്രിയെപ്പറ്റി ഒന്നും പ്രതിപാദിച്ചിട്ടില്ലെന്നും ലേഖകൻ എടുത്തു പറയുന്നു. അതാതു കാലയളവിലെ ഭരണാധികാരികളെ വിലകുറച്ചു കാണിക്കാൻ വേണ്ടി വാർത്തകളോ ലേഖനങ്ങളോ പ്രസിദ്ധീകരിക്കുന്നത് രാജ്യസ്നേഹമില്ലായ്മയുടെയും ദേശാഭിമാനമില്ലായ്മയുടെയും മകുടോദാഹരണങ്ങൾ തന്നെയാണെന്നു പറയാതെ വയ്യ.

അമേരിക്കയിൽ 2020 നവംബർ 3 ന് നടന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിനെപ്പറ്റി പ്രതിപാദിച്ച് പുറത്തു വന്നു മറ്റൊരു ലേഖനത്തിൽ മേൽപ്പറഞ്ഞതിനേക്കാൾ മൂർച്ചയേറിയ തോതിൽ ദേശാഭിമാനമില്ലായ്മ തുറന്നു കാട്ടുകയാണ് അതേ White collar രാഷ്ട്രീയ ലേഖകൻ. ഒരു പക്ഷെ അദ്ദേഹത്തിന് ഇന്ത്യയുടെ ആത്മാവ് തൊട്ടറിയാൻ അവസരം കിട്ടാതെ വന്നതുകൊണ്ടാകാം ഇന്ത്യയെ നന്നായി പഠിച്ചാലെ ഇന്ത്യയുടെ മഹത്വം മനസ്സിലാക്കി ഇന്ത്യയെ സ്നേഹിക്കാൻ ആർക്കും സാധിക്കുകയുള്ളൂ. സ്വാതന്ത്ര്യം കിട്ടിയപ്പോൾ മുതൽ എല്ലാവരും ഇന്ത്യയെ വിളിച്ചിരുന്നത് ഹിന്ദുസ്ഥാൻ എന്നാണ്. ഇന്ത്യയെന്ന പേര് ബ്രിട്ടിഷുകാരുടെ ഈസ്റ്റ് ഇൻഡ്യ കമ്പിനി

യിൽ നിന്ന് ചുരുക്കിപ്പറഞ്ഞുണ്ടായതാണ്. അല്ലാതെ ആ രാഷ്ട്രീയ ലേഖകൻ വിമർശിക്കുന്നതുപോലെ ഈ അടുത്തകാലത്ത് സൃഷ്ടിച്ചെടുത്തതല്ല ഹിന്ദുസ്ഥാൻ എന്ന പദം. അമേരിക്കയിൽ രണ്ടു വിഭാഗം ജനങ്ങൾ; വെളുത്ത വർഗ്ഗക്കാരും ആഫ്രിക്കൻ വേരുള്ള കറുത്ത വർഗ്ഗക്കാരും. ലോകത്തിലെ പല രാജ്യങ്ങളിലും വെളുത്ത വർഗ്ഗക്കാരും കറുത്ത വർഗ്ഗക്കാരുമുണ്ടല്ലോ. മുസ്ലിം രാജ്യങ്ങളിൽ മുസ്ലീം മതക്കാർക്ക് തന്നെ ആധിപത്യം. ആഫ്രിക്കൻ രാജ്യങ്ങലിൽ കറുത്ത വർഗ്ഗക്കാരുടെ ആധിപത്യം. ഇന്ത്യയേപ്പോലെ ഇത്രയധികം മതവിഭാഗങ്ങളുള്ള ഏതെങ്കിലും രാജ്യം ലോകത്തുണ്ടോ?

ഇന്ത്യയിൽ ഹിന്ദുക്കൾ തന്നെയാണ് ഭൂരിപക്ഷം. പക്ഷെ, ഇന്ത്യ ഒരു അത്ഭുതരാജ്യമായതിനാൽ ന്യൂനപക്ഷമതത്തിൽ പെട്ടവരും സർവ്വസ്വാതന്ത്ര്യത്തോടെ ഇന്ത്യയിൽ കഴിയുന്നു. ഏതാണ്ട് 960 –ൽ പരം ജാതി, മത ആചാര, അനുഷ്ഠാന, ആഘോഷ രീതികളും (Customs, Cultural Practices, Dress Code, Religious Ceremonies, Festivals & So on) ജീവിത ശൈലികളും ഇന്ത്യയെ അതുല്യ അത്ഭുതരാഷ്ട്രമായി ലോകം മുഴുവൻ ആദരിക്കുമ്പോൾ, 130 കോടി ജനങ്ങൾക്കിടയിൽ സംഭവിക്കാവുന്ന വല്ലപ്പോഴുമുണ്ടാകുന്ന അപസ്വരങ്ങളെ ഊതിവീർപ്പിച്ചു കാണിക്കാൻ ശ്രമിക്കുന്നവർ ഇന്ത്യയെ സ്നേഹിക്കുന്നില്ലാത്തവരാണ്. ഇത്രയും സങ്കീർണ്ണത നിറഞ്ഞ ഇന്ത്യയിൽ Religious Harmoney (മതസൗഹാർദ്ദം) യോടുകൂടിയാണ് മുന്നോട്ടു പോകുന്നത്. വല്ലപ്പോഴും വിരളമായി രാഷ്ട്രീയ ലാഭം കൊയ്യാൻ വേണ്ടി മതവിഭാഗങ്ങളെ തമ്മിലടിപ്പിക്കുന്നത് രാഷ്ട്രീയ പാർട്ടികളുടെ സ്വാർത്ഥതകൊണ്ടു സംഭവിക്കുന്നതാണ്. (Idealistic world Vs Practical World) താത്ത്വികലോകവും പ്രായോഗികലോകവും എന്ന സങ്കല്പം ശരിയായ വിശകലനം ചെയ്താൽ അസന്നിഗ്ധമായി പറയാൻ പറ്റും. പ്രായോഗിക ലോകമേ നിലനിൽക്കുകയുള്ളൂ. ആലങ്കാരികമായി പറയാനെളുപ്പമാണ് ഭൂരിപക്ഷമതവിഭാഗങ്ങൾ ന്യൂനപക്ഷമതവിഭാഗങ്ങളുടെ താല്പര്യങ്ങൾക്കു മുൻഗണന കൊടുക്കണമെന്ന്. ഈ ഒരു തത്ത്വം പല രാജ്യങ്ങളിലും സങ്കല്പിക്കാൻപോലും സാധിക്കുകയില്ല. എന്നിട്ടും ഇന്ത്യയിൽ ഭൂരിപക്ഷമതവിഭാഗങ്ങൾ സംയമനം പാലിച്ച് ന്യൂനപക്ഷമതവിഭാഗങ്ങളുടെയും സമുദായങ്ങളുടെയും പ്രത്യേക പരിഗണനാ സിദ്ധാന്തങ്ങളും സംവരണതത്ത്വങ്ങളും മുറുകെ പിടിച്ച് സമാധാനം കാത്തു സൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായി മുന്നോട്ടുപോകുന്നുവെന്നുള്ളത് ലോകരാഷ്ട്രങ്ങൾ കണ്ടു പഠിക്കേണ്ടതുണ്ട്. അതേ സമയം ന്യൂനപക്ഷമതവിഭാഗങ്ങൾക്കുവേണ്ടി എന്നും എപ്പോഴും ഭൂരിപക്ഷമതവിഭാഗങ്ങൾ ത്യാഗം സഹിച്ച് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത് താത്ത്വിക (Idealistic) നിലപാട് മാത്രമാണ്. പ്രായോഗിക ലോകത്ത് ഇതു വലിയ സങ്കീർണതകൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കും. അത്തരം വിരളമായി സംഭവിക്കാവുന്ന അപസ്വരങ്ങളെ എരിതീയിൽ എണ്ണയൊഴിച്ച് വഷളാക്കുന്നതും ഊതിവീർപ്പിച്ചു കാണിക്കുന്നതും രാജ്യസ്നേഹമില്ലായ്മയാണ്. 'ട്രംപിന്റെ അമേരിക്കപോലെ എങ്ങനെ ധ്രുവീകരിക്കപ്പെട്ടിരിക്കുന്നുവോ സമാനമായ വിഭജനം ഇന്ത്യയിലും സംഭവിച്ചിരിക്കുന്നു' എന്ന് എഴുതിയ ലേഖകൻ ഇന്ത്യയെ പഠിക്കാത്ത വ്യക്തിയാണെന്നു ആരെങ്കിലും വിശേഷിപ്പിച്ചാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല. കൂടാതെ, ഇന്ത്യയിൽ സഹവർത്തിത്തോടെ കഴിഞ്ഞു പോരുന്ന ജാതി, മത, വിഭാഗങ്ങൾക്കു ഇന്ത്യാമഹാരാജ്യത്തിന്റെ ഭാഗമാകുകയെന്നത് ഒരു യുദ്ധതുല്യമായ ശ്രമത്തിലൂടെ മാത്രമേ സാധിക്കുന്നുള്ളുവെന്നതും അതിശയോക്തി പരവും അവാസ്തവുമായ രാഷ്ട്രീയ പ്രസ്താവനകളായി മാത്രമേ കാണാൻ കഴിയൂ. ലോകത്തിലെ 400 സൂപ്പർ കമ്പ്യൂട്ടറുകളിൽ ഇന്ത്യയുടെ രണ്ടു കമ്പ്യൂട്ടറുകൾ 63 ഉം 146 ഉം സ്ഥാനങ്ങൾ നേടിയിരിക്കുന്നതുപോലെയുള്ള വാർത്തകളും ദേശാഭിമാനം വളർത്തുന്ന വാർത്തകളുടെ കൂട്ടത്തിൽ പ്രതിപാദിക്കപ്പെടാതെ പോകുന്നതിന്റെ അർത്ഥം മറ്റൊന്നല്ല– രാജ്യസ്നേഹവും ദേശാഭിമാനമില്ലായ്മയുടെയും മകുടോദാഹരണങ്ങളാണെന്നതാണ് സത്യം. ഇന്ത്യയുടെ മൂന്നു സ്കൂൾ കുട്ടികൾ ഇന്റർനാഷണൽ ചിൽഡ്രൻസ് Climate പുരസ്കാരം കരസ്ഥമാക്കിയെന്നുള്ള വാർത്ത ദേശാഭിമാനം കുട്ടികളിൽ വളർത്തിയെടുക്കാനുതകുന്നതാണ്. അതേ സമയം കഴിഞ്ഞ 6 വർഷങ്ങളിൽ ഇന്ത്യയുടെ വളർച്ച പ്രധാനമന്ത്രിയുടെ താടിമാത്രമെന്നു എഴുതി പ്രസീദ്ധീകരിക്കുന്നതു രാജ്യസ്നേഹമില്ലായ്മ തന്നെയാണെന്നും പറയാതെ വയ്യ.

രാജ്യപുരോഗതി ലക്ഷ്യമാക്കി പാഠ്യപദ്ധതികളിൽ മാറ്റം വരുത്തി സ്കൂളുകളിലെ സിലബസ്സുകൾ പരിഷ്കരിക്കുന്ന പ്രക്രിയ ഇന്ത്യയിൽ തുടങ്ങി. പുതുക്കിയ സിലബസ്സും അടൽ ചിങ്കറിംഗ്

ടെക്നിക്കൽ ലാബുകളും സ്കൂളുകളിൽ കഴിഞ്ഞ രണ്ടു വർഷങ്ങളായി നന്നായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. എത്രയും അടുത്ത ഭാവിയിൽ “Make in India” ശക്തി പ്രാപിച്ച് ഇന്ത്യയുടെ കയറ്റുമതി ഇറക്കുമതിയേക്കാൾ പതിന്മടങ്ങുയർന്ന് സാമ്പത്തിക വളർച്ച കുതിച്ചുയർന്ന് ലോകത്തിലെ രണ്ടാം സ്ഥാനത്തിലെത്താനുള്ള സാധ്യത കൂടുതൽ വ്യക്തമാകുകയാണ്.

രാജ്യസ്നേഹവും ദേശാഭിമാനവും ചെറുപ്പം മുതലെ വളർത്തിയെടുക്കാൻ സ്കൂൾ/കോളേജ് സിലബസ്സുകളിൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം പൗരധർമ്മം (Civics) എന്ന പാഠ്യവിഷയം ഉൾപ്പെടുത്തിയിരുന്നു. ഭാരതത്തിൽ മാത്രമല്ല, ഒട്ടുമിക്ക രാജ്യങ്ങളിലും ഈ വിഷയം “Citizenship Module” എന്ന പേരിൽ സ്കൂൾ/കോളേജ് പഠനവിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഇന്ത്യയ്ക്ക് ലോകരാഷ്ട്രങ്ങൾക്കിടയിൽ ഒന്നാം സ്ഥാനമോ രണ്ടാം സ്ഥാനമോ നിലനിർത്താൻ ഉദ്ദേശിച്ചുള്ള പുതിയ പാഠ്യപദ്ധതി 2020 ൽ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ദേശാഭിമാനത്തിന്റെയും ദേശസ്നേഹത്തിന്റെയും ആക്കം കൂട്ടാൻ സിലബസ്സു പരിഷ്കരണം സഹായിക്കുമെന്ന് നമുക്ക് അടിയുറച്ചു വിശ്വസിക്കാം !

വിസ്തീർണ്ണം വച്ചു നോക്കിയാൽ മറ്റു പല രാജ്യങ്ങളേക്കാൾ വലിപ്പമുള്ളതിനാൽ ഇന്ത്യ ഒരു ഉപഭൂഖണ്ഡം (Sub-continent) ആയി കണക്കാക്കപ്പെടുന്നു. കൂടാതെ നൂറുകണക്കിന് ഭാഷകളും ജാതിമതസ്ഥരും ഉൾപ്പെട്ട ഉപഭൂഖണ്ഡമായതിനാൽ ഫെഡറൽ ഭരണസംവിധാനമാണ് അനുയോജ്യമെന്നു ഭരണഘടനാ ശില്പികൾ കണ്ടതിനാൽ ഇന്ത്യ ഒരു ഫെഡറൽ റിപ്പബ്ലിക് ആയി രൂപികരിക്കപ്പെട്ടു. പക്ഷെ, ഈ സംവിധാനത്തിൽ സംസ്ഥാനങ്ങൾ പരിപൂർണ്ണ സ്വതന്ത്രസംസ്ഥാനങ്ങളാണെന്ന് ചില രാഷ്ട്രീയ പാർട്ടികളും സംസ്ഥാനങ്ങളും ചിന്തിക്കുന്ന അവസരവാദത്തോടെ പെരുമാറുന്നതും പ്രവർത്തിക്കുന്നതും വിഘടന വാദത്തിന്റെയും വിപ്ലവശൈലിയുടെയും ബഹിർഗമനങ്ങളാണെന്നു ടെലിവിഷൻ ചാനൽചർച്ചകളിലും ചില രാഷ്ട്രീയ നേതാക്കളുടെ വാർത്താ സമ്മേളനങ്ങളിലും പ്രതിഫലിച്ചു കാണുന്നതു രാജ്യസ്നേഹമില്ലായ്മയുടെയും ദേശാഭിമാനമില്ലായ്മയുടെയും പ്രതിധ്വനികളായി തോന്നിപ്പോകും. ഇൻഡ്യയുടെ ഫെഡറൽ സംവിധാനഘടന പരിശോധിച്ചാൽ ഏതൊരു പൗരനും എളുപ്പത്തിൽ മനസ്സിലാകുന്ന കാര്യമാണ് കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങളുടെയും ജനങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധികൾ ഉൾപ്പെട്ട ലോകസഭയും രാജ്യസഭയും പ്രതിനിധാനം ചെയ്യുന്ന ഭരണകേന്ദ്രസംവിധാനമാണെന്നത്. അതേ സമയം സംസ്ഥാനഭരണ സംവിധാനം അതതു സംസ്ഥാനത്തെ ജനങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധികൾ മാത്രം ഉൾപ്പെട്ടതാണ്. അതിന്റെ അർത്ഥം സംസ്ഥാനം കേന്ദ്രത്തിലേക്ക് റിപ്പോർട്ടു ചെയ്യണം അല്ലാതെ കേന്ദ്രം സംസ്ഥാനത്തിലേക്ക് റിപ്പോർട്ടു ചെയ്യുകയല്ല, നിർദ്ദേശങ്ങൾ കൊടുക്കുകയാണ്. ആ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഏതു സംവിധാനത്തിലും എന്നപോലെ ഫെഡറൽ ഭരണസംവിധാനത്തിലുമുണ്ട് Instruction line ഉം Reporting Line ഉം. ഇത്തരം സംവിധാനം Checks and balances നു വേണ്ടി ഭരണഘടന ശില്പികൾ ദീർഘവീക്ഷണത്തോടെ ചെയ്തു വച്ചതാണെന്നതിൽ സംശയലേശമില്ല!

സംസ്ഥാന ഗവർണർ ഒരു നിരീക്ഷകന്റെ റോളിൽ കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ഒരു ലിങ്ക് ആയി പ്രവർത്തിക്കുന്നു. ദൃശ്യമാധ്യമങ്ങളിലെ ചാനൽ ചർച്ചകളിൽ പ്രേക്ഷകർക്കുകൂടി ഫോൺ ചെയ്തു ചർച്ചയിൽ പങ്കാളികളാകാൻ സാധ്യത ഒരുക്കിയാൽ ഒട്ടേറെ അബദ്ധജടിലങ്ങളും തെറ്റിദ്ധാരണകളും ഒഴിവാക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.




**കലണ്ടർ 2021**

**എറണാകുളം കരയോഗം കലണ്ടർ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.**

# വ്യക്തിത്വ വികസനവും ആത്മാഭിമാനവും

എം. രാജലക്ഷ്മി

വ്യക്തിത്വ വികസനം എന്നത് ഇന്നേറ്റവും ശ്രദ്ധേയമായ വിഷയമാണ്. മന:ശാസ്ത്രം, സാമൂഹികശാസ്ത്രം, നരവംശ ശാസ്ത്രം എന്നിവയുടെ നേട്ടങ്ങളിൽ നിന്നെല്ലാം പാഠമുൾക്കൊണ്ട് നൂതനങ്ങളായ സിദ്ധാന്തങ്ങളും ശാസ്ത്രീയ പദ്ധതികളും ഇന്ന ആവിഷ്കരിക്കപ്പെടുന്നു. വ്യക്തിത്വ വികാസം ഒരു കുഞ്ഞ് ജനിച്ച് വളരുമ്പോൾ തന്നെ മാതാപിതാക്കളിൽ നിന്ന്, ഗുരുജനങ്ങളിൽ നിന്ന്, സജ്ജന സംസർഗ്ഗത്തിൽ നിന്ന്, ഇത് വിദ്യാഭ്യാസ പദ്ധതിയിൽ തന്നെ അധ്യയന വിഷയമാക്കിയിരിക്കുന്നു. ശാസ്ത്രീയ പഠനമൊന്നുമില്ലാതെ തന്നെ പറയാവുന്ന ഒന്നാണ് പ്രോത്സാഹനത്തിലൂടെ ഒരു വ്യക്തിക്ക് തക്ക സമയത്ത് തക്ക പ്രോത്സാഹനം ലഭിച്ചിട്ടുണ്ടെങ്കിൽ അവൻ തീർച്ചയായും ഉത്തുംഗ ശൃംഗത്തിൽ എത്തിച്ചേർന്നിരിക്കും.

ഒരാളുടെ തൊഴിലിലെ മാത്രമല്ല സാമൂഹിക ബന്ധങ്ങളിലെയും കുടുംബ ജീവിതത്തിലെയും മൂലക്കല്ലുകളിൽ ഒന്നാണ് ആത്മാഭിമാനം. ഒരു ശിശുവിനെ വളർത്തിയെടുക്കുന്ന രീതിയെ ആശ്രയിച്ചാണ് ആത്മാഭിമാനം അവനിൽ വളരുന്നത്. മാതാപിതാക്കളിൽ ആത്മാഭിമാനമില്ലെങ്കിൽ അത് കുട്ടികളിൽ പ്രതിഫലിക്കും. ഇത് ജനിതക പ്രതിഭാസമല്ല. കുട്ടിയെ വളർത്തി എടുക്കുന്ന തകരാറാണ്. സൗന്ദര്യം പണം, ബുദ്ധി, കാര്യശേഷി പുറംമോടികൾ എന്നിവയുമായി ആത്മാഭിമാനത്തിന് ബന്ധമുണ്ടെങ്കിലും ഇവയൊന്നും അതിന് ഉറപ്പ് വരുത്തുന്നില്ല. ആത്മാഭിമാനക്കുറവ് ജീവിതത്തിന്റെ സമസ്ഥതലങ്ങളെയും ബാധിക്കുന്നു. കഠിനമായ പരിശ്രമത്തിലൂടെ വ്യക്തമായ ധാരണയിലൂടെ ഇത് നമുക്ക് സ്വായത്തമാക്കാം. അല്ലാതെ സ്വയമുണ്ടാകുന്നതല്ല. പുതിയ ഭാഷ സ്വായത്തമാക്കുന്നപോലെ ക്ഷമാശീലത്തിലൂടെ ഇത് നേടിയെടുക്കാം. എന്താണ് ആത്മാഭിമാനം? അവരവരെകുറിച്ചുള്ള ധാരണ അഥവാ അഭിപ്രായം എന്ന് പൊതുവെ പറയാം. ഓരോരുത്തരും അവരവരെ എങ്ങിനെ വീക്ഷിക്കുന്നു എന്നത്. ഒരു പ്രധാന ഘടകമാണ്. ജീവിതത്തിലെ ഏത് പ്രശ്നവും നേരിടാൻ സാധിക്കുമെന്ന തിരിച്ചറിവ് അഥവാ ബോധം നമുക്ക് സുരക്ഷിതത്വം നൽകുന്നതിന് പുറമെ മറ്റുള്ളവരെയും ബഹുമാനത്തോടെ കാണാൻ കഴിയുന്നു. നമ്മുടെ കാര്യങ്ങൾ സുതാര്യമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നു. ഈ ഉയർന്ന തലത്തിലുള്ള ആത്മാഭിമാനമുള്ളവർക്ക് ഏതു കാര്യവും ഏറ്റെടുക്കുവാനുള്ള തന്റേടം, ശുഭാപ്തി വിശ്വാസം, ഉത്സാഹം, ഉന്നതനിലയിൽ എത്തണമെന്ന ആഗ്രഹം, മികച്ച കാര്യശേഷി എന്നീ ഗുണങ്ങളുണ്ടാകും. ജോലിയിലെ നേട്ടം മറ്റുള്ളവർ നിങ്ങളെ എങ്ങിനെ വീക്ഷിക്കുന്നു എന്ന അറിവ്, ജീവിതലക്ഷ്യം, ശക്തിദൗർബല്യങ്ങൾ, സമൂഹത്തിലെ സ്ഥാനവും അവരുമായ ബന്ധവും, സ്വന്തം കാലിൽ നിൽക്കാനുള്ള കഴിവ്, അതിൽ അഭിമാനിക്കുക ഇതെല്ലാം വ്യക്തിത്വത്തെ ബാധിക്കുന്നു. ലഹരി മരുന്നുകളുടെ സ്വാധീനം, ചട്ടമ്പിത്തരം, വികാരപരമായ അസന്തുലിതാവസ്ഥ, ഭക്ഷണരീതിയിലെ വൈകല്യങ്ങൾ എന്നിവയെല്ലാം താൻ ആരാണെന്ന തിരിച്ചറിവില്ലായ്മയും ആത്മാഭിമാനക്കുറവും മൂലമാണ് സംഭവിക്കുന്നത്. നമുക്കെല്ലാം തന്നെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ കഴിവുകളുണ്ട്. അത് വളർത്തിയെടുക്കണമെന്നു മാത്രം. അതിന് യോഗ്യതയുള്ള ഗുരുവിനെ നാം തിരഞ്ഞെടുക്കണം. നമുക്ക് നമ്മുടെ കർമ്മംകൊണ്ട് ദേവന്മാരും

മഹർഷികളും, ബ്രാഹ്മണനും, സിദ്ധനും, മനുവും, വിശ്വാമിത്രനും, നാരദനുമൊക്കെയാവാം. ദേവന്മാർ എന്നാൽ നമ്മുടെ ഇന്ദ്രിയങ്ങളാണ്. മഹർഷി മഹത്തിനെ പ്രാപിക്കാൻ പ്രേരണ നൽകുന്നവൻ അഥവാ മനസ്സും ബുദ്ധിയും ചേർന്നത്. ബ്രഹ്മത്തെ അറിഞ്ഞവനാണ് ബ്രാഹ്മണൻ. ജന്മംകൊണ്ടല്ല കർമ്മം കൊണ്ടാണ് നാം ബ്രാഹ്മണനാകുന്നത്. വിശ്വത്തിന് മുഴുവൻ മിത്രമായവനെത്രെ വിശ്വാമിത്രൻ. സിദ്ധൻ – സാധനയിലൂടെ സാധന നേടുന്നവൻ. മനു – മനനം ചെയ്യുന്നവൻ. നാരദൻ – ആത്മജ്ഞാനം നൽകുന്ന ഗുരു. നാരം ഗതാ ഇതി നാരദൻ. പരമമായ ബ്രഹ്മവിദ്യയെ ഉപദേശിക്കുന്നവൻ. അല്ലാതെ ഏഷണി കൂട്ടുന്നവനല്ല നാരദൻ. ഭഗവാൻ ശ്രീകൃഷ്ണൻ ആത്മാവിനെയും ശരീരത്തെയും മാറ്റം വരുത്തി കുബ്ജയെ സുന്ദരിയാക്കി. അർജ്ജുനന് ഗീതോപദേശം നൽകി അർജ്ജുനന്റെ വ്യാകുലതയും വ്യാമോഹവും കളഞ്ഞ് അർജ്ജുനനെ താനാരാണെന്നും തന്റെ കഴിവെന്താണെന്നും മനസ്സിലാക്കിച്ച് ആത്മബോധം ഉയർത്തിക്കൊടുത്തു. ശ്രീരാമൻ കല്ലിനെ സുന്ദരിയായ അഹല്യയാക്കി മാറ്റി. സീതാന്വേഷണത്തിന് എത്തിയ ഹനുമാന് ലങ്കയിലെത്താൻ ജാംബവാൻ ഹനുമാന്റെ സാഹസിക പ്രവർത്തനങ്ങൾ പറഞ്ഞ് ആത്മവീര്യം ഉത്തേജിപ്പിച്ചപ്പോൾ ഹനുമാൻ നിഷ്പ്രയാസം കടൽ താണ്ടി ലങ്കയിലെത്തി. ഒരിക്കൽ അലസനായ ഒരു രാജകുമാരൻ യാതൊരു കർത്തവ്യവും ചെയ്യാതെ അലഞ്ഞ് തിരിഞ്ഞ് നടന്നിരുന്നു. രാജാവിന് വയസ്സായപ്പോൾ രാജകുമാരനെ യുവരാജാവാക്കുവാൻ തീരുമാനിച്ച് മകനെ കൂട്ടിക്കൊണ്ടു വരുവാൻ മന്ത്രിയെ പറഞ്ഞയച്ചു. ആ സമയത്ത് കുമാരൻ ഒരു ചെരുപ്പു കടയിൽ ചെരുപ്പിന് വില പേശി നിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. കടക്കാരനാകട്ടെ കുമാരനോട് അലക്ഷ്യമായി പെരുമാറി. മന്ത്രി പറഞ്ഞു കുമാരാ, ഇന്നു മുതൽ നീ ഈ രാജ്യത്തെ രാജാവാണ്. ഒരിയ്ക്കലും ഇതുപോലെ അലഞ്ഞു നടക്കരുത്. മനസ്സിലായോ? അത് കേട്ടതും അവന്റെ ഉപബോധ മനസ്സിൽ താൻ രാജാവാണെന്ന തിരിച്ചറിവ് വന്നു. ആരവിടെ, ഇയാളോട് എനിക്ക് ഉചിതമായ പാദുകം തിരഞ്ഞെടുത്ത് തരാൻ പറയൂ എന്ന് കല്പിച്ചതും കടക്കാരൻ ഭയന്ന് രാജകുമാരനെ വേണ്ട വിധത്തിൽ സൽക്കരിച്ച് ഉപചാരങ്ങൾ ചെയ്ത് പാദുകങ്ങൾ അരമനയിൽ എത്തിച്ചു കൊടുത്തു. ഈ ആത്മബോധമാണ് രാജകുമാരനെ വിജയത്തിന്റെ പാതയിൽ എത്തിച്ചത്.

പല പ്രസ്താവനകളും സ്ഥാപനങ്ങളും സ്ഥാപകനേതാവിന്റെ കാലത്തോടുകൂടി അസ്തമിച്ച് പോകുന്നത് അടുത്ത തലമുറയെ പ്രോത്സാഹിപ്പിക്കുകയോ രൂപപ്പെടുത്തുകയോ ചെയ്യാത്തതു മൂലമാണ്. സ്വന്തം കഴിവിലും നേട്ടത്തിലും അമിതമായി വിശ്വസിക്കുന്നവർ മറ്റുള്ളവരുടെ കഴിവുകളെ അംഗീകരിച്ചെന്ന് വരില്ല. ആത്മീയമായി നോക്കിയാൽ മാത്സര്യമോ വ്യർത്ഥാഭിമാനമോ മൂലം നമ്മൾ ഒന്നും ചെയ്യരുതെന്ന് മനസ്സിലാക്കാം. മറിച്ച് ഓരോരുത്തരും തങ്ങളെക്കാൾ ശ്രേഷ്ഠരും വിനയവുമുള്ളവരാണെന്ന് തിരിച്ചറിയണം. സ്വന്തം താൽപ്പര്യത്തോടൊപ്പം മറ്റുള്ളവരുടെ താൽപ്പര്യവും പരിഗണിക്കണം. ഒരു പുതിയ സാഹചര്യത്തെയോ വെല്ലുവിളിയെയോ അഭിമുഖീകരിക്കുമ്പോൾ നാമെല്ലാം ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും പ്രോത്സാഹനമാണ്. പ്രത്യേകിച്ചും പരസ്പരം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുമ്പോൾ ഉത്തേജനം കൂടുതൽ ലഭിക്കുന്നു. അതുപോലെ പ്രധാനമാണ് അഭിനന്ദനവും പ്രശംസയും. അത് ജോലിസ്ഥലത്തായാലും ഭവനത്തിലായാലും ശരി. കുടുംബങ്ങളിൽ വിശ്രമമില്ലാതെ കഷ്ടപ്പെടുന്ന വനിതകൾ, അത് ആരും കാണാനും കേൾക്കാനും ഇല്ലാതെ വരിക, ഒരു നല്ല വാക്ക് പോലും പറഞ്ഞില്ലെങ്കിലും സദാ കുറ്റപ്പെടുത്തുക, അത് പലപ്പോഴും വീട്ടിൽ അപസ്വരം ഉയർത്തും, അസ്വസ്ഥത ഉളവാക്കും. മനുഷ്യ മനസ്സിന്റെ നിഗൂഢതയിലെ വ്യാപാരങ്ങൾ മനസ്സിലാക്കാൻ ആരും മുതിരുന്നുമില്ല. പറഞ്ഞറിയിക്കാൻ ആരും കൂട്ടാക്കുന്നുമില്ല. മറ്റു സ്ഥാപനങ്ങളിലെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ്ഥമല്ല. വ്യക്തിത്വം മുരടിച്ച് പോകുന്നതും അംഗീകാരവും പ്രോത്സാഹനവും ലഭിക്കായ്ക മൂലമാണ്. ആരിൽ എവിടെ നന്മ കണ്ടാലും അത് അംഗീകരിക്കാനും അഭിനന്ദിക്കാനും കഴിയണം. അതുകൊണ്ട് ഇരുകൂട്ടരും വ്യക്തിത്വ വികസനത്തിന് വഴി തെളിക്കുന്നു.

വ്യക്തിത്വവികസനവും ആത്മാഭിമാനവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. അതോടൊപ്പം ഈശ്വരകാരുണ്യവും നാം നേടേണ്ടതുണ്ട്. അതിനാൽ അടുത്ത തലമുറയ്ക്ക് give and take policy യിൽ കൂടെ അന്യോന്യം അംഗീകരിച്ചും അംഗീകരിക്കപ്പെട്ടും ജീവിച്ചു പോകുവാൻ നാം ഒരു മാതൃകയും വഴികാട്ടിയും കൂടി ആകട്ടെ!

# ഇടവപ്പാതി

**പത്മജ മേനോൻ**

മഞ്ഞുകടൽമഞ്ഞാൽ അലംകൃതമായ കൊച്ചു വെളുപ്പാൻ കാലത്ത് പാടശേഖരങ്ങളെ ലക്ഷ്യമാക്കി നടന്നു. ആതിരക്കാറ്റിൽ രോമകൂപങ്ങൾ എഴുന്നേറ്റ് നിന്നത് ഒന്നും ശ്രദ്ധിക്കാതെ നടക്കുമ്പോൾ മനസ്സ് സന്തോഷാധിക്യത്താൽ തുടികൊട്ടി. കാറ്റിന്റെ താളത്തിന് അനുസരിച്ച് ആടുന്ന കവുങ്ങും കേരവൃക്ഷങ്ങളും നെൽവയലോലകളിൽ മുത്തുപോലെ തിളങ്ങി നില്കുന്ന മഞ്ഞിൻ കണങ്ങൾ വയൽ വരമ്പിലെ പൂക്കൾ എല്ലാം സന്തോഷാധിക്യത്താൽ തലയാട്ടി നില്ക്കുന്നു. മഞ്ഞിൻകണങ്ങൾ പുൽത്തകിടികളോട് പരിഭവിച്ചു. എന്റെ നനവ് അറിഞ്ഞിട്ടും എന്റെ സ്നേഹം നീ മനസ്സിലാക്കിയില്ലല്ലോ. എന്നു പറയുമ്പോൾ...............കതിർകുലകൾ കൊത്തി എടുത്ത് പറന്നകലുന്ന വെട്ടുകിളികളും തത്തകളും..........ഇന്ന് കൊയ്ത്ത് ഉത്സവം തുടങ്ങുകയാണ്. ഈ ഭൂപ്രദേശമാകെ പൊൻമേനി വിളഞ്ഞിരിക്കുകയാണ്. വയൽ വരമ്പിലെ പൂക്കൾ എല്ലാം തലയാട്ടി നൃത്തം ചവിട്ടുന്നുണ്ട്. ഏതൊരു കഠിനാദ്ധ്വാനത്തിന്റെ പിന്നിലും ഒരു വിജയം നിറഞ്ഞു നില്ക്കുന്നുണ്ട്. അതാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്. രാവിലെ 11 മണിക്ക് തനിക്ക് ഇന്റർവ്യൂ ആണ്. ഈ വർഷത്തെ കർഷകശ്രീ അവാർഡ് തനിക്ക് ലഭിച്ചിരിക്കുന്നു. അവൾ വയൽ വരമ്പിലിരുന്ന് പ്രാർത്ഥിച്ചു. ഭൂമിദേവി നിന്റെ അനുഗ്രഹം.... നെൽവയലോലകളെ തഴുകികൊണ്ട് അവൾ തന്റെ നന്ദി അറിയിച്ചപ്പോൾ അവരും തിരിച്ച് പ്രതിവാദ്യം ചെയ്തുക്കൊണ്ടിരുന്നു. തിരിച്ച് നടക്കുമ്പോൾ അവളുടെ മനസ്സിൽ മുഴുവനും ഒ. എൻ. വി യുടെ കവിതാശകലമായിരുന്നു. ഈ വയൽപ്പൂക്കളെപ്പോലെ നാം കൊഴിഞ്ഞാലും....... ഈ വഴിയിലാകെ അവ പൂത്തു നില്ക്കും. അതെ തന്റെ കാലശേഷവും ഈ വയലുകൾ സംരക്ഷിക്കപ്പെടണം.

തിരിച്ച് വീട്ടിലേക്ക് നടക്കുമ്പോൾ ചന്ദ്രികചേച്ചി വേലിക്കരികിൽ നിന്ന് നീട്ടി വിളിച്ചു. കർഷകശ്രീ എന്ന്. തനിക്ക് ഒരു പുതിയ പേര് വീണിരിക്കുന്നു. കൃത്യം പതിനൊന്നു മണിക്ക് തന്നെ ചാനലുകാർ എത്തി. തന്നെ ഇന്റർവ്യൂ ചെയ്ത് മടങ്ങി. നഷ്ടനൊമ്പരംകൊണ്ടു നടക്കുന്ന തന്റെ ജീവിതയാത്രയിൽ....... വരണ്ടുണങ്ങിയ തന്റെ ഹൃത്തടത്തിൽ ഒരു കുളിർമഴയായ് പെയ്ത് ഇറങ്ങിക്കൊണ്ട് കർഷകശ്രീ അവാർഡ് പതിനെട്ടാം തീയ്യതിയാണ് അവാർഡ് ദാന ചടങ്ങ് .അയലത്തെ ചന്ദ്രികചേച്ചി എന്താ മജ്ഞുളേ....... ഇന്റവ്യൂ കഴിഞ്ഞോ എന്ന് ചോദിച്ച് വീട്ടിലേക്കു വന്നു. ചന്ദ്രികചേച്ചിയുടെ ശബ്ദം കേട്ട് അമ്മയും വലിയമ്മയും പുറത്തേക്ക് വന്നു. അല്ലെങ്കിലും ദൈവം ഒരാളെ മാത്രം അങ്ങനെ കഷ്ടപ്പെടുത്തുകയില്ല. മജ്ഞുളയുടെ വിവാഹജീവിതം താറുമാറായാലെന്ത് ? ........ ഇപ്പോൾ അവൾ കർഷകശ്രീയിലൂടെ പ്രസിദ്ധിയായില്ലേ.......... അവൾ ചെറുപ്പമല്ലേ. മജ്ഞ്ുളക്ക് വീണ്ടും ഒരു കല്യാണമൊക്കെ ആലോചിക്കാം. എന്റെ ചന്ദ്രികചേച്ചി ഒന്നു മിണ്ടാതിരിക്കുന്നുണ്ടോ എന്ന് ചോദിച്ച് ദേഷ്യപ്പെട്ടുകൊണ്ട് താൻ അകത്തേക്ക് പോയി. തന്റെ മുറിയിൽ പോയി വാതിലടച്ചു. പിന്നാമ്പുറത്ത് വെള്ള കുഴിയിൽ താറാവുകൾ മുങ്ങാംകുഴിയിട്ട് കളിക്കുന്നു. താറാവുകുഞ്ഞുങ്ങൾ അമ്മ താറാവിനെ കാണാതെ ബ്യാക്.....ബ്യാക് എന്നു പറഞ്ഞ് കരയുന്നുണ്ട്. അപ്പോൾ അമ്മത്താറാവ് വെള്ളത്തിൽ നിന്ന് പൊന്തി വരും എന്ത് രസമാണ് അവരുടെ കളി കാണാൻ അച്ഛനും അമ്മയും മക്കളുമായുള്ള ഒരു കുടുംബജീവിതം .എല്ലാ പെൺകുട്ടികളെപ്പോലെ തനിക്കുമുണ്ടായിരുന്നു വിവാഹ സ്വപ്നങ്ങൾ. മുളയിലെ കരിഞ്ഞുപോയ തന്റെ കുടുംബജീവിതം, ഓർക്കാൻ ഇഷ്ടപ്പെടാത്ത ഭൂതകാലത്തിന്റെ കയ്പേറിയ അയവിറക്കലിലേയ്ക്ക് മനസ്സ് അറിയാതെ ചലിച്ചു......

അമ്മയോട് താൻ ഒരു കണ്ടീഷനെ പറഞ്ഞുള്ളൂ. ചെറുക്കന് അച്ഛൻ ഉണ്ടായിരിക്കണം. ഒരച്ഛന്റെ ലാളന ഏൽക്കാത്ത തനിക്ക് അച്ഛന്റെ സ്നേഹം ആവോളം അനുഭവിക്കണം. ആഗ്രഹിച്ച പോലെ തന്നെ കല്യാണം ഒത്തു വന്നു. പയ്യന് ബാങ്കിലാണ് ജോലി. അച്ഛൻ മാത്രമേയുള്ളൂ. അമ്മ ഇല്ല. അവിടെയും കുറച്ച് കൃഷിയുണ്ട്. എം.എസ്. സി അഗ്രിക്കൾച്ചർ പാസ്സായ തനിക്ക് കൃഷിയോടുള്ള കമ്പത്തെ പറ്റി പറയണ്ടല്ലോ. രണ്ടു കൂട്ടർക്കും ഇഷ്ടപ്പെട്ടു. വിവാഹവും കഴിഞ്ഞു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിലായിരുന്നതുകൊണ്ട് ചടങ്ങുകൾ മാത്രമായിരുന്നു. വിവാഹത്തിന് വിരലിൽ എണ്ണാ

വുന്ന ആളുകളെ ഉണ്ടായിരുന്നുള്ളൂ. ബാക്കി വന്ന
തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്
നൽകി.

വീട് എത്തിയപ്പോൾ അച്ഛൻ വിളിച്ചു
പറഞ്ഞു കൈവല്യാ.........കയറുവാൻ വരട്ടെ. നില
വിളക്ക് തെളിയിച്ചുകൊണ്ട് വരാം. എന്നു പറഞ്ഞ്
അകത്തേക്ക് കയറി പോയി...... നിലവിളക്കുമായി
കയറിയ താൻ പൂജാമുറിയിൽ വിളക്ക് വെച്ച് പ്രാർ
ത്ഥിച്ചു. നല്ല വൃത്തിയായി ഭംഗിയോടെ വെച്ചിരിക്കു
ന്നു. വീട് ഒരു പെണ്ണില്ലാത്ത വീടാണെന്ന് പറയില്ല.
അച്ഛൻ നല്ലവണ്ണം വർത്തമാനം പറയുന്നുണ്ട് . മോളെ
എന്നു വിളിച്ച് തനിക്ക് എല്ലാം പറഞ്ഞു തന്നുകൊ
ണ്ടിരുന്നു. അച്ഛന്റെ സാമീപ്യത്തിൽ സമയം പോയ
തറിഞ്ഞതെയില്ല. നേരം സന്ധ്യയായി അപ്പോഴാണ്
താൻ ശ്രദ്ധിച്ചത്. കൈവല്യനെ കാണാനില്ല. ഇദ്ദേഹം
എവിടെപ്പോയി എന്നന്വേഷിച്ച് മുറിയിൽ പോയി
നോക്കിയപ്പോൾ അവിടെയും കണ്ടാനില്ല. അച്ഛനോട്
എങ്ങനെ ചോദിക്കും എന്ന് മടിച്ച് നില്ക്കുമ്പോൾ
കൈവല്യൻ പടി കടന്നു വരുന്നു. അച്ഛൻ ശബ്ദം
താഴ്ത്തി എന്തോ പറയുന്നുണ്ട്. അത് വകവെക്കാ
തെ കൈവല്യൻ മുറിയിലേക്ക് കയറിപോയി.....രാത്രി
അത്താഴത്തിന് വിളിച്ചപ്പോൾ വേണ്ട.......വിശപ്പില്ല
എന്ന് പറഞ്ഞ് കപ്യൂട്ടറിൽ നോക്കിയിരുന്നു. അച്ഛ
നും താനും ഭക്ഷണം കഴിച്ചെന്ന് വരുത്തി എഴുന്നേ
റ്റു. അച്ഛന്റെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. എന്താ
അച്ഛാ.........എന്ന് താൻ ചോദിച്ചു. മോള് വേണം ഇനി
അവനെ നേർവഴിക്ക് നയിക്കാൻ. അമ്മയില്ലാത്ത
കുട്ടിയായതുകൊണ്ട് കുറച്ചധികം ലാളന നല്കി
അവന് മോൾക്ക് അതിന് കഴിയും എന്നു പറഞ്ഞ്
അച്ഛൻ തന്റെ തലയിൽ തലോടി........

താൻ മുറിയിൽ എത്തിയപ്പോൾ ഉറക്കം
വന്നാൽ കിടന്നുകൊള്ളൂ . എനിക്ക് കുറച്ച് ജോലിയു
ണ്ട് എന്നു പറഞ്ഞു സാരമില്ല, ഞാൻ കാത്തിരുന്നോ
ളാം എന്ന് പറഞ്ഞു. എന്തിന് കാത്തിരിക്കണം....
ആ ശബ്ദത്തിന് ആവശ്യത്തിൽ കൂടുതൽ ഘന
മുണ്ടായിരുന്നു. താൻ പകച്ചുപോയി..... എന്നിട്ടും
ഞാൻ പതിയെ പറഞ്ഞു. കൈവല്യൻ മറന്നുവോ..
ഇന്ന് നമ്മളുടെ ആദ്യരാത്രിയാണ്........ രാത്രി ഒന്നേ
യുള്ളൂ. അതിന് ആദ്യവും ഒടുക്കവും ഒന്നുമില്ല......
പറയുന്നത് അനുസരിച്ചാൽ മതി. ചോദ്യങ്ങൾ വേ
ണ്ട...എന്നു പറഞ്ഞ് തന്നെ തുറിച്ച് നോക്കിയപ്പോൾ
ചുവന്നു തുടുത്ത ആ കണ്ണുകളിൽ വന്യമായ തിള
ക്കം പതിയിരിക്കുന്നുണ്ടായിരുന്നു. തന്റെ സ്വപ്ന
ങ്ങൾക്ക് ഏറ്റ ആദ്യത്തെ പ്രഹരമായിരുന്നു അത്.

അച്ഛൻ രാവിലെ തന്നെ ജോലികൾ ചെയ്യു
വാൻ തുടങ്ങിയിരിക്കുന്നു. ജഗ്ഗിൽ ചായ, പുട്ടും കട
ലയും, പഴം, പപ്പടം എല്ലാം റെഡിയായിരിക്കുന്നു.
അയ്യോ..... അച്ഛാ ഞാൻ എല്ലാം ഉണ്ടാക്കുമായിരു
ന്നല്ലോ. അതു സാരമില്ല മോളെ. എത്ര വർഷത്തെ
ശീലമാ ഇതൊക്കെ...... നാളെ തൊട്ട് നമ്മൾക്ക് രണ്ടു
പേർക്കും കൂടെ ചെയ്യാം. മോള് പോയി വിളക്ക്
കത്തിച്ചു കൊള്ളൂ എന്നു പറഞ്ഞു. അന്ന് രാവിലെ
കൈവല്യൻ ഭക്ഷണം എല്ലാം കഴിച്ച് ബാങ്കിലേ
ക്ക് പോയി. വലിയ കുഴപ്പമൊന്നും തോന്നിയില്ല.
അച്ഛൻ വീണ്ടും പറഞ്ഞു അവന്റെ ഭാവി മോളുടെ
കൈയ്യിലാണ്. അവന് കുറച്ചു മദ്യം കഴിക്കുന്ന ദു
ശീലമുണ്ട്......

മോള് സ്നേഹത്തോടെ പറഞ്ഞ് അതിൽ
നിന്നും പിൻതിരിപ്പിക്കണം. ഇപ്പോൾ ആരാ കുടി
ക്കാത്തത്. ചെറുപ്പമല്ലേ. ഒരാൾ സ്നേഹിക്കുവാൻ
ഉണ്ടെന്ന് അറിയുമ്പോൾ പതിയെ എല്ലാം ശരിയാ
വും.... അവൾ ശരിയെന്നർത്ഥത്തിൽ തലയാട്ടി.......

പിന്നീട് തൊടിയിൽ വെണ്ടക്ക വിത്തും
പയർവിത്തും എല്ലാം അവർ പാകി. തെങ്ങിന് തടം
എടുത്തു. അങ്ങനെ പല ജോലിയിൽ ഏർപ്പെട്ടു.
അന്നും കൈവല്യൻ രാത്രി എട്ടു മണിയാകുമ്പോൾ
വേണ്ടത്ര മദ്യസേവ നടത്തിട്ടാണ് വന്നിരിക്കുന്ന
ത്. രാത്രി ഭക്ഷണം കഴിക്കാറില്ല. അവൾ ചോദി
ച്ചു എന്തിനാ കൈവല്യൻ ഇങ്ങനെ കുടിക്കുന്നത്.
വല്ലപ്പോഴും ഒരിക്കൽ ആവാം. ഇത് ഇങ്ങനെ എല്ലാ
ദിവസവും......... മതി മതി നിർത്ത്. നിന്റെ ഉപദേശം
ഒന്നും ആവശ്യമില്ല. എന്റെ ഇഷ്ടത്തിന് ഞാൻ ജീ
വിക്കും. എന്നെ ഭരിക്കുവാൻ ആരും വരണ്ട.......ഭരി
ക്കുകയല്ല, ഒരു കുടുംബജീവിതം സ്വപ്നം കണ്ടു
വന്നവളാണ് ഞാൻ. മറ്റൊരു വ്യക്തിയുടെ സ്വപ്ന
ങ്ങളെയാണ് നിങ്ങൾ തല്ലി തകർക്കുന്നത്.

അതെയ്........ഞാൻ ഇങ്ങനെയാണ് . താ
ല്പര്യം ഉള്ളവർ മാത്രം ഇവിടെ നിന്നാൽ മതി.
അല്ലെങ്കിൽ ഇറങ്ങി പോകാം. കൈവല്യൻ എന്താണ്
പറയുന്നത് എന്ന് വല്ല ബോധമുണ്ടോ? നമ്മുടെ വി
വാഹം കഴിഞ്ഞിട്ട് രണ്ടു ദിവസമേ ആയിട്ടുള്ളൂ. രണ്ടു
ദിവസമല്ല എത്ര വർഷം കഴിഞ്ഞാലും ഒരു മാറ്റവും
സംഭവിക്കുവാൻ പോകുന്നില്ല. അവൾ മെല്ലെ എഴു
ന്നേറ്റ് കൈവല്യന്റെ അടുത്ത് പോയി ആ കൈകളിൽ
പിടിച്ചുകൊണ്ട് പറഞ്ഞു. പറയൂ എന്നോട് പറയൂ
കൈവല്യന് എന്താ പറ്റിയത്. എന്ത് പ്രശ്നമാണ്
ഉള്ളത്? എന്തും ഉൾക്കൊള്ളാൻ ഞാൻ തയ്യാറാണ്.
എന്നെ ഇഷ്ടപ്പെടാത്തതുകൊണ്ടല്ല. അതിനുമുമ്പ്
തന്നെ ഈ പരിപാടിയുണ്ടെന്ന് അച്ഛൻ പറഞ്ഞിരു
ന്നു. അയാൾ കൈതട്ടിമാറ്റിക്കൊണ്ട് പറഞ്ഞു. ഓ......

ദേഹത്ത് തൊട്ട് പ്രലോഭിപ്പിക്കുവാൻ ഒന്നും നോക്കണ്ട....... എനിക്ക് താൽപര്യമില്ല...... അപ്പോൾ അയാളുടെ കണ്ണുകളിൽ നിറഞ്ഞു നിന്നത് തന്നോടുള്ള വെറുപ്പായിരുന്നു. അന്നേരം തന്റെ സ്ത്രീത്വത്തെ അപമാനിക്കുന്നതായി അവൾക്ക് തോന്നി.........

ദിവസങ്ങൾ ആഴ്ചകൾക്ക് വഴിമാറി കൊടുത്തത് വളരെ പെട്ടെന്നായിരുന്നു. കൈവല്യന് യാതൊരു മാറ്റവുമില്ലാതെ തുടർന്നു കൊണ്ടിരുന്നു. ഓരോ ദിവസവും അച്ഛൻ ചോദിക്കും എന്താ മോളെ അവന് വല്ല മാറ്റവുമുണ്ടോ എന്ന് . താൻ നിറകണ്ണുകളോടെ ഇല്ലാ എന്ന് പറയും. അച്ഛൻ എനിക്ക് തന്ന ടാസ്കിൽ ഞാൻ തോറ്റുകൊണ്ടിരിക്കുകയാണ്. ആരെയും ആകർഷിക്കുന്ന പെരുമാറ്റമുള്ള അച്ഛന് ഇങ്ങനെയുള്ള ഒരു മകൻ ജനിച്ചല്ലോ എന്നു വിചാരിക്കാറുണ്ട്.

ഒരു ദിവസം അവൾ അച്ഛനോട് പറഞ്ഞു അച്ഛൻ കരുതുന്നതുപോലെ കൈവല്യൻ മദ്യത്തിനു മാത്രമല്ല, ഡ്രഗ്സിനും അടിമയാണ്. അതിനു അടിമയായാൽ ചിലർ അന്തർമുഖന്മാരായി മാറും. മറ്റു ചിലർ വയലെന്റ് ആവും. കൈവല്യനെ എങ്ങനെ രക്ഷപ്പെടുത്തും എന്നാലോചിക്കുകയാണ് ഞാൻ. വേണം മോളെ..... വേണം എന്നു പറയുമ്പോൾ ഗദ്ഗദത്താൽ അച്ഛൻ വിതുമ്പുന്നുണ്ടായിരുന്നു. ഒരു മകനോടുള്ള സ്നേഹവും, കരുതലും ഞാൻ അപ്പോൾ കാണുകയായിരുന്നു.........ഒരച്ഛന്റെ സ്വാർത്ഥത എന്ന് കൂട്ടിക്കൊള്ളൂ. വിവാഹം കഴിഞ്ഞാൽ അവൻ നല്ല രീതിയിൽ ജീവിക്കും എന്നു കരുതി പക്ഷേ........വിഷമിക്കരുത്. നമ്മൾക്ക് നോക്കാം എന്നു പറഞ്ഞ് അച്ഛനെ സമാധാനിപ്പിച്ചു.

പതിവിനു വിപരീതമായി അന്ന് കൈവല്യൻ 3 മണിക്ക് തന്നെ വന്നു. മുഖമെല്ലാം വലിഞ്ഞ് മുറുകിയിട്ടുണ്ട്. എന്തു പറ്റി മോനെ എന്ന് അച്ഛൻ ചോദിച്ചു. അപ്പോൾ ഒരു പേപ്പർ അച്ഛന്റെ നേർക്ക് നീട്ടി. അച്ഛൻ വായിച്ച് പറഞ്ഞു സസ്പെൻഷൻ. ഇത് എങ്ങനെ.........എന്തോ കണക്കുകൾ ശരിയല്ലെന്ന്. അച്ഛൻ പറഞ്ഞു നീ സദാസമയവും ബോധമില്ലാതെ നടന്നാൽ, തെറ്റ് പറ്റുകയില്ലേ.... താൻ അരികിൽ ചെന്ന് പറഞ്ഞു. കൈവല്യൻ വിഷമിക്കണ്ട.........നമ്മൾക്ക് ഒരു സൈക്കോളജിസ്റ്റിനെ കാണാം. ഈ ദുശീലത്തിൽ നിന്നും രക്ഷപ്പെടണം എന്നു പറഞ്ഞപ്പോൾ എന്നെ ഭ്രാന്തനാക്കുവാനുള്ള ശ്രമമാണ് അല്ലേ എന്ന് പറഞ്ഞ് തന്നെ ഒരു ഉന്ത് വെച്ചു തന്നു. തന്റെ തല ജനൽ കമ്പിയിൽ പിടിച്ച് ചോര പൊടിഞ്ഞു. അച്ഛൻ ദേഷ്യപ്പെട്ടു. എന്തിനാ മോനെ ആ പാവത്തിനെ വിഷമിപ്പിക്കുന്നത് എന്നു പറഞ്ഞപ്പോൾ ഞാൻ പോവ്വാണ്. നിങ്ങൾ ഇവിടെ ജീവിച്ചുകൊള്ളൂ എന്നു പറഞ്ഞ് കൈവല്യൻ ബാഗും എടുത്ത് പുറപ്പെടാൻ തയ്യാറായി. അച്ഛൻ കൈവല്യനെ തടഞ്ഞു നിർത്തി കാലിൽ പിടിച്ച് നിറുത്തി. കൈവല്യൻ കാലിനെ കുടഞ്ഞപ്പോൾ അച്ഛൻ മലർന്ന് വീണു. താൻ അച്ഛാ എന്നു പറഞ്ഞ് ഓടിവന്നപ്പോൾ ഒരു ആർത്തനാദമുയർന്നു. അച്ഛനെ തട്ടിമാറ്റിയപ്പോൾ ബാലൻസ് കിട്ടാതെ കൈവല്യൻ പോയി വീണത് തേങ്ങ പൊതിക്കുവാൻ കുത്തി നിറുത്തിയിരുന്ന കമ്പി പാരയിലായിരുന്നു. ഞങ്ങൾ രണ്ടുപേരും കൂടി കൈവല്യന്റെ ദേഹത്ത് കുത്തിക്കയറിയ കമ്പി പാരയിൽ നിന്നും വലിച്ച് എടുത്ത് കിടത്തിയപ്പോഴേക്കും കൈവല്യൻ ആഗ്രഹിച്ചതിനും അപ്പുറത്തേക്ക് ദൈവം കൊണ്ടുപോയിരുന്നു......

മോളെ അച്ഛൻ ഒരു തീർത്ഥയാത്രയ്ക്ക് പോകുകയാണ് . കൈവല്യൻ എന്ന പേരിട്ട അവന് കൈവല്യം ലഭിക്കാനായ് ,ഒരു യാത്ര ലക്ഷ്യമില്ലാതെ .....അവനില്ലാത്ത വീട്ടിൽ ഇനി വയ്യാ... മോള് അച്ചനെ ശപിക്കരുത്. മോളുടെ ജീവിതം വെച്ച് ഞാൻ പന്താടുകയായിരുന്നു...... എല്ലാം ശരിയാവും എന്ന പ്രത്യാശയായിരുന്നു. അല്ലെങ്കിൽ ഒരച്ഛന്റെ മകനോടുള്ള അമിത വാത്സല്യം ....മിടുക്കനായിരുന്നു അവൻ. എപ്പോഴാണ് അവന്റെ കണ്ണുകളിൽ രക്തനിറം കലർന്നത് എന്ന് ഞാനറിഞ്ഞില്ല മോളെ......... തെറ്റ് എന്റെ ഭാഗത്താണ് ഞാൻ എങ്ങനെയാ .....മോളോട് മാപ്പിരക്കാൻ പോലും എനിക്ക് കഴിയില്ല........ അച്ഛന്റെ കണ്ണുനീർ പ്രവാഹം അത് കണ്ടു നില്ക്കാൻ കഴിയാതെ താൻ അച്ഛനോട് പറഞ്ഞു. എന്റെ വിധിയായിരിക്കും. എങ്കിലും ഒരച്ഛന്റെ സ്നേഹവാത്സല്യം എനിക്ക് വേണ്ടുവോളം ലഭിച്ചു അത് മതി അച്ഛാ,,,,,,,,

മോളെ ഇടവപ്പാതി നേരത്തെ തുടങ്ങും എന്നാണ് ന്യൂസിൽ പറയുന്നത് എന്നു പറഞ്ഞ് അമ്മ അടുത്തേക്ക് വന്നു. വർത്തമാനത്തിലെ യാഥാർത്ഥ്യങ്ങൾ ....... അതിനെന്താ അമ്മേ നാളെത്തോടെ.... നമ്മുടെ കൊയ്ത്ത് കഴിയും. ഇപ്പോൾ യന്ത്രമല്ലേ രണ്ടു ദിവസം തന്നെ ധാരാളം മതി..........വൈകുന്നേരം തന്റെ പാടശേഖരങ്ങളെല്ലാം നോക്കി മടങ്ങി വരുന്ന വഴിയിൽ ഇടവഴിയിലുള്ള കൃഷ്ണക്ഷേത്രത്തിൽ കയറി തൊഴുതു. ചുറ്റമ്പലത്തിൽ നിന്നേ തൊഴാറുള്ളൂ. പാടത്തിൽപ്പോയി വരുന്നതു കാരണം ഒരിക്കലും നാലമ്പലത്തിൽ കയറാറില്ല. അല്ലെങ്കിലും മജ്ഞുള ദൂരെനിന്നല്ലെ കണ്ണനെ തൊഴാറ്. എവിടെ നിന്നാലും നമ്മൾക്ക് കാണാൻ കഴിഞ്ഞില്ലെങ്കിലും കണ്ണന് കാണാല്ലോ. അവൾ തൊഴുത് മടങ്ങി.

പതിനെട്ടാം തീയതി രാവിലെ തന്നെ അമ്മയെയും വലിയമ്മയെയും കൂട്ടി താൻ ടൗൺ ഹാളിലേക്ക് ചെന്നു. സദസ്സിൽ ആളുകൾ എല്ലാം എത്തിയിട്ടുണ്ട്. ഞങ്ങൾ നല്ല സന്തോഷത്തിലായിരുന്നു. വേദിയിൽ ക്ഷണിക്കപ്പെട്ട അതിഥികൾ എത്തിക്കഴിഞ്ഞിരിക്കുന്നു. സ്വാഗതപ്രസംഗത്തിനു ശേഷം അവാർഡ് ദാനചടങ്ങാണ് . മറ്റു പല അവാർഡും കൊടുക്കുന്നുണ്ട്. ഒടുവിൽ പേര് വിളിച്ചു. കർഷകശ്രീ അവാർഡിന് അർഹയായ മഞ്ജുള എന്നു വിളിച്ചു. അല്പം വൈകി എത്തിയ കളക്ടർ മഞ്ജുളയ്ക്ക് കർഷകശ്രീ അവാർഡ് നൽകാൻ ക്ഷണിക്കുന്നു എന്നു പറഞ്ഞപ്പോൾ സദസ്സിന്റെ നടുവിലൂടെ നടന്നു വരുന്ന കളക്ടറെ കണ്ട് അവൾ വീഴാതെയിരിക്കാൻ മൈക്കിന്റെ സ്റ്റാൻഡിൽ മുറുകെ പിടിച്ചു. അടുത്ത് എത്തും തോറും തന്റെ ശരീരം വിറക്കുവാൻ തുടങ്ങി. തൊണ്ട വരണ്ടു ചുണ്ടുകൾ ഉമിനീരിനായി ദാഹിച്ചു...... തന്റെ അരികിൽ എത്തിയ കളക്ടർ ചിരിച്ചുകൊണ്ട് അഭിനന്ദനങ്ങൾ എന്ന് പറഞ്ഞ് അവാർഡ് തന്നപ്പോൾ യാന്ത്രികമായി താനതു വാങ്ങിച്ചു. കളക്ടർ സംസാരിക്കുന്നതായിരിക്കും എന്ന് പറഞ്ഞപ്പോൾ കളക്ടർ പ്രസംഗം തുടങ്ങി. തനിക്ക് ഒന്നും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ഒരാളെപ്പോലെ ഏഴുപേർ ഉണ്ടാവും എന്നു പറയുന്നത്. സത്യമാണ് കൈവല്യൻ എഴുന്നേറ്റ് വന്നപോലെ ഉയരവും മുഖവും എല്ലാം എന്തിന് , മുഖത്തെ മറുക് പോലും ഉണ്ട്..... ആശ്ചര്യ ഭരിതയായി താൻ ഇരിക്കുമ്പോൾ മഞ്ജുള രണ്ടു വാക്ക് സംസാരിക്കുന്നതായിരിക്കും എന്ന് വിളിച്ചു പറഞ്ഞു. വിഭ്രാന്തിയോടെ താൻ മൈക്ക് കൈയ്യിലെടുത്തു.... സംയമനം പാലിക്കുവാൻ ശ്രമിച്ചുകൊണ്ട് താൻ പറഞ്ഞു.... ചെറുപ്പം മുതലെ കൃഷി എനിക്ക് വളരെ ഇഷ്ടമായിരുന്നു. എം. എസ്.സി. അഗ്രിക്കൾച്ചർ എന്ന ഡിഗ്രി എടുത്തതും അതുകൊണ്ട് തന്നെയാണ് . സസ്യലതാദികളെ പരിപാലിക്കുന്നതിൽ ഞാൻ അങ്ങേയറ്റം സന്തോഷം കാണുന്നു. വൃക്ഷലതാദികൾ സംരക്ഷിക്കപ്പെടേണ്ടവയാണ്. പ്രകൃതിയിൽ മനുഷ്യർക്ക് ഉള്ളതുപോലെ അവകാശമുണ്ട് മറ്റു ജീവജാലങ്ങൾക്കും. പ്രകൃതി തന്നെയാണ് ദൈവം. ദൈവം തന്നെയാണ് പ്രകൃതിയും. പ്രകൃതിയെ സ്നേഹിച്ചാൽ അത് ഒരിക്കലും നമ്മളെ ചതിക്കുകയില്ല. ആ ഒരു വിശ്വാസമാണ് എന്നെ ഇവിടെ എത്തിച്ചത്. ഹരിതസുന്ദരകേരളം വിഭാവനം ചെയ്യുവാൻ ഓരോ വ്യക്തികൾക്കും കഴിയട്ടെ..... അതിനായ് പരിശ്രമിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

പരിപാടി കഴിഞ്ഞ് ചുവട്ടിൽ എത്തിയപ്പോൾ അച്ഛൻ ഓടി വന്ന് തന്റെ കൈയ്യിൽ പിടിച്ചു. അച്ഛാ എന്നു പറഞ്ഞ് താൻ കാൽ തൊട്ട് വന്ദിച്ചു. പിന്നാലെ ഒരു സ്ത്രീ നില്ക്കുന്നുണ്ട്. അച്ഛൻ പറഞ്ഞു ഇതാണ് എന്റെ ഭാര്യ. കൈവല്യന്റെ അമ്മ. താൻ പറഞ്ഞു അമ്മ..... മരിച്ചു എന്നാണ് കൈവല്യൻ പറഞ്ഞത്. അത് അമ്മയെ പറ്റി അവൻ ചോദിക്കാൻ തുനിഞ്ഞപ്പോൾ പറഞ്ഞതാണ് അന്ന് എല്ലാം മനസ്സിൽ നിറയെ വാശിയായിരുന്നു. എനിക്ക് കൈവല്യൻ മാത്രമല്ല മറ്റൊരു മകൻ കൂടിയുണ്ട് ആ നില്ക്കുന്ന കളക്ടർ ഏകലവ്യൻ എന്റെ മകനാണ്. അപ്പോൾ കളക്ടർ ഞങ്ങളുടെ അടുത്തേക്ക് നടന്നു വന്നു. അച്ഛൻ ഞങ്ങളോട് എല്ലാം പറഞ്ഞിട്ടുണ്ട്. അച്ഛനും അമ്മയും അവരുടെ വീട്ടുകാരുമായുള്ള വഴക്കിൽ രണ്ടാളും പിരിഞ്ഞു. ഇരട്ടകുട്ടികളായ ഏകലവ്യൻ എന്നു പേരായ ഞാൻ അമ്മയുടെ കൂടെയും കൈവല്യൻ എന്ന അവൻ അച്ഛന്റെ കൂടെയും ആയിരുന്നു...... ഹരിദ്വാറിൽ വെച്ചാണ് ഞങ്ങൾ അച്ഛനെ കണ്ടത്. അപ്പോഴേക്കും അച്ഛന്റെയും അമ്മയുടെയും പിണക്കമെല്ലാം മാറിയിരുന്നു. കാര്യങ്ങൾ അറിഞ്ഞ ഞങ്ങൾ അച്ഛനെയും കൊണ്ട് നാട്ടിലേക്ക് തിരിച്ചു. അച്ഛൻ പറഞ്ഞു........ഞങ്ങൾ എല്ലാം തീരുമാനിച്ചു കഴിഞ്ഞു ഞാൻ ചെയ്ത തെറ്റ് എനിക്ക് തിരുത്തണം. എന്റെ മകൻ ഏകലവ്യന്റെ ഭാര്യപദവിയിൽ ഞങ്ങളുടെ മരുമകളായി നീ ഞങ്ങളുടെ വീട്ടിൽ വരണം.... അമ്മ തന്റെ അടുത്ത് വന്ന് തന്നെ തലോടികൊണ്ടിരുന്നു. ഇതുപോലുള്ള ഒരു കുട്ടിയാണ് ഞാൻ പ്രതീക്ഷിച്ചത്. ഏകലവ്യൻ പറഞ്ഞു. കർഷകശ്രീ അവാർഡ് മാത്രമല്ല വേറൊരു സർപ്രൈസ് കൂടിയുണ്ട് എന്നു പറഞ്ഞ് അപ്പോയ്മെന്റിന്റെ കോപ്പി തനിക്കു നേരെ നീട്ടി. കൃഷി ഓഫീസർ പരീക്ഷയിൽ റാങ്ക്ലിസ്റ്റിൽപ്പെട്ട തനിക്ക് കൃഷി ഓഫീസറായി തന്റെ നാട്ടിൽ തന്നെ നിയമനം കിട്ടിയിരിക്കുന്നു. സന്തോഷം കൊണ്ട് കണ്ണുകൾ നിറഞ്ഞ് ഒഴുകി അപ്പോൾ തന്റെ അമ്മയോടും, വലിയമ്മയോടും അച്ഛനും, അമ്മയും സംസാരിക്കുകയായിരുന്നു.....

രാത്രി ഇടവപ്പാതി തിമുർത്തു പെയ്തുകൊണ്ടിരിക്കുമ്പോൾ താൻ മുറ്റത്ത് ഇറങ്ങി മഴ മുഴുവനും നനഞ്ഞു പ്രകൃതി തന്ന വരദാനങ്ങളാണ് കർഷകശ്രീ അവാർഡും, കൃഷി ഓഫീസറും പിന്നെ ഈ നാടിന്റെ കളക്ടറുടെ ഭാര്യാപദവിയും മഴയിൽ കുതിർന്ന് അവളുടെ ശരീരവും മനസ്സും നിറഞ്ഞു. ഇടവപ്പാതിയിൽ തനിക്കായി പൊട്ടിമുളച്ചു പുതുനാമ്പുകളെ ഓർത്ത് അവൾ ഹർഷപുളകിതയായി......

# ജനാധിപത്യത്തിൽ മാധ്യമങ്ങളുടെ പങ്ക്

എസ്. ശ്രീകുമാർ, ഫോൺ: 9446517644

ജനാധിപത്യത്തിൽ മാധ്യമങ്ങളുടെ പങ്ക് എത്രത്തോളമുണ്ടെന്ന് നമ്മൾക്കേവർക്കും അറിയാവുന്നതാണ്. ജനാധിപത്യത്തിന്റെ ആധാരശിലകളായ Legislature, Judiciary, Executive, എന്നിവർക്കു പുറമേ ഒരു നാലാമത്തെ 4th Estate എന്നാണ് പത്രമാധ്യമങ്ങളെ വിശേഷിപ്പിക്കുന്നത്. പത്രദൃശ്യമാധ്യമങ്ങൾക്ക് ജനാധിപത്യത്തിലുള്ള പ്രാധാന്യമാണ് ഇത് വ്യക്തമാക്കുന്നത്. പത്രപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിനെ രണ്ടായി വിഭജിക്കാം എന്നെനിക്കു തോന്നുന്നു. (1) സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള പത്രപ്രവർത്തനം (2) സ്വാതന്ത്ര്യാനന്തര കാലഘട്ടത്തെ പത്രപ്രവർത്തനം. സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പ് പത്രപ്രവർത്തനം ഒരു ബിസിനസ്സല്ലായിരുന്നു. അന്നത്തെ പത്രപ്രവർത്തനത്തിന് ഒരു ലക്ഷ്യബോധമുണ്ടായിരുന്നു. ഇന്ത്യയെ സ്വതന്ത്രമാക്കുക എന്നതായിരുന്നു അത്. അതിന് സഹായകരമായ രീതിയിൽ എന്തൊക്കെ പ്രവർത്തിക്കാമോ അതെല്ലാം അനുവർത്തിച്ചിരുന്നു. ഉദാ: ഗാന്ധിജിയുടെ കാലാകാലങ്ങളിലുള്ള ആഹ്വാനങ്ങൾ– ദണ്ഡിയാത്ര, സ്വദേശി പ്രസ്ഥാനം, വിദേശവസ്ത്ര പരിഷ്കരണം തുടങ്ങി Quit Republic Movement വരെയുള്ള കാര്യങ്ങൾക്ക് ജനങ്ങളെ ബോധവത്ക്കരിക്കാനും അതുവഴി സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ആക്കം കൂട്ടാനും പത്രമാധ്യമങ്ങൾക്ക് കഴിഞ്ഞു. സ്വാതന്ത്ര്യം പ്രാപിക്കുക എന്നുള്ളത് ഒരു പൊതുവികാരമായതിനാൽ ആ കാലഘട്ടത്തിൽ പത്രക്കാരുടെയിടയിൽ കൂടുതൽ അപചയങ്ങൾ ഇല്ലായിരുന്നു. ഈ കാലഘട്ടത്തിൽ ഏതാണ്ട് ഒരേ മനസ്സായിരുന്നു ഭൂരിപക്ഷം പേർക്കും. രാജ്യത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുക എന്നുള്ളത്. ഗാന്ധിജി രാഷ്ട്രീയ നേതാക്കൾക്കും ഉദ്യോഗസ്ഥർക്കും കൊടുക്കുന്ന ഒരുപദേശം ഇത്തരുണത്തിൽ ഓർമ്മ വരുകയാണ്. നിങ്ങൾക്ക് എപ്പോഴെങ്കിലും ഒരു തീരുമാനമെടുക്കാൻ പറ്റാത്ത അവസ്ഥ വന്നാൽ ആ സമയം ഈ ഇൻഡ്യാമഹാരാജ്യത്തിലെ ദരിദ്രരിൽ ദരിദ്രയായവരുടെ മുഖം നിങ്ങൾക്ക് ഓർക്കാൻ പറ്റിയാൽ അവരുടെ ദയനീയ മുഖം നിങ്ങളെ ശരിയായ തീരുമാനമെടുക്കാൻ പ്രേരിപ്പിക്കും എന്നുള്ളത് ഉറപ്പാണ്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലേക്ക് കടന്നാൽ – പത്രം എന്നത് ഇന്ന് ഒരു കോർപ്പറേറ്റ് ബിസിനസ്സായി മാറിയിരിക്കുന്നു എന്നുള്ളത് അനിഷേധ്യമായ വസ്തുതയാണ്. ആരെ വേണമെങ്കിലും വിലയ്ക്ക് മേടിക്കാനും സർക്കാരുകളെ തന്നെ ഇല്ലാതാക്കാനും പുതിയവ സൃഷ്ടിച്ചെടുക്കാനും മറ്റും ഈ പത്രബിസിനസ്സിനു സാധിക്കും. അത്രയ്ക്ക് പ്രബലമാണ് അതിന്റെ രീതി. രാഷ്ട്രീയ പ്രഭുക്കളേയും ഉദ്യോഗസ്ഥ മേധാവികളെയും വരുതിയിലാക്കി തൻകാര്യം സാധിക്കാൻ ഈ പത്രമേധാവികൾക്ക് കഴിയും. രാഷ്ട്രീയക്കാരുമായും അധോലോകമായും അവിശുദ്ധ ബന്ധങ്ങൾ പുലർത്തുന്ന പത്രമേലാളന്മാർ അവരുടെ നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കാൻ ഏതറ്റം വരെ പോകാനും സന്നദ്ധമാണ്. പത്രപ്രവർത്തനം എന്നത് ഇന്ന് അഭിമാനമുള്ള ഒരു ജോലി എന്നതിനപ്പുറം സമൂഹത്തിൽ പലതും നേടിയെടുക്കാനുള്ള ഒരുപാധിയായിട്ടാണ് പലരും കാണുന്നത്. പത്രധർമ്മം എന്നാണ് ഉണ്ടായതെന്നുപോലും പലർക്കും നിശ്ചയമില്ല. പത്രങ്ങൾ സാമാന്യജനങ്ങളെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ പത്രങ്ങളുടെ ഉത്തരവാദിത്വവും വളരെയധികമാണ്. അധികാരത്തിന്റെ ഇടനാഴികളിലും, സമൂഹത്തിന്റെ ഉന്നതങ്ങളിലും നടമാടുന്ന അഴിമതി, കെടുകാര്യസ്ഥത എന്നിവ തുറന്നു കാട്ടുന്നതിനും സംശുദ്ധമായ ഒരു ഭരണം ഉറപ്പു വരുത്തുന്നതിനും പത്രങ്ങൾക്ക് ഏറെ വിയർപ്പൊഴുക്കേണ്ടി വരും. ഒരേ വാർത്ത തന്നെ പല പത്രങ്ങൾ പല രീതിയിൽ തങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് വളച്ചൊടിച്ച് റിപ്പോർട്ട് ചെയ്യുന്നത് ഒരു പതിവു സംഭവമായി മാറിയിരിക്കുന്നു. അതതു പത്രങ്ങളുടെ നയമനുസരിച്ച് സത്യത്തെ മൂടിവെക്കുകയോ ഒരുപക്ഷേ വാർത്തതന്നെ ബഹിഷ്കരിക്കുകയോ വളച്ചൊടിക്കുകയോ ചെയ്തെന്നു വരാം. പത്രമോ മാനേജ്മെന്റിന്റെ തെറ്റായ തീരുമാനങ്ങളെ ചോദ്യം

ചെയ്യാനോ ഉള്ള ചങ്കൂറ്റം വളരെ കുറച്ചു പേർക്കു മാത്രമായി മാറിയിരിക്കുന്നു. ഇവിടെയാണ് സ്വതന്ത്ര മായ പത്രപ്രവർത്തനത്തിന്റെ പ്രസക്തി. മറ്റ് ജോലി പോലെ പത്രപ്രവർത്തനമെന്നത് ഒരുപജീവനമാർഗ്ഗം മാത്രമല്ല എന്നും മറിച്ച് സമൂഹത്തോട് കൂടുതൽ പ്രതിബദ്ധത പാലിക്കേണ്ട ഒരു സമൂഹമാണ് പത്രപ്ര വർത്തകർ എന്നുള്ളത് പലപ്പോഴും മറക്കുന്നു. പാർട്ടി പത്രങ്ങൾ തങ്ങൾക്കനുകൂലമായ രീതിയിൽ വാർ ത്തകൾ കൊടുക്കുന്നത് മനസ്സിലാക്കാം. എന്നാൽ സ്വതന്ത്രമെന്ന് കരുതപ്പെടുന്ന അല്ലെങ്കിൽ അങ്ങനെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പത്രങ്ങൾ യാതൊരു തത്വദീക്ഷയുമില്ലാതെ വാർത്തകൾ വളച്ചൊടിക്കു ന്നത് തികഞ്ഞ അനീതിയാണ്. പത്രങ്ങൾ സമൂഹ ത്തിലെ ഉന്നതരുടെ അഴിമതിക്കും ക്രമക്കേടുകളും മറ്റും തുറന്നു കാണിക്കാറുണ്ട് എന്നുള്ളത് വസ്തു തയാണ്. വാർത്തകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ കരുതലും ശ്രദ്ധയും ആവശ്യമാണ് എന്ന് നമുക്കറിയാം. പക്ഷേ പലപ്പോഴും അത് സംഭവി ക്കാറില്ല. തങ്ങൾക്ക് കിട്ടുന്ന വാർത്തയുടെ നിജസ്ഥി തി പലപ്പോഴും പത്രങ്ങൾ അവഗണിക്കാറാണ് പതി വ്. വാർത്തയുടെ ഉറവിടം മിക്കവാറും രഹസ്യമായി സൂക്ഷിക്കാനാണ് മിക്കവർക്കും താല്പര്യം. വായ നക്കാരുടെ കണ്ണിൽ പൊടിയിടാനായി ഇടയ്ക്കിടെ ചില സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഏതെങ്കിലുമൊരു പ്രത്യേക സംഭവത്തെകുറിച്ച്, ഉദാ ഹരണം സ്ത്രീകൾക്കെതിരായിട്ടുള്ള അതിക്രമങ്ങൾ – അവയുടെ ഒരു പരമ്പരതന്നെ ഇറക്കി കളയും. തങ്ങൾ കൂടുതൽ സാമൂഹ്യബോധമുള്ളവരാണെ ന്നു കാണിക്കാനാണിത്. ഇതൊക്കെയാണെങ്കിലും പത്രങ്ങൾ പലപ്പോഴും ഒറ്റപ്പെട്ടവരുടെയും അസുഖ ബാധിതരായി ജോലിചെയ്ത് കുടുംബം പോറ്റാൻ വയ്യാത്തവരുടെയും ഫോട്ടോകൾ ബോക്സിൽ പ്രസിദ്ധപ്പെടുത്താറുണ്ട് എന്നു മാത്രം. അതിൽ ഏറെക്കുറെ കാര്യങ്ങളിൽ ഉദ്ദേശിച്ച ഫലം കാണാ റുണ്ട് എന്നുള്ള വസ്തുത മൂടിവെക്കുന്നുമില്ല. ഈ കഴിഞ്ഞ പ്രളയബാധിത സമയത്തും കേരളത്തിലെ ജനങ്ങളെ സഹായിക്കാൻ പത്രമാധ്യമങ്ങൾ നല്ലൊരു പങ്ക് വഹിച്ചു എന്നുള്ളത് ഏറെ ആശ്വാസകരമാണ്. പത്രങ്ങളിലെ കോർപ്പറേറ്റ് മേലാളന്മാർ അവരുടെ നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കാൻ ഏതറ്റം വരെ പോകാനും മടിയില്ലാത്തവരാണ്.


സ്വതന്ത്രമായ പത്രപ്രവർത്തനത്തിന് നാടു കടത്തിയ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ ഇത്തരുണത്തിൽ ഓർത്തു പോകുകയാണ്. സാ ക്ഷാൽ സർ സി പി യെ മുഖം നോക്കാതെ വിമർശി ക്കാൻ ചങ്കൂറ്റം കാണിച്ച അപൂർവ്വ പത്രപ്രവർത്തക രിൽ ഒരാളാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. കേരളത്തിൽ ഒരു പക്ഷേ ഇത്രത്തോളമില്ലെങ്കിലും ഒരു കാലഘട്ടത്തിൽ കൗമുദി ബാലകൃഷ്ണനും തൂലിക പടവാളാക്കിയിരുന്നു. അടിയന്തിരാവസ്ഥ കാലത്ത് നമുക്കറിയാം ഇരിക്കാൻ പറഞ്ഞാൽ കി ടക്കുന്ന അവസ്ഥയിലായിരുന്നു പത്രങ്ങളും മറ്റും. വാർത്തകൾ സെൻസർ ചെയ്ത് മാത്രമേ പുറത്തു വിട്ടിരുന്നുള്ളൂ. ഈ സമയത്തും ഇൻഡ്യൻ എക് സ്പ്രസ്സിലെ രാംനാഥ് ഗോയേങ്ക അടിയന്തിരാവ സ്ഥക്കെതിരേയും സർക്കാരിനെതിരെയും ആഞ്ഞ ടിച്ചിരുന്നു എന്നത് ഓർമ്മ വരുന്നു. അഖിലേന്ത്യാ തലത്തിൽ ഒരു അരുൺ ഷൂരിയോ, ചോ രാമസ്വാ മിയോ കണ്ടെന്നു വരാം. പത്രങ്ങൾക്ക് ഒരാളുടെ ഭാവി തകർക്കാൻ സാധിക്കും എന്നുള്ളതിനുള്ള ഉത്തമ ഉദാഹരണമാണ് നമ്പി നാരായണൻ. അതു പോലെ തന്നെ ഈ കാര്യത്തിൽ രാജിവെക്കേണ്ടി വന്ന മുഖ്യമന്ത്രിയാണ് കെ. കരുണാകരൻ. ഇങ്ങനെ നടക്കാത്ത സംഭവങ്ങൾ അതിവിദഗ്ദ്ധമായി കൂട്ടിയി ണക്കി ഒരു കഥയുണ്ടാക്കി ജനങ്ങളെ വിഡ്ഢികളാ ക്കുന്നവരും പത്രക്കാർക്കിടയിൽ ഉണ്ടെന്നുള്ളതിൽ ഇതിൽപരം തെളിവ് വേറെയെന്തു വേണം. ഇൻ ഡ്യൻ ജനാധിപത്യത്തിൽ തന്നെ നാണക്കേടാണ് ഇത്തരം പത്രപ്രവർത്തനങ്ങൾ.

ഇനി ദൃശ്യമാധ്യമങ്ങളുടെ കാര്യമെടുക്കാം. 80 കളുടെ മദ്ധ്യത്തോടുകൂടി വന്ന ദൃശ്യമാധ്യമം ഒരു വിപ്ലവത്തിനു തുടക്കം കുറിക്കുകയായിരുന്നു. ദൃശ്യമാദ്ധ്യമങ്ങളെ കുറിച്ച് ചിന്തിക്കുമ്പോൾ പത്രരം ഗത്തുള്ള ഒരു മാതിരിയുള്ള എല്ലാവരും തന്നെ ഇവിടെയും തങ്ങളുടെ ആധിപത്യം ഉറപ്പിക്കാനുള്ള ശ്രമത്തിലാണ്. നിഷ്പക്ഷമായിട്ടും സാമൂഹ്യപ്രതി ബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന ചാനലുകൾ വിരലിലെണ്ണാവുന്നവയാണ്. മാധ്യമങ്ങളെ അപേ ക്ഷിച്ച് കുറേക്കൂടി ഗ്ലാമറും പ്രശസ്തിയും തൽസമയ റിപ്പോർട്ടിന്റെ ചാരുതയും കൂടിച്ചേർന്ന് വർണ്ണാഭ മായ ഒരു ദൃശ്യലോകം സൃഷ്ടിക്കണം എന്നുള്ളതു കൊണ്ട് അതിൽ വീഴാത്തവർ ചുരുക്കമായിരിക്കും. മറ്റേതൊരു രംഗത്തെപ്പോലെ തന്നെ വാർത്തകൾ തങ്ങൾക്കനുകൂലമായിട്ട് വളച്ചൊടിച്ച് കൊടുക്കുന്ന ചാനലുകളാണ് ഭൂരിപക്ഷവും. വാർത്തകൾ അതും ലൈവായി സംഭവസ്ഥലത്തുനിന്ന് നേരിട്ട് റിപ്പോർട്ട് ചെയ്യുക എന്നുള്ളത് നല്ല കാര്യമാണ്. വാർത്തകൾ അപ്-ഡേറ്റ് ചെയ്യാൻ പറ്റിയ മാർഗ്ഗം. അതുകൊണ്ടു

തന്നെ Sensational ആയിട്ടുള്ള കാര്യങ്ങൾ ആര് ആദ്യം പ്രേക്ഷകരിൽ എത്തിക്കും എന്ന കാര്യത്തിൽ കിടമത്സരമാണ്. ആർക്കും മുടക്കുമുതലുണ്ടെങ്കിൽ ഇന്ത്യയിൽ ഒരു ന്യൂസ് ചാനൽ തുടങ്ങാവുന്നതേയുള്ളൂ. പലപ്പോഴും സാമാന്യ മര്യാദകൾ പോലും പാലിക്കാതെ ഇരയായിട്ടുള്ളവരുടെ ഉള്ളം നീറുന്ന ചോദ്യങ്ങൾ അപ്രസക്തമായ സമയത്ത് ചോദിച്ച് സമൂഹമനസാക്ഷിയെത്തന്നെ ഞെട്ടിക്കുന്ന എത്ര സംഭവങ്ങൾക്ക് നാം ദൃക്സാക്ഷികളായിരിക്കുന്നു. ഇത് തീരെ തരം താണ രീതിയാണ്. ഇതു മാത്രമല്ല പല ചാനൽ ചർച്ചകളിലും ഉദാ: പ്രമാദമായ കൊലപാതക കേസ്സുകളിൽ പൊലീസിന്റെ അന്വേഷണസംഭവത്തിൽ തന്നെ ചാനൽ ചർച്ചയിൽ ചില സൂചനകളിലൂടെ നിഗമനത്തിലെത്താൻ വെമ്പുന്ന രീതി തികച്ചും അനാശ്വാസ്യകരമാണ് എന്നു മാത്രമല്ല ഒരു പക്ഷേ കേസ്സന്വേഷണത്തെ വഴിതിരിച്ചു വിടാനും ഇടയാക്കിയേക്കാം. അനാരോഗ്യകരമായ ഇത്തരം പ്രവണതകൾ ഒഴിച്ചാൽ ദൃശ്യമാധ്യമങ്ങൾ കുറേക്കൂടി ഫലവത്താണ് എന്നു പറയാൻ മടിക്കേണ്ടതില്ല.

## 8-ാം ചരമവാർഷികം

**07.12.2020**



**എം. കെ പണിക്കർ**

**കല്ല്യാൺ, പ്ലോട്ട് നമ്പർ. 44**
**കൃഷ്ണവിഹാർ കോളനി**
**പനമ്പിള്ളി നഗർ, കൊച്ചി - 682036**

***സന്തപ്ത കുടുംബാംഗങ്ങൾ***

## 2020 നവംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**എൻ. അപ്പുക്കുട്ടൻ പിള്ള**
L/1868, കലക്കാട്ട്, സൗഹൃദ നിലയം
പറമ്പിത്തറ ലെയ്ൻ
രവിപുരം, കൊച്ചി - 682016



**കെ. അംബിക**
L/4507, നാരായണീയം 34/546 എച്ച്
ഐഡിയൽ ലെയ്ൻ
പാടിവട്ടം, കൊച്ചി - 682024



**മീന ഹരിദാസ്**
L/1651, പാർവ്വതി നിവാസ്
ദിവാൻസ് റോഡ്
കൊച്ചി - 682016



**നളിനാക്ഷൻ നായർ. പി. വി**
L/1730, VI/700 അ
തൃക്കാക്കര
കൊച്ചി - 682021



**എ. പ്രേംനാഥ്**
L/1701, മുല്ലോത്ത്
രവിപുരം, കൊച്ചി - 682016



**ജി. രാമചന്ദ്രൻ**
L/2296, അമ്പാടി ചേംബേഴ്സ്
ഫ്ളാറ്റ് നമ്പർ എ 1
ചിറ്റൂർ റോഡ്, കൊച്ചി - 682011

1196 വൃശ്ചികം 30 - ധനു 29

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2020 ഡിസംബർ15 മുതൽ ജനുവരി 15 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**ഃ ഊർജ്ജസ്വലമായ മനസ്സിനാലും കാര്യഗ്രഹണശേഷിയാലും നേട്ടങ്ങൾ ലഭിക്കും. പൂർവികമായോ, പുതിയ ബന്ധത്തിലൂടെയോ ഉള്ള ഗുണപരമായ ലാഭങ്ങൾ ഉണ്ടാകും. വിദ്യാർത്ഥികൾക്ക് പഠന കാര്യങ്ങളിൽ തടസ്സവും അലസതയും നേരിടും. പാദരോഗം, വീഴ്ച, മുറിവ് എന്നീ ദോഷങ്ങളും ദാമ്പത്യ പ്രതിസന്ധിയും ഉണ്ടാകും. ദാമ്പത്യബന്ധത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കും. ഉറപ്പിച്ച് വെച്ച വിവാഹ ബന്ധം വിട്ടു പോകാനുള്ള സാധ്യത എന്നിവ കാണുന്നു. സർപ്പപ്രീതികരങ്ങളായ വഴിപാടും ശിവാരാധനയും നടത്തുക.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)**ഃ സംതൃപ്തമായ ദാമ്പത്യ ബന്ധം വിവാഹ കാര്യത്തിൽ അനുകൂല സാഹചര്യം ഉണ്ടാക്കുക. സമൂഹത്തിൽ നിന്നും അനുകൂലത സാമ്പത്തിക നേട്ടം, സഹപ്രവർത്തകരിൽ നിന്നും പങ്കാളികളിൽ നിന്നും സഹായം, സ്ഥാനപ്രാപ്തി വസ്തുവകകളിൽ നിന്നുള്ള ആദായം എന്നീ ഗുണങ്ങൽക്ക് ഒപ്പം, അലർജി സംബന്ധമായതും കഴുത്തിന് മുകൾ ഭാഗവുമായി ബന്ധപ്പെട്ടതുമായ ഭാഗങ്ങളിലും രോഗ ദുരിതങ്ങൽ ഉണ്ടാകും. സർപ്പപ്രീതി പഞ്ചാക്ഷരി ജപം എന്നിവ നടത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4 )**ഃ ലഭിക്കാനുള്ള ധനം തിരികെ ലഭിക്കും. ദുർബല മാനസികാവസ്ഥയും ചീത്ത ശീലങ്ങളും കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാം. വിവാഹത്തിനോടനുബന്ധിച്ചുള്ള ആകുലതയും വിഷമങ്ങളും പ്രയാസങ്ങൾ സൃഷ്ടിക്കും. ദാമ്പത്യ അകൽച്ചയ്ക്ക് ഇടവരും. ശത്രുക്കളുടെ ഗൂഢ നിക്കങ്ങൽ തിരിച്ചറിയപ്പെടാതെ പോകും. വിഷ്ണുസഹസ്രനാമജപവും ഭാഗ്യസൂക്ത അർച്ചനകളും നടത്തുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**ഃ കഠിനാദ്ധ്വാനത്തിലൂടെ നഷ്ടപ്പെട്ട പലതും തിരികെ ലഭിക്കും. കർമ്മരംഗത്ത് അനുകൂലകരമായ പരിവർത്തനങ്ങൾക്ക് സാധ്യത ഉണ്ട്. പ്രതീക്ഷിത സ്ഥാന നഷ്ടവും അപകീർത്തികരമായ പ്രശ്നങ്ങൽ അഭിമുഖീകരിക്കേണ്ട സാഹചര്യവും വന്നു ഭവിക്കാം. ധനലാഭവും വാഹന സുഖവും ഉണ്ടാകും. ഗൃഹം വാങ്ങുകയോ മോടിപിടിപ്പിക്കുകയോ ചെയ്യും. ദാമ്പത്യ സുഖം ലഭിക്കും. അകന്ന് നിന്ന ദമ്പതികൾ ഒന്നിക്കാനും, വിവാഹത്തിന് ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാകാനും ഇടയുണ്ട്.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )**ഃ സകല കാര്യത്തിലും നേട്ടവും, അഭിവൃദ്ധിയും പ്രതീക്ഷിക്കാം. ഊഹ കച്ചവടത്തിൽ താല്പര്യം വർദ്ധിക്കും. ബന്ധു ഗുണം കുറയും. വാഹനം വാങ്ങാനുള്ള ആഗ്രഹം നടക്കും, വാഹനത്തിന് കേട് സംഭവിക്കാനും സാധ്യത ഉണ്ട്. ബുദ്ധിപരമായി മേന്മ കാട്ടും. കർമ്മരംഗത്ത് കാര്യങ്ങൽ നേരായ രീതിയിൽ നടക്കില്ല. ദമ്പതിമാർ തമ്മിലുള്ള പ്രശ്നപരിഹാരം നീണ്ടു പോകും. ദോഷങ്ങൾക്ക് പരിഹാരമായി ധർമ്മ ദേവതാ പ്രർത്ഥന, സർപ്പപ്രീതികരങ്ങളായ വഴിപാടുകൾ എന്നിവ നടത്തുക.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)**ഃ പ്രതിബന്ധങ്ങളും, അമാന്തങ്ങലും ഉണ്ടാകുമെങ്കിലും, സ്ഥാനമാനലബ്ധിയും ഉയർച്ചയും ഉണ്ടാകും. ആരോഗ്യ വിഷയത്തിലും, കുടുംബബന്ധങ്ങളിലും അസന്തുഷ്ടി അനുഭവപ്പെടും. അനാവശ്യ ചിലവും അത് സംബന്ധമായ വാക്ക് തർക്കങ്ങളും കലഹവും കുടുംബത്തിൽ ഉണ്ടാകും. ദാമ്പത്യ കലഹങ്ങൾക്ക് പരിഹാരം ഉണ്ടാകും. തോൾ, നെഞ്ച് തുടങ്ങിയ ഭാഗങ്ങളിൽ വേദന രോഗം തുടങ്ങിയ ദോഷഫലങ്ങളും ഉണ്ടാകും. ഭദ്രകാളി പ്രീതി, സർപ്പപ്രീതി എന്നിവ വരുത്തുക.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)**ഃ സന്തോഷകരമായ യാത്രകൾക്കും തീർത്ഥാടനങ്ങൽക്കും അനുകൂലമായ സാഹചര്യം ഉണ്ടാകും. ധനസമ്പാദനങ്ങളിൽ മികവ് പുലർത്തും. ഔദ്യോഗിക രംഗത്ത് അനുകൂലമായ മാറ്റങ്ങൾ പ്രതീക്ഷിക്കാം. ബിസിനസ്സ് രംഗത്തുള്ളവർക്ക് നേട്ടങ്ങൾ കൈവരിക്കുവാനും, പുതിയ സംരംഭങ്ങൾ ആരംഭിക്കുവാനും സാധിക്കും. സഹായികളിൽ നിന്നും അനുകൂലമല്ലാത്ത പെരുമാറ്റം ഉണ്ടാകാം. വലത്തേ കണ്ണിന് രോഗ സാധ്യത എന്നിവ ഉണ്ടാക്കും. പഞ്ചാക്ഷരി ജപവും സർപ്പപ്രീതിയും ചെയ്യണം.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)**ഃ വരവിനേക്കാൾ ചിലവ് അധികരിക്കും. നേട്ടങ്ങൾക്കായി വലിയ തോതിൽ ചെലവ് ചെയ്യേണ്ടതായി വരും. വ്യവഹാരങ്ങളിലേർപ്പെട്ട് കഴിയുന്നവർക്ക് അനുകൂലമായ വിധി പ്രതീക്ഷിക്കാം. ശിരോരോഗം, നേത്രരോഗം, ഉദരരോഗം അലർജി തുടങ്ങിയ രോഗം ഉള്ളവർക്ക് അത് മൂർച്ഛിക്കുവാനും, അല്ലാത്തവർക്ക് രോഗം വരാനും സാധ്യത ഉള്ള കാലമായതിനാൽ ശ്രദ്ധിക്കണം. ആയതിനാൽ മൃത്യുഞ്ജയ അർച്ചന നടത്തുകയും സർപ്പപ്രീതി വരുത്തുകയും ചെയ്യുക.




**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം 1/4)**ഃ വിദ്യാർത്ഥികൾക്ക് കടുത്ത അലസത ആത്മവിശ്വാസക്കുറവ് എന്നീ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യത ഉള്ളതിനാൽ വിജയത്തിനായി കഠിനമായി പരിശ്രമിക്കേണ്ടി വരും. തൊഴിൽ രംഗത്തുള്ളവർക്ക് അനുകൂല പരിവർത്തനങ്ങൾ കൈവരിക്കാൻ സാധിക്കും. ബന്ധുക്കളുമായി പൊരുത്തകേടുണ്ടാകും. ശത്രുക്കളിൽ നിന്ന് പ്രശ്നങ്ങൾ ഉണ്ടാകും. അയ്യപ്പസ്തുതിയും ദേവീസ്തുതിയും ചൊല്ലുകയും, സർപ്പ പ്രീതികരമായ വഴിപാടുകൾ നടത്തുകയും ചെയ്യുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)**ഃ ഗൃഹത്തിൽ സന്തുഷ്ടി ധനവർദ്ധന, ബഹുമാന്യ വ്യക്തികളുമായി സമ്പർക്കം പുലർത്താനുള്ള അവസരം ലഭ്യമാകൽ, സുഹൃത്തുക്കളിൽ നിന്നും സഹായം ലഭിക്കൽ എന്നീ ഗുണഫലങ്ങളും അലസത കാര്യങ്ങൽക്ക് കാലതാമസം നേരിടൽ എന്നീ വിഷയങ്ങളും അനുഭവപ്പെടും. നഷ്ടപ്പെട്ടു എന്നു കരുതിയ സൗഹൃദങ്ങളും ബന്ധങ്ങളും പുനസ്ഥാപിക്കപ്പെടും. ശാസ്താഭജനവും ശിവസ്തുതി പാരായണവും പ്രശ്നങ്ങൾക്ക് പരിഹാരമാകും.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)**ഃ മെച്ചപ്പെട്ട ആരോഗ്യവും വരുമാന വർദ്ധനവും ഉണ്ടാകുമെങ്കിലും, ഉന്നതരുമായി വാക്ക് തർക്കം പ്രവർത്തി രംഗത്ത് അസ്വാരസ്യം, എല്ലാ കാര്യങ്ങളിലും അലസത തോന്നുക, പ്രധാനപ്പെട്ട കാര്യങ്ങൽ തീരുമാനമാകാതെ നീണ്ടു പോകൽ, എന്നീ പ്രശ്നങ്ങൾ നേരിടും. വിദ്യർത്ഥികൾക്ക് പഠനത്തിൽ തടസ്സങ്ങൾ നേരിടും. ദേവീപ്രീതികരങ്ങളായ സ്തുതികളും വിഷ്ണു സഹസ്രനാമ ജപവും നടത്തുക. എല്ലാ വിഷയങ്ങളിലും ശ്രദ്ധയോടെ ഇടപെടുക.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)**ഃ സുഹൃദ് ബന്ധങ്ങളിലൂടെ നേട്ടം ലഭ്യമാകും. ഉന്നത ബന്ധങ്ങൾ സ്വീകരിച്ച് പ്രവർത്തി മണ്ഢലങ്ങളിലെ പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാകും. സ്ത്രീകൾ നിമിത്തം ധനലാഭം പ്രതീക്ഷിക്കാം. സാഹിത്യം ചിത്രരചന മാധ്യമ രംഗം എന്നീ നിലയിൽ പ്രവർത്തിക്കുന്നവർക്ക് നേട്ടം ലഭിക്കും. വൈകിയാണെങ്കിലും കിട്ടാനുള്ള ധനം കിട്ടും. ദമ്പതികൾ തമ്മിൽ പല കാര്യങ്ങളിലും കലഹിക്കും. പിതാവിന് ആരോഗ്യത്തിന് ഹാനി സംഭവിക്കാം. ശിവപഞ്ചാക്ഷരി ജപവും മൃത്യുഞ്ജയ അർച്ചനകളും നടത്തുന്നത് നല്ലതാണ്.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,25/154cm, Avittom, Fair skin, B.Tech,Software Developer in TCS Kochi, Pref: Professionals,Employed Ph: 0484-2409226, Mob:8075285133, 9446739216, Reg.No.22602


Email:aishwaryammenon@yahoo.com
Date of Birth:27-3-1995(10.55am)
Sishta Dasa:Chowa:5-7-6




Contact Address:
MR.M. MURALEEDHARAN
NJRA 63, VAISHNAVAM,
KARAMA ROAD
ELAMAKKARA
KOCHI - 682026

Nair Girl, 26/155cm,Aayilyam, Fair, Chartered Accountant, SelfEmployed, Mob:9495850976,Reg: 22604


Email:muahalya@gmail.com
Date of Birth:1-10-1994
Sishta Dasa:




Contact Address:
MR.M. R. UNNIKRISHNAN
MOOLETHARAYIL HOUSE
KOORALI P O
ELAMGULAM
KOTTAYAM - 686522

Nair Girl,31/5'2",Pooradam,Fair, Post Graduate, Marketing Group Head, Digital Marketing, Mob: 9769383327, Reg.No.22607


Email:praveena.menon31@gmail.com
Date of Birth:31-03-1989
Sishta Dasa:Sukra :2-9-0




Contact Address:
SMT. BALAMURALEEDHARAN
NAVANIKA HOUSE
VICTORYNAGAR,UDAYAMPEROOR
OPP MANAKUNNAM VILLAGE
OFFICE,ERNAKULAM - 682307

Nair Girl, 29/169cm, Chothi, Medium, M.Tech-Civil,Assistant Professor,Pref: Bank Officer/Asst Professor/Govt Engineer,Ph:0481-2312876, Mob:9496159767,Reg.No.22608


Email:divyasnaircek@gmail.com
Date of Birth:5-3-1991(6.16pm)
Sishta Dasa:




Contact Address:
MR.SASIDHARAN NAIR P N
JAYASREE HOUSE
TEMPLE ROAD
KUMARANALLOOR P O
KOTTAYAM - 686016

Nair Girl,28/150cm,Anizham, Fair, M.Tech (Civil),Engineer,Southern Railway, Pref: more or less equally qualified and Employed, Mob: 9447050424, Reg.No.22609


Email:sadasivananiyadath@gmail.com
Date of Birth:7-8-1992(6.20pm)
Sishta Dasa:Sani : 0-8-17




Contact Address:
MR.SADASIVAN K N
ANIYEDATH
KOTTUVALLY
KAITHARAM P O
N. PARAVUR
ERNAKULAM

Nambiar Girl, 26/165cm,Anizham, Fair, B.Tech (CS), MBA Student (IIM, Nagpur) Mob:9167288287, 9447162171, Reg.No.22612

Email:mridulaajith2@gmail.com
Date of Birth:25-5-1994(8.43.24am)
Sishta Dasa:Sani:10-1-2




Contact Address:
MRS.MRIDULA AJITH
W-122
FEDERAL PARK
VENNALA P. O
KOCHI - 682028

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,23/165cm,Pooruruttathi, Fair,B.Com,MBA,waiting for result, Pref: Bank/State Govt/Central Govt Employees from Ernakulam/Trichur districts Mob:9387050862, Reg.No. 22614

Email:
sobhapremkumar1970@gmail.com
Date of Birth:03-05-1997(11.55am)
Sishta Dasa:Guru:2-9-0

ബു

| | | | |
|---|---|---|---|
| ച മ ശി | ര ബു ശു | മാ | |
| | ഗ്രഹനില & അംശകം | | ല |
| ഗു | | | കു |
| | | | സ |

ച ശി, ഗു, ര (right); മ സ മാ (left); ശു, ല കു (below)

Contact Address:
MR.PREMKUMAR
ANANDA BHAVAN
KOTTACKAPARAMBIL
KIZHEKKEPPURAM
N.PARUR
ERNAKULAM - 683513

Nair Girl, 30/157cm,Makam,Fair, MA Journalism & Mass Communication, Sr. Editor, Allianze InfoSoft CSEZ, Pref : Bachelors and above, IT/HR/Finance/ Engg/Media professionals working in Ernakulam districts.Mob:9539844220, Reg.No.22615

Email:sgeetha100@gmail.com
Date of Birth:7-12-1990(2.55pm)
Sishta Dasa:Ketu : 6-8-27

കു ച ശു

| | | | |
|---|---|---|---|
| | ല | കു | |
| | ഗ്രഹനില & അംശകം | | ഗു ശി |
| സ | | | ച |
| ബു മ ശു മാ | ര | | |

ബു, ല ശി (right); ര, ഗു മ (left); മാ (below)

Contact Address:
MR. M. VELAYUDHAN NAIR
ANAPPERIL HOUSE
MANNARASALA P O, OPP GOVT.
VETERINARY HOSPITAL
HARIPAD
ALAPPUZHA - 690514


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com


**കുഞ്ഞിക്കാലും കരത്താർകളുമണിമുഖവും**
**കണ്ണിലെക്കണ്ണെഴുത്തും**
**കിഞ്ചിലോല്പന്നങ്കുരിക്കും ദശനമുകളവും**
**കൃഷ്ണ ! ചെഞ്ചോരിവായും**
**പഞ്ചത്വം വന്നടുക്കുമ്പൊഴതു മതിമറ-**
**ന്നങ്ങു വീണിടുമപ്പോ-**
**ളെഞ്ചിത്തേ പോന്നുദിച്ചീടുക തവ തിരുമെ-**
**യ്ക്കുള്ള കോപ്പും മുരാരേ.**

*പൂന്താനം, ശ്രീകഷ്ണകർണ്ണാമൃതം.*

ഭഗവാനേ, ഉണ്ണിക്കൃഷ്ണാ, മരണം അടുത്ത്, ബുദ്ധി മങ്ങി ഞാൻ കിടക്കുന്ന സമയത്ത് അങ്ങയുടെ കുഞ്ഞിക്കാലും പൂവുപോലുള്ള കൈകളും മനോഹരമായ മുഖവും കണ്ണിലെ മഷിയെഴുത്തും ചെറുതായി മുളച്ചു വരുന്ന പല്ലിൻമൊട്ടും ചുവന്ന ചുണ്ടും ശരീരത്തിലണിഞ്ഞിരിക്കുന്ന ആഭരണങ്ങളും എന്റെ മനസ്സിൽ കാണപ്പെടണം.

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair boy, 34/170, Thiruvathira, Dark, MD/MS USA, Medical Doctor, Pref : Well Educated Girl / Working in USA with student/Work Visa, Greencard, US Citizensship, Ph : 0484 2311274, Mob : 9526062755, Reg No: 22599

Email:rema@cochinport.gov.in
Date of Birth:20.02.1986 (9.30 AM)
Sishta Dasa:Ragu : 3.9.28

ച ബു സ

| | | | |
|---|---|---|---|
| | സ | ല മാ | ച |
| ബു ര ശു ഗു | ഗ്രഹനില & അംശകം | | |
| | | | |
| | മ കു | ശി | |

ശു / ല / ര കു ശി (left); മാ (right); ഗു മ (bottom)

Contact Address:
MRS. REMA. E
G-50, ELAMANA
PANAMPILLY NAGAR
ERNAKULAM-682036

Nair boy, 27/173, Pooram, Fair, MBA-IIM, B.Tech Amrita, Business-ExporterPref: Educated Persons, Ph : 9846190099, Reg No : 22600

Email:sankar@cargonar.in
Date of Birth:12.01.1993 (20.01 PM)
Sishta Dasa:

| | | | |
|---|---|---|---|
| | | ശി | കു |
| ശു | ഗ്രഹനില & അംശകം | | ല മാ |
| മ | | | ച |
| ര ബു | സ | | ഗു |

Contact Address:
MR. SANKARANKUTTY
SUBHA SHREE
G 429, PANAMPILLY NAGAR
ERNAKULAM -682036

Nair boy, 28/167, Aswathy, Fair, Graduate, Bank Employee, Pref : Graduate, Ph : 0484 2604299, Mob : 9847738612, Reg No: 22601

Email:aks.ananthu@gmail.com
Date of Birth:29/05/1992 (1.10 PM)
Sishta Dasa:Kethu

മാ ബുശു ര ചസ

| | | | |
|---|---|---|---|
| കു | ച | ര ബു ശു | ശി മാ |
| | ഗ്രഹനില & അംശകം | | |
| മ | | | ഗു ല |
| സ | | | |

കു (left); ഗു / മ (right); ശി ല (bottom)

Contact Address:
MRS. REMA SOMAN
EKKATT SAKETHAM HOUSE
DESOM. P.O
ALUVA
ERNAKULAM - 683102

Nair boy, 28/180cm,Chithira, Fair, B.Tech,PGDM,Dy.Manager ICICI Bank, Ph:0484-2222147, Mob: 9446958796, Pref: Graduation, Reg.No.22603

Email:sreekumarjalaja@gmail.com
Date of Birth:29-12-1991
Sishta Dasa:Mars:4-9-1

കു മ

| | | | |
|---|---|---|---|
| ല | | മാ | ശി |
| | ഗ്രഹനില & അംശകം | | |
| മ | | | ഗു |
| ര സ | ബു ശുകു | | ച |

ശി / ബു (left); ര മാ ല / ശു സ (right); ഗു ച (bottom)

Contact Address:
MR.G. SREEKUMAR
SREERENJINI, 50-1468B,
VIVEKANANDA ROAD
AIMS, PONEKKARA P. O
KOCHI -682041

Nair boy, 30/185cm,Aswathy, Fair, M.Tech, PHd(ongoing),Research Scholor, Pref: UG/PG/PhD,age-26-29yrs,ht-160-178, Mob:9447753851, 9846011740,Reg.No.22610

Email:jaisooraj11@gmail.com
Date of Birth:29-11-1990
Sishta Dasa:

സ കുബു ച

| | | | |
|---|---|---|---|
| | ച | കു | ല |
| | ഗ്രഹനില & അംശകം | | ഗു ശി |
| സ | | | |
| ബു മ | ശു ര | | മാ |

ശു / ല ഗു (left); മാ / ശി (right); മ ര (bottom)

Contact Address:
DR. R. JAYAKUMAR
FNRA B6, FRIENDS NAGAR
POONTHI ROAD,
KUMARAPURAM,
MEDICAL COLLEGE P.O
TRIVANDRUM - 695011

Nair boy, 29/178cm,Ashwathi, Fair, B.Tech (Mech), PGDM, MNC, Project Manager,Pref: Engineer / MBA Employed, Ht-5'3" to 5'7" age - 23 to 27, Upper middle class,Ph:080-25506505, Mob:9845008722, Reg. No.22611

Email:satish_kurup@yahoo.com
Date of Birth:23-01-1991(8.14am)
Sishta Dasa:

രകു ച മാ

| | | | |
|---|---|---|---|
| | ച മാ | കു | |
| ല | ഗ്രഹനില & അംശകം | | ഗു ശി |
| ര ശു മ സ | | | |
| ബു | | | |

മ സ (left); ബു ശി / ശു (right); ഗു ല (bottom)

Contact Address:
MR. R SATISH KUMAR KURUP
h.nO.110-A,STAG ADITHYA,
1ST MAIN
ASHWINI LAYOUT
VIVEK NAGAR P. O
BANGALORE - 560047


## MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 28/172cm,Thriketta, Fair, B.Tech,MBA,Business Operations Consultant,Pref: Educated working girls,Mob:9446026156,Reg.No.22613

Email:pr.anil312@gmail.com
Date of Birth:1-10-1992(3.45pm)
Sishta Dasa:13-0-25




Contact Address:
MR.P. R. ANILKUMAR
MPR 38 ASWATHY
MYTHRIPURAM
MYTHRIPURAM CROSS ROAD
THRIKKAKARA
ERNAKULAM - 682021

ലോകൈകശില്പി
രജനീവനിതയ്ക്കുചാർത്താൻ
നക്ഷത്ര മാല
പണിചെയ്യുവതിന്നുവേണ്ടി
സൗവർണ്ണ പിണ്ഡ-
മതുരുക്കിയെടുത്തു നീരിൽ
മുക്കുന്നിതാ തപനമണ്ഡല
കൈതവത്താൽ.

*വി.സി.ബാലകൃഷ്ണപ്പണിക്കർ,*
*വിശ്വരൂപം*

ലോകൈകശില്പി (ഈശ്വരൻ) രാത്രിയാകുന്ന വനിതയ്ക്ക് ചാർത്തുന്നതിനുള്ള നക്ഷത്രമാല പണിയാൻ വേണ്ടി സ്വർണ്ണക്കട്ടി ഉരുക്കിയെടുത്തു വെള്ളത്തിൽ മുക്കുകയാണെന്നു തോന്നും. അസ്തമനസൂര്യൻ കടലിൽ മുങ്ങുന്നതു കണ്ടാൽ.

# വീണ്ടും വന്നപ്പോൾ

**പി. ഐ.ശങ്കര നാരായണൻ**

ഗുരു പിന്നെയും വന്നു
ഭൂമിയിൽ സമാധാനം
ഗുരുവെച്ചൊല്ലിത്തല്ലി
നശിക്കുന്നതു കാണാൻ !

സന്മനസ്സേന്നോ നഷ്ട -
മായ ശിഷ്യന്മാർ മന്നിൽ;
തിന്മകൾ ചെയ്യാൻ മാത്രം
കൈയുയർത്തുന്നോർ മുന്നിൽ !

ഗുരുവിൻ പേരിൽ നഗ്ന -
ദാഹവും ലഹരിയും
നരനായാട്ടും കൊടും
കൊള്ളയും കൊഴുക്കുന്നു !

വിദ്യകൊണ്ടറിയേണ്ട-
തറിയാത്തവർ വിദ്യാ
മന്ദിരങ്ങളിലൂടെ
അന്ധത വളർത്തുന്നു !

മതത്തെക്കാണാൻ മാത്രം
കണ്ണുകൾ തുറക്കുന്നോർ
മർത്ത്യനെ, സത്യത്തിനെ
യുക്തിയെ മറക്കുന്നു !

എന്നെ,യെൻ മുറിവിനെ
ച്ചൊല്ലി നീ ഖേദിച്ചിടായ് -
കെന്നു ചെല്ലിയ നാഥൻ
നിത്യവും കരയുന്നു !

ആണികൾ തറയ്ക്കുന്നു
ഗുരുവിൻ മാറിൽ, വീണ്ടും
ശോണമാകുന്നു മാനം,
ഭൂമി ഹാ ! നടുങ്ങുന്നു !

ശിഷ്യരെപ്പൊഴുമോരോ
പാപങ്ങൾ ചെയ്കെ, ഗുരു
ദു:ഖിതൻ, സ്വർഗ്ഗത്തിലേ-
യ്ക്കെത്താതെ വലയുന്നു !

എന്തിനു ജനിച്ചു ഞാൻ?
ജനത്തെ നന്നാക്കുവാൻ
എന്തിനു ശ്രമിച്ചു ഞാൻ ?
കേഴുന്നു ഗുരു ചിത്തം !

ഇവർ ചെയ്യുവതെന്തെ -
ന്നറിയുന്നില്ലാ ഇവർ
ഗുരുവാക്കന്നും ഇന്നും
സത്യമായിരിക്കുന്നു !

# ERNAKULAM KARAYOGAM

T.D.M Hall Complex, D.H. Road, Kochi 682016, Kerala

**Ph: 0484 2361160, +91 9447171160,** Email: ekmkgm@gmail.com

*For Booking*














DATE OF PUBLICATION: 10-12-2020

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20

LICENSE NO. KL/CR/EKM/WPP-15/2018-20

LICENSED TO POST WITHOUT PREPAYMENT

Volume No. 13 | December 2020 | Issue No. 7

PRASANTHI

A home for the aged




# HOSTEL FOR LADIES

FOR ADMISSION

PRASANTHI LADIES HOSTEL

& PRASANTHI HOME FOR AGED

South Janatha Road, Palarivattom, Kochi - 25

PLEASE CONTACT : 0484 2345061, MOB: 9188081355

*If undeliverd please return to:*

Karayoga Souhridam

T.D.M Hall Complex, D.H. Road,

Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം